# സഭാവിജ്ഞാനീയം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# സഭാവിജ്ഞാനീയം

**Title:** Ecclesiology
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2014 December 25 (X'mas)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu

**Office Assistance:** Rev. Sr. Glorista SABS
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Language Mentor:** Rev. Fr. Mathew Edamula
**Design & Layout:** Mr. Midhun Thomas
**Printing:** Midas Offset, Kuthuparamba
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം


1. തിരുസ്സഭ ........ 5
2. സഭാവിജ്ഞാനീയം: പൗലോസിന്റെ വീക്ഷണത്തിൽ ........ 11
3. സഭ: ഘടനയും കൂട്ടായ്മയും ........ 31
4. രണ്ടാം വത്തിക്കാൻ സൂനഹദോസും സഭാകൂട്ടായ്മയും ........ 46
5. സഭ: ദൈവജനം ........ 71
6. ദൈവത്തിന്റെ കൂദാശയും ദൈവരാജ്യത്തിന്റെ ശുശ്രൂഷകയും ........ 85
7. സഭയും ദൈവരാജ്യവും ........ 97
8. സഭയുടെ ലക്ഷണങ്ങൾ: ഏകം, പരിശുദ്ധം, ശ്ലൈഹികം, സാർവ്വത്രികം .... 108
9. സഭയും ലോകവും ........ 124
10. മാർപാപ്പയുടെ പ്രാഥമികതയും പരമാധികാരവും ........ 135
11. മാർപാപ്പായുടെ തെറ്റാവരം ........ 141
12. സഭയുടെ മാതൃകകൾ ........ 145

## ആധാര ഗ്രന്ഥങ്ങൾ

1. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, സി. സോഫി റോസ്, *ദൈവശാസ്ത്രത്തിനു ഒരു ആമുഖം,* (കോട്ടയം: ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ് വടവാതൂർ, 1996).
2. ഡോ. ബോസ്കോ പുത്തൂർ (എഡി.) *സഭ ഇന്നും നാളെയും*, (ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1986).
3. ഫാ. ലൂക്ക് പുതൃക്കയിൽ, *പൗലോസിന്റെ ദൈവശാസ്ത്രം*, (കോട്ടയം: ദീപിക, 1981).
4. ഡോ. ജോർജ് കാരക്കുന്നേൽ, *സഭ: അടിസ്ഥാനങ്ങളും ആഭിമുഖ്യങ്ങളും* (ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, 1993).
5. ഡോ. ജോസഫ് പാംപ്ലാനി, *വിശ്വാസവും വ്യാഖ്യാനവും* (തലശ്ശേരി: ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്, 2012).
6. ഡോ. ജോജി കല്ലിങ്കൽ, "സഭയുടെ മാതൃകകൾ," ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, *ആറ്റുതീരത്തെ വൃക്ഷം* (പാലക്കാട്: ലോഗോസ് ബുക്സ്, 2010).
7. *രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ*, വിവ. ഡോ. ജേക്കബ് കാറ്റൂർ, (കൊച്ചി: പി.ഒസി, 2012).

*Published for the use of the students of Alpha Institute of Theology and Science*

# 01

## തിരുസ്സഭ

വിളിച്ചുകൂട്ടപ്പെട്ടവർ എന്നർത്ഥമുള്ള എക്ളേസിയ എന്ന ഗ്രീക്കുപദമാണ് സഭയെ സൂചിപ്പിക്കാനായി പുതിയ നിയമത്തിൽ ഉപയോഗിക്കുന്നത്. ഈ പദത്തിന് പല അർത്ഥതലങ്ങളുണ്ട്. (1) യേശുവിൽ വിശ്വസിക്കുന്നവരുടെ പ്രാദേശിക സമൂഹം. (2) യേശുവിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യരെയും പൊതുവായി വിളിക്കുന്ന സംജ്ഞ. (3) സംഘടിതമായ ഏതാനും വിശ്വാസികളുടെ കൂട്ടായ്മ.

### പുതിയനിയമത്തിൽ

പന്തക്കുസ്താ തിരുനാൾമുതൽ യേശുവിന്റെ രണ്ടാമത്തെ ആഗമനംവരെയുള്ള കാലഘട്ടത്തിൽ വിശ്വാസം സ്വീകരിച്ച് പുതിയ സൃഷ്ടികളായി തീർന്നവരുടെ സമൂഹത്തെയാണ് പുതിയനിയമത്തിൽ സഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (1 കോറി 15:52; 1 തെസ 4:13-17). പരിശുദ്ധാത്മാവിൽ ജ്ഞാനസ്നാനം സ്വീകരിച്ച സഭാംഗങ്ങൾ ക്രിസ്തുവിനോടും അന്യോന്യവും അഭേദ്യമായി ഐക്യപ്പെട്ടിരിക്കുന്നു (റോമാ 6:3-4; 1 കോറി 12:12-13; ഗലാ 3:27; എഫേ 4:5; കൊളോ

2:10-12). സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തു സഭയുടെ ശിരസ്സുമാണ് (1 കോറി 12:27). പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവാലയമാണ് സഭ (എഫേ 2:21-22). സഭ ക്രിസ്തുവിന്റെ ശരീരവും (എഫേ 5:30-31) ക്രിസ്തുവിന്റെ മണവാട്ടിയുമാണ് (2 കോറി 11:2-4).

വിശ്വാസികളുടെ സമ്പൂർണ്ണ സമൂഹം എന്ന വ്യാപകമായ അർത്ഥത്തിലല്ലാതെയും പുതിയ നിയമം സഭ എന്ന പദം ഉപയോഗിക്കുന്നുണ്ട്. യോഗം, സംഘം, എന്ന സാധാരണ അർത്ഥത്തിലും (അപ്പ 19:39) ഈജിപ്തിൽ നിന്നു പുറത്തുകൊണ്ടുവരപ്പെട്ടവരുടെ സമൂഹം എന്ന അർത്ഥത്തിലും (7:38)എക്ളേസിയ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

**സഭയുടെ ആരംഭം:** സഭയുടെ ആരംഭത്തെക്കുറിച്ചു വ്യത്യസ്തമായ അഭിപ്രായങ്ങളാണ് നിലവിലുള്ളത്.

1. തന്റെ പരസ്യജീവിതകാലത്ത് യേശു സഭ സ്ഥാപിച്ചു. സഭ എന്ന വാക്ക് യേശുവിന്റെ പ്രബോധനങ്ങളിൽ രണ്ടു തവണ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ (മത്താ 16:18; 18:17). എന്നാൽ, ഇന്നു നിലവിലുള്ള വിധത്തിലുള്ള ഒരു സഭാസംവിധാനമാണോ യേശു ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമല്ല. ആണെന്ന് കരുതിയാൽ ചില പ്രശ്നങ്ങൾക്ക് ഉത്തരം കൊടുക്കേണ്ടതുണ്ട്. യേശുവിന്റെ പഠനങ്ങളുടെ കേന്ദ്രാശയമായ ദൈവരാജ്യവുമായി സഭയ്ക്ക് എന്തുബന്ധമാണുള്ളത്? ദൈവരാജ്യവും സഭയും ഒന്നാണോ? (ഈ പ്രശ്നങ്ങൾക്കു ലേഖനത്തിന്റെ അവസാന ഭാഗത്ത് ഉത്തരം നല്കുന്നുണ്ട്).

2. യേശുവിന്റെ മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ രഹസ്യങ്ങളാണു സഭയുടെ അടിസ്ഥാനം. തന്മൂലം ഈ പെസഹാ രഹസ്യങ്ങളുടെ പൂർത്തീകരണത്തിനു മുൻപു സഭ ഉണ്ടായിരുന്നില്ല (ഗലാ 3:23-25).

3. യേശുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെടുന്നതിനു മുൻപും (എഫെ 5:25-27), അവിടുത്തെ ഉത്ഥാനത്തിനു മുൻപും (കൊളോ 3:1-3), അവിടുന്ന് സൃഷ്ടവസ്തുക്കൾ മുഴുവന്റെയും കർത്താവാകുന്നതിനുമുമ്പും (എഫെ 1:20-21), പരിശുദ്ധാത്മാവിന്റെ ആഗമനത്തിനു മുൻപും സഭ ഉണ്ടായിരുന്നില്ല.

4. സ്നാപകയോഹന്നാൻ പ്രവചിച്ച ആത്മാവിലുള്ള മാമ്മോദീസ (മത്താ 3:11; മർക്കോ 1:8; ലൂക്ക 3:16; യോഹ 1:33) അപ്പ 1:5ൽ ഇനിയും പൂർത്തീകരിക്കപ്പെടാനുള്ള സംഭവമായി നിലകൊള്ളുന്നു. എന്നാൽ

അപ്പ 11:16-18 ഇത് പൂർത്തീകരിക്കപ്പെട്ടതായി പറഞ്ഞിരിക്കുന്നു. തന്മൂലം പന്തക്കുസ്താ ദിനമാണു സഭയുടെ ആരംഭദിനം എന്ന് അനുമാനിക്കാം.

5. അബ്രാഹത്തിന്റെയും ആബേലിന്റെയും കാലം മുതൽ സഭ യുണ്ടായിരുന്നു എന്നു ചില സഭാപിതാക്കന്മാർ അഭിപ്രായപ്പെട്ടി ട്ടുണ്ട്.

* ഇടയനും അജഗണവും (യോഹ 10).
* മുന്തിരിവള്ളിയും ശാഖകളും (യോഹ 15:1-10).
* ഭവനത്തിന്റെ മൂലക്കല്ലും മറ്റുകല്ലുകളും (1 കോറി 3:9; എഫേ 2:19-22; 1 പത്രോ 2:5).
* പ്രധാന പുരോഹിതനും പുരോഹിത ഗണവും (ഹെബ്രാ 5:1-10; 6:13-8:6; 1 പത്രോ 2:5-9; വെളി 1:6).
* ശിരസ്സും ശരീരത്തിലെ അവയവങ്ങളും (1 കോറി 12:12-13; 27; എഫേ 4:4).
* രണ്ടാമത്തെ ആദവും പുതിയ സൃഷ്ടിയും (1 കോറി 15:22,45; 2 കോറി 5:17).
* വരനും വധുവും (യോഹ 3:29; 2 കോറി 11:2; എഫേ 5:25-33; വെളി 19:7-8).

## സഭയെ പ്രതിനിധാനം ചെയ്യുന്ന സംജ്ഞകൾ

**1. വിശുദ്ധജനം:** യേശുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെടുകയും നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്തവരുടെ സമൂഹമാണ് സഭ (1 കോറി 1:2). പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ദൈവജനം വിശുദ്ധീകരിക്കപ്പെടുന്നത് (യോഹ 17:17-19; അപ്പ 9:31; റോമാ 15:16ff; 1 കോറി 14:33; 2 കോറി 1:1; എഫേ 2:19; 5:26). വിശുദ്ധമാകുന്നതിലൂടെ സഭാംഗങ്ങൾ ക്രിസ്തുവിന്റെ വിശുദ്ധിയിൽ പങ്കുകാരാകുന്നു (1 കോറി 1:30). സഭ പിതാവിന്റെയും (ലൂക്കാ 11:13; യോഹ 10:36; 1 തെസ 4:7) പുത്രന്റെയും (യോഹ 17:19, 1 കോറി 1:2; 6:11; എഫേ 5:26; ഹെബ്രാ 10:10) പരിശുദ്ധാത്മാവിന്റെയും (അപ്പ 10:44; 11:15; 15:8; റോമാ 8) പ്രവർത്തനഫലമായി രൂപം കൊണ്ടതാണ് എന്ന ആശയമാണ് വിശുദ്ധ ജനം എന്ന സങ്കൽപത്തിനു പിന്നിലുള്ളത്. സഭാംഗങ്ങൾ ദൈവത്താൽ നീതീകരിക്കപ്പെട്ടവരാണ്.

**2. വിശ്വാസികളുടെ സമൂഹം**: തങ്ങളെ വിശുദ്ധ ജനമായി വിളിച്ചു ചേർത്ത ദൈവത്തോടുള്ള ജനത്തിന്റെ പ്രത്യുത്തരമാണ് വിശ്വാസം. ഇപ്രകാരം വിശ്വസിക്കുന്ന സമൂഹത്തോടു ദൈവം വിശ്വസ്തനായിരിക്കും (1 കോറി 1:9; 10:13; 2 കോറി 1:18; 1 തെസ 5:24; ഹെബ്രാ

2:17; 3:2; 1 യോഹ 1:9). ഈ വിശ്വാസം വഴിയാണ് ദൈവജനം നീതീകരിക്കപ്പെടുന്നതും വിശുദ്ധീകരിക്കപ്പെടുന്നതും.

**3. ദാസൻമാരുടെ സമൂഹം**: തന്നെത്തന്നെ ദാസനാക്കിയ ക്രിസ്തുവിനെപ്രതി (ഫിലി 2:7) വിശ്വാസികൾ അന്യോന്യം ദാസന്മാരാണ് (2 കോറി 4:5; ഗലാ 5:13). എല്ലാവരെയും നേടേണ്ടതിനു വിശ്വാസി എല്ലാവരുടെയും ദാസനാകണം (1 കോറി 9:19). യേശുവിന്റെ പ്രബോധനങ്ങളുടെയും മാതൃകയുടെയും വെളിച്ചത്തിലാണ് ഈ സങ്കല്പം ആദിമസഭയിൽ രൂപപ്പെട്ടുവന്നത് (മത്താ 6:24; 10:24; 20:27; മർക്കോ 10:44; ലൂക്കാ 17:10; യോഹ 13:16). തങ്ങളെത്തന്നെ ദൈവത്തിന്റെ ദാസന്മാരായി ചിത്രീകരിക്കുക എന്നത് ആദിമ സഭയിലെ പാരമ്പര്യമായിരുന്നു (റോമാ 1:1; ഫിലി 1:1; യാക്കോ 1:1; 2 പത്രോ 1:1; യൂദാ 1:1; വെളി 1:1). ഈ മനോഭാവമാണു സഭയിലെ കൂട്ടായ്മയുടെ അടിസ്ഥാനം.

എന്നാൽ ഈ അടിമത്തം ഭയമോ പാരതന്ത്ര്യമോ ആയിരുന്നില്ല. മറിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായിരുന്നു (റോമാ 6:18; 8:12-15; ഗലാ 4:3; 5:1; ഹെബ്രാ 2:15). സഭയിലെ അധികാരികളെ ശുശ്രൂഷകരായി പരിഗണിച്ചിരുന്നതിന്റെ കാരണവും ഇതുതന്നെയായിരുന്നു (അപ്പ 6:1; 2 കോറി 8:9; 1 കോറി 12:5).

**4. ദൈവജനം**: സഭയെക്കുറിച്ച് പുതിയനിയമത്തിലുള്ള വിവിധ സങ്കൽപ്പങ്ങളിൽ ഏററവും സുന്ദരമായത് സഭ ദൈവജനമാണ് എന്ന ആശയമാണ്. പഴയനിയമത്തിലെ ദൈവജനത്തിന്റെ എല്ലാ പ്രത്യേകതകളും പുതിയ ദൈവജനമായ സഭയുടെ പേരിലും ആരോപിക്കുന്നുണ്ട്. ഉദാ. പുതിയ ഇസ്രായേലായ സഭ (ഗലാ 6:16), സഭയും പുതിയ ഉടമ്പടിയും (ഹെബ്രാ 8:8-10), സഭയ്ക്ക് ഇസ്രായേലിലെ 12 ഗോത്രങ്ങളുമായുള്ള വിദൂരസമാനത (cfr. മത്താ 19:28; ലൂക്കാ 22:30; യാക്കോ 1:1; വെളി 7:4; 21:12), പുതിയ പരിച്ഛേദനം (റോമാ 2:29), അബ്രാഹത്തിന്റെ സന്താനപരമ്പരയിൽ ഭാഗഭാഗിത്വം (റോമാ 4; ഗലാ 3:29). ദൈവജനം എന്ന സങ്കൽപ്പത്തിന് ഏറെ അർത്ഥവ്യാപ്തിയുണ്ട്:

(i) ദൈവം തന്റെ സ്വന്തമായി തിരഞ്ഞെടുത്ത ജനമാണ് സഭ (2 കോറി 6:16; 1 പത്രോ 2:9; വെളി 21:3).

(ii) ഹൃദയത്തിൽ എഴുതപ്പെട്ട ഉടമ്പടിയിലൂടെ സഭ ദൈവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. തന്മൂലം കുടുംബ ബന്ധത്തിനു തുല്യമായ ബന്ധമാണു സഭാംഗങ്ങൾക്കു ദൈവത്തോടുള്ളത് (അപ്പ 3:25; 2 കോറി 6:18; ഗലാ 4:24; ഹെബ്രാ 8:10-12).

(iii) എല്ലാ അംഗങ്ങളും ദൈവജനമാകയാൽ ആർക്കും ആരുടെമേലും അധികാരമില്ല.

**5. ദൈവരാജ്യവും ദൈവാലയവും:** സഭയും ദൈവരാജ്യവും ഒന്നല്ല. ദൈവരാജ്യത്തിലെ അംഗങ്ങളിൽ സഭാംഗങ്ങളും ഉൾപ്പെടുന്നു (കൊളോ 1:13). ദൈവരാജ്യത്തിന്റെ താക്കോലുകൾ ലഭിച്ചതു സഭയ്ക്കാണ് (മത്താ 16:18-19; 18:16). വിശ്വാസികൾ ദൈവരാജ്യത്തിന്റെ മക്കളും അവകാശികളുമാണ് (മത്താ 5:3; 10:19; 8:12; 10:11; 18:1-4; യാക്കോ 2:5). ദൈവരാജ്യത്തിനായി അധ്വാനിക്കുവാൻ സഭാംഗങ്ങൾക്കു കടമയുണ്ട് (കൊളോ 4:11; 1 തെസ 2:12).

ജറുസലേം സഭയുടെ പ്രതീകമാണ് (ഹെബ്രാ 12; വെളി 2-3; 21-22). ജറുസലേം ദേവാലയത്തെക്കുറിച്ചുള്ള യഹൂദസങ്കൽപ്പം ആദിമ ക്രൈസ്തവരുടെ സഭാദർശനത്തെ സ്വാധീനിച്ചിട്ടുണ്ട്. പുതിയനിയമത്തിലെ ദൈവം മനുഷ്യനിർമ്മിത ദേവാലയത്തിലല്ല (അപ്പ 17:24), തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മദ്ധ്യത്തിലാണ് വസിക്കുന്നത് (2 കോറി 6:16). യേശുവിന്റെ ശരീരം ദേവാലയമായിരിക്കുന്നതുപോലെ (യോഹ 2:19-21) ദൈവജനം (സഭ) മുഴുവൻ ദൈവത്തിന്റെ ആലയമാണ് (എഫേ 2:21; 1 കോറി 3:16-17). ദൈവജനം ഒന്നാകെ മാത്രമല്ല, ഓരോ വിശ്വാസിയും ദൈവത്തിന്റെ ആലയമാണ് (1 കോറി 6:9).

**6. ദൈവഭവനം, ദൈവത്തിന്റെ കുടുംബം:** ഇസ്രായേൽ ജനം ദൈവത്തിന്റെ ഭവനമായിരുന്നതുപോലെ സഭയും ദൈവത്തിന്റെ ഭവനമാണ് (അപ്പ 2:36; 7:42; ഹെബ്രാ 3:2-6; 1 പത്രോ 4:17). സഭ ദൈവഭവനമാണെന്നു പറയുന്നതിൽനിന്നു രണ്ടു വസ്തുതകൾ വ്യക്തമാകുന്നു.

(i) സഭ ദൈവമക്കളുടെ സമൂഹമാണ് (റോമാ 9:26; 2 കോറി 6:16-18; ഹെബ്രാ 2:10).

(ii) അതിനാൽ അംഗങ്ങൾ അന്യോന്യം സഹോദരരുമാണ് (1 കോറി 6:5; 1 പത്രോ 2:17; 5:9; 1 യോഹ 3:10-11).

**7. പുതിയ പുറപ്പാട് ജനം:** ഈ ലോകത്തിന്റെ ശത്രുക്കളോടു പടവെട്ടി നിത്യതയുടെ തീരം തേടിപ്പോകുന്ന പുതിയനിയമത്തിലെ പുറപ്പാടാണു സഭ (യാക്കോ 1:1; 1 പത്രോ 1:1; വെളി 16:12:18:24). കർത്താവിന്റെ അത്താഴം പെസഹായും (1 കോറി 10), മോശയ്ക്കു പകരം ജനത്തെ നയിക്കുന്നത് യേശുക്രിസ്തുവുമാണ് (ഹെബ്രാ 3-4).

**8. ദൈവത്തിന്റെ വിളഭൂമിയും അജഗണവും:** സഭ ദൈവത്തിന്റെ വിളഭൂമിയാണ് (1 കോറി 3:5-9). സഭയിലെ ജീവിതം എന്നതു വിത്തു വിതയ്ക്കുന്നതുമുതൽ വിളവെടുക്കുന്നതുവരെയുള്ള കാലമാണ് (റോമാ 16:5; 1 കോറി 15:20; 2 തെസ 2:13; വെളി 14:4). സഭയെ അജ ഗണത്തോടും ഉപമിച്ചിട്ടുണ്ട് (ലൂക്കാ 12:32; യോഹ 10:1-16; അപ്പ 20:28; 1 പത്രോ 5:2). ഈ അജഗണത്തിന്റെ ഇടയൻ യേശുവാണ് (ഹെബ്രാ 13:20).

**9. ക്രിസ്തുവിൽ ഒരു ശരീരം:** സഭ ക്രിസ്തുവിൽ ഒരു ശരീര മാണ് (റോമാ 12:5). മാത്രമല്ല, സഭ ക്രിസ്തുവിന്റെ ശരീരംകൂടിയാ ണ് (എഫേ 1:23). ഇതിന് വളരെ ആഴമേറിയ അർത്ഥതലങ്ങളുണ്ട്.

(i) ക്രിസ്തു തന്റെ ശരീരം ബലിയർപ്പിച്ചുകൊണ്ടാണ് മനുഷ്യനെ വീണ്ടെടുത്തത്. തന്മൂലം, രക്ഷിക്കപ്പെട്ടവരെല്ലാം യേശുവിന്റെ ശരീ രത്തിന്റെ ഭാഗമാണ്. ഈ ഐക്യം പല പ്രയോഗങ്ങളിലൂടെ പ്രക ടിപ്പിക്കാറുണ്ട്. (ഉദാ. റോമാ 6:1-5; 1 കോറി 12:13; ഗലാ 2:19-21; 6:14-17). ഏക ശരീരമാണെന്ന അവബോധമാണു സഭയുടെ ഐക്യ ത്തിന് അടിസ്ഥാനം (cfr. റോമാ 5:15-21).

(ii) തന്റെ ശരീരത്തെ ബഹുമാനിക്കാനും (റോമാ 12:4; 1 കോറി 6:13-19; 2 കോറി 5:10; കൊളോ 2:16-23) അന്യോന്യം സഹായി ക്കാനും (റോമാ 12:5; 1 കോറി 12: 14-26; 2 കോറി 4:7-12; എഫേ 4:16; ഫിലി 3:10-21; കൊളോ 1:24) അംഗങ്ങൾ തമ്മിലുള്ള വർണ്ണവർഗ്ഗ വൈജാത്യങ്ങളെ അതിജീവിക്കാനും (1 കോറി 12:13; എഫേ 2:14 -22) ഈ ആശയം പ്രചോദനമേകുന്നു.

**10. പുതിയ സൃഷ്ടി:** സഭ പുതിയ സൃഷ്ടിയുടെ ആരംഭമാണ്. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിലായിരുന്ന മനു ഷ്യവർഗ്ഗത്തെ (റോമാ 5:14-15; 18-20)ജീവദാതാവായ രണ്ടാമത്തെ ആദമായ യേശു വിമോചിച്ചു (1 കോറി 15:45). സ്വർഗ്ഗീയ മനുഷ്യന്റെ സാദൃശ്യമാണ് യേശു (15:49). യേശുവിൽ വിശ്വസിക്കുന്നവർ സ്വർഗ്ഗീയ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുകയും (2 കോറി 3:18) ദൈവമക്കളായിത്തീരുകയും ചെയ്യുന്നു. ഇപ്രകാരം ദൈവത്താൽ നീതീകരിക്കപ്പെട്ട സഭാംഗങ്ങൾ സൃഷ്ടിയുടെ ആദ്യഫലമാണ് (യാക്കോ 1:18; വെളി 14:4).

**ഡോ. ജോസഫ് പാംപ്ലാനി**

# 02

## സഭാവിജ്ഞാനീയം:
## പൗലോസിന്റെ വീക്ഷണത്തിൽ

പൗലോസിന്റെ ലേഖനങ്ങളിൽ സുലഭമായികാണുന്ന ഒരു പദമാണ് സഭ. ഈ പദം ആദ്യമായി കാണുക അപ്പ. പ്രവ. 5:1 ലാണ്. വീണ്ടും 8:1-3 ലും ഈ പദം കാണുന്നു. പക്ഷെ സഭ എന്ന പദത്തിന്റെ മുഴുവൻ അർത്ഥം ഈ വാക്യങ്ങൾ ഉൾക്കൊള്ളുന്നില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന വിശ്വാസികളുടെ സമൂഹമായി സഭയെ ഇവിടെ കാണുന്നില്ല. പൗലോസിന്റെ മാനസാന്തരത്തിൽ 'എന്തിനാണ് നീ എന്നെ പീഡിപ്പിക്കുന്നത്' (നട 9:4) എന്നല്ലാതെ സഭയെ പീഡിപ്പിക്കുന്നു എന്നു ചോദിച്ചു കാണുന്നില്ല (നട 22:78, 26:14-15). 22:4 ൽ പറയുന്ന 'മാർഗ്ഗത്തെ' സഭ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എങ്കിലും ആ പദം മനഃപൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്. 26:9 ലും 10 ലും സഭയെന്ന ഒറ്റപ്പദംകൊണ്ട് രണ്ടുമൂന്നു വാക്കുകൾ ഉപേക്ഷിക്കാമായിരുന്നെങ്കിലും പൗലോസ് അങ്ങനെ പറയുന്നതായി കാണുന്നില്ല.

തെസലോനിയർക്കുള്ള ലേഖനത്തിൽ സഭയെന്ന പദം ഒന്നുകിൽ പ്രാദേശികസഭയെയോ (1 തെസ 1:1,

2 തെസ 1:1) അല്ലെങ്കിൽ ദൈവത്തിന്റെ സഭയെയോ (1 തെസ 2:14; 2 തെസ 1:4) സൂചിപ്പിക്കുന്നു. തെസലോനിക്കയിൽ വസിക്കുന്ന വിശ്വാസികളുടെ പ്രാദേശിക സമൂഹത്തെയാണ് ഈ പദം ഉൾക്കൊള്ളുക. ലേഖനങ്ങളിലേക്ക് കടന്നുവന്നാൽ സഭയെന്ന പദം പ്രാദേശിക സമൂഹത്തെയാണ് ഉദ്ദേശിക്കുക. ഗലാത്തിയസഭ, ഫിലിപ്പിയൻസഭ, ലാവോദിച്ചിയൻസഭ... അങ്ങനെ പോകുന്നു ആ പട്ടിക (ഗലാ 1:2, 2 കോറി 8:1). റോമാക്കാർക്കുള്ള ലേഖനത്തിൽ സഭയെന്ന പദം കാണുന്നില്ല; 16:1 ലൊഴിച്ച്. ഈ അധ്യായം പിന്നീട് കൂട്ടിച്ചേർത്തതാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ഇടയലേഖനങ്ങളിൽ സഭയെന്ന പദം സുലഭമായി കാണുന്നു. കാലത്തിന്റെ പുരോഗമനത്തോടെ സഭാവിജ്ഞാനീയത്തെക്കുറിച്ചുള്ള പൗലോസിന്റെ ദർശനങ്ങൾ വികസിക്കുകയാണ്. കൊറീന്ത്യർക്കുള്ള ഒന്നാംലേഖനത്തിൽ അങ്ങനെയുള്ള ചിന്തയുടെ, വളർച്ചയുടെ പൂർണ്ണരൂപം കാണാവുന്നതാണ്. സഭയുടെ അഭിവൃദ്ധിക്കായി പരിശ്രമിക്കണമെന്ന് അദ്ദേഹം പലസ്ഥലങ്ങളിലും ആവശ്യപ്പെടുന്നു (1 കോറി 14:5-12). ഇവിടെ സഭയെന്ന പദം പ്രാദേശികസഭയെയല്ല സാർവ്വത്രിക സഭയെയാണ് ഉദ്ദേശിക്കുക.

സഭ എവിടെ ആരംഭിച്ചു? സഭ എങ്ങനെ ആരംഭിച്ചു? ആര് സ്ഥാപിച്ചു? ക്രിസ്തുവിന്റെ സഭ ക്രിസ്തുവിനോടുകൂടി മാത്രമോ? ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് സഭയെങ്കിൽ അന്നുവരെ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മറ്റൊരു സമൂഹമുണ്ടായിരുന്നല്ലോ- ഇസ്രായേൽജനം. ഇവ രണ്ടും നിലനില്ക്കാമോ? ഉണ്ടെങ്കിൽ ഏതാണ് യഥാർത്ഥ സഭ? ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന് പാരമ്പര്യമുണ്ട്, നിയതരൂപമുണ്ട്, നിയമങ്ങളുമുണ്ട്. അവിടെ ദൈവികസാന്നിദ്ധ്യവുമുണ്ട്. ഇപ്പോൾ ക്രിസ്തു നല്കുന്ന സഭയ്ക്കു പക്വതയില്ല. നിയതരൂപങ്ങളില്ല, നിയമങ്ങളില്ല. ഒരുപക്ഷേ, ദൈവത്തിന്റെ സമൂഹത്തോടുള്ള വെല്ലുവിളിയോ? അതുകൊണ്ടാണല്ലോ സാവൂൾ തന്റെ ദൈവത്തിന്റെ സഭയക്ക് എതിരായിവന്ന എല്ലാ ശക്തികളെയും കീഴ്പ്പെടുത്തിയത്. പക്ഷെ ആ യാത്ര നിലച്ചു. പുതിയ ദർശനം നല്കപ്പെട്ടു. ക്രിസ്തുവിൽ ചേർക്കപ്പെട്ടു. ക്രിസ്തുവിനോടു യോജിച്ച വിശ്വാസികളുടെ സമൂഹം വന്നതോടെ പഴയ ഇസ്രായേലിന്റെ അനന്യത്വം അർത്ഥമില്ലാതായി. അബ്രാഹത്തിന്റെ സന്തതിതന്നെയായ ക്രിസ്തുവിലൂടെ ഒരു ദൈവജനമായി രൂപീകരിക്കപ്പെടണമെന്നാണ് പൗലോസിനു ലഭിച്ച ദൈവികവെളിപാട്. അതുകൊണ്ടാണ് സഭയെന്നു പറയാതെ നട 9:4 ൽ 'എന്നെ' എന്ന പദം ഉപയോഗിക്കുന്നത്. സുവിശേഷപ്രഘോഷണത്തിൽ പുതിയസഭയുടെ ഉദ്ഘാടനം കുറിക്കാൻ

അദ്ദേഹം തീരുമാനിച്ചു. യഹൂദമതത്തിന്റെ പിൻബലത്തിൽത്തന്നെ അങ്ങനെ ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ ക്രിസ്തുവിലൂടെ വളർത്തുന്ന സഭയാക്കി രൂപാന്തരപ്പെടുത്തി. ഇനി അബ്രാഹത്തിന്റെ സന്തതി ക്രൈസ്തവസഭയാണ് പഴയ ഇസ്രായേലല്ല (ഗലാ 3:29). ജഡപ്രകാരമുള്ള ഇസ്രായേലിൽനിന്നും ഇവർ വ്യത്യസ്തരാണ് (1 കോറി 10:18). മറ്റ് അപ്പസ്തോലന്മാരിൽ സ്ഥാപിതമായ സഭ, തന്റെ പ്രഘോഷണത്താൽ സ്ഥാപിതമായ സഭ എന്നിവയെല്ലാം ഒരുമിച്ചു ഒരുസഭയാകണമെന്നു അദ്ദേഹത്തിനുണ്ടായിരുന്നു. സഭയെക്കുറിച്ചുള്ള അപ്പസ്തോലന്റെ വീക്ഷണം വിഭാവനം ചെയ്തുകിടക്കുന്നത് പല ലേഖനങ്ങളിലാണ്. സഭയെക്കുറിച്ച് വ്യക്തമായ ഒരു ദൈവശാസ്ത്രം നല്കുന്നില്ലെങ്കിലും വ്യത്യസ്ത ഭാഗങ്ങൾ പരിശോധിച്ചാൽ സഭാവിജ്ഞാനീയത്തെക്കുറിച്ച് അപ്പസ്തോലൻ ആഴമായി ചിന്തിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്.

മുക്തിശാസ്ത്രത്തോടും ക്രിസ്തുവിജ്ഞാനീയത്തോടും, മനുഷ്യവിജ്ഞാനീയത്തോടും, പ്രേഷിതവിജ്ഞാനീയത്തോടും ബന്ധപ്പെട്ടുകിടക്കുന്ന ഒരു ശാഖയാണു സഭാവിജ്ഞാനീയം. സുവിശേഷം ജറുസലേമിന്റെ അതിർത്തിയിൽനിന്നു മറ്റു ദേശങ്ങളിലേക്കും വ്യാപിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു (റോമാ 15:20-21). കാരണം സഭയുടെ സാർവ്വത്രികസ്വഭാവത്തിൽ അദ്ദേഹം ഉറച്ചുവിശ്വസിച്ചിരുന്നു. ക്രിസ്തുവിന്റെ സുവിശേഷം ഒരു പുതിയ സമൂഹത്തിനുള്ള ആരംഭംകുറിക്കുന്നു. അതു ജാതി വർഗ്ഗ വർണ്ണ വിവേചനങ്ങളെയും അതിശയിക്കുന്നതാണ് ഇതിന്റെ യുഗാന്ത്യോന്മുഖത പൗലോസിന്റെ ലേഖനങ്ങളിൽ പരാമർശിക്കുന്നുണ്ട്.

ഹെബ്രായ ഭാഷയിൽ സഭയ്ക്കു 'കഹാൽ' എന്നാണു പറയുക. ഇതിനർത്ഥം ദൈവത്താൽ വിളിക്കപ്പെട്ട സമൂഹം എന്നാണ്. ദൈവത്തിന്റെ ഇസ്രായേൽ (ഗലാ 6:16; 3:7) എന്ന പ്രയോഗം കഹാൽ എന്ന പദത്തിന്റെയത്രേ! ഇടയലേഖനങ്ങളിലൊഴിച്ചു മറ്റുലേഖനങ്ങളിലായി 58 പ്രാവശ്യം എക്ലേസിയ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. 1 കോറി (21) 2 കോറി (9) ഗലാ (3) എഫേ (9) ഫിലി (2) കൊള (4) 1 തെസ (2) 2 തെസ (7) ഫിലെമോൻ (1).

സഭകളുടെ പ്രാദേശിക സ്വഭാവത്തെയാണ് അപ്പസ്തോലൻ തന്റെ ലേഖനത്തിൽ കൂടുതലായി സ്വീകരിക്കുക. 1 കോറി 11:18; 14:19,28 എന്നിവിടങ്ങളിൽ കാണുന്ന സഭായോഗങ്ങൾ പ്രാദേശിക സഭായോഗങ്ങളാണ്. ഒരു പ്രത്യേക സ്ഥലത്തു വസിക്കുന്ന ക്രൈസ്തവരുടെ സമൂഹത്തെ (1 കോറി 4:17, ഫിലി 4:15, സഭയെന്നു വിളിക്കുന്നു. സഭയെ ഏകവചനത്തിൽ റോമ 16:1, 1 കോറി

1:1, 1 തെസ 1:1, 2 തെസ 1:1, ഫിലി 1 ലും കാണുന്നു. സഭകളെ ഗലാ 1:22, 1 തെസ 2:14, ഗലാ 1:2, കൊള 16:1, 1 കോറി 16:19, 2 കോറി 8:1 എന്നിവിടങ്ങളിൽ കാണുന്നു. ഭവനങ്ങളിലെ സമ്മേളനങ്ങളെയും സഭയായി കാണുന്നു (റോമ 16:5, കൊളോ 4:13, ഫിലി 2). സാർവ്വത്രികസഭയെ ഉൾക്കൊള്ളുന്നതാണ്. 1 കോറി 6:4; എഫേ 1:22; 3:10; 5:23; 27-28,32 ഈ വാക്യങ്ങളിൽനിന്നെല്ലാം ഒരുകാര്യം വ്യക്തമാകുന്നു. സഭ ജന്മമെടുക്കുക വചന ശുശ്രൂഷകളിലൂടെയാണെന്ന്.

പ്രാദേശിക സഭയും, സാർവ്വത്രിക സഭയും വളരെ ബന്ധപ്പെട്ടാണിരിക്കുന്നത്. പരസ്പരബന്ധമില്ലാത്ത സഭയ്ക്ക് അസ്തിത്വമില്ല. കാരണം സഭയെന്ന പദത്തിൽ എല്ലാ ദേശങ്ങളിലെയും എല്ലാ വിശ്വാസികളെയും ഉൾപ്പെടുത്തുന്നു. സഭയിൽ ദൈവത്തിന്റെ ബഹുമുഖജ്ഞാനം പ്രവർത്തിക്കണമെന്ന് അപ്പസ്തോലൻ എഫേസ്യർ സഭയെ അനുസ്മരിപ്പിക്കുന്നുണ്ട് (3:10). സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നു. അവിടുന്ന് സഭയെ സ്നേഹിക്കുകയും ചെയ്യുന്നു (5:24). കൊറീന്ത്യർക്കുള്ള രണ്ടാംലേഖനത്തിൽ കൊറീന്ത്യയിലെ ദൈവത്തിന്റെ സഭയെന്ന് സംബോധന ചെയ്തിരിക്കുന്നത് സഭാതനയരെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ടാണ് (സഭയെ ഒരു സ്ഥാപനമായോ സംഘടനയായോ നിഴലിച്ചുകാണുന്ന ഒരു ഭാഗവുമില്ല). ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ സംയോജനം വ്യക്തമാക്കുന്നുണ്ടെങ്കിലും എപ്പോഴും ഒരു വ്യത്യാസം അപ്പസ്തോലൻ കണ്ടിരുന്നു. സഭ ക്രിസ്തുവാകുന്ന ശിരസ്സോടുകൂടിയുള്ള ശരീരമെങ്കിലും അത് ബലഹീനമാണ്. ക്രിസ്തു സഭയുടെ രക്ഷകനാണ് (എഫേ 5:23). ശിരസ്സില്ലാത്ത അംഗങ്ങൾക്ക് നിലനില്പ്പില്ല. അംഗങ്ങളില്ലാത്ത ശിരസ്സ് പ്രവർത്തനരഹിതമത്രേ. സഭയിൽ എല്ലാവരും പരസ്പരം ആശ്വസിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് (1 തെസ 5:11) അപ്പസ്തോലൻ നിർദ്ദേശിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഭൂമിയിലെ വാസസ്ഥലവുംകൂടിയാണ് സഭ. ക്രിസ്തുവത്രേ അതിന്റെ മൂലക്കല്ല് (1 കോറി 3:11).

സഭയിലെ അംഗങ്ങളെ അപ്പസ്തോലൻ വിശുദ്ധരെന്നാണ് വിളിക്കുക. 40 പ്രാവശ്യം ഇപ്രകാരമുള്ള പദപ്രയോഗങ്ങളുണ്ട്. വിശുദ്ധൻ എന്നു മലയാള വിവർത്തനങ്ങളിൽകാണുന്ന പദം Saints എന്ന ഇംഗ്ലീഷ് പദത്തിന്റേതത്രേ! മൂലപദം hagios ആണ്. പ്രസ്തുത വാക്കിനർത്ഥം പരിശുദ്ധിയെന്നാണ്. സഭയെ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തുവിനെ സഭയുടെ ശിരസ്സുമായി ചിത്രീകരിക്കുന്നു. എഫേസിയ ലേഖനത്തിലാണ് സഭയെക്കുറിച്ചുള്ള അപ്പസ്തോലന്റെ വീക്ഷണം ഏറ്റവും ആഴമായി കാണുന്നത്. ക്രിസ്തുവിന്റെ

ശരീരത്തിന്റെ ലൗകികമായ എല്ലാ വ്യത്യാസങ്ങളും ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുവാകുന്ന ശിരസ്സിലാണ് ശരീരം മുഴുവൻ പോഷിപ്പിക്കുകയും സന്ധിബന്ധങ്ങളും സിരകളുംവഴി എല്ലാം സംയോജിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നത് (കൊളോ 2:19).

അപ്പസ്തോലൻ സഭയെക്കുറിച്ച് സംസാരിക്കുമ്പോൾ അലങ്കാരങ്ങളും ഉപയോഗിക്കുന്നുണ്ട്.

| | |
|---|---|
| റോമ 11:24 | ഒലിവുമരം |
| റോമ 8:23 | ദൈവഭവനം |
| 1 കോറി 4:1-2 | ശുശ്രൂഷകൻ |
| 1 കോറി 12:27 | ക്രിസ്തുവിന്റെ ശരീരം |
| 1 കോറി 3:16 | ദൈവമന്ദിരം |
| എഫേ 5:21 | വരനും വധുവും |
| റോമ 1:7 | വിശുദ്ധന്മാർ |

ഈ പദങ്ങളെല്ലാം സൂചിപ്പിക്കുക സഭയ്ക്ക് അപ്പസ്തോലൻ പുതിയ മാനങ്ങൾ നല്കുന്നുവെന്നതാണ്.

### സഭ ദൈവത്തിന്റെ ജനം

പഴയനിയമത്തിൽ 'ദൈവജനം' എന്ന സംജ്ഞ ഇസ്രായേൽ ജനതയെക്കുറിച്ചാണ് ഉപയോഗിക്കുന്നത്. ദൈവം ഇസ്രായേൽ വംശത്തെ തന്റെ ജനമായി തിരഞ്ഞെടുത്ത് അവരുമായി ഉടമ്പടി ചെയ്തു: "നിങ്ങൾ എന്റെ വാക്ക് കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എന്റെ സ്വന്തജനമായിരിക്കും" എന്ന് അവിടുന്നു അവരോട് അരുളിചെയ്തു (പുറ 19:5). സീനായ്മലയിൽവച്ച് നടന്ന ഉടമ്പടി വഴിയായി ഇസ്രായേൽ വംശം ദൈവത്തിന്റെ സ്വന്തം ജനവും അവകാശവുമായിത്തീർന്നു. അവർ ദൈവത്തിന് രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധജനവുമായി മാറി (പുറ 19:6; അപ്പ 7:6). ഈജിപ്തിൽനിന്ന് ഇസ്രായേലിനെ രക്ഷിക്കുന്നതിനും ഉടമ്പടി വഴിയായി അവരെ തന്റെ ജനമാക്കി തീർക്കുന്നതിനും ദൈവത്തെ പ്രേരിപ്പിച്ചത് അവിടുത്തെ സ്നേഹവും വിശ്വസ്തതയും ആയിരുന്നു. "കർത്താവ് നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പിതാക്കന്മാർക്ക് നല്കിയ വാഗ്ദാനം പാലിക്കുകയും ചെയ്തുകൊണ്ടാണ്.... നിങ്ങളെ വീണ്ടെടുത്തത്'.' എഫേസ്യർക്കുള്ള ലേഖനത്തിൽ വി. പൗലോസ് ക്രൈസ്തവസഭയെ ദൈവജനമായി ചിത്രീകരിക്കുന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. യേശുക്രിസ്തുവഴി

നമ്മെ തന്റെ മക്കളാക്കിത്തീർക്കുവാൻ ദൈവം സ്നേഹത്തിൽ മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1:3-5). തെരഞ്ഞെടുക്കപ്പെട്ടവർ ദൈവത്തിന്റെ സ്വന്തവും അവകാശം പ്രാപിക്കുവാനുള്ളവരുമാണ് (എഫേ 1:14). തെരഞ്ഞെടുപ്പും അതിന് പ്രേരകമായ ദൈവത്തിന്റെ സ്നേഹവും ഇസ്രായേലിന്റെ കാര്യത്തിലെന്നതുപോലെ സഭയുടെ കാര്യത്തിലും ദർശിക്കാവുന്നതാണ് (എഫേ 1:3-5). ഇസ്രായേൽ ദൈവജനമായിത്തീർന്നത് ദൈവത്തിന്റെ രക്ഷാശക്തിയുടെ പ്രവർത്തനം മൂലമാണ്. ക്രൈസ്തവസഭയുടെ അസ്തിത്വത്തിന്റെ അടിസ്ഥാനവും യേശുക്രിസ്തുവിലൂടെയുള്ള ദൈവികശക്തിയുടെ രക്ഷാകരപ്രവർത്തനമാണ്. ഇസ്രായേൽ ജനം ഉടമ്പടിയുടെ ചൈതന്യത്തിൽനിന്നും വ്യതിചലിച്ചു. അവർ ഉടമ്പടി ലംഘിച്ചു. ദൈവം അവരെ ശിക്ഷിച്ചെങ്കിലും കൈവിട്ടില്ല. അവരുമായി ഉണ്ടാക്കിയ ഉടമ്പടി നവീകരിക്കുവാൻ അവിടുന്ന് നിശ്ചയിച്ചു. അവിടുന്ന് പറയുന്നു: "അവർ എന്റെ ജനമായിരിക്കും. ഞാൻ അവരുടെ ദൈവവും. നിത്യമായ ഒരുടമ്പടി ഞാൻ അവരുമായുണ്ടാക്കും. അവർക്കു നന്മ ചെയ്യുന്നതിൽനിന്നു ഞാൻ പിന്തിരിയുകയില്ല" (ജറെ 32:38-40). ദൈവം തന്റെ ജനതയ്ക്ക് താൻ അവരുമായി ഉണ്ടാക്കുവാനിരിക്കുന്ന ഈ ഉടമ്പടിയെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ പ്രവാചകന്മാർ വഴി നൽകിക്കൊണ്ടിരുന്നു. (ജറെ 24:7;30:32; 31:22; 31:1, 33; എസെ 11:20; 14:11; 36:28; 37:23,27, ഹോസ 2:3, 25; സഖ 8:8; 13:9).

ജറെമിയ പ്രവാചകൻ 'ഒരു പുതിയ ഉടമ്പടി' എന്നാണ് ഇതിനെ വിളിക്കുന്നത് (ജറെ 31:31). യുഗാന്ത്യത്തിൽ ദൈവം തന്റെ ജനതയുമായി ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുമെന്നും ആ യുഗാന്ത്യ ഉടമ്പടിയുടെ സമൂഹമാണ് പൂർണ്ണ അർത്ഥത്തിൽ ദൈവജനമെന്നും പിൽക്കാല യഹൂദർ വിശ്വസിച്ചിരുന്നു. യുഗാന്ത്യത്തിലെ ദൈവജനമാണ് വി. പൗലോസിന്റെ വീക്ഷണത്തിൽ ക്രൈസ്തവസഭ. "ഞാൻ അവരിൽ വസിക്കുകയും അവരുടെയിടയിൽ വ്യാപരിക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും" (എസെ 37:27). എന്നുള്ള ദൈവത്തിന്റെ വാഗ്ദാനം ക്രൈസ്തവസഭയിൽ നിറവേറിയിരിക്കുന്നതായി വി. പൗലോസ് പ്രസ്താവിക്കുന്നു (2 കോറി 6:14).

മരുഭൂമിയിൽ യാത്ര ചെയ്തിരുന്ന ദൈവജനതയുടെ തുടർച്ചയാണ് ക്രൈസ്തവസഭ എന്നു വിശ്വസിച്ചതുകൊണ്ടാണ് മരുഭൂമിയിലെ സമൂഹത്തെ കുറിക്കുന്നതിനു പഴയനിയമത്തിൽ ഉപയോഗിക്കുന്ന 'കർത്താവിന്റെ സഭ' (നിയമ 23:1-8) എന്ന സംജ്ഞ വി. പൗലോസ് ക്രൈസ്തവസഭയ്ക്ക് നല്കിയിരിക്കുന്നത്. ജറുസലേമിലെ സഭയ്ക്ക് ദൈവത്തിന്റെ സഭയെന്നും (ഗലാ 1:11 മുതൽ; 1

കോറി 11:16), യൂദയായിലെ സഭകൾക്ക് ദൈവത്തിന്റെ സഭകളെന്നും (1 തെസ 2:14; 2 തെസ 1:4; ഗലാ 1:22; 1 കോറി 15:9), വി. പൗലോസ് പേരുകൾ നൽകി. 'ദൈവത്തിന്റെ സഭ' എന്ന സംജ്ഞ പിന്നീട് കൊറീന്ത്യൻ സഭയ്ക്കും വി. പൗലോസ് നല്കുകയുണ്ടായി (1 കോറി 1:2; 2 കോറി 1:1; 1 കോറി 10:32; 11:22). പഴയനിയമത്തിൽ ഇസ്രായേൽ ജനതയെക്കുറിച്ച് ഉപയോഗിച്ചിരുന്ന വിശേഷണങ്ങളും അലങ്കാര പ്രയോഗങ്ങളും വി. പൗലോസ് ക്രൈസ്തവസഭയ്ക്ക് നല്കിയതും അതുകൊണ്ടുതന്നെയാണ്. പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്ത്വജിന്തിൽ ഇസ്രായേലിനെ കുറിക്കുന്നതിന് ഉപയോഗിച്ചിരുന്ന "ക്ലോത്തോയിഹഗിയോയി" (വിളിക്കപ്പെട്ട വിശുദ്ധർ) (പുറ 2:16; ലേവി 23:2-44; സംഖ്യ 28:15). "ഹഗിയോയി" (വിശുദ്ധർ) (നിയമ 7:6; പുറ 19:6), "എലികത്തോയി" (തെരഞ്ഞെടുക്കപ്പെട്ടവർ) (നിയമ 4:37; 7:7; 10:15; 14:2) എന്നീ സംജ്ഞകളും വിശേഷണങ്ങളും വി. പൗലോസ് ക്രൈസ്തവസഭയ്ക്ക് നല്കുന്നുണ്ട്. "ക്ലോത്തോയി ഹഗിയോയി" (വിളിക്കപ്പെട്ട വിശുദ്ധർ) എന്ന് റോമിലെയും കൊറീന്ത്യയിലെയും വിശ്വാസികളെ വി. പൗലോസ് അഭിസംബോധന ചെയ്യുന്നതായും കാണുന്നു (റോമ 1:7; 1 കോറി 1:2). 'ഹഗിയോയി' എന്ന പദം പലപ്പോഴും വിശ്വാസികളെ കുറിക്കുവാൻ വി. പൗലോസ് ഉപയോഗിക്കുന്നു (റോമ 8:27; 1 കോറി 6:1 ff; കൊളോ 3:12; 1 തെസ്സ 3:13; 2 തെസ്സ 1:10). 'എലകത്തോയി' (തെരഞ്ഞെടുക്കപ്പെട്ടവർ) എന്ന പദവും വിശ്വാസികളെ കുറിക്കുന്നതിനാണ് വി. പൗലോസ് ഉപയോഗിക്കുന്നത് (റോമ 3:33; കൊളോ 3:12). ഇസ്രായേൽജനതയുടെ തുടർച്ചയാണ് ക്രൈസ്തവസമൂഹമെന്ന ആശയം റോമാക്കാർക്കുള്ള ലേഖനം 11:16-24 ഉം എഫേസ്യർക്കുള്ള ലേഖനം 2:11-22 ലും വി. പൗലോസ് വിശദീകരിക്കുന്നുണ്ട്. ക്രൈസ്തവസഭ എല്ലാ തരത്തിലും പഴയനിയമസമൂഹത്തിൽനിന്ന് വിഭിന്നമായ ഒരു ജനതയല്ല, പ്രത്യുത അതിനോട് ഒട്ടിച്ചേർക്കപ്പെട്ട ഒരു സമൂഹമാണെന്ന് വി. പൗലോസ് പ്രസ്താവിക്കുന്നു. ക്രൈസ്തവസഭ ഒരു ഒലിവു മരമാണ്. അതിന്റെ വേരുകളാണ് പഴയനിയമ പിതാക്കന്മാരും പ്രവാചകന്മാരും. അതിന്റെ സ്വാഭാവിക ശിഖരങ്ങൾ യഹൂദക്രിസ്ത്യാനികളും. ഒലിവു മരത്തിന്റെ സമ്പന്നതയിൽ ഭാഗഭാക്കാകാൻ ഒട്ടിച്ചേർക്കപ്പെട്ട ശിഖരങ്ങളാണ് പുറജാതികളിൽനിന്ന് ക്രൈസ്തവരായിത്തീർന്നവർ. അങ്ങനെ യഹൂദരും പുറജാതികളും സഭയാകുന്ന ഒലിവുമരത്തിൽ ഒരു ജനമായി ത്തീരുന്നു. അങ്ങനെ പുറജാതികളേയും യഹൂദരേയും ക്രിസ്തു തന്നിൽ ഒരു ജനമാക്കിതീർത്തു. അങ്ങനെ ഇരുകൂട്ടർക്കും ഒരുമിച്ച് പിതാവിന്റെ സന്നിധിയിൽ പ്രവേശിക്കുവാനുള്ള സാധ്യത അവി

ടുന്ന് ഉണ്ടാക്കിക്കൊടുത്തു. യഹൂദരുടെ അവകാശങ്ങൾ ദൈവം എടുത്തുകളഞ്ഞില്ല. ഇസ്രായേലിന് നല്കപ്പെട്ട അനുഗ്രഹങ്ങളിൽ പുറജാതിക്കാർക്കുകൂടി പങ്കാളിത്തം നല്കുക മാത്രമാണ് അവിടുന്ന് ചെയ്തത്.

## ക്രൈസ്തവസഭ ഒരു പുതിയ ജനത

ക്രൈസ്തവസഭ പഴയ ഇസ്രായേലിന്റെ തുടർച്ചയാണെങ്കിലും ക്രൈസ്തവസഭയും പഴയ ഇസ്രായേലും വ്യത്യസ്ത സ്വഭാവങ്ങൾ ഉള്ളവയാണ്. യുഗാന്ത്യ സമൂഹമെന്നനിലയിൽ സഭ ഒരു പുതിയ യാഥാർത്ഥ്യമാണ്. ഒരു സമൂഹം വേറൊരു സമൂഹത്തോട് കൂട്ടിച്ചേർത്തോ കൂട്ടിച്ചേർക്കപ്പെട്ടോ ഉത്ഭവിച്ചതല്ല ക്രൈസ്തവസഭ. സഭ ഒരു പുതിയ സൃഷ്ടിയാണ്. ക്രിസ്തു പരിച്ഛേദിതരിൽനിന്നും അപരിച്ഛേദിതരിൽനിന്നും ഒരു പുതിയ മനുഷ്യനെ സൃഷ്ടിച്ചു (എഫേ 2:15). പൗലോസ് പറയുന്നു: "പരിച്ഛേദനമോ, അപരിച്ഛേദനമോ അല്ല, പുതിയ ഒരു സൃഷ്ടിയാകുക എന്നതത്രേ പ്രധാനപ്പെട്ടത്" (ഗലാ 6:15). വീണ്ടും അദ്ദേഹം പറയുന്നു: "ക്രിസ്തുവിലായിരിക്കുന്ന ഏതൊരാളും ഒരു പുതിയ സൃഷ്ടിയാണ്" (2 കോറി 5:17).

യേശുക്രിസ്തുവിൽ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും പരിശുദ്ധാത്മാവിൽ മുദ്രകുത്തപ്പെടുകയും ചെയ്യുന്നവരാണ് യുഗാന്ത്യസമൂഹമായ സഭയിലെ അംഗങ്ങൾ. എഫേസ്യർക്കുള്ള ലേഖനത്തിൽ ഈ ആശയം വി. പൗലോസ് സ്പഷ്ടമാക്കുന്നുണ്ട്. "രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം ശ്രവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനാൽ അവനിൽ മുദ്രിതരായിരിക്കുന്നു" (എഫേ 1:13). "വിശ്വാസംവഴി കൃപയാൽ നിങ്ങൾ രക്ഷപ്രാപിച്ചു" (എഫേ 2:8).

യേശുക്രിസ്തുവിൽ വിശ്വസിക്കാതിരുന്ന യഹൂദർ ഒലിവുമരത്തിൽനിന്നും വെട്ടപ്പെട്ട ശിഖരങ്ങളാണ് (റോമ 11:19); ജനനം മാത്രം കൊണ്ടു ഇസ്രായേൽക്കാരായവരാണ് (1 കോറി 10:18). അവർ അടിമയുടെ മക്കളാണ്; സ്വതന്ത്രയുടേതല്ല (ഗല 4:24-27). അബ്രാഹത്തിൽനിന്ന് ജനിച്ചവരെങ്കിലും അവർ അബ്രാഹത്തിന്റെ മക്കളല്ല (റോമ 9:7). ക്രൈസ്തവ വിശ്വാസികളാണ് അബ്രാഹത്തിന്റെ യഥാർത്ഥ മക്കൾ; അവരാണ് യഥാർത്ഥ അവകാശികളും (റോമ 4:11-18). അവർതന്നെയാണ് ദൈവത്തിന്റെ യഥാർത്ഥ മക്കളും (റോമ 9:8). വിശ്വാസികളുടെ അമ്മയാണ് സ്വർഗ്ഗീയ ജറുസലേമായ ക്രൈസ്തവസഭ; സ്വതന്ത്രയായ സാറായാണ് അവളുടെ പ്രതിരൂപം (ഗലാ 4:26). വാഗ്ദാനപ്രകാരം ജനിച്ചവരാണ് സഭയുടെ മക്കളായ

വിശ്വാസികൾ (റോമ 9:8). യുഗാന്ത്യസമൂഹത്തിൽ പരിശുദ്ധാത്മാവ് വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്നുള്ള ജറെമിയായുടെയും എസെക്കിയേലിന്റെയും പ്രവചനങ്ങളുടെ പശ്ചാത്തലത്തിലാണ് (ജറെ 31:31-34; എസെ 36:22-28) വി. പൗലോസ് പുതിയ സമൂഹത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നത്. പുതിയ സമൂഹത്തിൽ പരിശുദ്ധാത്മാവ് വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. വിശ്വാസികൾ ദൈവത്തിന്റെ ആത്മാവിൽ സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തവരാണ് (1 കോറി 6:11); ഒരേ ആത്മാവിൽ സ്നാനമേറ്റ് ഒരു ശരീരമായിത്തീർന്നവരാണവർ (1 കോറി 12:13) 'ദൈവം നമ്മിൽ തന്റെ മുദ്രപതിച്ച്, നമ്മുടെ ഹൃദയങ്ങളിൽ തന്റെ ആത്മാവിനെ അച്ചാരമായി നല്കിയിരിക്കുന്നു' എന്ന് വി. പൗലോസ് (2 കോറി 1:21-22-ൽ) പറയുന്നു. മഷികൊണ്ടല്ല, ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ടു എഴുതപ്പെട്ട ക്രിസ്തുവിന്റെ ലിഖിതമാണ് സഭയെന്ന് കൊറീന്ത്യാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് പ്രസ്താവിക്കുന്നുണ്ട് (2 കോറി 3:3). പരിശുദ്ധാത്മാവ് ഒരു ആലയത്തിലെത്തുന്നതുപോലെ വിശ്വാസികളുടെ ഹൃദയങ്ങളിലും സഭമുഴുവനിലും കുടികൊള്ളുന്നു (1 കോറി 3:16; 6:19). ദൈവമക്കളാണെന്ന അവബോധം വിശ്വാസികളിൽ ജനിപ്പിക്കുന്നത് ഈ ആത്മാവാണ്. ദൈവത്തെ 'ആബാ', പിതാവേ എന്ന് വിളിക്കുവാൻ പരിശുദ്ധാത്മാവ് വിശ്വാസികളെ പ്രാപ്തരാക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നിവർത്തിക്കുന്നതിനുള്ള ശക്തി വിശ്വാസികൾക്ക് നൽകുന്നതും പരിശുദ്ധാത്മാവാണ് (റോമ 8:2-4). വിശ്വാസികൾ തമ്മിലുള്ള പരസ്പരബന്ധം സ്നേഹത്തിലധിഷ്ഠിതമാണ്. സ്നേഹമാകട്ടെ പരിശുദ്ധാത്മാവിന്റെ ഫലമാണ് (ഗലാ 5:22). എല്ലാ പ്രമാണങ്ങളുടെയും സാരവും സംഗ്രഹവുമാണ് സ്നേഹം (റോമ 13:8-16). പരിശുദ്ധാത്മാവ് കൃപാദാനങ്ങൾവഴി പുതിയ സമൂഹത്തിന് ആത്മീയ വളർച്ച നൽകുന്നു (1 കോറി 12:12-27).

യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ട യുഗാന്ത്യ ദൈവജനം ജാതീയവും സാമൂഹികവും സാംസ്കാരികവുമായ എല്ലാ പ്രതിബന്ധങ്ങളെയും ഇല്ലാതാക്കുന്നു: യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ ഉള്ള വ്യത്യാസം ഇല്ല; എല്ലാവരും ക്രിസ്തുവിൽ ഒന്നാണ് (ഗലാ 3:28). കാരണം ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു; യേശുക്രിസ്തുവിൽ എല്ലാവരും ദൈവപുത്രരായിതീർന്നിരിക്കുന്നു (ഗലാ 3:26-27, 1 കോറി 12:13). സഭാംഗങ്ങളെല്ലാവരും സഹോദരങ്ങളാണ്; ക്രിസ്തു അനേക സഹോദരരിൽ ആദ്യജാതനും

(കൊളോ 1:18, റോമ 8:29). യഹൂദരും വിജാതിയരും തമ്മിൽ നില നിന്നിരുന്ന ശത്രുതയുടെ പ്രതീകമായ മതിൽ തല്ലിത്തകർത്തു കൊണ്ട് ക്രിസ്തു ഇരുവരേയും ഒരു ജനതയാക്കി. കുരിശുമരണം വഴി ക്രിസ്തു അവരുടെ ശത്രുത അവസാനിപ്പിച്ചു. ക്രിസ്തുവഴി യഹൂദർക്കും പുറജാതിക്കാർക്കും ഒരേ ആത്മാവിൽ പിതാവിങ്ക ലേക്ക് പ്രവേശനം ഉണ്ടായി (എഫേ 2:11-18).

പഴയ ദൈവജനതയ്ക്ക് ഭൗതിക നന്മകളായിരുന്നു ദൈവം വാഗ്ദാനം ചെയ്തിരുന്നത്. പുതിയ ജനതയ്ക്കാകട്ടെ സ്വർഗ്ഗീയവും ആത്മീയവുമായ നന്മകളാണ് ദൈവം വാഗ്ദാനം ചെയ്യുന്നത്. സ്വർഗ്ഗീയമായ എല്ലാ ആത്മീയ വരങ്ങളാലും ദൈവം ക്രിസ്തു വിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു (എഫേ 1:3); ലോകത്തിന്റെ അവകാശം (റോമ 4:13) അനശ്വരത (1 കോറി 15:50) നിത്യജീവൻ (തിമോ 3:7) മഹത്വം (എഫേ 1:18) ദൈവരാജ്യം (1 കോറി 6:9-10) എന്നിവയാണ് ദൈവം തന്റെ ജനതയ്ക്ക് വാഗ്ദാനം ചെയ്തിരി ക്കുന്നത്. അതായത് നിത്യരക്ഷ. ആ രക്ഷയുടെ അച്ചാരമായി പരി ശുദ്ധാത്മാവിനെ അവിടുന്ന് അവർക്ക് നൽകിയിരിക്കുന്നു.

## ക്രൈസ്തവസഭ ഒരു ആരാധനാസമൂഹം

ഇസ്രായേൽ ജനം ഒരു ആരാധനാസമൂഹമായിരുന്നു. ദേവാല യവും പുരോഹിതന്മാരും ആരാധനാവിധികളും ഉണ്ടായിരുന്നു; പ്രത്യേകിച്ച് ബലി. ക്രൈസ്തവസഭയും ഒരു ആരാധനാസമൂഹമാ ണെന്ന് ആദിമസഭ വിശ്വസിച്ചു (1 പത്രോ 2:5).

വി. പത്രോസിന്റെ വീക്ഷണത്തിൽ സഭ ദൈവത്തിന്റെ ആലയ മാണ്. എഫേ 2:19 മുതലുള്ള വാക്യങ്ങളിൽ ക്രൈസ്തവസഭയെ ഒരു നഗരമായിട്ടും ദേവാലയമായിട്ടും വി. പൗലോസ് വിവരിക്കു ന്നുണ്ട്. നിങ്ങളിനിമേൽ പരദേശികളോ അന്യരോ അല്ല, പ്രത്യുത വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്; അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണി തുയർത്തപ്പെട്ടവരാണു നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടി രിക്കുന്നു; കർത്താവിൽ പരിശുദ്ധമായ ഒരു ആലയമായി അത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവ ത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊ ണ്ടിരിക്കുന്നു. ക്രിസ്തുവാകുന്ന അടിത്തറമേൽ പണിയപ്പെട്ട ദൈവ ത്തിന്റെ ആലയമാണ് സഭയെന്ന് വി. പൗലോസ് കൊറീന്ത്യക്കാ രോടു പറയുന്നുണ്ട് (1 കൊറി 3:9-17); "ദൈവാത്മാവ് സഭയിൽ

വസിക്കുന്നുവെന്ന് നിങ്ങൾ അറിയുന്നില്ലേ"യെന്ന് വി. പൗലോസ് അവരോട് ചോദിക്കുന്നു (1 കോറി 3:6).

ബാഹ്യാനുഷ്ഠാനങ്ങളെക്കാൾ ആദ്ധ്യാത്മിക ജീവിതത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ആരാധനയാണ് ക്രൈസ്തവസഭയുടേത്. ആദ്ധ്യാത്മിക ജീവിതമാകുന്ന ആത്മീയ ബലിയാണ് സഭ ദൈവത്തിന് അർപ്പിക്കുന്നത്. "നിങ്ങളെത്തന്നെ പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ സജീവബലിയായി സമർപ്പിക്കുവിൻ, ഇതായിരിക്കട്ടെ നിങ്ങളുടെ ആത്മീയാരാധന" എന്ന് വി. പൗലോസ് റോമാക്കാരെ ഉപദേശിക്കുന്നു (റോമ 12:1). ആത്മീയാരാധനയാകുന്ന ക്രൈസ്തവജീവിതം എന്തിലടങ്ങിയിരിക്കുന്നുവെന്ന് വി. പൗലോസ് റോമാക്കാർക്കുള്ള ലേഖനം 12 മുതൽ 15 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. അതിന്റെ ചുരുക്കം 12-ാം അദ്ധ്യായത്തിന്റെ രണ്ടാം വാക്യത്തിൽ കാണാം "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. പ്രത്യുത ഹൃദയ പരിവർത്തനത്തിലൂടെ രൂപാന്തരം പ്രാപിക്കുവിൻ; ദൈവതിരുമനസ്സ് എന്തെന്നും നല്ലതും, സ്വീകാര്യവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയുവാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും".

ക്രൈസ്തവർ അർപ്പിക്കുന്ന ആരാധനയെക്കുറിച്ച് വിശുദ്ധ പൗലോസ് ഫിലിപ്പിയർക്കുള്ള ലേഖനം 3:3 ൽ പ്രസ്താവിക്കുന്നുണ്ട്. "ദൈവത്തെ ആത്മാവിൽ ആരാധിക്കുകയും യേശുക്രിസ്തുവിൽ അഭിമാനം കൊള്ളുകയും ശരീരത്തിൽ ശരണം വയ്ക്കാതിരിക്കുകയും ചെയ്യുന്ന നമ്മളാണ് പരിച്ഛേദനം സ്വീകരിച്ചവർ". യഥാർത്ഥ പരിച്ഛേദനം ആത്മീയമാണെന്നും അത് സ്വീകരിച്ചവരാണ് വിശ്വാസികളെന്നും, വിശ്വാസികളുടെ ആരാധന ആത്മീയമാണെന്നുമാണ് വി. പൗലോസ് വിവക്ഷിക്കുന്നത്. ഫിലി 2:17- ൽ ഫിലിപ്പിയരുടെ വിശ്വാസജീവിതത്തെ അവർ അർപ്പിക്കുന്ന ബലിയായി ആരാധനയായി വി. പൗലോസ് കാണുന്നു. എപ്പഫ്രോദിത്തോസ്വഴി ഫിലിപ്പിയർ വി. പൗലോസിനയച്ചുകൊടുത്ത സംഭാവന അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അവർ ദൈവത്തിനർപ്പിച്ച പ്രസാദകരവും സ്വീകാര്യവും പരിമളം പരത്തുന്നതുമായ ബലിയാണ്.

ബാഹ്യാനുഷ്ഠാനങ്ങൾ ക്രൈസ്തവാരാധനയുടെ ഒരു ഭാഗമാണ്. ആദിമസഭയിൽ നിലവിലുണ്ടായിരുന്ന അനുഷ്ഠാനങ്ങളെക്കുറിച്ച് വി. പൗലോസിന്റെ ലേഖനങ്ങളിൽ ധാരാളം പരാമർശങ്ങളുണ്ട്. 1 കോറി 10:21; 11:23-34; 14:16 എന്നിവ പ്രത്യേകിച്ച് പരിഗണനാർഹങ്ങളാണ്. ക്രൈസ്തവജീവിതവുമായി അഭേദ്യം ബന്ധപ്പെട്ട് നിർവ്വ

ഹിക്കാനാണ് ഈ അനുഷ്ഠാനങ്ങൾ. വി. കുർബ്ബാന ക്രൈസ്തവരുടെ കൂട്ടായ്മയുടെ അടയാളവും കാരണവുമാണ്. യേശുക്രിസ്തുവിന്റെ ബലിയിലുള്ള പങ്കുചേരലാണല്ലോ വി. കുർബ്ബാന. യേശുക്രിസ്തുവിന്റെ ബലിയാകട്ടെ ഏറ്റവും വലിയ സ്നേഹത്തിന്റെ പ്രവർത്തനമായിരുന്നു. ബാഹ്യാനുഷ്ഠാനങ്ങളും ക്രൈസ്തവജീവിതവും ഒരുമിച്ചു പോകേണ്ടതാണ്.

## സഭ ക്രിസ്തുവിന്റെ ശരീരം

സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന ആശയം വിശുദ്ധ പൗലോസ് സഭാവിജ്ഞാനീയത്തിന് നൽകിയ പ്രത്യേക സംഭാവനയാണ്. വി. പൗലോസിന്റെ ലേഖനങ്ങളിൽ മാത്രമേ ഈ ആശയം നാം കാണുന്നുള്ളൂ. വി. യോഹന്നാന്റെ സുവിശേഷത്തിൽ (15:1-8) മുന്തിരിവള്ളിയും ശാഖകളുമെന്ന അലങ്കാരപ്രയോഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്ന ആശയവും, വി. പത്രോസിന്റെ ഒന്നാം ലേഖനത്തിൽ (1 പത്രോ 2:5) ആത്മീയ ഭവനമെന്ന അലങ്കാരപ്രയോഗത്തിലൂടെ വിശദീകരിക്കുന്ന ആശയവും വി. പൗലോസിന്റെ ആശയത്തോട് പൊരുത്തപ്പെടുന്നതാണ്.

സഭ ക്രിസ്തുവിന്റെ ശരീരം എന്ന ആശയം കൊറീന്ത്യർക്കുള്ള ലേഖനത്തിലാണ് വി. പൗലോസ് ആദ്യമായി അവതരിപ്പിക്കുന്നത്.

> 1 കോറി 12:13 ഒരേ ആത്മാവിൽ സ്നാനപ്പെട്ട് നാം ഒരു ശരീരമായിരിക്കുന്നു.
>
> 1 കോറി 12:17 നിങ്ങൾ ക്രിസ്തുവിന്റെ ശരീരമാകുന്നു; ഓരോരുത്തരും അതിന്റെ അവയവങ്ങളുമത്രേ.
>
> 1 കോറി 6:15-17 നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആണെന്ന് അറിഞ്ഞുകൂടേ.
>
> 1 കോറി 10:17 നാം പലരെങ്കിലും എല്ലാവരും ഒരേ അപ്പത്തിൽ പങ്കുചേരുന്നതുകൊണ്ട് ഏക ശരീരമാണ്.

സഭ ക്രിസ്തുവിന്റെ ശരീരമാണെന്നുള്ള ആശയം റോമാക്കാർക്കുള്ള ലേഖനത്തിലും ഉണ്ട്. 12:5 "അനേകരെങ്കിലും നാം ക്രിസ്തുവിൽ ഒരു ശരീരമാകുന്നു. നാം ഓരോരുത്തരും അവയവങ്ങളും".

സഭ ക്രിസ്തുവിന്റെ ശരീരം ആണെന്നും, മാത്രമല്ല സഭയുടെ ശിരസ്സ് ക്രിസ്തുവാണെന്നുമുള്ള ആശയം എഫേസ്യർക്കും കൊളോസ്യർക്കുമുള്ള ലേഖനങ്ങളിൽ വി. പൗലോസ് വിശദമായി വിവരി

ക്കുന്നത് കാണാം.

## 'സഭ ക്രിസ്തുവിന്റെ ശരീരം' എന്നതിന്റെ അർത്ഥം

ചില വേദപുസ്തക വ്യാഖ്യാതാക്കൾ ശരീരം എന്ന പദം രൂപാലങ്കാരമായി മനസ്സിലാക്കുന്നു. ഒരു സമൂഹത്തിന്റെ ഏകത്വവും വിവിധത്വവും കാണിക്കുന്നതിന് സ്റ്റോയിക്ക് ചിന്തകർ അതിനെ ശരീരത്തോട് ഉപമിച്ചിരിക്കുന്നു. ഒരു പട്ടണത്തിൽ വസിക്കുന്നവരെ മുഴുവനും ഉദ്ദേശിച്ച് 'നാഗരിക ശരീരം' എന്നർത്ഥമുള്ള "സോമാ പൊളിറ്റിക്കോൺ" എന്ന സംജ്ഞ അവർ ഉപയോഗിച്ചിരിക്കുന്നതു കാണാം. ഈ ചിന്തകരെ അനുകരിച്ച്, ക്രൈസ്തവസഭയുടെ ഏകത്വവും വിവിധത്വവും സൂചിപ്പിക്കുവാൻ "സഭ ക്രിസ്തുവിന്റെ ശരീരം" എന്ന പ്രയോഗം വി. പൗലോസ് സ്വീകരിച്ചുവെന്നാണ് മേല്പറഞ്ഞ വ്യാഖ്യാതാക്കൾ കരുതുന്നത്. പക്ഷേ ഇന്ന് നിരവധി പണ്ഡിതന്മാർ 'ശരീര'മെന്ന പദപ്രയോഗം വി. പൗലോസ് തന്റെ ലേഖനങ്ങളിൽ രൂപാലങ്കാരമായിട്ടല്ല ഉപയോഗിച്ചിരുക്കുന്നതെന്നാണ് കരുതുന്നത്. അവരുടെ വീക്ഷണത്തിൽ ശരീരം "വ്യക്തി"യെ (Person) ആണ് സൂചിപ്പിക്കുന്നത്. സ്റ്റോയിക്ക് ചിന്തകരുടെ അലങ്കാരപ്രയോഗമല്ല, ഹീബ്രു ചിന്തകരുടെ 'സംഘാത വ്യക്തിത്വ'മെന്ന ആശയവും, 'ശരീര'മെന്നതിന് ഹീബ്രുചിന്തയിലുള്ള അർത്ഥവുമാണ് വി. പൗലോസിന്റെ ചിന്തയുടെ പശ്ചാത്തലമായി അവർ കാണുക. രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. സഭയ്ക്ക് ക്രിസ്തുവിനോടുള്ള ബന്ധവും സഭാംഗങ്ങൾക്ക് തമ്മിൽ തമ്മിലുള്ള ബന്ധവുമാണ് 'സഭ ക്രിസ്തുവിന്റെ ശരീരം' എന്ന പദപ്രയോഗംകൊണ്ട് ചൂണ്ടിക്കാണിക്കപ്പെടുന്നത്. സഭാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന് അടിസ്ഥാനം അവർ ക്രിസ്തുവിനോട് ഏകീഭവിച്ചിരിക്കുന്നു എന്നുള്ളതാണ്. ഈ ഐക്യം സത്താപരമല്ല. ദൈവശാസ്ത്രജ്ഞന്മാർ അതിനെ 'മൗതികം' എന്ന് വിളിക്കുന്നു.

'സോമാ' (ശരീരം) എന്ന പദത്തിന്റെ അർത്ഥം സെമിറ്റിക് സാംസ്കാരിക പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. വി. പൗലോസിന്റെ ചിന്തയുടെ പിന്നിൽ പഴയനിയമത്തിന്റെയും യഹൂദചിന്തയുടെയും സ്വാധീനം വളരെ ഉണ്ട്. 'സോമാ' എന്ന പദം മനുഷ്യന്റെ ബാഹ്യമായ ഘടനയെയോ ഏതെങ്കിലും ഒരു ഭാഗത്തെയോ അല്ല സൂചിപ്പിക്കുന്നത്: പ്രത്യുത മനുഷ്യന്റെ ആളത്വത്തിന്റെ പൂർണ്ണത മുഴുവനേയും സൂചിപ്പിക്കുന്നു. ഈ അർത്ഥത്തിലാണ് റോമാക്കാർക്കുള്ള ലേഖനം 12:1 -ൽ 'സോമാ' എന്ന പദം വി. പൗലോസ് ഉപയോഗിച്ചിരിക്കുന്നത്. "നിങ്ങൾ നിങ്ങളുടെ

ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ സജീവ ബലിയായി ദൈവത്തിനു സമർപ്പിക്കുവിൻ" (റോമ 12:1). ഈ വാക്യത്തിൽ 'ശരീരം' ആളത്വത്തിന്റെ ഒരു ഘടകം എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്, ആളത്വത്തെ മുഴുവൻ സൂചിപ്പിച്ചുകൊണ്ടാണ്. റോമ 6:12 'പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ' എന്നതിനു തുല്യമാണ്. 1 കോറി 6:15 'നിങ്ങളുടെ ശരീരങ്ങൾ' എന്നത് 'നിങ്ങൾ' എന്നതിനു തുല്യമാണ്. 2 കോറി 4:10-12 "ഞങ്ങളുടെ ശരീരത്തിൽ" എന്ന പ്രയോഗം ഞങ്ങളിൽ എന്നതിന് തുല്യമായി നിൽക്കുന്നു. മനുഷ്യന് 'സോമാ' ഉണ്ടെന്നല്ല, മനുഷ്യൻതന്നെ 'സോമ' ആണെന്നാണ് വി. പൗലോസിന്റെ വിവക്ഷ. സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന പ്രസ്താവനവഴി സഭ ഒരുതരത്തിൽ ക്രിസ്തുതന്നെയാണ് എന്ന് വി. പൗലോസ് വിവക്ഷിക്കുന്നു. മഹത്വീകൃതനായ ക്രിസ്തുവിന്റെ മനുഷ്യത്വത്തോടുള്ള സഭയുടെ ഏകീഭാവമാണ് ഈ പ്രസ്താവനയിൽ അന്തർലീനമായിരിക്കുന്നത്. ഹീബ്രുചിന്തയിലെ സംഘാതവ്യക്തിത്വം എന്ന ആശയവും വി. പൗലോസ് 'സഭ ക്രിസ്തുവിന്റെ ശരീരമാണ്' എന്ന പ്രയോഗത്തിൽ ഉപയോഗിച്ചിട്ടുണ്ട്. മഹത്വീകൃതനായ ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ അവസാനത്തെ ആദമാണ്. അവസാനത്തെ ആദമാകട്ടെ ഒരു സംഘാത വ്യക്തിയാണ്. ഏകനിൽ അനേകരാണ്; അനേകരിൽ ഏകനും.

മൗതിക തലത്തിൽ ക്രിസ്തുവുമായുള്ള സഭയുടെ ഏകീഭാവത്തെക്കുറിച്ച് പലപ്പോഴും വി. പൗലോസ് ഊന്നിപ്പറഞ്ഞിട്ടുണ്ട്. "ക്രിസ്തുവിൽ" "ക്രിസ്തുവിനോടുകൂടെ" എന്നീ പദപ്രയോഗങ്ങളിൽ പ്രതിഫലിക്കുന്ന ആശയം ഇതുതന്നെയാണ്. ക്രിസ്തുവും സഭയുമായുള്ള ബന്ധം വ്യക്ത്യോന്മുഖമാണെന്ന് പൗലോസിന്റെ പല പ്രസ്താവനകളും തെളിയിക്കുന്നു. ഉദാ. :- 1 കോറി 6:14-17 = നിങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാണ് (ശരീരമാണ്). വേശ്യയുമായി ചേരുന്നവൻ അവളുമായി ഒരു ശരീരമായിത്തീരുന്നതുപോലെ ക്രിസ്തുവിനോട് ചേരുന്നവൻ അവനുമായി ഏകാത്മാവായിത്തീരുന്നു. 1 കോറി 10:17 = നാം പലരെങ്കിലും എല്ലാവരും ഒരേ അപ്പത്തിൽ പങ്കുചേരുന്നതുകൊണ്ട് ഒരു ശരീരമാകുന്നു. വി. കുർബ്ബാനവഴി നാം ക്രിസ്തുവിനോട് ഏകീഭവിക്കുന്നു. ആ എകീഭവിക്കൽ നമ്മെ പരസ്പരം ഐക്യപ്പെടുത്തുകയും ചെയ്യുന്നു. 'ഏക ശരീരം' ഉത്ഥാനം ചെയ്ത ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. കർത്താവിന്റെ വിരുന്നിലുള്ള ഭാഗഭാഗിത്വംവഴി ക്രിസ്തുവും വിശ്വാസികളും തമ്മിൽ ഏകീഭവിക്കുകയും അതിന്റെ ഫലമായി വിശ്വാസികൾ തമ്മിൽ പരസ്പരം ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

ഉത്ഥാനം ചെയ്ത ക്രിസ്തുവിനോടുള്ള വിശ്വാസികളുടെ ഐക്യത്തെക്കുറിച്ച് റോമാക്കാർക്കുള്ള ലേഖനം 7-ാം അദ്ധ്യായം 4-ാം വാക്യത്തിലും, വി. പൗലോസ് പ്രസ്താവിക്കുന്നുണ്ട്.

1 കോറി 12:12-ൽ വി. പൗലോസ് പറയുന്നു. ശരീരം ഒന്നാണെങ്കിലും അതിന് പല അവയവങ്ങൾ ഉണ്ട്. അവയവങ്ങൾ പലതാണെങ്കിലും ശരീരം ഒന്നുതന്നെ. അതുപോലെയാണ് ക്രിസ്തുവും. മനുഷ്യശരീരത്തിൽ പല അവയവങ്ങൾ ഉള്ളതുപോലെ ഉത്ഥാനം ചെയ്ത ക്രിസ്തുവിനും പല അവയവങ്ങൾ ഉണ്ട്; ക്രിസ്തുവിനോട് ഏകീഭവിച്ച വിശ്വാസികളാണ് ഈ അവയവങ്ങൾ. മനുഷ്യശരീരത്തിലെ അവയവങ്ങൾ പരസ്പരം ഐക്യത്തിൽ ശരീരത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതുപോലെ, ക്രിസ്തുവിന്റെ അവയവങ്ങളായ വിശ്വാസികളും പൊതുനന്മയ്ക്കുവേണ്ടി ഐക്യത്തോടുകൂടി പ്രവർത്തിക്കണമെന്ന് വി. പൗലോസ് ഉപദേശിക്കുകയാണിവിടെ. കാരണം വിശ്വാസികൾ ഒരുമിച്ച സഭ ക്രിസ്തുവിന്റെ ശരീരമാണ് (1 കൊറി 12:27). ശരീരം എന്ന പദം ഇവിടെയും സെമിറ്റിക്ക് പശ്ചാത്തലത്തിൽതന്നെ മനസ്സിലാക്കേണ്ടതാണ്.

വി. മാമ്മോദീസായും വി. കുർബ്ബാനയുംവഴി ഉത്ഥാനം ചെയ്ത ക്രിസ്തുവിനോട് ഏകീഭവിച്ചവരാണ് വിശ്വാസികൾ, അതായത് സഭ, ക്രിസ്തു തന്നെയാണ്.

### ക്രിസ്തു സഭയുടെ ശിരസ്സ്

കൊളോസിയർക്കുള്ള ലേഖനത്തിലും എഫേസിയർക്കുള്ള ലേഖനത്തിലും തന്റെ ശരീരമാകുന്ന സഭയുടെ ശിരസ്സാണ് ക്രിസ്തുവെന്ന് വി. പൗലോസ് പ്രസ്താവിക്കുന്നുണ്ട് (കൊളോ 1:18; എഫേ 1:22; 4:15; 5:23). സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധം ഈ പ്രസ്താവനയിലൂടെ വി. പൗലോസ് വിശദീകരിക്കുന്നു. സെമിറ്റിക്ക് പശ്ചാത്തലത്തിലും നിലവിലിരുന്ന ശരീരശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും സിദ്ധാന്തങ്ങൾ അനുസരിച്ചും തന്റെ ക്രിസ്തീയ അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിലുമാണ് ക്രിസ്തു സഭയുടെ ശിരസ്സ് ആണ് എന്ന ആശയം വി. പൗലോസ് അവതരിപ്പിക്കുന്നത്.

കെഫാലെ (ശിരസ്സ്) എന്ന ഗ്രീക്കുപദം "റോഷ്" എന്ന ഹീബ്രുപദത്തിന് സമാന്തരമാണ്. 'റോഷ്' എന്ന ഹീബ്രുപദത്തിന് ആലങ്കാരികാർത്ഥത്തിൽ "ഗോത്രത്തലവൻ" 'ഭരണാധികാരി', 'സൈന്യാധിപതി' എന്നൊക്കെയാണ് അർത്ഥം (ന്യായാ 10:18; 11:8-9; 1 സാമു 15:17; ഏശ 7:8-9; ഹോസി 1:11; നിയമ 33:5; ജറെ 31:7; വിലാ 1:5;

സങ്കീ 18:43). 2 ദിന 13:12 -ൽ ഇസ്രായേലിന്റെ റോഷ് എന്ന സംജ്ഞ ദൈവത്തെക്കുറിച്ച് ഉപയോഗിച്ചിരിക്കുന്നു. പരിപാലിക്കുക, രക്ഷിക്കുക, യോജിപ്പിക്കുക തുടങ്ങിയ എല്ലാ കർത്തവ്യങ്ങളും "റോഷി"നുണ്ട്.

നിലവിലിരുന്ന ശരീരവൈദ്യശാസ്ത്രപ്രകാരം മസ്തിഷ്കം സിരാവ്യൂഹംവഴി വികാരങ്ങളെയും ചലനങ്ങളെയും സ്വാധീനിക്കുന്നു.

ക്രിസ്തു എല്ലാ ആധിപത്യങ്ങളുടെയും അധികാരങ്ങളുടെയും ശിരസ്സാണ് (കൊളോ 2:10). എന്ന പ്രസ്താവനയിൽ 'റോഷ്' എന്ന ഹീബ്രുപദത്തിന്റെ സ്വാധീനം കാണുവാൻ സാധിക്കും. ദൈവം എല്ലാ ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും ശക്തികൾക്കുമുപരി ക്രിസ്തുവിനെ ഉപവിഷ്ടനാക്കുകയും എല്ലാ വസ്തുക്കളെയും അവന്റെ പാദങ്ങൾക്കു കീഴിലാക്കുകയും അവനെ എല്ലാറ്റിനുമുപരി സഭയുടെ ശിരസ്സായി നിയമിക്കുകയും ചെയ്തു (എഫേ 1:21-22). എല്ലാറ്റിന്റെയുംമേലുള്ള ക്രിസ്തുവിന്റെ ആധിപത്യമാണ് നാമിവിടെ കാണുന്നത്. ഈ അർത്ഥമാണ് പുരുഷന്റെ ശിരസ്സ് ക്രിസ്തുവാകുന്നു (1 കൊറി 11:3). എന്ന പ്രസ്താവനയിലുള്ളത്. എഫേ 4:15-16 ലും, കൊളോ 2:19 ലും നിലവിലിരുന്ന വൈദ്യ-ശരീരശാസ്ത്രത്തിന്റെ സ്വാധീനം കാണാം. പക്ഷെ പ്രസ്തുത വൈദ്യ-ശരീരശാസ്ത്രത്തിന്റെ വെളിച്ചത്തിൽമാത്രം മനസ്സിലാക്കുവാൻ കഴിയാത്ത പല പ്രസ്താവനകളും എഫേസ്യർക്കും, കൊളോസ്യർക്കുമുള്ള ലേഖനങ്ങളിലുണ്ട്: ഉദാ. എഫേ 4:16, കൊളോ 2:19, എഫേ 5:23,29 മസ്തിഷ്കം, സിരാവ്യൂഹം എന്നീ പദങ്ങൾ അല്ല, പ്രത്യുത ശിരസ്സ്, കൃപാദാനങ്ങൾ എന്നീ പദങ്ങളാണ് വി. പൗലോസ് ഉപയോഗിക്കുന്നത്. ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സാണ് എന്ന പ്രസ്താവനയിലൂടെ വി. പൗലോസ് അവതരിപ്പിക്കുന്ന ആശയങ്ങൾ ഇവയാണ്.

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം, സഭയുടെ മേലുള്ള ക്രിസ്തുവിന്റെ ആധിപത്യം, സഭയിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യം, ക്രിസ്തുവഴിയുള്ള സഭയുടെ വളർച്ച, സഭയുടെ ഐക്യം, സഭാംഗങ്ങളുടെ സംഘടിതമായ പ്രവർത്തനങ്ങൾ എന്നിവ. ശിരസ്സായ ക്രിസ്തുവിനോടുള്ള ഗാഢബന്ധം നിമിത്തമാണ് ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്ക് ദൈവികമായ പൂർണ്ണവളർച്ച പ്രാപിക്കുവാൻ സാധിക്കുന്നത് (കൊളോ 2:19).

മൗതികതലത്തിൽ സഭയും ക്രിസ്തുവും ഒരു വ്യക്തിയാണെങ്കിലും സത്താപരമായി വ്യത്യസ്ത വ്യക്തികളാണ്. ക്രിസ്തു സഭ

യുടെ നാഥനും, രക്ഷകനും, പരിപോഷകനും, ജീവനുമാകുന്നു. സഭ കീഴ്പ്പെട്ടവളും, ക്രിസ്തുവിൽനിന്ന് ജീവനും ചൈതന്യവും പരിപൂർണ്ണതയും പ്രാപിക്കുന്നവളുമാകുന്നു.

## സഭ ക്രിസ്തുവിന്റെ പ്ളെറോമ (പൂർണ്ണത)

വി. പൗലോസ് സഭയെ ക്രിസ്തുവിന്റെ ശരീരമെന്നും പൂർണ്ണതയെന്നും നിർവ്വചിക്കുന്നു. ഏത് അർത്ഥത്തിലാണ് സഭ ക്രിസ്തുവിന്റെ പൂർണ്ണത ആയിരിക്കുന്നത് എന്നത് പണ്ഡിതന്മാരുടെ ഇടയിൽ വിവാദവിഷയമാണ്. ഒരു കൂട്ടർ സഭ ക്രിസ്തുവിനെ പൂർണ്ണമാക്കുന്നുവെന്ന് അഭിപ്രായപ്പെടുമ്പോൾ, മറ്റൊരു കൂട്ടർ സഭ ക്രിസ്തുവിനാൽ പൂർണ്ണമാക്കപ്പെടുന്നു എന്ന് പറയുന്നു. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് സഭയെകൂടാതെ ക്രിസ്തു അപൂർണ്ണനാണ്. വിളിക്കപ്പെട്ട ആളുകൾ ക്രിസ്തുവിനോടുകൂടി ചേരുമ്പോഴാണ് അവിടുന്ന് പൂർണ്ണനാകുന്നത്. ക്രിസ്തുവിന്റെ അപൂർണ്ണതയിൽ സഭ നിറയുകയാണ് ചെയ്യുന്നത്. അതായത് സഭ ക്രിസ്തുവിന്റെ പൂരണമാണ്.

രണ്ടാമത്തെ അഭിപ്രായമനുസരിച്ച് സഭ ഒരു പാത്രമാണ്. ക്രിസ്തു സഭയാകുന്ന പാത്രത്തെ സ്വർഗ്ഗീയ അനുഗ്രഹങ്ങൾകൊണ്ട് നിറക്കുന്നു. സഭ ക്രിസ്തുവിനെ പൂർണ്ണമാക്കുകയല്ല, പ്രത്യുത ക്രിസ്തു സഭയെ പൂർണ്ണമാക്കുകയാണ്.

'പ്ലെറോമാ' എന്ന ഗ്രീക്കുപദത്തിനു 'നിറയ്ക്കുന്നത്' എന്നും 'നിറയ്ക്കപ്പെടുന്നത്' എന്നും അർത്ഥമുണ്ട്, പ്ലെറോമാ എന്ന പദം 'സഭ ക്രിസ്തുവിന്റെ പ്ലെറോമയാണ്' എന്ന പദ സമുച്ചയത്തിൽ വി. പൗലോസ് ഉപയോഗിച്ചിരിക്കുന്നത് പഴയനിയമത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ രണ്ടാമത്തെ അഭിപ്രായമാണ് സ്വീകാര്യമായി തോന്നുന്നത്. ദൈവത്തിന്റെ തേജസ്സ് ദൈവാലയത്തെ നിറക്കുന്നതായി ഏശ 1:1, 3; 43:5; 44:4; സങ്കീ 72:19 എന്നീ ഭാഗങ്ങളിൽ പറയുന്നുണ്ട്. ക്രിസ്തുവും സഭയും ദൈവത്തിന്റെ ആലയങ്ങളാണ്. ദൈവാലയത്തെ തന്റെ തേജസ്സുകൊണ്ട്, അതായത് രക്ഷാകര സാന്നിദ്ധ്യംകൊണ്ട് നിറച്ചതുപോലെ ദൈവം ക്രിസ്തുവിനെ തന്റെ രക്ഷാകരശക്തികൊണ്ട് നിറച്ചതുപോലെ ദൈവം ക്രിസ്തുവിനെ തന്റെ രക്ഷാകരശക്തികൊണ്ട് നിറക്കുന്നതായി വി. പൗലോസ് പറയുന്നതായി വിചാരിക്കാം. ക്രിസ്തുവാകട്ടെ സഭയെ നിറക്കുകയും ചെയ്യുന്നു.

കൊളോസിയർക്കുള്ള ലേഖനം 2:9-ൽ ഉത്ഥാനം ചെയ്ത ക്രിസ്തുവിൽ ദൈവത്തിന്റെ പൂർണ്ണത മുഴുവൻ ശാരീരിക രൂപ

ത്തിൽ സ്ഥിതിചെയ്യുന്നുവെന്നും 1:18 – ൽ സർവ്വ സമ്പൂർണ്ണതയും അവനിൽ വസിക്കണമെന്നുമുള്ളത് ദൈവതിരുമനസ്സായിരുന്നുവെന്നും വി. പൗലോസ് പ്രസ്താവിക്കുന്നു. ഉത്ഥാനംചെയ്ത ക്രിസ്തുവിനെ ദൈവം രക്ഷാകരമായ ശക്തികൊണ്ട് നിറച്ചു. ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കണം എന്നതായിരുന്നു ദൈവത്തിന്റെ ഇഷ്ടം. ആകയാൽ ഉത്ഥാനംചെയ്ത ക്രിസ്തുവിലൂടെയല്ലാതെ മറ്റു രക്ഷയ്ക്കു മാർഗ്ഗങ്ങളൊന്നും ഇല്ലെന്നും വിശുദ്ധ പൗലോസ് കൊളോസിയരെ ഉപദേശിക്കുന്നു. രക്ഷയ്ക്ക് ക്രിസ്തുമാത്രം പോരാ എന്ന് വിചാരിച്ചവർ കൊളോസിയയിൽ ഉണ്ടായിരുന്നു.

വി. പൗലോസ്, എഫേസിയർക്കുള്ള ലേഖനത്തിൽ (1:23) സഭ ക്രിസ്തുവിന്റെ പ്ലെറോമാ ആകുന്നുവെന്ന് പ്രസ്താവിക്കുമ്പോൾ ഉത്ഥാനംചെയ്ത ക്രിസ്തു തന്റെ പിതാവിൽനിന്ന് ലഭിച്ച സ്വർഗ്ഗീയ സമ്പന്നതകൾകൊണ്ട് സഭയെ നിറയ്ക്കുന്നുവെന്ന് പറയുന്നതായി കരുതാം. ക്രിസ്തുവിനാൽ നിറയ്ക്കപ്പെട്ട സമൂഹമാണ് സഭ.

ക്രിസ്തുവിനോട് വൈയക്തികമായി ഐക്യപ്പെട്ടിരിക്കുന്ന സഭ ക്രിസ്തുവിന്റെ ജീവനിൽ പങ്കുകൊള്ളുന്നു. അവന്റെ പൂർണ്ണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നുവെന്ന് വി. യോഹന്നാൻ പറയുന്ന ആശയംതന്നെയാണ് വി. പൗലോസ് പറയുന്നത്. ക്രിസ്തു ദൈവത്തിന്റെ പ്ലെറോമയാണ്, സഭ ക്രിസ്തുവിന്റെ പ്ലെറോമായും, ക്രിസ്തു പിതാവിനെ പൂർണ്ണനാക്കുന്നില്ല. പിതാവ് ക്രിസ്തുവിനെയാണ് പൂർണ്ണനാക്കുന്നത്. അതുപോലെ സഭ ക്രിസ്തുവിനെ പൂർണ്ണനാക്കുകയല്ല; ക്രിസ്തു സഭയെ പൂർണ്ണയാക്കുകയാണ്. ക്രിസ്തുവിന്റെ രക്ഷാകരമായ സാന്നിദ്ധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും മണ്ഡലമാണ് സഭ. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ വിശ്വാസികൾ എല്ലാവിധ കൃപകൾകൊണ്ടും നിറവുള്ളവരായിരിക്കുന്നു (കൊളോ 2:10). എഫേസോസിലെ വിശ്വാസികൾ ദൈവത്തിന്റെ സമസ്ത പൂർണ്ണതയാലും പൂരിതരാകുവാൻ വി. പൗലോസ് പ്രാർത്ഥിക്കുന്നു (3:19). ദൈവികജീവൻ, സമ്പന്നത, പരിശുദ്ധാത്മാവു വഴി ആന്തരിക മനുഷ്യൻ പ്രാപിക്കുന്ന ബലം (3:16), അറിവ്, സ്നേഹം, എന്നിവകൊണ്ടാണ് ദൈവം തന്റെ മഹത്വസമ്പത്തിനു അനുസൃതമായി വിശ്വാസികളെ നിറക്കുന്നത്.

### സഭ ക്രിസ്തുവിന്റെ മണവാട്ടി

പ്രവാചകന്മാർ ഇസ്രായേൽ ജനതയെ ദൈവത്തിന്റെ വധുവായി

ചിത്രീകരിക്കുന്നു. ഇസ്രായേൽജനതയുമായി ഉടമ്പടി ചെയ്ത് ദൈവം അതിനെ സ്വന്ത ജനതയാക്കിതീർത്തത് ഒരു വൈവാഹിക ഉടമ്പടിയായും, ഇസ്രായേൽ അന്യദൈവങ്ങളെ സേവിച്ചത്, ഒരു ഭാര്യ സ്വന്തം ഭർത്താവിനെ ഉപേക്ഷിച്ച് പരസംഗം ചെയ്യുന്നതിനോടും ഹോസിയാ പ്രവാചകൻ ഉപമിക്കുന്നു (ഹോസ 1:3).

യാഹ്‌വേയെ മാത്രമേ ആരാധിക്കുകയുള്ളുവെന്ന് ഇസ്രായേൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും (പുറ 24:3; ജോഷ്വ 24:16-17) ഇസ്രായേൽ അന്യദൈവങ്ങളെ സേവിച്ചു. യാഹ്‌വേ തന്റെ ജനതയെ താൽക്കാലികമായി ശിക്ഷിച്ചെങ്കിലും അവരെ ഉപേക്ഷിച്ചില്ല. അനുതപിച്ച് യാഹ്‌വേയിലേക്കു പിൻതിരിഞ്ഞ ഇസ്രായേലിനെ ദൈവം സ്വീകരിച്ചു. ഇസ്രായേലിന്റെ അവിശ്വസ്തതയും പ്രത്യാഗമനവും വിവരിക്കുമ്പോൾ മണവാട്ടി എന്ന പ്രതിരൂപമാണ് ജറെമിയാ, ഏശയ്യാ എന്നീ പ്രവാചകന്മാർ ഇസ്രായേലിനു നല്കിയിരിക്കുന്നത് (ജറെ 2:2,32; ഏശ 49:18; 61:10). ഭാര്യ എന്ന പ്രതിരൂപവും ഹോസിയാ, ഏശയ, എസെക്കിയേൽ എന്നീ പ്രവാചകന്മാർ ഉപയോഗിച്ചിട്ടുണ്ട് (എസ 50:1, 54; 5; 16:1-14; ഹോസി 2:16-22).

വി. പൗലോസ് കൊറീന്ത്യൻ സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിച്ചിരിക്കുന്നു: നിർമ്മലയായ കന്യകയെ അവളുടെ ഭർത്താവിന് എന്നതുപോലെ ഞാൻ നിങ്ങളെ ക്രിസ്തുവിനു വിവാഹനിശ്ചയം ചെയ്തുകൊടുത്തു (2 കോറി 11:2). വധു തന്റെ വരനോടെന്നതുപോലെ കൊറീന്ത്യൻസഭ ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തണമെന്ന് പൗലോസ് അവരെ ഉപദേശിക്കുന്നു (11:3 മുതൽ)

എഫേസിയർക്കുള്ള ലേഖനം 5:21-33 -ൽ ഭർത്താവും ഭാര്യയും തമ്മിലുള്ള പരസ്പര ബന്ധത്തിനു മാതൃകയായി ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വി. പൗലോസ് അവതരിപ്പിക്കുന്നു, ക്രിസ്തു സഭയെ സ്നേഹിക്കുകയും സഭയ്ക്കുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്തു. സഭയെ വചനത്തിന്റെ ജലംകൊണ്ട് കഴുകി ക്രിസ്തു വിശുദ്ധീകരിച്ചു. ക്രിസ്തു സഭയെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മരണം തന്റെ വധുവായ സഭയ്ക്കുവേണ്ടിയായിരുന്നു. മാമ്മോദീസായിലൂടെയും വി. കുർബ്ബാനയിലൂടെയും സഭയെ തനിക്ക് അനുയോജ്യയായ വധുവാക്കിത്തീർക്കുകയാണ് ക്രിസ്തു ചെയ്യുന്നത്. പുതിയ ഇസ്രായേൽ എന്ന നിലയിലാണ് സഭ ക്രിസ്തുവിന്റെ മണവാട്ടിയായിരിക്കുന്നത്.

വി. പൗലോസിന്റെ വീക്ഷണത്തിൽ പുതിയ ദൈവജനം; ദൈവം വസിക്കുന്ന മന്ദിരമാണ്; നിരന്തരം ആരാധന നടത്തപ്പെടുന്ന ദൈവാലയവുമാണ്; അത് ക്രിസ്തുവിന്റെ ശരീരമാണ്; അവിടുത്തെ മണവാട്ടിയുമാണ്. അതേസമയം, പണിയപ്പെട്ടുകൊണ്ടിരിക്കുന്ന മന്ദിരമാണ് സഭ; ശിരസ്സായ ക്രിസ്തുവിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന ശരീരമാണ്; തന്റെ മണവാളനുമായി പരിപൂർണ്ണമായി ചേരേണ്ട മണവാട്ടിയാണ് സഭ. ഭാവിയിൽ പ്രാപിക്കുവാനിരിക്കുന്ന സൗഭാഗ്യങ്ങളുടെ ഒരു മുന്നാസ്വാദനമാണ് സഭയുടെ ഇപ്പോഴുള്ള ജീവിതം.

**ഫാ. ലൂക്ക് പുത്തൃക്കയിൽ**

# 03

## സഭ:
## ഘടനയും കൂട്ടായ്മയും

രണ്ടാംവത്തിക്കാൻ കൗൺസിലിനുമുമ്പുള്ള സഭാവിജ്ഞാനീയം 16-ാം നൂറ്റാണ്ടിലുണ്ടായ മതനവീകരണത്തോടുള്ള ഒരു പ്രതികരണമായിരുന്നു.

### ഘടനാപ്രധാനമായ സഭാവിജ്ഞാനീയം

മതനവീകരണക്കാർ സഭയുടെ ആദ്ധ്യാത്മിക മാനങ്ങൾക്ക് ആക്കം കൂട്ടുവാൻവേണ്ടി അതിന്റെ ദൃശ്യവും ഘടനാപരവുമായ വശങ്ങളെ നിരാകരിക്കയോ ന്യൂനീകരിക്കുകയോ ചെയ്തതിനാൽ കത്തോലിക്കാ സഭ ഈ രണ്ടാമത്തേതിന് അമിതമായ ഊന്നൽ കൊടുത്തു. അങ്ങനെ ഘടനാപ്രധാനമായ (institutionalistic) ഒരു സഭാവിജ്ഞാനീയമായിത്തീർന്നു കത്തോലിക്കാ സഭയുടേത്. സഭയുടെ നിർവ്വചനംതന്നെ അതിന്റെ ഘടനാപരമായ വശത്തെ മുൻനിർത്തിയായി. വി. റോബർട്ട് ബല്ലാർമിന്റെ നിർവചനം നമുക്കു സുപരിചിതമാണ്. "ഒരേ ക്രിസ്തീയവിശ്വാസത്തെ ഏറ്റുപറയുകയും, ഒരേ കൂദാശയുടെ കൂട്ടായ്മയിൽ പങ്കുചേരുകയും, നിയമാനുസൃതമായ അജപാലകരുടെ വിശേഷിച്ച് ക്രിസ്തുവിന്റെ ഭൂമിയിലെ ഏക പ്രതിപുരുഷനായ റോമായിലെ മാർപ്പാപ്പയുടെ ഭരണത്തിനു

വിധേയരാകുകയും ചെയ്യുന്ന മനുഷ്യരുടെ സമൂഹമത്രേ ഏകവും സത്യവുമായ സഭ". റോമൻ ജനസമൂഹവും ഫ്രാൻസ് രാജ്യവും വെനീസ് റിപ്പബ്ലിക്കുംപോലെ ദൃശ്യവും സ്പർശ്യവുമാണ് സഭാ സമൂഹവും. ഈ സമൂഹത്തിന്റെ ഏറ്റവും വ്യക്തമായ മുഖമുദ്രയാകട്ടെ അതിലെ അധികാരസ്ഥാനം (hierarchy) ആണ്. ഹയരാർക്കിക്കും വിശിഷ്യ പാപ്പാസ്ഥാനത്തിനുമെതിരായുള്ള മതനവീകരണക്കാരുടെ മൂർച്ചയേറിയ അസ്ത്രങ്ങൾ ഇവയെ ഒന്നുകൂടി ഉയർത്തിപ്പിടിക്കുവാൻ സഭാധികാരികളെ പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്. പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും ഭരിക്കുവാനും ക്രിസ്തുവിൽനിന്നു ഹയരാർക്കിക്കു ലഭിച്ചിരുന്ന വിശിഷ്ടാധികാരമാണ് സഭയെ നിലനിർത്തുന്നത്. ഹയരാർക്കിയിൽ നിന്നു ലഭിക്കുന്ന പ്രബോധനവും കൂദാശകളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് ജീവിക്കുകയാണ് അൽമായരുടെ ധർമ്മം. ഈ വീക്ഷണം സഭയെ വൈദികഗണമെന്നും (clergy) അൽമായഗണമെന്നും (laity) രണ്ടായി തരംതിരിക്കുന്നു. പദവിയിലും അവകാശങ്ങളിലും അവർ വ്യത്യസ്തരാണ്. "എല്ലാവിശ്വാസികൾക്കും ഒരേ അവകാശങ്ങളുള്ള സമന്മാരുടെ ഒരു സമൂഹമല്ല ക്രിസ്തുവിന്റെ സഭ, അസമന്മാരുടെ ഒരു സമൂഹമാണത്. വിശ്വാസികളിൽ കുറേപ്പേർ വൈദികരും മറ്റുള്ളവർ അത്മായരുമാണെന്നതു മാത്രമല്ല അതിലുപരി, വിശുദ്ധീകരിക്കാനും പഠിപ്പിക്കാനും ഭരിക്കാനുമുള്ള ദൈവദത്തമായ അധികാരം സഭയിൽ ചിലർക്കുണ്ടെന്നതും മറ്റവർക്ക് ഇല്ലെന്നതുമാണ് ഇതിനാധാരം.'' വൈദികഗണത്തിൽത്തന്നെ ഉയർന്നവരും താഴ്ന്നവരുമുണ്ട്. ഫ്യൂഡലിസ്റ്റിക് സമ്പ്രദായത്തിൽ അധിഷ്ഠിതമായിരുന്ന അന്നത്തെ സമൂഹത്തിലുണ്ടായിരുന്ന ഉച്ചനീചത്വങ്ങൾ സഭയിലും ആവർത്തിക്കപ്പെട്ടു. ഈ വ്യവസ്ഥയുടെ മടിത്തട്ടിൽതന്നെ ഉടലെടുത്ത സഭാവിജ്ഞാനീയം അതിനു സാധുതയും നൽകി.

ഘടനാപ്രധാനമായ ഈ സഭാവീക്ഷണം 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അതിന്റെ മൂർദ്ധന്യത്തിലെത്തിയെന്നുപറയാം. ഒന്നാംവത്തിക്കാൻ കൗൺസിലിനുവേണ്ടി തയ്യാറാക്കിയ സഭയെ സംബന്ധിച്ച പ്രമാണരേഖയുടെ ഡ്രാഫ്റ്റ് ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച്, സഭയാകുന്ന പൂർണ്ണസമൂഹത്തിന്റെ ഭരണഘടനതന്നെ ശാശ്വതമായി കർത്താവിൽനിന്നു ലഭിച്ചിട്ടുള്ളതാണ്. പാപ്പാസ്ഥാനവും മെത്രാന്മാർ, വൈദികർ, ശെമ്മാശന്മാർ എന്നിങ്ങനെ മൂന്നായി തരംതിരിക്കപ്പെട്ടിരിക്കുന്ന ഹയരാർക്കിയും ക്രിസ്തുനാഥൻതന്നെ സ്ഥാപിച്ചതാണ്. സഭാസൗധം ഒരു പിരമിഡ്പോലെയാണ്. ഏറ്റവും മുകളിൽ മാർപ്പാപ്പ, അതിനടിയിൽ മെത്രാ

ന്മാർ, പിന്നെ വൈദികർ, അതുകഴിഞ്ഞ് സന്യസ്തർ, ഏറ്റവും ഒടുവിൽ അൽമേനികളും നിലകൊള്ളുന്നു. ഭരണസംവിധാനത്തിന്റെ മേൽത്തട്ടിലുള്ള മാർപ്പാപ്പായിലും അതുകഴിഞ്ഞാൽ മെത്രാന്മാരിലുമാണ് സഭയിലെ ദൈവദത്തമായ നിയന്ത്രണാധികാരവും പ്രവർത്തനാധികാരവുമെല്ലാം കേന്ദ്രീകരിച്ചിരിക്കുന്നത്. വൈദികരും അവരിൽനിന്നു പങ്കുപറ്റിക്കൊണ്ട് ഈ അധികാരം അൽമായരുടെ മേൽ പ്രയോഗിക്കുന്നു. അധികാരമാണ് പൗരോഹിത്യത്തിന്റെ മുഖമുദ്ര. കൂദാശാപരികർമ്മത്തിൽ മാത്രമല്ല, പ്രബോധനത്തിലും അജപാലനത്തിലുമെല്ലാം ഈ അധികാരമാണ് പ്രവർത്തിക്കുന്നത്, കാര്യക്ഷമതയല്ല. പ്രബോധനത്തിൽ സത്യം നിർണ്ണയിക്കപ്പെടുന്നത് അധികാരത്തിന്റെ അളവുകോൽ കൊണ്ടാണ്; ദൈവവിജ്ഞാനീയത്തിന്റെ അവഗാഹം കൊണ്ടല്ല. ദൈവവിജ്ഞാനീയത്തിന്റെ പ്രഥമമായ കടമ സഭ പഠിപ്പിക്കുകയും വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്ന കാര്യങ്ങൾക്ക് ബൈബിളിൽ നീതീകരണം കണ്ടുപിടിക്കയും അവയെ പിന്താങ്ങുകയുമായിരുന്നു. അങ്ങനെ സഭയിലെ അധികാരഘടനയ്ക്കും കൂദാശകളുടെ സ്ഥാപനത്തിനും മാർപ്പാപ്പയുടെ അപ്രമാദിത്വത്തിനും മറിയത്തിന്റെ അമലോത്ഭവത്തിനും സ്വർഗ്ഗാരോപണത്തിനുമെല്ലാം ബൈബിളിൽ തെളിവുകൾ കണ്ടുപിടിക്കുന്ന ഒരു പരിശ്രമമായിത്തീർന്നു ദൈവശാസ്ത്രം.

ഈ സഭാ വിജ്ഞാനീയത്തെ അതിന്റെ തനിമയിൽ പ്രതിഫലിപ്പിക്കുവാൻ പോരുന്ന ഒന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രാരംഭസമ്മേളനത്തിനു മുമ്പു തയ്യാറാക്കിയ സഭയെ സംബന്ധിക്കുന്ന ഡ്രാഫ്റ്റ്. ഇതിനെ വിമർശിച്ചുകൊണ്ട് ബ്രൂജ് മെത്രാൻ എമിൽ ദ് സ്മെഡ്റ്റ് (Emile De smedt) പറയുകയുണ്ടായി, ക്ലെരിക്കലിസം (clericalism), ജൂറിഡിസിസം (Juridicism), ട്രയംഫലിസം (triumphalism) എന്നീ ത്രി പീഡകളാണ് ഈ ഡ്രാഫ്റ്റിനെ പ്രധാനമായും രോഗബാധിതമാക്കുന്നതെന്ന്. ഘടനാപ്രധാനമായ സഭാവിജ്ഞാനീയത്തിന്റെയും മുഖ്യരോഗലക്ഷണങ്ങൾ ഇവതന്നെ. സഭാസൗധമാകുന്ന പിരമിഡിന്റെ മുകളിൽ പൗരോഹിത്യത്തെയും താഴെ അൽമായരെയും പ്രതിഷ്ഠിച്ച് അധികാരത്തിന്റെയും അവകാശങ്ങളുടെയും ആസ്ഥാനം മുകളിലും വിഷയം താഴെയും കാണുന്നതാണെന്ന് പറയാം ക്ലരിക്കലിസം.

ഘടനാപ്രധാനമായ സഭാവിജ്ഞാനീയത്തിന്റെ മുഖ്യധാരകളാകേണ്ട അൽമായർ ഇതുവഴി വെറും മൂകസാക്ഷികളായി മാറുന്നു. നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ചട്ടക്കൂട്ടിൽ സഭാസമൂഹത്തെ ബന്ധിച്ചിടുന്നതാണെന്നു പറയാം ജൂറിഡിസിസം. പ്രബോ

ധനങ്ങളുടെയും വിശുദ്ധീകരണത്തിന്റെയും അജപാലനത്തിന്റെയുമെല്ലാം ഫലദായതകം അന്തിമമായി നിർണ്ണയിക്കപ്പെടുന്നത് നിയമങ്ങളുടെ നിഷ്കൃഷ്ടമായ പാലനത്തിലത്രേ. ലോകത്തെ നല്ലതും ചീത്തയുമായി തരംതിരിച്ച്, നല്ല ലോകത്തിന്റെ പടനായകത്വവും, സത്യത്തിന്റെ കുത്തകാവകാശവും ഏറ്റെടുത്ത് വിജയാഹ്ലാദത്തോടെ മുന്നേറുന്ന മനോഭാവത്തിന് ട്രയംഫലിസം എന്ന് പറയാമെന്നു തോന്നുന്നു. ഘടനാപ്രധാനമായ സഭയുടെ പ്രസ്താവനകളിലും ആഘോഷങ്ങളിലും കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന ഒരു മനോഭാവമായിരുന്നു ഇതെന്നു വേണം പറയുവാൻ.

ഘടനയും അധികാരവും സ്ഥാപനങ്ങളുമൊന്നു സഭയ്ക്ക് ആവശ്യമില്ലെന്നല്ല ഈ വിശകലനത്തിനർത്ഥം. ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകര പ്രവൃത്തി വഴി രക്ഷിക്കപ്പെട്ടവരും ലോകത്തിൽ ജീവിക്കുന്നവരുമായ വിശ്വാസികളുടെ സമൂഹമാണ് സഭയെങ്കിൽ, അതിന് ഘടയും സ്ഥാപനങ്ങളും അധികാരവുമെല്ലാം ആവശ്യമാണ്. മനുഷ്യജീവിതത്തിന്റെ സാമൂഹ്യസ്വഭാവം തന്നെ അതാവശ്യപ്പെടുന്നുണ്ട്. അവ കൂടാതെ തന്റെ ചരിത്രപരമായ ദൗത്യം നിർവഹിക്കാൻ സഭയ്ക്കു കഴിയുകയില്ല. സഭയുടെ ആരംഭം മുതൽ ഇവയൊക്കെയുണ്ടായിരുന്നുതാനും. ഘടനാപ്രധാനമായ സഭാവിജ്ഞാനീയത്തെ എതിർക്കുന്ന ചിലർ മറന്നു പോകുന്ന ഒരു യാഥാർത്ഥ്യമാണിത്. എന്നാൽ, സഭാവിജ്ഞാനീയത്തിൽ ഇവയ്ക്കു മുഖ്യമായ ഊന്നൽ കൊടുക്കുന്നിടത്താണ് പ്രശ്നങ്ങൾ ആരംഭിക്കുക. ഘടന വിശ്വാസികളുടെ കൂട്ടായ്മയായ സഭയ്ക്കുവേണ്ടിയാകണം. സഭ ഘടനയ്ക്കുവേണ്ടിയാകരുത്. ഘടനാപ്രധാനമായി സഭയെകാണുന്നത് സഭയ്ക്ക് ആവശ്യമായ ഘടനയെ സംബന്ധിച്ചിടത്തോളം ദോഷമായിരിക്കും ചെയ്യുക.

ഇതു മനസ്സിലാക്കിയ ദൈവശാസ്ത്രജ്ഞന്മാർ സഭാ വിജ്ഞാനീയത്തിന് കൂടുതൽ ബലവത്തായ അടിത്തറ കണ്ടുപിടിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങളിൽ നേരത്തേതന്നെ മുഴുകിയിരുന്നു. എങ്കിലും രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടിയാണ് അവരുടെ പരിശ്രമങ്ങൾ ആഗോളശ്രദ്ധ ആകർഷിച്ചതും അംഗീകാരം നേടിയതുമെന്നു പറയാം. ജോൺ മാർപ്പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയതു തന്നെ പ്രധാനമായും സഭയുടെ അന്തഃസത്തയെയും ദൗത്യത്തെയും പറ്റിയുള്ള ധാരണയും അവബോധവും നവീകരിക്കുവാനായിരുന്നു. കൗൺസിലിന്റെ പ്രഥമശ്രദ്ധ സഭയെപ്പറ്റിയാണെന്ന് "എക്ലേസിയാം സൂആം" (Eaclesiam suam) എന്ന തന്റെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ ആറാം പോൾ

മാർപാപ്പായും വ്യക്തമാക്കുകയുണ്ടായി. സഭാ വിജ്ഞാനീയ നവീകരണത്തിന് നിർണ്ണായകമായ പ്രചോദനം നൽകിയത് ജോൺ മാർപാപ്പതന്നെയായിരുന്നു. ഈ നവീകരണത്തിനുള്ള ചില മാനദണ്ഡങ്ങളും തന്റെ ഉദ്ഘാടന പ്രസംഗത്തിലൂടെ അദ്ദേഹം നൽകുകയുണ്ടായി. ചരിത്രത്തെ ജീവിതത്തിന്റെ ഗുരുനാഥയായി സ്വീകരിക്കാനും വിശ്വാസത്തിന്റെയും ദൈവശാസ്ത്രങ്ങളുടെയും ആവിഷ്ക്കരണ രൂപങ്ങളിലെ ചരിത്രപരതയെ അംഗീകരിക്കാനും കൗൺസിൽ പിതാക്കന്മാരെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. ദൈവശാസ്ത്ര പരിചിന്തനത്തിലും, സഭാ ജീവിത നവീകരണത്തിലും, ഉറവിടങ്ങളായ ബൈബിളിലേക്കും സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളിലേക്കും തിരിച്ചു പോകുന്നതോടൊപ്പം, കാലത്തിന്റെ അടയാളങ്ങളെയും ആധുനിക മനുഷ്യന്റെ ആവശ്യങ്ങളെയും കണക്കിലെടുക്കേണ്ടതുണ്ടെന്ന് മാർപാപ്പ ഓർമ്മിപ്പിച്ചു. ക്രൈസ്തവ ലോകത്തിന്റെയും മനുഷ്യകുലത്തിന്റെയും ഐക്യം കൗൺസിലിന്റെ മറ്റൊരു സുപ്രധാന ലക്ഷ്യമായി അദ്ദേഹം പ്രഖ്യാപിച്ചു. ജോൺ മാർപാപ്പ നല്കിയ ഈ മാനദണ്ഡങ്ങളുടെയും കൗൺസിലിന്റെ ആദ്യത്തെ സമ്മേളനത്തിൽതന്നെ പ്രകടമായ പുതിയൊരു സഭാവീക്ഷണത്തിന്റെയും വെളിച്ചത്തിൽ, സഭയെപ്പറ്റി തയ്യാറാക്കപ്പെട്ടിരുന്ന ആദ്യത്തെ ഡ്രാഫ്റ്റ് കൗൺസിൽ അപ്പാടെ തള്ളിക്കളഞ്ഞു. കാരണം, സഭാഘടനയ്ക്കും ഹയരാർക്കിയ്ക്കും അമിതപ്രാധാന്യം നൽകുന്ന നെയോ സ്കൊളാസ്റ്റിക് സഭാവിജ്ഞാനീയത്തിന്റെ ഒരു സംക്ഷേപമായിരുന്നു ഈ ആദ്യത്തെ ഡ്രാഫ്റ്റ്. മാർപാപ്പയുടേയും കൗൺസിലിന്റെയും ചിന്താഗതിയെ വ്യക്തമാക്കുന്ന മറ്റൊരു സംഭവവും ഇവിടെ എടുത്തുപറയേണ്ടതുണ്ട്. അടുത്ത കാലംവരെ അപകടകാരികളായി സംശയിക്കപ്പെടുകയും വിലക്കുകൾക്കു വിധേയരാകുകയും ചെയ്തിരുന്ന പല ദൈവശാസ്ത്രജ്ഞന്മാരും കൗൺസിൽ വിദഗ്ധന്മാരായി നിയമിക്കപ്പെട്ടതാണ് ഈ സംഭവം. ദൈവശാസ്ത്രത്തിന്റെയും സഭാനവീകരണത്തിന്റെയും പുതിയ ചക്രവാളങ്ങളിലേക്ക് നീങ്ങുവാനുള്ള സഭയുടെ അദമ്യമായ അന്തർദാഹമാണ് ഇവിടെ നാം ദർശിക്കുക.

കൗൺസിലിൽ ചർച്ചയ്ക്കുവന്ന സഭയെപ്പറ്റിയുള്ള അടുത്ത ഡ്രാഫ്റ്റുകൾ പല പുതിയ ഉൾക്കാഴ്ചകളും നൽകുന്നവയാണ്. സഭയെ പുതിയൊരു വെളിച്ചത്തിലൂടെ കാണുവാൻ കൗൺസിൽ പിതാക്കന്മാർക്ക് അവ ഉത്തേജനം നൽകി. ഈ ഡ്രാഫ്റ്റുകളുടെ തുടർന്നുള്ള ചർച്ചകളിൽ മാറ്റങ്ങളും തിരുത്തലുകളും പലതുണ്ടായെങ്കിലും പുതിയതായി ലഭിച്ച ഉൾക്കാഴ്ചകളെ ഒന്നി

നൊന്നിന് ആഴമാക്കുകയും ഉറപ്പിക്കുകയുമാണ് അവ ചെയ്തത്. 1964 നവംബർ 21-ാം തീയതി മഹാഭൂരിപക്ഷത്തോടെ കൗൺസിൽ പാസ്സാക്കിയ സഭയെപ്പറ്റിയുള്ള പ്രമാണരേഖ അങ്ങനെ തിരുസഭാ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമാണ് തുറന്നിരിക്കുന്നത്. ഈ പ്രമാണരേഖ കൂടുതലും സഭയുടെ ആന്തരിക സ്വഭാവത്തെയും മാനങ്ങളെയും പറ്റിയത്രേ പ്രതിപാദിക്കുന്നത്. സഭ ആധുനികലോകത്തിൽഎന്ന സഭയെപ്പറ്റിയുള്ള രണ്ടാമത്തെ പ്രമാണരേഖയാകട്ടെ സഭയും ലോകവും തമ്മിലുള്ള ബന്ധത്തെയാണ് പ്രതിപാദ്യവിഷയമാക്കിയിരിക്കുന്നത്. നീണ്ട ചർച്ചകൾക്കുശേഷം കൗൺസിൽ പാസ്സാക്കിയ ഈ പ്രമാണരേഖ ലോകത്തോടുള്ള സഭയുടെ സമീപനത്തിനും പുതിയൊരു ശൈലി കുറിക്കുന്നതാണ്. ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ, ഈ രണ്ടു പ്രമാണരേഖകളിലും പ്രതിഫലിക്കുന്ന സഭാവിജ്ഞാനീയപരമായ ഉൾകാഴ്ചകളെയും വീക്ഷണങ്ങളെയും ആസ്പദമാക്കിയാണ് കൗൺസിലിനുശേഷമുള്ള സഭാവിജ്ഞാനീയം വളർന്നിട്ടുള്ളത്. അതിനാൽ കൗൺസിൽ രേഖകളിൽ കാണുന്ന സഭാവിജ്ഞാനീയപരമായ മുഖ്യധാരകളെ പിന്തുടർന്നുകൊണ്ട് പുതിയ ആഭിമുഖ്യങ്ങളിലേക്കു വെളിച്ചം വീശുവാൻ കഴിയുമെന്നു കരുതുന്നു.

ബൈബിളിൽനിന്നെടുത്ത അനവധിരൂപകങ്ങളും പ്രതീകങ്ങളും കൗൺസിൽ രേഖകളിൽ സഭയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നുണ്ട്. ഉദാഹരണമായി, രക്ഷയുടെ കൂദാശ, ദൈവജനം, വിശുദ്ധജനം, പുതിയ ഉടമ്പടിയുടെ ജനം, ദൈവത്തിന്റെ കുടുംബം, മനുഷ്യരുടെ മധ്യേയുള്ള ദൈവത്തിന്റെ വാസസ്ഥലം, വിശുദ്ധ നഗരം, പരിശുദ്ധാരൂപിയുടെ ആലയം, ക്രിസ്തുവിന്റെ മണവാട്ടി, ക്രിസ്തുവിന്റെ ശരീരം, മൗതികശരീരം, ക്രിസ്തുവിന്റെ മൗതികശരീരം, ക്രിസ്തുവിന്റെ പൂർണ്ണത, മാതാവ്, മാതാവും കന്യകയും, ആട്ടിൻപറ്റം, ദൈവത്തിന്റെ മുന്തിരിത്തോട്ടം തുടങ്ങിയവ. ഇവയുടെ വിശദമായ ഒരു വ്യാഖ്യാനം ഇവിടെ ഉദ്ദേശിക്കുന്നില്ല. ചില പ്രതീകങ്ങളെ സഭാവിജ്ഞാനീയത്തിലെ അടിസ്ഥാനാശയങ്ങളായി കൗൺസിൽ ഉദ്ദേശിച്ചിട്ടുമില്ലല്ലോ. എന്നാൽ സഭയെ സംബന്ധിച്ച കൗൺസിലിന്റെ മുഖ്യമായ ചില ചിന്താധാരകൾ ഇപ്പറഞ്ഞ മിക്ക പ്രതീകങ്ങളിലും രൂപകങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. ഈ മുഖ്യ ചിന്താധാരകളെപ്പറ്റി മാത്രമായിരിക്കും ഇവിടെ പ്രതിപാദിക്കുക. ക്രമബദ്ധമായ ഒരു പ്രതിപാദനത്തിൽ ലഘൂകരണങ്ങൾ ഉണ്ടാകുക സ്വാഭാവികമാണല്ലോ. അതു ക്ഷന്തവ്യമാണെന്നു കരുതുന്നു.

## സഭയെന്ന കൂട്ടായ്മ

ഘടനാപ്രധാനമായ സഭാവിജ്ഞാനീയത്തിൽ വളരെയധികം അവഗണിക്കപ്പെട്ട ഒന്നാണ് സഭ പരിശുദ്ധാരൂപിയിൽ ഒന്നിക്കപ്പെട്ട വിശ്വാസികളുടെ കൂട്ടായ്മ (Communio Koinonia) ആണെന്ന സത്യം. ഇതിനാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഏറ്റവുമധികം ഊന്നൽ കൊടുത്തതും. സഭയെ സംബന്ധിച്ച കൗൺസിലിന്റെ അടിസ്ഥാനചിന്തതന്നെ ഇതാണെന്നു പറയാം. ഈ കൂട്ടായ്മ ബാഹ്യമായി പ്രകാശിക്കപ്പെടുന്നത് കൗദാശികവും ഘടനാപരവുമായ മാനങ്ങളിലൂടെയാണെങ്കിലും സഭയുടെ അന്തഃസത്ത ഈ കൂട്ടായ്മതന്നെയാണ്. അതിനാൽ സഭയെ മനസ്സിലാക്കേണ്ടത് പ്രഥമവും പ്രാധാനവുമായി അതിന്റെ ഘടനയിൽനിന്നോ ഹയരാർക്കിയിൽനിന്നോ അല്ല, പ്രത്യുത ഘടനയും ഹയരാർക്കിയുമെല്ലാം ഉൾക്കൊള്ളുന്ന വിശ്വാസികളുടെ കൂട്ടായ്മയിൽനിന്നാണ്. യേശുവിന്റെ അരൂപിയിൽ രൂപംകൊണ്ടിരിക്കുന്ന ഈ കൂട്ടായ്മയിലെ മൗലികമായ ബന്ധം 'Communio' അഥവാ സ്നേഹവും പങ്കുചേരലും, സ്വയം ദാനവുമത്രേ. മറ്റുവാക്കുകളിൽ പറഞ്ഞാൽ, അതു പരിശുദ്ധാരൂപിതന്നെ. മൗലികമായി ഈ കൂട്ടായ്മയിലുള്ള എല്ലാവരും പദവിയിലും അവകാശങ്ങളിലും തുല്യരാണ്. പരിശുദ്ധാരൂപിയിൽ ദൈവത്തോടും പരസ്പരവും ഐക്യപ്പെട്ട വിശ്വാസികൾക്കിടയിൽ സ്നേഹത്തിന്റെയും സേവനത്തിന്റെയുമല്ലാത്ത പദവികൾക്കും മുൻഗണനകൾക്കും സ്ഥാനമില്ലല്ലോ. സഭയെപ്പറ്റിയുള്ള ഈ വീക്ഷണത്തിന്റെ ഉറവിടം യേശുവിന്റെ പ്രബോധനവും മാതൃകയും തന്നെയാണ്. ഭൗതികസമൂഹത്തിന്റെ മാറ്റംമറിച്ചിലുകൾക്കിടയിൽ സഭയിൽതന്നെ അവഗണിക്കപ്പെട്ട ഈ സത്യത്തെ വീണ്ടും ക്രിസ്തീയാവബോധത്തിലേക്കു കൊണ്ടുവന്നത്, മനുഷ്യന്റെ മൗലികമഹത്വത്തേയും ജനാധിപത്യമൂല്യങ്ങളെയുംപറ്റി ഭൗതികസമൂഹത്തിൽതന്നെയുണ്ടായ നവോത്ഥാനമാണെന്നു വേണം പറയുവാൻ. മനുഷ്യജീവിതത്തെപ്പറ്റിയുള്ള സമൂഹശാസ്ത്രത്തിന്റെ പഠനങ്ങൾ ഇതിനെ വളരെയധികം സഹായിക്കുകയും ചെയ്തു. സമൂഹജീവിതത്തെ വിശകലനം ചെയ്തുകൊണ്ട് 1887-ൽ ഫെർഡിനാൻഡ് റ്റോയ്നീസ് എഴുതിയ "കൂട്ടായ്മയും സംഘടനയും" (Gemeinschaft and Gesellschaft) എന്ന പുസ്തകം സാമൂഹ്യശാസ്ത്രത്തിന് ഒരു വിലപ്പെട്ട സംഭാവനയായിരുന്നു. വ്യക്തമായ ഘടനകളോടും നിയമങ്ങളോടും അധികാരസ്ഥാനങ്ങളോടും കൂടിയ സമൂഹത്തെയാണ് "സംഘടന" (Gesellschaft) എന്ന പദംകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്. നിയതമായ ചട്ടക്കൂടുകളില്ലാത്ത പരസ്പരമുള്ള വ്യക്തിബന്ധങ്ങളാൽ മാത്രം നിബന്ധിതമായ സമൂഹത്തിന് കൊടുത്ത പേരാണ്

'കൂട്ടായ്മ' (Gemeinschaft). ഏതാണ്ട് ഈ ആശയംതന്നെയാണ് ചാൾസ് എച്ച്. കൂലി എന്ന സാമൂഹ്യസാസ്ത്രജ്ഞൻ "സോഷ്യൽ ഓർഗനൈസേഷൻ" എന്ന തന്റെ പുസ്തകത്തിൽ "പ്രഥമ സമൂഹങ്ങൾ" (primary groups) "ദ്വിതീയ സമൂഹങ്ങൾ" (Secondary groups) എന്ന തരംതിരിവുകൊണ്ടും ഉദ്ദേശിച്ചത്. സഭയുടെ അന്ത:സത്തയെ കുറിക്കുവാൻ ഈ വിവേചനം വളരെ പ്രയോജനകരമാണെന്ന് പല ദൈവശാസ്ത്രജ്ഞന്മാർക്കും ബോധ്യപ്പെട്ടു തുടങ്ങി. ഇവിടെ നിന്നും പ്രചോദനം ഉൾക്കൊണ്ട റുഡോൾഫ് സോം, എമിൽ ബ്രൂണർ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാർ സഭയുടെ ഘടനാപരകമായ വശങ്ങളെ പരിപൂർണ്ണമായി നിരാകരിച്ചു. സഭ അവരുടെ വീക്ഷണത്തിൽ നിയമങ്ങളോ ഘടനയോ കൂദാശകളോ, നേതൃത്വമോ ഇല്ലാത്ത വെറുമൊരു സാഹോദര്യം മാത്രമാണ്. ഘടനാപരമായ വശങ്ങളെ നിഷേധിക്കാതെതന്നെ സഭയുടെ കൂട്ടായ്മ സ്വഭാവത്തിന് വളരെയേറെ പ്രാധാന്യം കൊടുത്ത ഒരു പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനാണ് ഡീട്രിക് ബോൺഹോഫർ. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നിയമത്താലും ഘടനയാലും നിബന്ധിതമായ ബന്ധങ്ങളല്ല, പ്രത്യുത സ്നേഹത്തിന്റെ സ്വയം ദാനത്തിലും ശൂന്യവൽക്കരണത്തിലും ഉദയം ചെയ്യുന്ന ഉദാത്ത ബന്ധങ്ങളാണ് സഭാസമൂഹത്തിലെ അംഗങ്ങളെ തമ്മിൽ സംയോജിപ്പിക്കുന്നത്.

ഈ ചിന്താഗതി പിന്തുടർന്ന ആദ്യത്തെ കത്തോലിക്കാ ദൈവശാസ്ത്രജ്ഞൻ ആർനോൾഡ് റാഡെമാഖർ ആണെന്നുപറയാം. "കൂട്ടായ്മയും സംഘടനയുമായ സഭ" (Die Kirche als Gemeinschaft und Gesellschaft) എന്ന പുസ്തകത്തിൽ, സഭയുടെ അന്ത:സത്തയെ കൂട്ടായ്മയായും ബാഹ്യരൂപത്തെ സംഘടനയായും റാഡെമാഖർ കാണുന്നു. ദൈവരാജ്യമെന്നും വിശുദ്ധരുടെ ഐക്യമെന്നും വിശേഷിപ്പിക്കാവുന്ന യഥാർത്ഥ സഭ കൂട്ടായ്മയാണ്, സംഘടനയല്ല. വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയത്തെ ഏറെ സ്വാധീനിച്ച ഈവസ് കോൺഗാർ (Yeves Congar), ജറോം ഹാമർ (Jerome Hamer) എന്നീ ദൈവശാസ്ത്രജ്ഞന്മാരും കൂട്ടായ്മയെ കേന്ദ്രീകരിച്ച ഒരു സഭാവിജ്ഞാനീയത്തിന്റെ വക്താക്കളാണ്. "രക്ഷയുടെ സമൂഹം", "രക്ഷയുടെ സ്ഥാപനം" എന്നീ രണ്ടു വശങ്ങളിലൂടെയാണ് കോൺഗാർ സഭയെ കാണുന്നത്. ആദ്യത്തേത്, ദൈവത്തോടും പരസ്പരമുള്ള വ്യക്തികളുടെ യേശുവിലുള്ള കൂട്ടായ്മയത്രേ. രണ്ടാമത്തേതാകട്ടെ ഈ കൂട്ടായ്മയുടെ ഉത്ഭവത്തിനും വളർച്ചയ്ക്കുമുള്ള ഉപാധികളുടെ ആകെത്തുകയും. ആത്യന്തികമായി സഭ രക്ഷയുടെ സ്ഥാപനമല്ല,

സമൂഹമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ വ്യക്തികളുടെ കൂട്ടായ്മയാണ്. അല്പവ്യത്യാസങ്ങളോടെ ഹാമർ സ്വീകരിക്കുന്ന നിലപാടും ഏതാണ്ട് ഇതുതന്നെ. പക്ഷേ സഭയെ സാമൂഹികശാസ്ത്രത്തിന്റെ വീക്ഷണത്തിലൂടെ ഒരു കൂട്ടായ്മയായി മാത്രം കണ്ടാൽപ്പോരാ. സഭയിലെ കൂട്ടായ്മ വ്യക്തികൾ തമ്മിലുള്ള സ്നേഹബന്ധത്തിൽ മാത്രമല്ല, പ്രത്യുത പിതാവ് പുത്രനിൽ ആവിഷ്കരിച്ച് പരിശുദ്ധാരൂപിയിലൂടെ പകർന്നു തരുന്ന ദൈവികജീവനിലാണ് അധിസ്ഥിതമായിരിക്കുന്നത്. ബാഹ്യവും ദൃശ്യവുമായ വശങ്ങളും സഭാസമൂഹത്തിന്റെ ഒരവശ്യഘടകം തന്നെ. എന്നാൽ പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയിൽ വേണം അവ വേരുറയ്ക്കുവാൻ.

സഭയുടെ ഈ കൂട്ടായ്മസ്വഭാവത്തെ വിശേഷവിധമായി പ്രകാശിപ്പിക്കുവാനാണ് ദൈവജനമായും ക്രിസ്തുവിന്റെ ശരീരവുമായും വത്തിക്കാൻ കൗൺസിൽ സഭയെ ചിത്രീകരിച്ചത്. ബൈബിളിൽതന്നെ ആഴത്തിൽ വേരൂന്നിയിട്ടുള്ള രണ്ടു പ്രതീകങ്ങളാണ് ഇവ. പഴയനിയമത്തിൽ ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിട്ടാണല്ലോ കണക്കാക്കപ്പെട്ടിരുന്നത്. പുതിയനിയമം പലപ്പോഴും സഭയെ പുതിയ ഇസ്രായേലും പുതിയ ഉടമ്പടിയിലെ ദൈവജനവുമായി വിശേഷിപ്പിക്കാറുണ്ട് (റോമ 9:2126; ഹെബ്രാ 8:10; യാക്കോബ് 1:1; 1 പത്രോ 2:9). ഈ ചിന്താധാരയിൽത്തന്നെയാണ് കൗൺസിലും സഭയെ ദൈവത്തിന്റെ ജനമായി അവതരിപ്പിക്കുന്നത്. സഭയെ സംബന്ധിച്ച പ്രമാണരേഖയുടെ രണ്ടാം അധ്യായത്തിനു കൊടുത്തിരിക്കുന്ന തലക്കെട്ടുതന്നെ "ദൈവത്തിന്റെ ജനം" എന്നാണ്. ഹയരാർക്കിയെപ്പറ്റി പ്രതിപാദിക്കുന്ന മൂന്നാം അധ്യായത്തിനുമുമ്പ് ദൈവജനത്തെപ്പറ്റിയുള്ള ഈ അധ്യായം ചേർത്തതുതന്നെ ദൈവശാസ്ത്രപരമായി ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. ദൈവജനത്തിന്റെ വിശേഷസ്വഭാവമാണ് കൂട്ടായ്മ. പ്രമാണരേഖ അത് പലവട്ടം എടുത്തുപറയുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി: "മനുഷ്യരെ ശാരീരികമായി മാത്രമല്ല, അരൂപിയിൽക്കൂടി ഒന്നിപ്പിക്കാനും അങ്ങനെ അവർ ദൈവത്തിന്റെ പുതിയ ജനമായിത്തീരാനും വേണ്ടി യൂദരിൽനിന്നും പുറജാതിയിൽനിന്നും അവരെ വിളിച്ചുകൂട്ടിക്കൊണ്ടാണ്" യേശുനാഥൻ പുതിയ ഉടമ്പടിയും സഭയും സ്ഥാപിച്ചത്. ദൈവജനത്തിന്റെ "നിയമമാകട്ടെ ക്രിസ്തുനാഥൻ നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കുക എന്ന പുതിയ കല്പനയാണ്"; "ഇവരെ ജീവന്റെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും സമ്പർക്കത്തിൽ (കൂട്ടായ്മയിൽ) ഒരു സമൂഹമായിട്ടാണ് ക്രിസ്തു സ്ഥാപിച്ചത്." ദൈവജന

ത്തിന്റെ വിവരണത്തിൽ കത്തോലിക്കാ സഭയെയാണ് കൗൺസിൽ മുഖ്യമായും ഉദ്ദേശിക്കുന്നതെങ്കിലും രണ്ടിനെയും അതു സമീകരിക്കുന്നില്ല. ഘടനാപരമായ ഏതെങ്കിലും യാഥാർത്ഥ്യവുമായി ദൈവജനത്തിന് അത് അനന്യത കല്പിക്കുന്നുമില്ല. കൂട്ടായ്മയായ സഭ സ്ഥാപനാകാരമായ സഭയെക്കാളും വിസ്തൃതമാണ്. മറ്റ് ക്രൈസ്തവസഭാംഗങ്ങളും അക്രൈസ്തവർപോലും ദൈവജനവുമായി പല തരത്തിൽ ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്.

സഭയുടെ കൂട്ടായ്മാ സ്വഭാവത്തെ സൂചിപ്പിക്കാൻ കൗൺസിൽ ഉപയോഗിക്കുന്ന മറ്റൊരു പ്രധാന പ്രതീകമാണ് "ക്രിസ്തുവിന്റെ ശരീരം". വിവിധ അംഗങ്ങളോടു കൂടിയതും ദൈവികമായ ജീവസ്സാരത്താൽ ചൈതന്യവത്കരിക്കപ്പെടുന്നതുമായ ഒരു ശരീരമായിട്ടാണ് സഭയെ ഇവിടെ സങ്കല്പിക്കുന്നത്. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കും കോറിന്തോസുകാർക്കുമെഴുതിയ ലേഖനങ്ങളിൽ സഭയെ ക്രിസ്തുവിന്റെ ശരീരമായി സങ്കല്പിച്ചിരിക്കുന്നത് കാണാം (റോമാ 12:4-5; 1 കോറി 12:12-27). സഭാംഗങ്ങൾക്കിടയിലുണ്ടായിരിക്കേണ്ട പരസ്പരൈക്യം, സ്നേഹം, സേവനമനോഭാവം, പങ്കുചേരൽ ഇതൊക്കെ സൂചിപ്പിക്കുകയായിരുന്നു പൗലോസിന്റെ ലക്ഷ്യം. എഫേസോസുകാർക്കും കൊളോസോസുകാർക്കുമെഴുതപ്പെട്ട ലേഖനങ്ങളിലും ഈ പ്രതീകം കാണുന്നുണ്ടെങ്കിലും (എഫേ 1:23, 4:15-16, 5:30; കൊളോ 1:18-2:19). അവിടെ ലേഖകൻ ഊന്നൽ കൊടുക്കുന്നത് ക്രിസ്തു സഭയുടെ ശിരസും സഭ ക്രിസ്തുവിനു വിധേയവുമാണെന്ന ആശയത്തിനാണ്. പൗലോസിന്റെ ചിന്താരീതിതന്നെ അവലംബിച്ചുകൊണ്ട് സഭാപിതാക്കന്മാരും സഭയെ ക്രിസ്തുവിന്റെ ശരീരമായി പലയിടത്തും ചിത്രീകരിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ പ്രസാദവരത്താൽ ജീവിക്കുന്ന സഭാംഗങ്ങളുടെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ബന്ധത്തിനാണ് അവരും ഊന്നൽ കൊടുത്തത്. വി. തോമസ് അക്വീനാസിന്റെ ദർശനത്തിൽ, ശിരസ്സായ ക്രിസ്തുവിൽനിന്നു പ്രവഹിക്കുന്ന പ്രസാദവരത്താൽ ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്ന എല്ലാവരും കൂടിയതാണ് സഭ. അതിനാൽ ക്രിസ്തുവിന്റെ ശരീരത്തെ അദ്ദേഹം കാണുന്നത് പ്രഥമവും പ്രധാനവുമായി ഘടനാപരവും ദൃശ്യവുമായ ഒരു സമൂഹമായിട്ടല്ല, പ്രത്യുത ഒരു കൂട്ടായ്മയായിട്ടാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബൈബിളിന്റെയും സഭാപിതാക്കന്മാരുടെ ചിന്തകളുടെയും ചുവടുപിടിച്ച് സഭാവിജ്ഞാനീയത്തെ നവീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി. ബൽജിയംകാരനും ജസ്യൂട്ട് വൈദികനുമായ എമിൽ മേർഷന്റെ

(Emil Merseh) പേരാണ് ഇവിടെ വിശേഷിച്ച് എടുത്തു പറയേണ്ടിയിരിക്കുന്നത്. സഭയെ മൗതികശരീരമായി കാണുന്ന സഭാവിജ്ഞാനീയത്തിന് തുടക്കംകുറിച്ചത് അദ്ദേഹമാണ്. ഇത് ബൈബിളിൽ അധിഷ്ഠിതമായ ഒരു ആശയമാണെങ്കിലും, സഭാവിജ്ഞാനീയത്തിന്റെ മുഖ്യചിന്താധാരയായി അന്നുവരെ ആരും അതിനെ പ്രയോജനപ്പെടുത്തിയിരുന്നില്ല. ഘടനാപ്രധാനമായ സഭാവിജ്ഞാനീയം സഭയെ പൂർണ്ണസമൂഹമായ ഒരു ഭൗമികരാജ്യത്തോട് ഉപമിച്ചെങ്കിലും മേർഷ് സഭയെ ഉപമിച്ചത് ജീവനുള്ള ഒരു ശരീരത്തോടാണ്. ഈ ശരീരത്തിലെ വിവിധ അംഗങ്ങൾ ശിരസ്സുമായും പരസ്പരം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന മൗതിക ശരീരത്തിലെ അംഗങ്ങൾ ശിരസ്സായ ക്രിസ്തുവുമായും തമ്മിൽ തമ്മിലും ഐക്യപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ ജീവനിൽ പങ്കുചേർന്നുകൊണ്ടു ജീവിക്കുന്ന ഇവരുടെ ക്രിസ്തുവുമായും തമ്മിൽ തമ്മിലുമുള്ള ഐക്യമാണ് മൗതിക ശരീരമായ സഭ. ഈ സഭയെ ജ്ഞാനസ്നാനം സ്വീകരിച്ചവരും നിയമാനുസൃതരായ അജപാലകരുടെ നിർദ്ദേശങ്ങളനുസരിച്ച് ജീവിക്കുന്നവരുമായ വിശ്വാസികളുടെ ദൃശ്യസമൂഹത്തിൽനിന്നു വ്യത്യസ്തമായി കാണേണ്ടിയിരിക്കുന്നു.

മേർഷിന്റെ ആശയങ്ങൾക്ക് അനുകൂലമായ പ്രതികരണങ്ങൾ പലയിടത്തുമുണ്ടായി. ഈ ആശയങ്ങളുടെ ഏറ്റവും ഉന്നതമായ അംഗീകാരമായിരുന്നു 1943-ൽ 12-ാം പീയൂസ് മാർപാപ്പ പുറപ്പെടുവിച്ച "മിസ്റ്റിസി കോർപൊറീസ്" എന്ന ചാക്രികലേഖനം. യേശുക്രിസ്തുവിന്റെ സത്യസഭയെ-ഏറ്റവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ റോമൻ സഭയെ-നിർവചിക്കയോ വിശേഷിപ്പിക്കയോ ചെയ്യാൻ യേശുക്രിസ്തുവിന്റെ മൗതികശരീരമെന്ന സംജ്ഞയെക്കാൾ ഉൽകൃഷ്ടവും ഉദാത്തവും ദൈവികവുമായ മറ്റൊരു സംജ്ഞ കണ്ടുപിടിക്കാൻ കഴിയുകയില്ല എന്നത്രെ പന്ത്രണ്ടാം പീയൂസ് പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ മേർഷിന്റെ അഭിപ്രായം അപ്പാടെ മാർപാപ്പ സ്വീകരിക്കുന്നില്ല. മൗതികശരീരത്തെയും ദൃശ്യസമൂഹത്തെയും മേർഷ് വ്യത്യസ്തമായി കണ്ടെങ്കിൽ, മാർപാപ്പ അവയെ ഒരേ യാഥാർത്ഥ്യമായിട്ടാണ് കാണുന്നത്. റോമൻ സഭ തന്നെയാണ് ഈ മൗതികശരീരം. ഈ ശരീരത്തിലെ സന്ധിബന്ധങ്ങളത്രേ മാർപാപ്പയും മെത്രാന്മാരും. വിശുദ്ധ അധികാരം പ്രയോഗിക്കുന്നവരാണ് ഈ ശരീരത്തിലെ പ്രധാന അംഗങ്ങൾ. ദിവ്യരക്ഷകന്റെ രാജ്യം വ്യാപിപ്പിക്കുന്നതിൽ ഹയരാർക്കിയെ തുണയ്ക്കുന്നവരാണ് അൽമായർ. ആ നിലയിൽ

താഴ്ന്നതെങ്കിലും ബഹുമാന്യമായ ഒരു സ്ഥാനമാണ് ക്രിസ്തീയ സമൂഹത്തിൽ അവർക്കുള്ളത്. അങ്ങനെ മൗതികശരീരത്തെ കേന്ദ്രീകരിച്ചുള്ള സഭാവിജ്ഞാനീയത്തെ ഘടനാപ്രധാനമായ സഭാവിജ്ഞാനീയവുമായി അനുരഞ്ജനപ്പെടുത്തുന്ന ഒന്നായിരുന്നു പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ നിലപാട്.

1940 നും 1950 നുമിടയ്ക്ക് മൗതികശരീരത്തെ കേന്ദ്രീകരിച്ചുള്ള സഭാവിജ്ഞാനീയത്തിന് വളരെയധികം പ്രചാരം ലഭിച്ചെങ്കിലും, സാവധാനം അതിന്റെ പോരായ്മകളെയും പരിധികളെയുംപറ്റി വിമർശനങ്ങൾ പൊന്തിവന്നു. ചിലർ ഈ ആശയത്തെ വളരെയേറെ അതിശയോക്തി കലർത്തി അവതരിപ്പിച്ചതു മാത്രമായിരുന്നില്ല അതിനു കാരണം. ജീവശാസ്ത്രത്തെ അമിതമായി ആശ്രയിക്കുന്നതും അവ്യക്തത നിറഞ്ഞതുമായ ഒരു ആശയത്തിലൂടെ സഭയെ നിർവ്വചിക്കുന്നതും പന്തിയല്ലെന്നതായിരുന്നു മുഖ്യമായ ആക്ഷേപം.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെ ക്രിസ്തുവിന്റെ ശരീരമായി ചിത്രീകരിക്കുമ്പോൾ പന്ത്രണ്ടാം പീയൂസ് മാർപാപ്പ എടുത്ത നിലപാടുകളിൽ ചില മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഹയരാർക്കിക്കൽ സമൂഹമായ സഭയെയും ക്രിസ്തുവിന്റെ ശരീരമായ സഭയെയും അഭേദ്യമായിട്ടാണ് പന്ത്രണ്ടാം പീയൂസ് കണ്ടത്. വത്തിക്കാൻ കൗൺസിലാകട്ടെ ഇവയെ തമ്മിൽ വിവേചിക്കുന്നുണ്ട്. കൗൺസിലിന്റെ കാഴ്ചപ്പാടിൽ ഏറെക്കുറെ ക്രിസ്തുവിന്റെ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും തമ്മിലുള്ള ബന്ധമാണ് ഇവ തമ്മിലുള്ളത്. സഭാഘടനയെ ഉപകരണമാക്കിക്കൊണ്ട് പരിശുദ്ധാരൂപി ക്രിസ്തുവിന്റെ ശരീരത്തെ ജീവിപ്പിക്കയും പോഷിപ്പിക്കയും ചെയ്യുന്നു. റോമൻസഭതന്നെയാണ് ക്രിസ്തുവിന്റെ ശരീരമെന്ന കാഴ്ചപ്പാടും കൗൺസിൽ തിരുത്തുകയുണ്ടായി.

"ദൈവജന"മായും "ക്രിസ്തുവിന്റെ ശരീര"മായും സഭയെ ചിത്രീകരിക്കുന്നതിൽ പരിമിതികളുണ്ടെന്നു സമ്മതിച്ചേ തീരൂ. പ്രതീകങ്ങളിലും രൂപകങ്ങളിലുംകൂടെ ഒരു യാഥാർത്ഥ്യത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ പരിമിതികൾ അനിവാര്യമാണല്ലോ. എങ്കിലും സഭയെ ഭൗതികരാജ്യത്തോടുപമിച്ചിരുന്ന പ്രവണതയുടെ വെളിച്ചത്തിൽ ഈ പ്രതീകങ്ങൾ കൂടുതൽ അർത്ഥസംപുഷ്ടമാണെന്നതിനു സംശയമില്ല. സഭയുടെ കൂട്ടായ്മാസ്വഭാവത്തെ ഈ രണ്ടു പ്രതീകങ്ങളും വ്യക്തമായി ദ്യോതിപ്പിക്കുന്നു. സഭയുടെ ആന്തരിക ജീവനായ പരിശുദ്ധാരൂപിയുമായി സഭാംഗങ്ങൾക്കുള്ള നിർണ്ണായക ബന്ധത്തെ അവ പ്രകടമാക്കുന്നുണ്ട്. അതുപോലെ തന്നെ സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റേയും സേവനത്തി

ന്റെയും സ്വയംദാനത്തിന്റെയും പങ്കുചേരലിന്റേതുമായ പരസ്പര ബന്ധത്തെയും അവ സൂചിപ്പിക്കുന്നു. പ്രഥമമായി വ്യക്തികൾ തമ്മിലുള്ള ആന്തരികമായ കൂട്ടായ്മയാണ് ഊന്നൽ കൊടുക്കുന്നതെങ്കിലും, അതിന്റെ ബാഹ്യപ്രകടനങ്ങളായ വിശ്വാസപ്രഖ്യാപനത്തെയും കൂദാശകളെയും സഭാനേതൃത്വത്തെയും ഈ വീക്ഷണം ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്.

സഭയുടെ കൂട്ടായ്മാസ്വഭാവത്തിനു കൗൺസിൽ നല്കിയ പ്രാധാന്യത്തിന്റെ വെളിച്ചത്തിൽ, ഈ കൂട്ടായ്മയുടെ ഉറവിടമായ പരിശുദ്ധാരൂപിയെ കേന്ദ്രീകരിച്ചുള്ള ഒരു സഭാവിജ്ഞാനീയത്തിന് രൂപരേഖ നല്കുവാനുള്ള പ്രയത്നങ്ങൾ കൗൺസിലിനുശേഷം അങ്ങിങ്ങു നാം കാണുന്നുണ്ട്. കരിസ്മാറ്റിക് പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഈ പ്രയത്നങ്ങൾ ക്രിസ്തീയ ജീവിതത്തിൽ അനുഭവത്തിനുള്ള പ്രാധാന്യത്തെ ഊന്നിപ്പറയുന്നവയാണ്. സഭയുടെ അംഗമായിരിക്കുന്നത് ഒരു സംഘടനയിൽ പേരുകൊടുത്ത് അംഗമായിരിക്കുന്നതുപോലെയല്ല. പരിശുദ്ധാരൂപിയുടെ അനുഭവം ഓരോ ക്രൈസ്തവനുമുണ്ടാകണം. ഈ പരിശുദ്ധാരൂപിയാണ് നമ്മെ സ്വർഗ്ഗീയ പിതാവിന്റെ പുത്രനാക്കി ഭാവിമഹത്വത്തിന്റെ ഒരു നാന്ദി നമുക്ക് അനുഭവവേദ്യമാക്കിക്കൊണ്ട് ഈ ലോകത്തിൽ നമ്മെ യഥാർത്ഥത്തിൽ സ്വതന്ത്രരാക്കുന്നത്. സഭയുടെ ഘടനാപരമായ വശങ്ങളെ വളരെയധികം വെട്ടിച്ചുരുക്കിക്കൊണ്ട് കരിസ്മാകേന്ദ്രമാക്കിയുള്ള ഒരു സഭാവിജ്ഞാനീയത്തിനുവേണ്ടി വാദിക്കുന്ന ഗോട്ട്ഹോൾഡ് ഹാസൻ ഹ്യൂട്ടലിനെപ്പോലെ ചില ദൈവശാസ്ത്രജ്ഞന്മാരെയും കാണുവാൻ കഴിയും. ഘടനാപ്രധാനമായ സഭാവീക്ഷണത്തിൽ അടങ്ങിയിരിക്കുന്ന അതിശയോക്തി മറുവശത്തേയ്ക്ക് മാറുന്നതാണ് ഇവിടെ കാണുന്നത്. പരിശുദ്ധാരൂപിയെ കേന്ദ്രീകരിച്ചുള്ള ക്രമവത്കൃതമായ ഒരു സഭാവിജ്ഞാനീയത്തിന് രൂപംകൊടുത്ത പ്രധാന വ്യക്തിയാണ് ഹെരിബർട്ട് മ്യൂലൻ. സഭയിൽ വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധത്തിന് മ്യൂലൻ ഏറെ പ്രാധാന്യം നല്കുന്നുണ്ട്. വ്യക്തികളുടെ വ്യതിരിക്തതകൾ നശിപ്പിക്കാതെ അവരെ ഐക്യപ്പെടുത്തുന്നത് പരിശുദ്ധാരൂപിയാണ്. പരി. ത്രിത്വത്തിൽ പലയാളുകളിൽ നിലകൊള്ളുന്ന ഒരാളാണ് പരിശുദ്ധാരൂപി (One Person in Many Persons). അതുപോലെ മനുഷ്യർക്കിടയിൽ പലരെ അവരുടെ വ്യത്യസ്തതകൾ മായിച്ചുകളയാതെ ഒന്നാക്കിക്കൊണ്ടു നിലകൊള്ളുന്ന ദൈവിക ആളാണ് പരിശുദ്ധാരൂപി. ക്രിസ്തുവും നാമും ആകുന്ന പല ആളുകളിൽ നിലനില്ക്കുന്ന ഒരാൾ അഥവാ പരിശുദ്ധാരൂപിതന്നെയാണ് സഭ. ദൈവത്തിൽ ഒരു സ്വഭാവവും മൂന്നാളുകളുമുണ്ട്. ക്രിസ്തുവിൽ ഒരാളും

രണ്ടു സ്വഭാവവുമാണ്. അതുപോലുള്ള മറ്റൊരു ദിവ്യപ്രതിഭാസ മാണ് മ്യൂലന്റെ വീക്ഷണത്തിൽ സഭയും. അത് പല ആളുകളിൽ നിലകൊള്ളുന്ന ഒരാളാണ്.

സഭയിലെ പരിശുദ്ധാരൂപിയുടെ സാന്നിദ്ധ്യത്തെ വിസ്മരിക്കാതെതന്നെ, സമൂഹശാസ്ത്രത്തിലെ പ്രാഥമികസമൂഹങ്ങളുടെ മാതൃകയിൽ സഭയെ നവീകരിക്കുന്നതിനുവേണ്ടി വാദിക്കുന്ന ചില രെയും ഇന്ന് കണ്ടെത്തുവാൻ കഴിയും. അവരുടെ വീക്ഷണത്തിൽ സഭ, പരസ്പര ധാരണയിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുവാൻ സഹായിക്കുന്ന ഒരു യാഥാർത്ഥ്യമായിത്തീരണം. പരസ്പരബന്ധിതമായ പലകൂട്ടായ്മ കളുടെ ഒരു സംയുക്ത കൂട്ടായ്മയായിട്ടാണ് സഭയെ വിഭാവനം ചെയ്യുന്നത്. ഐക്യദായകമായ പരിശുദ്ധാരൂപിയുടെ സാന്നിദ്ധ്യം ഈ കൂട്ടായ്മകളുടെ കൂട്ടായ്മയെ സാധ്യമാക്കുന്നു.

സഭയുടെ കൂട്ടായ്മസ്വഭാവത്തെപ്പറ്റി വത്തിക്കാൻ കൗൺസിലിൽ ഉരുത്തിരിഞ്ഞ അവബോധം കൗൺസിലിൽത്തന്നെ താത്വികമായും പ്രായോഗികമായും ഫലമണിയിക്കുകയുണ്ടായി. താത്വികമായി ഈ അവബോധം ഫലമണിഞ്ഞതാണ്, മെത്രാന്മാരുടെ സംഘാത്മക ത്വത്തെയും കൂട്ടുത്തരവാദിത്വത്തെപ്പറ്റിയും പ്രാദേശിക സഭകളുടെ പ്രാധാന്യത്തെപ്പറ്റിയുമുള്ള കൗൺസിലിന്റെ പ്രഖ്യാപനങ്ങൾ. ഒന്നാംവത്തിക്കാൻ സൂനഹദോസ് രാഷ്ട്രീയകാരണങ്ങളാൽ പെട്ടെന്നു നിർത്തിവെക്കേണ്ടിവന്ന സാഹചര്യത്തിൽ മാർപാപ്പ യുടെ പരമാധികാരവും അപ്രമാദിത്വവും അസന്തുലിതങ്ങളായ വിശ്വാസസത്യങ്ങളുമായി ഒരു നൂറ്റാണ്ടോളം നിലനിന്നു. ഇതിനൊരു പരിഹാരം വരുത്തി എന്നതാണ് രണ്ടാം വത്തിക്കാൻ കൗൺസി ലിന്റെ വലിയ ഒരു നേട്ടം. കൗൺസിലിൽ ഔദ്യോഗികമായി പ്രഖ്യാ പിച്ച മെത്രാന്മാരുടെ സംഘാത്മകത്വവും കൂട്ടുത്തരവാദിത്വവും സഭ യാകുന്ന കൂട്ടായ്മയ്ക്ക് ഒരു പുതിയ മുഖച്ഛായതന്നെ നൽകിയെന്നു പറയാം. അതുപോലെതന്നെ പ്രാദേശികസഭകൾ റോമൻ സഭയുടെ ഭരണപരമായ ഭാഗങ്ങളല്ല, പ്രത്യുത അവ ഓരോന്നും അവയിൽ തന്നെ പൂർണ്ണസഭകളാണെന്നും, സാർവ്വത്രികസഭയെ അവ ഓരോന്നും പ്രതിനിധാനം ചെയ്യുന്നുവെന്നുമുള്ള കൗൺസിലിന്റെ പ്രഖ്യാപനങ്ങൾ സഭാവിജ്ഞാനീയത്തിൽ വളരെയേറെ പ്രാധാന്യ മർഹിക്കുന്നവയാണ്. തുല്യപ്രാധാന്യമർഹിക്കുന്ന ഒന്നാണ് അൽമായരുടെ പൊതുപൗരോഹിത്യത്തെപ്പറ്റിയുള്ള കൗൺസി ലിന്റെ പ്രബോധനവും. മതനവീകരണക്കാർ സഭയിലെ സമത്വത്തെയും കൂട്ടായ്മയെയും ഊന്നിപറയുവാൻ വളരെയധികം

പ്രാധാന്യം കൊടുത്തിരുന്ന ഒരു വിഷയമാണ് സഭാംഗങ്ങളുടെ പൊതുപൗരോഹിത്യം. വത്തിക്കാൻ കൗൺസിൽ അത് അംഗീകരിച്ചത് എക്യുമെനിക്കലായി വളരെ പ്രാധാന്യമർഹിക്കുന്നു. അൽമായരുടെ പൗരോഹിത്യത്തിന് പൗരസ്ത്യ സഭകൾ അധികം പ്രാധാന്യം നല്കാറില്ലാത്തതിനാൽ അവിടുന്നുള്ള പിതാക്കന്മാർക്ക് ഇക്കാര്യത്തിൽ ആശങ്കയുണ്ടായിരുന്നെങ്കിലും കൗൺസിലിൽ ഇത് സഭയുടെ ഒരു ഉറച്ച ബോധ്യമായിത്തീർന്നു.

പ്രായോഗികതലത്തിൽ ഈ അവബോധം വിശേഷവിധമായി ദൃശ്യമായത് മെത്രാന്മാരുടെ സിനഡുകളെപ്പറ്റിയും കോൺഫറൻസുകളെപ്പറ്റിയും അതുപോലെതന്നെ രൂപതാ കൗൺസിലുകളെയും ഇടവകാ കൗൺസിലുകളെയുംപറ്റിയുമുള്ള തീരുമാനങ്ങളിലും നിർദ്ദേശങ്ങളിലുമാണ്. 1965 സെപ്തംബർ 15 ന് മെത്രാന്മാരുടെ സിനഡിനെ സ്ഥാപിച്ചുകൊണ്ട് പോൾ ആറാമൻ പുറപ്പെടുവിച്ച തിരുവെഴുത്തും അതിന്റെ ഫലമായി കൗൺസിലിനുശേഷം നടന്ന മെത്രാന്മാരുടെ വിവിധ സിനഡുകളും കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലുകൾ തന്നെയാണ്. അതുപോലെതന്നെ വിവിധ രാജ്യങ്ങളിൽ നടന്ന പാസ്റ്ററൽ കൗൺസിലുകൾ സഭാജീവിതത്തിൽ സഭയെ മുഴുവൻ ഉൾപ്പെടുത്തുകയും പങ്കുചേർക്കുകയും ചെയ്യുന്ന കൂട്ടായ്മയുടെ ദൃശ്യമായ പ്രകടനങ്ങളായിരുന്നു. അൽമായരുടെ ഭാഗഭാഗിത്വത്തെ പ്രധാനമായും ഉന്നംവെയ്ക്കുന്ന രൂപതാ കൗൺസിലുകളെയും ഇടവകാ കൗൺസിലുകളെയും പറ്റിയുള്ള നിർദ്ദേശം കൂട്ടായ്മയെപ്പറ്റി സഭയിലുണ്ടായ പുതിയ അവബോധത്തിന്റെ പ്രത്യക്ഷലക്ഷണമാണ്.

**ബിഷപ് മാർ ബോസ്കോ പുത്തൂർ**

# 04

## രണ്ടാം വത്തിക്കാൻ സൂനഹദോസും സഭാകൂട്ടായ്മയും

ആധുനികലോകത്തെ ഏറ്റവും വലിയ 'സഭാ സംഭവം' ആയിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962–65).

**1. സർഗ്ഗാത്മക വശങ്ങൾ**

i. രണ്ടാം വത്തിക്കാൻ സൂനഹദോസിന് പ്രധാനമായും നാല് ലക്ഷ്യങ്ങളാണുണ്ടായിരുന്നത്.

a. വി. ഗ്രന്ഥാടിസ്ഥാനത്തിൽ ആദ്ധ്യാത്മിക ഉണർവ്വ് സാധ്യമാക്കുക.

b. സഭയെ അതുനാധുനീകരിക്കുക (aggioramento)

c. ആധുനികലോകത്തിന്റെ ആവശ്യാനുസൃതം സഭാശാസ്ത്രത്തെ വളർത്തുക.

d. വിവിധ സഭകൾ തമ്മിൽ ഐക്യം സംസ്ഥാപിക്കുക.

ii. ഈ കൗൺസിൽ 'സഭയുടെ' കൗൺസിലായിരുന്നു. (A Council of the Church and by the Church). സഭയുടെ ആന്തരിക ഘടന മനസ്സിലാക്കുകയായി

രുന്നു സർവ്വപ്രധാനമായ ലക്ഷ്യം. 'സഭ' എന്നാൽ എന്തെന്ന് മന സ്സിലാക്കുക എന്നതായിരുന്നു ഇതിന്റെ ഏകലക്ഷ്യമെന്ന് പൗലോസ് മാർപ്പാപ്പതന്നെ പ്രഖ്യാപിക്കുകയുണ്ടായി. സഭയ്ക്കു സ്വതവേ സാധ്യമാകേണ്ട 'സ്വയാവബോധം' ഉത്ഭൂതമാക്കാൻവേണ്ടിക്കൂടിയാ യിരുന്നു ഇത്.

iii. യൂറോപ്പിനും, അമേരിക്കയ്ക്കും ദൈവശാസ്ത്രത്തിൽ ഉണ്ടാ യിരുന്ന സർവ്വാധീശത്വം ഒരു പരിധിവരെ കുറച്ച് ദൈവശാസ്ത്ര ത്തിന്റെ കുത്തകാവകാശം ഇവരിൽനിന്ന് മാറ്റിയെടുക്കുവാൻ ഇത് കുറയൊക്കെ സഹായിക്കുകയും ചെയ്തു. അപ്രകാരം ഏകവ്യക്തി, അഥവാ ഏക-ദേശ കേന്ദ്രിത (Monocentrism) സ്വഭാവത്തിൽനിന്ന് ബഹുവ്യക്തി അഥവാ ബഹുദേശകേന്ദ്രിത (Polycentrism) മനോ ഭാവത്തിലേയ്ക്കു മാറി.

പാശ്ചാത്യ ദൈവശാസ്ത്രത്തിന്റെ അസ്ഥിവാരമായിരുന്ന സ്കൊളാസ്റ്റിക് ചിന്താഗതിയേക്കുറിച്ച് വത്തിക്കാൻ സൂനഹദോസ് ഒരു പുനർവിചിന്തനംതന്നെ നടത്തുകയുണ്ടായി. ദൈവശാസ്ത്ര ത്തിൽ പല ചിന്താരീതികളും, ശൈലികളും, മനോഭാവങ്ങളും ഉണ്ട് എന്ന് വെളിവാക്കി. ഒരു ദൈവശാസ്ത്രം മാത്രമല്ലെന്നും, പല ദൈവ ശാസ്ത്രങ്ങളുണ്ടെന്നും ബോധ്യമായി. സ്കൊളാസ്റ്റിസത്തിന്റെ പരി ധികൾക്കപ്പുറം നാനാവിധമായ ചിന്താരീതികളും നമുക്കനിവാര്യ മാണെന്നും കൗൺസിൽ പഠിപ്പിക്കുകയുണ്ടായി.

v. സഭ സഭകളുടെ കൂട്ടായ്മയാണെന്ന നിർണ്ണായക നിഗമന ത്തിലെത്തി. അങ്ങനെയെങ്കിൽ സഭാശാസ്ത്രത്തിനും, ദൈവശാ സ്ത്രത്തിനും പൊതുവിൽ ഒരു എക്യുമെനിക്കൽ മനോഭാവം അവ ശ്യാവശ്യമാണെന്ന തീരുമാനം കൗൺസിൽ കൈക്കൊണ്ടു. വിഭ ജിതമായ സഭയുടെ പശ്ചാത്തലത്തിൽനിന്ന് ചിന്തിക്കുമ്പോൾ ദൈവ ശാസ്ത്രം എക്യുമെനിക്കലാകേണ്ടത് അനിവാര്യംതന്നെ. കത്തോ ലിക്കാസഭതന്നെയും വളരെ കർക്കശ്യഭാവമുള്ളതും സങ്കുചിതവു മായ പല മേഖലകളിൽനിന്നും പുറത്തുവരാൻ കിണഞ്ഞുപരിശ്ര മിക്കുകയുമായിരുന്നു.

vi. മുൻകാല കൗൺസിലുകളിൽനിന്നും വ്യത്യസ്തമായി രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിൽ ഒരു പുതിയ പിളർപ്പ് സൃഷ്ടി ക്കുകയോ, ഏതെങ്കിലും പുതിയ ഒരു ശീശ്മാവിഭാഗത്തിനിടയു ണ്ടാക്കുകയോ ചെയ്തില്ല. മാത്രമല്ല, ദൈവശാസ്ത്രത്തിന്റെ സാധിത മേഖലകളിലെല്ലാം ഒരു പൊതുധാരണ നേടുവാൻ എപ്പോഴും തീവ്ര മായി പരിശ്രമിച്ചിരുന്നതും കാണാം. നിഗമനങ്ങളിലെത്താൻ വിഷമം നേരിട്ട വേളകളിലൊക്കെയും അക്കാര്യം തുറന്നു സമ്മതിക്കുകയും

തീരുമാനമെടുക്കാതെ പിരിയുകയും ചെയ്ത ചില അവസരങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

vii. ചരിത്രവും സഭാശാസ്ത്രവും തമ്മിൽ ആഴമായ ബന്ധമുണ്ടെന്നും, ചരിത്രത്തിന്റെ വെളിച്ചത്തിൽ വേണം സഭാശാസ്ത്രം രചയിതമാകാനും, പഠിപ്പിക്കുവാനുമെന്നുള്ള ആഴമായ കാഴ്ചപ്പാട് കൗൺസിലിന് സ്വന്തമാണ്. പ്രത്യേകിച്ച് എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിലും, മറ്റു പല മേഖലകളിലും ഈ ചരിത്രാവബോധം ദർശിക്കുവാൻ നമുക്കു കഴിയും. ചരിത്രം വെളിവാക്കുന്ന സത്യം ഉൾക്കൊള്ളുവാനും, ചരിത്രത്തിൽ വന്നുപോയ പാളിച്ചകൾ അംഗീകരിക്കുവാനും, ഈ സൂനഹദോസിനു കഴിഞ്ഞു. അജ്ഞതയിൽനിന്നും, തെറ്റിൽനിന്നും, മഠയത്തരങ്ങളിൽനിന്നും നമ്മെ രക്ഷിക്കാൻ ചരിത്രത്തിനു കഴിയും... ഒപ്പം സങ്കുചിത ചിന്താഗതിയിൽനിന്നും കൂടുതൽ മനുഷ്യകേന്ദ്രിതവും, മനുഷ്യത്വകേന്ദ്രിതവുമായ ദൈവശാസ്ത്ര സമീപനങ്ങളിലേയ്ക്കു ചരിത്രം നമ്മെ നയിക്കും.

viii. കൗൺസിലിന്റെ ദൈവശാസ്ത്രത്തിലുടനീളം നീതിയ്ക്കും, സമാധാനത്തിനുംവേണ്ടിയുള്ള മുറവിളികൾ കേൾക്കാം. സഭയുടെ നിരന്തരമായ ലക്ഷ്യങ്ങളൊക്കെയും വീണ്ടും ഇവിടെ ആവർത്തിച്ചുറപ്പിക്കുകയാണ്.

ix. സൂനഹദോസിൽനിന്നും ആവേശം ഉൾക്കൊണ്ട് രൂപീകരിച്ച ഒരു ആപ്തവാക്യമാണ്, സുവിശേഷവത്ക്കരണവും-സാംസ്കാരികാനുരൂപണവും (Evangelization-Inculturation).

x. സഭയുടെ പ്രേഷിതസ്വഭാവത്തിന്റെ ദൈവശാസ്ത്രമാനങ്ങളും, ആവശ്യകതയും വീണ്ടും ആവർത്തിച്ചുറപ്പിക്കപ്പെട്ടു. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്. അപ്രകാരമായിരിക്കുവാൻ മാത്രമേ സഭയ്ക്കു കഴിയൂ. പ്രേഷിതസ്വഭാവത്തിൽനിന്നു വ്യതിചലിക്കുന്ന സഭ ആ പേരിനുപോലും അർഹയല്ല.

xi. വി. ഗ്രന്ഥത്തിലും ആരാധനക്രമങ്ങളുടെ ഉറവിടങ്ങളിലും അധിഷ്ഠിതമായ ഒരു ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മറ്റൊരു മഹത്തായ സംഭാവനയായിരുന്നു. കൂടുതൽ ഗവേഷണസ്വഭാവമുള്ള ദൈവശാസ്ത്രം എപ്രകാരമുള്ളതായിരിക്കണം എന്നു കൗൺസിൽ വ്യക്തമാക്കി. ഉറവിടങ്ങളിൽ അധിഷ്ഠിതമല്ലാത്ത മദ്ധ്യകാല ദൈവശാസ്ത്രത്തിന്റെ പാപ്പരത്വം തന്നെയാണ് ഇതു വ്യക്തമാക്കുന്നത്.

xii. ഉറവിടങ്ങളിൽ പദമൂന്നിനിന്നുകൊണ്ടും, ഇന്നത്തെ സാഹ ചര്യം കണക്കിലെടുത്തുകൊണ്ടും, ഭാവിയെ ലക്ഷ്യംവച്ചും, ഭാവിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ദൈവശാസ്ത്രം വിഭാവനം ചെയ്യു ന്നതിലും കൗൺസിൽ നേട്ടം കൈവരിക്കുകയുണ്ടായി.

xiii. കത്തോലിക്കരുടെ പരിമിതിക്കുള്ളിൽമാത്രം നിൽക്കുന്ന ഒരു ദൈവശാസ്ത്രസ്പന്ദനമല്ല നാമിവിടെ ശ്രവിക്കുന്നത്. അതിന്റെ വ്യാപ്തി സംഘടിത പരിമിതിക്കപ്പുറം എത്തുന്നുണ്ട്.

xiv. പ്രമുഖ ദൈവശാസ്ത്രജ്ഞരുടെയൊക്കെയും വീക്ഷണ ത്തിൽ സഹസ്രാബ്ദങ്ങൾ നീളുന്ന സഭാചരിത്രത്തിലെ ഏറ്റം വലിയ സഭാസംഭവംതന്നെയാണിത്. സഭാജീവിതത്തിലെ വിവിധ വശങ്ങളെക്കുറിച്ചെല്ലാം അതിന് നൂതനമായ കാഴ്ചപ്പാടുകൾ പ്രദാനം ചെയ്യുന്നുണ്ടായിരുന്നു.

xv. സൈദ്ധാന്തിക ദൈവശാസ്ത്രവും, അജപാലനദൈവശാ സ്ത്രവും തമ്മിലുള്ള ആഴമേറിയ ബന്ധം ഒരു പരിധിവരെ ഈ കൗൺസിൽ നമ്മുടെ ദൃഷ്ടിപഥത്തിലെത്തിക്കുന്നുണ്ട്. ഇപ്രകാരം വളരെ ശക്തവും, ഈടുറ്റതും, ഗൗരവാവഹവുമായ സമീപനങ്ങൾ പുലർത്തുവാൻ കൗൺസിലിനു സാധിച്ചു.

xvi. ആത്മവിമർശനത്തിന്റെയും, സ്വയം തിരുത്തലുകളുടേയും കൗൺസിലായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭയുടെ അധികാരഘടനയോട് ഖണ്ഡിതമനോഭാവം പുലർത്താതെ ഈ തിരുത്തലും, വിമർശനവും സാധ്യമാക്കിയെന്നത് വലിയ നേട്ടംത ന്നെയായിരുന്നു. വിമർശനത്തിലൂടെ പുറത്തായ ശൈലി കൗൺസി ലിന് എന്നും അന്യവുമായിരുന്നു.

xvii. ഈ കൗൺസിൽ തികഞ്ഞ ലക്ഷ്യബോധമുള്ള ഒരു പദ്ധ തിയായിരുന്നു. ഒരു നൈമിഷിക സ്ഫോടനംപോലെയായിരുന്നില്ല ഇതിന്റെ ഉത്ഭവവും, സമാപനവും.

xviii. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണത്തിൽ കേന്ദ്രീകരണ, വികേന്ദ്രീകരണ (Centripetal and Centrifugal) ശക്തി കൾ തമ്മിൽ ക്രമീകൃതമായ യോജിപ്പ് പലപ്പോഴും ഉണ്ടായിരുന്നു. ഇത്തരം തികച്ചും ഏകപക്ഷീയമായ സമീപനങ്ങൾ മൺമറഞ്ഞു തുടങ്ങി. ഒരർത്ഥത്തിൽ പറഞ്ഞാൽ ഒരു പുഷ്പത്തിന്റെ ഇതളു കൾ ഓരോന്നും മൊട്ടിനോടു ചേർന്നിരിക്കുന്നതുപോലെയും. അതേസമയം മൊട്ടിൽനിന്നു പുറത്തേയ്ക്കു വിടർന്നിരിക്കുന്നതു പോലെയും ഈ കൗൺസിലിലെ വിവിധ ദൈവശാസ്ത്രവിഷയ ങ്ങളും സമീപനങ്ങളും തമ്മിൽ ഒരു ഐക്യഭാവം ഉണ്ടായിരുന്നു.

xix. സഭകളുടെ ഉള്ളറകളിലേക്ക് ഊളിയിട്ടിറങ്ങുവാനും ഒപ്പം പുറംലോകത്തെ കൺതുറന്നു ദർശിക്കുവാനും കൗൺസിലിനു കഴിഞ്ഞു. സഭയും ആധുനികലോകവും തമ്മിലും, സഭയും മറ്റു മതവിഭാഗങ്ങൾ തമ്മിലുള്ള ബന്ധവും മറ്റും ഇതേ രീതിയിൽ അംഗീകരിക്കുവാനോ, വിശകലനം ചെയ്ത് പഠനവിഷയമാക്കുവാനോ മറ്റെങ്ങും സാധിച്ചിട്ടില്ല.

xx. സഭാപിതാക്കന്മാരുടെ വീക്ഷണങ്ങൾക്കൊക്കെയും, ഏറെ പ്രാധാന്യം നല്കുവാൻ കൗൺസിലിനായി. "ഉറവിടങ്ങളിലേയ്ക്കുള്ള മടങ്ങിപ്പോക്കിൽ" കൗൺസിൽ ഏറെ ശ്രദ്ധ പതിപ്പിച്ച ഒരു കാര്യമിതായിരുന്നു. അതിന്റെ ഫലമായി പൗരസ്ത്യ ദൈവശാസ്ത്ര ഉറവിടങ്ങളെക്കുറിച്ചും, വിഷയങ്ങളെക്കുറിച്ചും, ലിറ്റർജിയിൽ അധിഷ്ഠിതമായ ദൈവശാസ്ത്രത്തെക്കുറിച്ചും ഒരു പരിധിവരെയെങ്കിലും അവബോധം സാധ്യവുമായി.

xxi. വിവിധ ദൈവശാസ്ത്രശാഖകളും, വിഷയങ്ങളും തമ്മിൽ ഗാഢമായ ബന്ധമുണ്ടെന്നും, ദൈവശാസ്ത്രവിഷയങ്ങളെല്ലാം പലസ്പര ബന്ധിതമാണെന്നും കൗൺസിൽ വെളിച്ചത്തുകൊണ്ടുവന്നു. വി. ഗ്രന്ഥമില്ലാതെ പാരമ്പര്യമോ, പാരമ്പര്യമില്ലാതെ റൂഹാവിജ്ഞാനീയമോ, റൂഹാവിജ്ഞാനീയമില്ലാതെ മിശിഹാവിജ്ഞാനീയമോ ഇല്ല. ജനങ്ങളില്ലാതെ അധികാരഘടനയോ, അധികാരഘടന കൂടാതെ ജനങ്ങളോ ഇല്ല; മെത്രാനോട് ബന്ധമില്ലാത്ത മാർപ്പാപ്പയോ, മാർപ്പാപ്പയോട് ബന്ധമില്ലാത്ത മെത്രാനോ ഇല്ല; പ്രേഷിതയല്ലാത്ത പ്രാദേശികസഭയോ, സഭാത്മകമല്ലാത്ത പ്രേഷിതപ്രവർത്തനമോ ഇല്ല.

xxii. രക്ഷാകരചരിത്രത്തിനും, യുഗാന്ത്യോന്മുഖതയ്ക്കും വത്തിക്കാൻ സൂനഹദോസിന്റെ ദൈവശാസ്ത്രത്തിൽ ഏറെ പങ്കുണ്ട്. ദൈവശാസ്ത്രത്തിന്റെ ശരിയായ തുടക്കവും അന്ത്യവും ഇതു വ്യക്തമാക്കുന്നു.

xxiii. രണ്ടാം വത്തിക്കാൻ കൗൺസിലിൽ 4 കോൺസ്റ്റിറ്റ്യൂഷനുകളും, 9 ഡിക്രികളും 3 പ്രഖ്യാപനങ്ങളും ഉള്ളതിൽ ഏറ്റം പ്രാധാന്യമേറിയത് സഭയെപ്പറ്റിയുള്ള (LG) കോൺസ്റ്റിറ്റ്യൂഷനാണ്. അതിന്റെ ഉള്ളടക്കംകൊണ്ടും, സർവ്വോപരി സഭയ്ക്ക് ഈ കൗൺസിലിലുള്ള കേന്ദ്രസ്ഥാനംകൊണ്ടും ഏറ്റം മഹത്തരമായ സംഭാവന ഇതുതന്നെയാണ്.

xxiv. ആധുനിക ലോകത്തിനുള്ള ഏറ്റം വലിയ അടയാളമാണ് ഈ കൗൺസിൽ. ഈ അടയാളങ്ങൾ കാണുകയും, വായിക്കുക

യും, വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് നാമോരോരുത്തരുമാണ്. ഇവയുടെ കറതീർന്ന വ്യാഖ്യാനം പുതുജീവന്റെ തുടിപ്പുകൾ നമുക്കു ദർശനയോഗ്യമാക്കുമെന്നത് തർക്കമറ്റ വസ്തുതയാണ്.

XXV. ദൈവശാസ്ത്രതലത്തിൽ ഒരു മൂന്നാം വത്തിക്കാൻ കൗൺസിലിലേയ്ക്കോ, രണ്ടാം ജറുസലേം കൗൺസിലിലേയ്ക്കോ, മൂന്നാം സഹസ്രാബ്ദത്തിലേയ്ക്കോ, വാഗ്ദാനദേശത്തേയ്ക്കോ ഒക്കെയുള്ള യഥാർത്ഥ പാത ഈ കൗൺസിലായിരിക്കണം.

## 2. കൗൺസിലിലെ ആഭ്യന്തരപ്രശ്നങ്ങൾ

പ്രധാനമായും രണ്ടു സഭാവിജ്ഞാനീയങ്ങളാണ് ഇതുൾക്കൊണ്ടിരുന്നത്. ഇതിലൊന്ന്, പാശ്ചാത്യവും, നൈയാമികവും, മാർപ്പാപ്പയുടെയും, സാർവ്വത്രികവുമായ സഭാവിജ്ഞാനീയമാണ്. ഇതാകട്ടെ അവരോഹണക്രമത്തിലുത്ഭൂതവുമാണ്... സാർവ്വത്രിക സഭയിലാരംഭിച്ച് വിവിധ ഭാഗങ്ങളായി കാണുന്നു. ഇനി മറ്റൊരു സഭാവിജ്ഞാനീയം സഭ-സഭകളുടെ കൂട്ടായ്മ എന്ന ചിന്താധാരയാണ്. എന്നാൽ പൂർണ്ണമായ ഒരു അഭിപ്രായസമന്വയത്തിലെത്താൻ ഇവയ്ക്കു രണ്ടും ആയില്ല. ത്രിത്വത്തേയും പരിശുദ്ധ റൂഹായുടെ പങ്കിനെയും പറ്റിയുള്ള വ്യത്യസ്തമായ സമീപനങ്ങളാണ് മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് ദൈവശാസ്ത്രപരമായ കാരണങ്ങളായി ഭവിച്ചത്. ഈ വൈവിധ്യം നിറഞ്ഞ സഭാവിജ്ഞാനീയ സമീപനങ്ങൾ കൗൺസിലിന്റെ ഒരു ആഭ്യന്തരപ്രശ്നംതന്നെയാണ്. കൗൺസിൽ പിതാക്കന്മാരിൽ ബഹുഭൂരിപക്ഷം വരുന്ന ലത്തീൻ പിതാക്കന്മാർക്ക് പൗരസ്ത്യസഭാവിജ്ഞാനീയത്തിന്റെ ആഴവും, പരപ്പും, പൊരുളും, കണ്ടുപിടിക്കാൻ സാധ്യമാകുമായിരുന്നില്ല. ഇതിലുപരി 'എക്യുമെനിസത്തെ'ക്കുറിച്ചുള്ള പ്രമാണരേഖയിലും (14-18 സഹോദരീസഭകളും), 'പൗരസ്ത്യസഭകളെ'ക്കുറിച്ചുള്ള പ്രമാണരേഖയിലും (22-26 ഐക്യസഭകൾ) നിലനിന്ന വിവിധ സഭാവിജ്ഞാനീയമനോഭാവം അടിസ്ഥാനപരമായ ആശയ വടംവലിക്കു കാരണമായി. പാശ്ചാത്യരുടെ ആത്മരക്ഷാപരവും, സ്വയംപര്യാപ്തത നിറഞ്ഞതുമായ സമീപനം പ്രമാണരേഖയിലുടനീളം ദർശിക്കാവുന്നതാണ്. കൗൺസിൽ പ്രമാണരേഖയിൽ നവോത്ഥാനവക്താക്കളുടേതും, യാഥാസ്ഥിതികരുടേതും, സ്വതന്ത്രവാദികളുടേതുമായ വീക്ഷണ വൈവിധ്യം പല രംഗത്തും നാം ദർശിക്കുന്നുണ്ട്.

കൗൺസിൽ പല രംഗങ്ങളിലും പകുതി വഴിയിൽനിന്നു പോയി.... (stopped half way). കാരണം... ഗൗരവമേറിയ പല രംഗങ്ങളിലും നേടിയെടുത്ത ഒത്തുതീർപ്പുകളും മറ്റും വെറും നൈയാമിക തീർപ്പു

കൾ മാത്രമായിരുന്നു. ശരിയായ സമന്വയകരണത്തിന്റെ അഭാവം മൂലമുള്ള പ്രത്യാഘാതങ്ങൾ കൗൺസിൽ പ്രമാണരേഖകളുടെ വ്യാഖ്യാനങ്ങളിൽപോലും പ്രകടമായിരുന്നു. ഇതാകട്ടെ കൗൺസിലിനുശേഷമുള്ള കാലയളവുകളിൽ വൈവിധ്യവും, വൈരുദ്ധ്യവും നിറഞ്ഞ നിരവധി വ്യാഖ്യാനങ്ങൾക്കു കാരണമായി.

മറ്റൊരു പ്രധാന പ്രശ്നം ദൈവശാസ്ത്രഭാഷയും സഭയുടെ ഔദ്യോഗിക കാനോനിക ഭാഷയും തമ്മിലുള്ള യോജിപ്പിന്റെ പ്രകടമായ അഭാവമായിരുന്നു. അവയാകട്ടെ പദങ്ങളുടെ വിവിധങ്ങളായ പ്രയോഗത്തിലുള്ള പ്രശ്നവുമാണ്. ഈ രംഗത്തൊക്കെയും ബൈബിൾ പണ്ഡിതന്മാരുടെയും, ദൈവശാസ്ത്രജ്ഞന്മാരുടെയും, സഭാനിയമ പണ്ഡിതരുടെയും ക്രിയാത്മകവും മഹത്ത്വപൂർണ്ണവുമായ സഹകരണം അനിവാര്യമായിരിക്കുന്നു.

യഥാർത്ഥമായ രീതിയിൽ സാധാരണ വിശ്വാസികളെ സംബന്ധിക്കുന്ന ആഴമാർന്ന ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തിയെടുക്കുന്നതിൽ കൗൺസിൽ പരാജയപ്പെട്ടു. മഹത്തരവും അതിഗഹനവുമായ കാര്യങ്ങളിൽനിന്നും ദൈവശാസ്ത്രചിന്തകൾ ആരംഭിക്കുന്ന രീതി സാധാരണക്കാരെ ഉദ്ദേശിച്ചേ ആയിരുന്നില്ല എന്നു വേണം പറയാൻ. മൂന്നാം ലോകങ്ങളിലെ സഭകളൊക്കെയും, വികസിതരാജ്യങ്ങളിലെ സാമൂഹ്യവും, സാംസ്കാരികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ സാഹചര്യങ്ങളെ അപഗ്രഥിച്ചാശ്രയിച്ചു നിലകൊള്ളുന്നു എന്ന കൗൺസിലിന്റെ നിലപാടിനെ മേല്പറഞ്ഞ സഭകളൊക്കെയും ശക്തിയുക്തം എതിർത്തു. ലോകവുമായി സംഭാഷണത്തിലാണെപ്പോഴും എന്നാശ്വസിക്കുകയും, വീമ്പടിക്കുകയും, ചെയ്യുന്ന സഭ പലപ്പോഴും ഇതു സാധ്യമാക്കുക ശാസ്ത്രീയവും, സാങ്കേതികവുമായി ഏറ്റവും മുന്തിയ ലോകവുമായുള്ള സംഭാഷണത്തിൽകൂടിയാണ് എന്നതാണ് യാഥാർത്ഥ്യം. കൗൺസിലിലെ സുപ്രധാന ദൈവശാസ്ത്രമേഖലകൾ കൈകാര്യം ചെയ്തിരുന്നവർ എല്ലാവരുംതന്നെ മുന്തിയ രാജ്യങ്ങളിലെ മെത്രാന്മാരും ദൈവശാസ്ത്രജ്ഞന്മാരുമായിരുന്നു.

### 3. കൗൺസിലിനെ എങ്ങനെ വ്യാഖ്യാനിക്കാം

കൗൺസിലിനെ ശരിയാംവിധം വ്യാഖ്യാനിക്കുക എന്ന സങ്കീർണ്ണപ്രശ്നത്തിന്റെ അന്തരീക്ഷത്തിലാണ് നാമിപ്പോൾ ജീവിക്കുക. കൗൺസിലിനുശേഷം രണ്ടുതരത്തിലുള്ള ദൈവശാസ്ത്രജ്ഞന്മാർ ഉയർന്നുവന്നു.

i. പുരോഗമനപരമായ ആശയഗതികളുള്ളവർ

ii. യഥാസ്ഥിത ആശയഗതികളുള്ളവർ

പുരോഗമനക്കാരുടെ വാദഗതി രണ്ടാം വത്തിക്കാൻ കൗൺസിലിൽ ത്രെന്തോസ് സൂനഹദോസിനുശേഷമുള്ള സഭാവിജ്ഞാനീയ ചിന്താഗതികൾക്ക് സമാപനം കുറിച്ചു. കൂടാതെ അധികാരപ്രമത്തതക്കും, കേന്ദ്രീകൃതചിന്താഗതിക്കും, പുരോഹിതകേന്ദ്രിതവാദത്തിനും, മോണോലിഥിസത്തിനും, അൾട്രാമൊണ്ടേനിസത്തിനും യൂണിവേഴ്സലിസത്തിനും, പേപ്പലിസത്തിനും, ഹയരാർക്കോളജിക്കും ഒപ്പം വ്യക്തിപരവും, പങ്കുകൊള്ളുന്നതും, സാമൂഹ്യപരവും, സജീവവും, തുറവിയുള്ളതും, സംഭാഷണപരവും, ബഹുത്വഗുണമുള്ളതും, മിശിഹാ-റൂഹാ കേന്ദ്രിതവുമായ ഒരു സഭാവിജ്ഞാനീയത്തിനും കൗൺസിൽ തുടക്കം കുറിച്ചു. പാരമ്പര്യവാദികളായ ദൈവശാസ്ത്രജ്ഞന്മാരുടെ ഭാഷ്യത്തിൽ, പുരോഗമനചിന്താഗതിക്കാർ താഴെപ്പറയുന്ന ആശയങ്ങളിൽ -തെറ്റായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

വിമോചനവാദം, ലൗകികവാദം, അത്മായവാദം ആധുനികതാവാദം, ഉപരി സ്വീകാര്യമല്ലാത്ത ബഹുത്വചിന്താഗതി ആദിയായവയുടെ കാര്യങ്ങളിൽ പ്രത്യേകിച്ച്.

പ്രസിദ്ധ ദൈവശാസ്ത്രജ്ഞന്മാരായ ഡള്ളസ്, ഡബ്ള്യൂ കാസ്പർ, ഹാൻസ് ക്യൂങ്, പോട്ട് മേയർ, എന്നിവരുടെ അഭിപ്രായത്തിൽ വത്തിക്കാൻ കൗൺസിലിനെ ഭാഗികമായിട്ടല്ല, സമഗ്രമായിട്ടുതന്നെ വേണം വ്യാഖ്യാനിക്കുവാൻ.

കൗൺസിലിനെ യഥാവിധി വ്യാഖ്യാനവിധേയമാക്കി വിലയിരുത്തുവാൻ ഒരു പ്രത്യേക കോൺഫറൻസ് 1980-ൽ ബൊളോഞ്ഞോയിൽ വിളിച്ചുകൂട്ടപ്പെട്ടു. ഏകദേശം നാൽപതോളം സഭാപണ്ഡിതർ അതിൽ പങ്കുകൊള്ളുകയുണ്ടായി. അവരുടെ നിഗമനത്തിൽ കൗൺസിലിനുശേഷം സഭാവിജ്ഞാനീയം കൂടുതൽ നിശ്ചലമാവുകയും, വിമർശനാത്മകമല്ലാത്ത വിധത്തിൽ പുരോഗമനം ആയിത്തീരുകയും ചെയ്തു. ആകയാൽ 1985-ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടുകയുണ്ടായി. കൗൺസിലിന്റെ പഠനങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ വേണ്ടിയായിരുന്നു അത്. (നമ്മുടെ മെത്രാപ്പോലീത്താമാരായ മാർ ആന്റണി പടിയറയും മാർ ജോസഫ് പവ്വത്തിലും ഇതിൽ പങ്കുകൊള്ളുകയുണ്ടായി).

സിനഡിന്റെ കാഴ്ചപ്പാടിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ നാം പ്രത്യേകം ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു.

i. കൗൺസിലിലെ വിവിധ പ്രമാണരേഖകൾ തമ്മിലുള്ള ബന്ധം പരിഗണിക്കണം.

ii. അജപാലനപരവും സൈദ്ധാന്തികവുമായ കാര്യങ്ങൾ തമ്മിലുള്ള ബന്ധം ഏറെ പ്രധാനപ്പെട്ടതാണ്. സൈദ്ധാന്തിക ചിന്താഗതികളിൽനിന്നുവേണം അജപാലനപരമായ നിലപാടുകൾ ഉയിർക്കൊള്ളുവാൻ.

iii. മുൻകാലങ്ങളിലെ കൗൺസിലുകളെ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

iv. കൂടുതൽ സൂക്ഷ്മമായി, പ്രമാണരേഖകളെ കാണാനും, വായിക്കാനും, ശരിയായ രീതിയിൽ ഇവയെ പ്രകാശിതമാക്കാനുമുള്ള ഒരു ക്ഷണമായിരിക്കണം കൗൺസിൽ വ്യാഖ്യാനം.

v. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള കാലഘട്ടത്തിൽ ഉടലെടുത്തിരിക്കുന്ന അസമത്വങ്ങൾക്ക് ശരിയായ വിധി കല്പിക്കാനും ഈ വ്യാഖ്യാനംവഴി സാധിക്കണം.

vi. രാഷ്ട്രീയചരായ ഉപേക്ഷിച്ച് ദൈവശാസ്ത്രസ്വഭാവം ഉൾക്കൊള്ളുന്ന ഒരു സഭയുടെ രൂപീകരണം നാം സാധിതമാക്കണം.

### 4. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയത്തിലെ ചില അവിസ്മരണീയ ചിന്തകൾ

ഈ കൗൺസിൽ സഭയെക്കുറിച്ചു ആഴത്തിൽ ഒരു ദൈവശാസ്ത്രം മെനയുന്നുണ്ട്. 'തിരുസ്സഭ', 'എക്യുമെനിസം', 'പൗരസ്ത്യ സഭകൾ,' 'സഭ ആധുനികലോകത്തിൽ' ആദിയായ പ്രമാണരേഖകളിലൊക്കെയും ഇതിന്റെ വിവിധ ദർശനങ്ങൾ നമുക്കു കാണുവാനാകും. സുപ്രധാന ആശയം എപ്പോഴും സഭതന്നെയായിരുന്നു. മറ്റു പ്രധാന രേഖകളുടെയിടയിലും 'തിരുസ്സഭ' എന്ന പ്രമാണരേഖയ്ക്കുണ്ടായിരുന്ന പ്രഥമസ്ഥാനംകൊണ്ടും, അവയിലെ മഹനീയ ആശയങ്ങൾകൊണ്ടും ഈ പ്രമാണരേഖ കൗൺസിലിന്റെ ഏറ്റം സ്തുത്യർഹമായ നേട്ടങ്ങളിലൊന്നായി കാണുന്നു. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കൗൺസിൽതന്നെ, സഭയെന്ന മഹനീയ യാഥാർത്ഥ്യത്തെ കേന്ദ്രീകരിച്ചാണ് നിലകൊണ്ടിരുന്നതു തന്നെ. ഇവയിൽത്തന്നെ 'തിരുസ്സഭ'യെക്കുറിച്ചുള്ള പ്രമാണരേഖ കൗൺസിലിന്റെ പ്രധാന നേട്ടമായി കാണുന്നു. കേവലം രാഷ്ട്രീയപ്രധാനമായ വിശകലനത്തെക്കാളുപരി വ്യക്തമായ ദൈവശാസ്ത്രദർശനം സഭയെക്കുറിച്ച് നമുക്ക് ഈ പഠനങ്ങളിൽ കാണുവാൻ കഴിയും. സഭാവിജ്ഞാനീയം എന്നത് സഭയെക്കുറിച്ചുള്ള ചില പ്രഖ്യാപനങ്ങളുടെയോ, ചില വസ്തുതകളുടെയോ പഠനം

മാത്രമല്ല... പ്രത്യുത സഭയെത്തന്നെ വെളിപ്പെടുത്തുന്നതാണെന്ന വസ്തുത കൗൺസിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ഏറ്റം ആദ്യമായി കൗൺസിൽ സഭയുടെ മൗലിക ഉറവിടങ്ങളൊക്കെയും തേടിപ്പിടിക്കുകയും അത് പിൽക്കാല സഭാശാസ്ത്രത്തിനു മുതൽക്കൂട്ടാകുകയും ചെയ്തു. 'തിരുസ്സഭ'യെക്കുറിച്ചുള്ള പ്രമാണരേഖയിലെ ആദ്യ അദ്ധ്യായത്തിൽതന്നെ ഇതു വ്യക്തമായി കാണുവാൻ നമുക്കു കഴിയും. തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രി ധാരാളം ബൈബിൾ സാദൃശ്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. "സഭ അജഗേഹമാണ്" (യോഹ 10:1-10) "കൃഷിഭൂമിയാണ്," "ദൈവത്തിന്റെ വയലാണ്" (1 കോറി 3:9), "ദൈവത്തിന്റെ മന്ദിരമാണ്" (1 കോറി 3:9), മനുഷ്യരുടെയിടയിലെ "ദൈവത്തിന്റെ വാസസ്ഥലമാണ്" (എഫേ 2:19-22) "ദൈവത്തിന്റെ ഭവനം" (1 തിമോ 3:15) "ദൈവത്തിന്റെ ആലയം" "വിശുദ്ധ നഗരം" "പുതിയ ജറുസലേം," "സ്വർഗ്ഗീയ ഓർശ്ലേം," "നമ്മുടെ അമ്മ" എന്നുമൊക്കെ സഭ പലപ്പോഴും വിളിക്കപ്പെട്ടിട്ടുണ്ട് (ഗലാ 4:26). കളങ്കമില്ലാത്ത ചെമ്മരിയാട്ടിൻകുട്ടിയുടെ നിർമ്മലമണവാട്ടിയായും സഭയെ പരാമർശിക്കുന്നുണ്ട് (വെളി 19:7; 21:2). അങ്ങനെ സഭയെക്കുറിച്ച് സമഗ്രമായ ഒരു ദർശനമുണ്ടാകുവാൻ ബൈബിളിൽനിന്നു പ്രസ്തുത പഠനം, നാം ആരംഭിക്കേണ്ടിയിരിക്കുന്നു. ദൈവജനം, പരിശുദ്ധ റൂഹായുടെ ആലയം, മിശിഹായുടെ മൗതികശരീരം ആദിയായ ബൈബിൾ സാദൃശ്യങ്ങളും സഭയും തമ്മിലുള്ള അഭേദ്യമായ ബന്ധം കൗൺസിൽ എടുത്തുകാട്ടുന്നുണ്ട്.

ബൈബിളിനെ ആധാരമാക്കി സഭയുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം വെളിപ്പെടുത്താൻ കൗൺസിൽ പ്രസക്തമായ ഒരു പരിശ്രമം തന്നെ നടത്തുകയുണ്ടായി. സഭയെ ഒരു 'രഹസ്യമായും' തികഞ്ഞ ഒരു കൂട്ടായ്മയായും, കൗൺസിൽ കാണുന്നു. ദൈവം ഒരു രഹസ്യമാകയാലും, സഭ ദൈവത്തിന്റേതാകയാലും സഭയ്ക്ക് രഹസ്യാത്മക സ്വഭാവമാണുള്ളത്. അത്തരത്തിൽ ഒരു ത്രിത്വൈകാടിസ്ഥാനം സഭയ്ക്കു നൽകുവാൻ കഴിഞ്ഞുവെന്നതുതന്നെ കൗൺസിലിന്റെ മഹനീയ നേട്ടങ്ങളിലൊന്നാണ്. അങ്ങനെ പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധ റൂഹായുടെയും ഐക്യത്തിൽ ഒന്നാകപ്പെട്ട ഒരു ജനമായി സാർവ്വത്രികസഭ വിളങ്ങി പ്രകാശിക്കുന്നു (തിരുസ്സഭ 4; cfr. also 28,51; ദൈവാവിഷ്ക്കരണം 2, ആരാധനക്രമം 6; വൈദികർ 6; പൗരസ്ത്യസഭകൾ 8; തിരുസ്സഭ 7, എക്യുമെനിസം 2). സഭയുടെ മിശിഹാകേന്ദ്രിത സ്വഭാവവും കൗൺസിലിൽ ഉടനീളം വ്യക്തമാകുന്നുണ്ട്. ഈ സഭ മിശിഹായുടെ സഭയാ

ണ്. പരിശുദ്ധ റൂഹായുടെ സവിശേഷമായ പ്രവർത്തനവും, അടിസ്ഥാനവും പ്രസ്പഷ്ടമാക്കാനുള്ള കൗൺസിലിന്റെ പരിശ്രമവും ശ്ലാഘനീയംതന്നെ. കൗൺസിൽ പ്രമാണരേഖയിലുടനീളം ഏകദേശം 258 സൂചനകൾ പരിശുദ്ധ റൂഹായെ സംബന്ധിച്ചു നാം കാണുന്നുണ്ട്. സഭാവിജ്ഞാനീയത്തിന്റെ ദൈവശാസ്ത്രാധിഷ്ഠാനം തേടിപ്പിടിക്കുന്ന പരിശ്രമത്തിൽ സഭയുടെ വി. കുർബാന കേന്ദ്രിതത്വവും (എക്യുമെനിസം 15) കൗദാശിക സ്വഭാവവും (തിരുസ്സഭ 7, 18) വ്യക്തമാക്കുന്നുണ്ട്. സഭാവിജ്ഞാനീയമേഖലതന്നെ വി. ഗ്രന്ഥത്തിലെ ആത്മീയതത്ത്വസംഹിതകളുടെയും, മുൻകൗൺസിലുകളുടെ ദൈവശാസ്ത്രനിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു.

ഇത്തരത്തിലുള്ള പരിശ്രമങ്ങളുടെ ഫലം... സഭ ഒരു കൂട്ടായ്മ എന്ന വലിയ സഭാസത്യത്തിലേക്കുള്ള നടന്നടുക്കലാണ്. സാർവ്വത്രിക സഭതന്നെ വിവിധ സഭാസമൂഹങ്ങളുടെ സജീവ കൂട്ടായ്മയാണ്. സഭാപരമായ ഇത്തരം വ്യതിരിക്തത വ്യക്തമാക്കാൻ കൗൺസിൽതന്നെ ചില സഭാത്മകമായ ഭാഷാപ്രയോഗങ്ങൾക്കും തുനിഞ്ഞു കാണുന്നു. ഗാർഹിക സഭ... പ്രത്യേക സഭ... പ്രാദേശികസഭ... സഹോദരീസഭ... വ്യക്തിസഭ... ആദിയായവ അവയിൽ ചിലതാണ്. പരി. റൂഹായിൽ സജീവമായി ഏകീഭവിച്ച സമൂഹമെന്ന വ്യാപകാർത്ഥത്തിലാണ് സഭ ഒരു കൂട്ടായ്മയാകുന്നത്. സഭാവിജ്ഞാനീയമെന്നത് യഥാർത്ഥ മനുഷ്യശാസ്ത്രത്തിന്റെയും റൂഹായെപ്പറ്റിയുള്ള പഠനങ്ങളുടെ സമന്വയിക്കപ്പെട്ട ഒരു ഭാവമാണ് കിഴക്കൻ ദൈവശാസ്ത്രസത്തയെ കൗൺസിൽ ഉൾക്കൊള്ളുവാൻ കാരണമായി. ഇവയ്ക്ക് വിശ്വാസമൊന്ന്, കൂദാശകളൊന്ന്, ഭരണരീതിയുമൊന്ന് (പൗരസ്ത്യസഭകൾ, 2). എങ്കിലും ഈ കൂട്ടായ്മ പ്രസ്പഷ്ടമാക്കപ്പെടുന്നതുമാകട്ടെ അവരുടെ വൈവിധ്യങ്ങളിലും: അതായത്, ശ്ലൈഹിക പൈതൃകം, ആരാധനാക്രമം, ആധ്യാത്മികത, ദൈവശാസ്ത്രം, സഭാശിക്ഷണം ആദിയായവയിലൂടെ. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിൽ പ്രതിപാദിച്ചു കാണുന്ന 'സഭ' എന്ന യാഥാർത്ഥ്യം യഥാർത്ഥത്തിൽ സഭകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. പ്രാദേശികസഭകളിൽ നിന്നാണ് സാർവ്വത്രികസഭ ജന്മമെടുക്കുന്നത്. അങ്ങനെ സഭ ഒരു കൂട്ടായ്മ എന്ന വലിയ സത്യത്തിനു മുമ്പിൽ ത്രെന്തോസ് സൂനഹദോസിലും അതിനുശേഷവും തെളിഞ്ഞുനിന്നിരുന്ന - അമിത പ്രാധാന്യം കൊടുത്തു ചിത്രീകരിക്കപ്പെട്ട വ്യവസ്ഥാപിത സഭയുടെ മുഖവും സാവധാനം മാഞ്ഞുപോയിത്തുടങ്ങിയിരിക്കുന്നു. വിവിധ സഭകൾ തമ്മിലുള്ള അടിസ്ഥാനപരമായ സമത്വവും റീത്തുകളിൽനിന്നും

സഭാത്മകമാനങ്ങളിലേക്കുള്ള പ്രയാണവും പ്രത്യേകം പരിഗണനാർഹമാണ് (പൗരസ്ത്യസഭകൾ 3). സഭ ഒരു കൂട്ടായ്മ എന്ന നമ്മുടെ അവബോധം നേടിയെടുക്കുന്നതിൽ കൗൺസിൽ വിജയിക്കുകതന്നെ ചെയ്തു.

സഭകളുടെ കൂട്ടായ്മ എന്ന കാഴ്ചപ്പാടോടുകൂടി സഭയിലെ ശുശ്രൂഷയുടെ സാമൂഹികസ്വഭാവം പുനഃരവതരിപ്പിക്കുകയായിരുന്നു. മാർപ്പാപ്പായുടെ പരമാധികാരവും മെത്രാന്മാരുടെ സംഘാതാത്മകതയും തമ്മിലുള്ള ബന്ധവും വളരെയധികം ഇക്കാലയളവിൽ മെച്ചപ്പെടുകയുണ്ടായി.

"നാനാത്വത്തിലെ ഏകത്വം" എന്ന അടിസ്ഥാന പ്രമാണം കൗൺസിലിന്റെ സഭാവിജ്ഞാനീയത്തിന്റെ തന്നെ അളവുകോലായി. സഭകളുടെ കൂട്ടായ്മ എന്ന സംജ്ഞ, നാനാത്വത്തിലെ ഏകത്വത്തെ – സഭാ സംബന്ധിയായ ദൈവശാസ്ത്രരൂപീകരണത്തിന്റെ കേന്ദ്രബിന്ദുവായും സുപ്രധാനമായ ഒരു തത്ത്വവുമായും മാറ്റി. വ്യക്തിസഭ, സാർവ്വത്രികസഭ, ഗാർഹികസഭ, പേട്രിയാർക്കൽസഭ, അപ്പസ്തോലിക്ക്സഭ, ഐക്യസഭകൾ എന്നിവയൊക്കെയാണ് അവ. എന്നാൽ ഈ പദപ്രയോഗങ്ങൾ കൗൺസിൽ പലപ്പോഴും സ്ഥിരമായി ഉപയോഗിച്ചു കാണുന്നില്ല; പ്രത്യേകിച്ച്: പ്രാദേശിക സഭകൾ, പ്രത്യേകസഭകൾ എന്നീ സംജ്ഞകൾ. പ്രത്യേകസഭകൾ പലപ്പോഴും പ്രത്യക്ഷമാകുന്നുണ്ടെങ്കിലും അതു ധ്വനിപ്പിച്ചിരുന്നത് വാച്യാർത്ഥത്തിൽ രൂപത എന്നാണ്. ഒരു പ്രത്യേക ദേശത്തെയോ, സംസ്കാരത്തിലെ സഭകളെയോ, (പ്രേഷിതപ്രവർത്തനം 22) വിവിധ റീത്തുകളെയോ വ്യക്തിസഭകളെയോ ദ്യോതിപ്പിക്കാനും (പൗരസ്ത്യസഭകൾ 2:4; 10,16,19) ഈ പദം ഉപയോഗിച്ചിരിക്കുന്നു. 'എക്യുമെനിസ'ത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ (എക്യുമെനിസം 14) മറ്റൊരു പദപ്രയോഗം സവിശേഷ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. അനവധി പ്രാദേശിക സഭകൾ അടങ്ങിയതാണ് കിഴക്കൻസഭ. ഇവയിൽ പേട്രിയാർക്കൽ സഭകൾ പ്രധാന സ്ഥാനമർഹിക്കുന്നു. പ്രത്യേകിച്ച് സൂചനകൾ ലഭ്യമാകാത്തിടത്തോളം ഈ സംജ്ഞകൾ പ്രാദേശികസഭകളെതന്നെ വിവക്ഷിച്ചിരുന്നു എന്നുവേണം പറയുവാൻ... പ്രത്യേക സഭകൾ (ലിറ്റർജി 11:13; തിരുസ്സഭ 13:23). 23 -ലെ പ്രാദേശികസഭകൾ പേട്രിയാർക്കൽ സഭകളിലേക്കുതന്നെ വിരൽ ചൂണ്ടുന്നു. പ്രാദേശിക സഭകൾ രൂപതകളെ വിവക്ഷിച്ചും പ്രയോഗിച്ചു കാണുന്നുണ്ട് (പ്രേക്ഷിതപ്രവർത്തനം 19,27). വി. കുർബാനക്കു ഒരുമിച്ചു കൂടുന്ന പ്രാദേശികസമൂഹങ്ങളെയും സഭ എന്ന വിശാലാർത്ഥത്തിൽ പ്രയോഗിച്ചു കാണുന്നുണ്ട്. തിരുസ്സഭ 26,28; മെത്രാ

ന്മാർ 11,23,28,36 ആദിയായവയിലൊക്കെയും പ്രത്യേകസഭകളെന്നത് രൂപതകളെയാണ് വിവക്ഷിക്കുന്നത്. എന്നാൽ സഹോദരീസഭക ളുടെ ദൈവശാസ്ത്രത്തെപ്പറ്റി 'എക്യുമെനിസം' 14-18 ഖണ്ഡിക കളിൽ പ്രത്യേകമായ ചില പ്രതിപാദനങ്ങൾ പ്രത്യക്ഷമാകുന്നുണ്ട്.

ഒരു പ്രത്യേകസംജ്ഞ ഉപയോഗിക്കുന്നതിൽ കൗൺസിൽ കാട്ടിയ സ്ഥിരതയില്ലായ്മ ശരിയായ പദപ്രയോഗത്തിന് തടസ്സമായി നിലകൊള്ളുന്നു. ഇപ്പോഴും ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ പൊതുവായി ഉപയോഗിക്കേണ്ട സംജ്ഞകളെ ചൊല്ലി വിവാദവും തർക്കങ്ങളും അവശേഷിക്കുന്നു. എങ്കിലും പ്രാദേശിക സഭയെന്ന സംജ്ഞ വിശാലാർത്ഥത്തിൽ രൂപതയേയോ, ദേശീയസഭയേയോ, റീത്തിനേയോപോലും സൂചിപ്പിക്കാനായി ഉപയോഗിക്കാവുന്നതാ ണ്. ആകയാൽ പ്രത്യേക സഭ എന്ന പദപ്രയോഗം 'രൂപത'യെ വിവക്ഷിക്കാനായി ഇനിയുള്ള ചർച്ചകളിൽ നമുക്കു മാറ്റിവയ്ക്കാം. പൗരസ്ത്യസഭയ്ക്കുള്ള പുതിയ കാനൻനിയമത്തിലും ഇതാണ് കാണുക. എല്ലാ അർത്ഥത്തിലും സമഗ്രവളർച്ച പ്രാപിച്ചു പക്വത യിലെത്തിയ റീത്തിനെ സഹോദരീസഭ, പേട്രിയാർക്കൽ സഭ (വ്യ ക്തിസഭ) എന്ന പ്രയോഗത്തിലൂടെ സ്പഷ്ടമാക്കാനും നമുക്കു ശ്രമി ക്കാം. ഇത്തരം സഭാത്മകസംജ്ഞകളും, അവ ദ്യോതിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ സുപ്രധാ നമായ നേട്ടംതന്നെയാണ്. സഭാശാസ്ത്രത്തിലെ കോപ്പർനിക്കൻ വിപ്ലവം എന്നുപോലും ഇത് വിശേഷിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. സഭാഡിക്രികളിൽ ഉപയോഗിച്ചിരിക്കുന്ന ഓരോ വാക്കിന്റെയും, സാഹചര്യത്തിന്റെയും, പശ്ചാത്തലത്തിന്റെയും പ്രകാശത്തിൽ മാത്രമേ ഏത് അർത്ഥമാണ് ഇവിടെ വിന്യസിച്ചിരിക്കുന്നത് എന്നു നമുക്കു മനസ്സിലാവുകയുള്ളൂ.

കൗൺസിലിന്റെ ഇത്തരം പദപ്രയോഗങ്ങളെക്കാളുപരിയായി കൗൺസിൽ പ്രകാശിതമാക്കിയ സജീവതാല്പര്യങ്ങളാണ് കൂടു തൽ പ്രാധാന്യമർഹിക്കുന്നത്. ഒന്നാമതായി സഭയുടെതന്നെ അസ്തിത്വത്തിന് നിദാനമായ അടിസ്ഥാനപരവും വ്യത്യസ്തവു മായ വിവിധ സത്യങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നത് ഈ സഭക ളിലാണ്. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങ ളുടെ പശ്ചാത്തലത്തിൽ വെറുതെ ജന്മംകൊള്ളുന്ന ഒരു യാഥാർത്ഥ്യ മല്ല സാർവ്വത്രികസഭയെന്നത്. ഇത് ശരിയായ ഒരു സംയോജന ത്തിന്റെ, സംസർഗ്ഗത്തിന്റെ പരിണതഫലമാണ്. വിശ്വാസത്തിന്റെ ശരിയായ പ്രഘോഷണവും അതിന് മനുഷ്യൻ നല്കുന്ന പ്രത്യു ത്തരവും ഇതിനു നിദാനമായിരിക്കുന്നു. ഈ മൗലികസ്വഭാവമുള്ള എല്ലാ സമൂഹങ്ങൾക്കും ഒരു ശ്ലൈഹിക സ്വഭാവം അടിസ്ഥാനപര

മാണ്. മിശിഹായും സഭാപിതാവായ പ്രസ്തുത ശ്ലീഹായും തമ്മിലുള്ള ദൃഢവും, നേരിട്ടുള്ളതുമായ സജീവബന്ധമാണ് ഇതിന്റെ സുപ്രധാനഘടകം. ശ്ലൈഹികപൈതൃകത്തോട് സഭയ്ക്കുള്ള ഈ ചരിത്രപരവും ദൈവശാസ്ത്രപരവുമായ ഐക്യമാണ് സഭയുടെ വ്യക്തിത്വത്തിനു നിദാനം. ഈ ശ്ലൈഹിക തുടർച്ചയുടെ പശ്ചാത്തലത്തിൽ ഓരോ പ്രാദേശിക സമൂഹവും കൃതജ്ഞതാസ്തോത്ര പ്രകടനത്തിന് പരിശുദ്ധ റൂഹായാൽ പ്രത്യേകം ഒരുമിച്ചുചേർക്കപ്പെട്ടു. ഇത്തരം സഭാസമൂഹങ്ങളിലാണ് യഥാർത്ഥമായ സഭയുടെ സാർവ്വത്രികമാനം സുവ്യക്തമായി വെളിപ്പെടുത്തപ്പെടുന്നത്. "പ്രാദേശികസഭകളിലും, പ്രാദേശികസഭകളിൽനിന്നുമാണ് ഏകവും ഏകീയവുമായ കത്തോലിക്കാ തിരുസ്സഭ രൂപം പ്രാപിക്കുന്നത്" (തിരുസ്സഭ 23). "വൈവിധ്യത്തിലെ ഏകത്വ"ത്തെ വിവരിച്ചുകൊണ്ടു മാത്രമേ കൂട്ടായ്മയുടെ സഭാശാസ്ത്രത്തെപ്പറ്റി നമുക്കു ചിന്തിക്കാനാവൂ. "ദൈവപരിപാലനയുടെ രൂപീകരണംവഴി ശ്ലീഹന്മാരും, അനന്തരഗാമികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച വിവിധ സഭകൾ കാലക്രമത്തിൽ സജീവമായ ഐക്യത്തിൽ വർത്തിക്കാൻ തുടങ്ങി. പിന്നീടും പല പല സമൂഹങ്ങളുമായി അവ യോജിച്ചു. വിശ്വാസൈക്യവും, സാർവ്വത്രികസഭയുടെ ദൈവികമായ ഘടനാവിശേഷവും നിലനിർത്തിക്കൊണ്ടുപോകുന്ന പ്രസ്തുത സഭാസമൂഹങ്ങൾ സ്വന്തമായ ശിക്ഷണക്രമത്താലും, ആരാധനാശൈലിയാലും ദൈവശാസ്ത്രപരവും, ആദ്ധ്യാത്മികവുമായ പിതൃധനത്താലും അലംകൃതങ്ങളത്രെ. കൗദാശികജീവിതം, ഇരുകൂട്ടരുടെയും അവകാശങ്ങളെയും കർത്തവ്യങ്ങളെയും സംബന്ധിച്ച പരസ്പരബഹുമാനം എന്നിവയിൽ ഉപവിയിലുള്ള ദൃഢബന്ധത്തിലൂടെ ഈ പ്രാദേശികസഭകളിൽ നിലനില്ക്കുന്ന ഏകോന്മുഖമായ വൈവിധ്യം അവിഭക്തയായ തിരുസ്സഭയുടെ കാതോലികസ്വഭാവത്തിനു പ്രകടമായ തെളിവാണ് (തിരുസ്സഭ 23). "കിഴക്കും പടിഞ്ഞാറുമുള്ള പ്രാദേശികസഭകൾ തമ്മിൽ റീത്തിന്റെ കാര്യത്തിൽ – ആരാധനക്രമം, സഭാശിക്ഷണം ആദ്ധ്യാത്മിക പിതൃസമ്പത്ത് എന്നിവയിൽ – കുറെയെല്ലാം വ്യത്യസ്തമെങ്കിലും മാർപ്പാപ്പായുടെ അജപാലനത്തിന് ഇവ തുല്യരീതിയിൽ ഏല്പിക്കപ്പെട്ടവയാണ്... എല്ലാ സഭകൾക്കും തുല്യ പദവിയാണുള്ളത്. റീത്തിന്റെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല" (പൗരസ്ത്യസഭകൾ 3).

സഭാകൂട്ടായ്മയുടെ സുപ്രധാന ഘടകങ്ങൾ കൗൺസിൽ വീണ്ടും എടുത്തുപറയുന്നു: പരിശുദ്ധകത്തോലിക്കാ സഭ മിശിഹായുടെ മൗതികശരീരമാണ്. ഇതിൽ ഉൾപ്പെടുന്നവർക്ക് വിശ്വാസം ഒന്ന്, കൂദാശകൾ ഒന്ന്, ഭരണരീതിയും ഒന്ന്. ഇവവഴി വിശ്വാസികൾ

പരി. റൂഹായിൽ സജീവമായി സംയോജിക്കപ്പെട്ടിരിക്കുന്നു. വിശ്വാസികൾ വിവിധ സമൂഹങ്ങളായി, ഹയരാർക്കിയുടെ കീഴിൽ പ്രാദേശികസഭകൾ അല്ലെങ്കിൽ റീത്തുകളായി സമ്മേളിച്ചിരിക്കുന്നു; ഈ സഭകൾ തമ്മിൽ പ്രശംസനീയമായ ബന്ധം പുലർത്തുന്നുണ്ട്. അതിനാൽ വിവിധത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്. വിവിധങ്ങളായ സ്ഥലകാല മാർഗ്ഗങ്ങൾക്കനുസൃതമായി ജീവിതത്തെ ക്രമവൽക്കരിച്ചുകൊണ്ട് ഓരോ പ്രാദേശികസഭയുടേയും പാരമ്പര്യങ്ങളെ അഭംഗമായും, പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് തിരുസ്സഭയുടെ ലക്ഷ്യം" (പൗരസ്ത്യസഭകൾ 2). ഈ പ്രത്യേകതകളാണ് സഭയെ സാർവ്വത്രികമാക്കുന്നതും. അനവധി പ്രാദേശികസഭകൾ അടങ്ങിയതാണ് കിഴക്കൻ സഭ. ഇവയിൽ പേട്രിയാർക്കൽ സഭകൾ പ്രഥമ സ്ഥാനമർഹിക്കുന്നു. ശ്ലീഹന്മാരിൽനിന്നുതന്ന അസ്തിത്വം സ്വീകരിച്ചെന്ന് അഭിമാനം കൊള്ളുന്ന സഭകൾ ഇവയിൽ വിരളമാണ്. സഹോദരികളെന്ന നിലയ്ക്ക് പ്രാദേശികസഭകളിൽ നിലവിലിരിക്കുന്ന പൊതുവായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബന്ധം സംരക്ഷിച്ചുകൊണ്ടുപോകണമെന്നുള്ളതിലായിരുന്നു കിഴക്കൻ സഭകളുടെ പ്രധാന ശ്രദ്ധയും താല്പര്യവും. ഇപ്പോഴും ഈ സ്ഥിതിക്ക് മാറ്റമില്ല (എക്യുമെനിസം, 14).

നാനാത്വത്തിലെ ഏകത്വത്തിന്റെ വെളിച്ചത്തിൽ കൗൺസിൽ വിഭാവനം ചെയ്യുന്ന സഭൈക്യവും, കൂട്ടായ്മയും പ്രധാനമായി ഇത്തരം ശ്ലൈഹികസഭകളുടെ, വ്യക്തിസഭകളുടെ, സഹോദരി സഭകളുടെ കൂട്ടായ്മയാണ്. കൗൺസിൽ വിവക്ഷിക്കുന്ന കൂട്ടായ്മയുടെ ആന്തരികാർത്ഥവും ഇതുതന്നെ. സഭയുടെ സാർവ്വത്രികതപോലും പ്രസ്പഷ്ടമാകുന്നതിനും ഇത്തരം സഭകളിലൂടെ മാത്രമത്രേ. ഇത്രം ശ്ലൈഹികസഭകളുടെ യഥാവിധിയുള്ള ഐക്യം വഴിയായി ത്രിത്വൈക ഐക്യവും നാനാത്വവുമാണ് പ്രകടമാവുക. ഈ പശ്ചാത്തലത്തിലാണ് വിവിധ റീത്തുകളുടെ വൈവിധ്യത്തെക്കുറിച്ചും അവയുടെ സമാനഭാവത്തെക്കുറിച്ചും, ആരാധനാക്രമത്തെയും, അച്ചടക്കത്തെയും പറ്റിയുള്ള കൗൺസിലിന്റെ ധീരമായ പ്രസ്താവനകൾ നാം മനസ്സിലാക്കേണ്ടത്. അങ്ങനെ കൗൺസിലിന്റെ ദൈവശാസ്ത്രപരമായ കേന്ദ്രബിന്ദുവായ തിരുസ്സഭ ഇത്തരം വിവിധ ശ്ലൈഹികസഭകളുടെ കൂട്ടായ്മയാണെന്ന ബോധ്യത്തിലേക്കു നാം വന്നെത്തുന്നു.

### 5. കൂട്ടായ്മ-നിഷ്പത്തിയും വിവിധ അർത്ഥങ്ങളും

കൂട്ടായ്മ എന്ന വാക്ക് 'Communio' എന്ന ലത്തീൻ വാക്കിന്റെ

വിവർത്തനമാണ്, ഇതാകട്ടെ 'Com-munis' എന്ന വാക്കിൽനിന്ന് നിഷ്പന്നവുമാണ്. ഇത് ഒന്നുകിൽ പ്രതിരോധിക്കുക എന്നർത്ഥമുള്ള 'Cum Moenus' ൽ നിന്നോ പൊതു ഉത്തരവാദിത്വം എന്ന അർത്ഥം ദ്യോതിപ്പിക്കുന്ന 'Cum Munus' ൽ നിന്നോ ആവാം. മറ്റൊരു സാധ്യത കൂടിയുണ്ട്; മാധ്യമം എന്ന അർത്ഥം ദ്യോതിപ്പിക്കുന്ന 'Communicatio' അഥവാ 'Cum Unio' "പൊതുവായ പങ്കുവയ്ക്കൽ" എന്നർത്ഥമാക്കുന്ന വാക്കിൽനിന്നോ ആകാം. ഗ്രീക്കിൽ ഇതിനു സമാനമായ 'Koinonia' പദം എന്നതാകുന്നു. ഇതുത്ഭവിക്കുന്നതാകട്ടെ പൊതുവായത് എന്ന അർത്ഥം ദ്യോതിപ്പിക്കുന്ന 'Koinos' ൽ നിന്നാണ്. ഇത്, 'പ്രത്യേക,' 'പ്രസ്തുത' എന്നർത്ഥമുള്ള idios" എന്നതിന്റെ വിപരീതമായ പ്രയോഗമാണ്. ഇതിന്റെ ക്രിയാവിശേഷം 'ഒരുമിച്ചു ചേർത്തു വയ്ക്കുക' എന്നർത്ഥം വരുന്ന "Koinoo"വാണ്. ഇതിന്റെ നാമരൂപം പൊതുഉത്തരവാദിത്വം, പങ്കുവെയ്ക്കൽ എന്നൊക്കെയാണ്. സെമിറ്റിക് പശ്ചാത്തലത്തിൽ ഇത്, ഒന്നായിരിക്കുന്ന അവസ്ഥ, സമൂഹം എന്നൊക്കെ അർത്ഥം ധ്വനിപ്പിക്കുന്ന "Yahad"എന്ന പദമാണ്...[33] തത്തുല്യമായ സുറിയാനി-ശവ്ത്താപ്പൂസ-എന്ന പദവും.

**കൂട്ടായ്മ എന്ന ആശയം എന്തുകൊണ്ട്?**

i. സഭ ഒരു കൂട്ടായ്മ എന്നത് സഭ ഒരു സ്ഥാപനം എന്ന ചിന്താഗതിയെക്കാൾ മേന്മയേറിയതാണ്. കൂട്ടായ്മയുടെ ഈ ചിന്താഗതിയാകട്ടെ ദൈവശാസ്ത്രപരമായി ആഴമുള്ളതും, ആദ്ധ്യാത്മികവും, സജീവവും, സ്വയം പ്രേരിതവുമാണ്; എന്നാൽ സ്ഥാപനമാകട്ടെ, ചലനമില്ലാത്തതാണ്.

ii. ആദ്യസഹസ്രാബ്ദത്തിലെ സഭാവിജ്ഞാനീയത്തിലെ കേന്ദ്രസ്ഥിത ചിന്തതന്നെ കൂട്ടായ്മയായിരുന്നു. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും പൊതുവായ ഒരു കാര്യമായിരുന്നു ഇത്. തെർത്തുല്യൻ, അഫ്രാട്ടസ്, സിപ്രിയാൻ തുടങ്ങിയവർ ഇക്കാര്യം സമർത്ഥിക്കുന്നുണ്ട്.

iii. സഭയുടെ ശ്ലൈഹിക സ്വഭാവം (പല ശ്ലീഹന്മാർ സ്ഥാപിച്ച പല സഭകൾ) മൂലം കൂട്ടായ്മയുടെ ചിന്താഗതി സഭാത്മക ബഹുത്വത്തെയും ഒരു പരിധിവരെ അനുകൂലിച്ചു പോന്നു.

iv. സഭൈക്യത്തിന്റെ കാഴ്ചപ്പാടിലും 'കൂട്ടായ്മ മനോഭാവം' പ്രൊട്ടസ്റ്റന്റുകാർക്കും, ഓർത്തഡോക്സുകാർക്കും, കേന്ദ്രവിഷയം തന്നെയായിരുന്നു. ഇവിടെയാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ രണ്ടാമത്തെ ലക്ഷ്യത്തെക്കുറിച്ച് നാം അറിയുക-പുനരൈക്യം.

v. കൂട്ടായ്മ ചിന്താഗതി ഇതോടൊപ്പം തന്നെ ബൈബിളധിഷ്ഠിതമായ ശൂന്യവത്ക്കരണവും ഉൾക്കൊള്ളുന്നു. ഇതാകട്ടെ സഭ ഒരു സമൂഹം എന്നതിൽ നിന്നുളവാകുന്ന സാധാരണ പോരായ്മകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. ഇതു മറ്റൊന്നുകൂടി വ്യക്തമാക്കുന്നുണ്ട്. സഭാവിജ്ഞാനീയത്തിൽ നമുക്ക് ആവശ്യമായിരിക്കുന്നത് സഭയെക്കുറിച്ചുള്ള പത്രോസിന്റെ കാഴ്ചപ്പാട് മാത്രമല്ല; തോമായുടെയും പൗലോസിന്റെയും കാഴ്ചപ്പാടുകളും (വിവിധ സഭകളുടെ) 'ലൂക്കായുടെ വഴി' എന്ന ചിന്താഗതിയും, യോഹന്നാന്റെ പന്തക്കുസ്തായുടെ മനോഭാവവും ബൈബിളധിഷ്ഠിതമായ മറ്റു ചിന്താഗതികളുമാണ്.

vi. കൂട്ടായ്മയുടെ ചിന്താഗതി ഓരോ സഭയുടെയും നിയമസാധുതയും, സ്വതന്ത്രതാബോധവും സ്വയം നിൽക്കാനുള്ള സ്വഭാവവും വ്യക്തമാക്കുന്നുണ്ട്. ഇവിടെ ദാനങ്ങളിലെ വൈവിധ്യത്തെക്കുറിച്ച് നമുക്ക് ബോധ്യമുണ്ടാകും. ഒപ്പം പൗരോഹിത്യ വാദത്തേയും, എലിറ്റിസത്തേയും നിഷേധിക്കുകയും ചെയ്യും.

vii. ആനുകാലിക മനുഷ്യനെപ്പറ്റിയുള്ള സജീവവും വേദനാജനകവുമായ അന്വേഷണവും, കൂട്ടായ്മയോടൊപ്പം പോരുന്ന ഒരു തത്വമാണ്. ഇത് ഇക്കാലയളവിലെ ഒരു ഭൗതിക നീക്കം തന്നെയായിരുന്നു താനും. വെറുതെ ഒരു മാനസിക പ്രതിഭാസം മാത്രമാകാതെ, ആന്തരിക മനുഷ്യനെപ്പോലും സ്വാധീനിക്കുന്ന ഒരു അടിസ്ഥാന തത്വമായിരുന്നു.

### 6. സഭാ വിജ്ഞാനീയത്തിൽ കൂട്ടായ്മയുടെ സവിശേഷതകൾ

i. കൂട്ടായ്മ എന്നത് ദൈവത്തിന്റെ വലിയ ഒരു ദാനമാണ്. റൂഹാ തന്നെയെന്നും ഇതിനെ പലപ്പോഴും നാമകരണം ചെയ്യാറുണ്ട്. ദൈവത്തെ 'ആബാ, പിതാവേ' എന്നു വിളിക്കാൻ നമ്മെ സഹായിക്കുന്ന ഒരു പുതിയ ബന്ധം സൃഷ്ടിക്കുന്നത് റൂഹായാണ് (റോമ 8:15; ഗലാ 4:6).

ii. ഇതിന്റെ രണ്ടാമത്തെ ഘടകം ബന്ധങ്ങളുടെ അടുപ്പവും സൗഹൃദവുമാണ്. ഇത് വ്യക്തികൾ തമ്മിലുള്ളതും സാമൂഹ്യവും ആകുന്നു.

iii. സഭാവിജ്ഞാനീയത്തിൽ കൂട്ടായ്മ എന്ന വളരെ അടിസ്ഥാനപരമായ ഒരു വിഷയം തന്നെയത്രേ. ഇതിന് ബാഹ്യവും ആന്തരികവുമായ അർത്ഥ വ്യാപ്തികൾ ഉണ്ട്.

iv. സഭാവിജ്ഞാനീയത്തിൽ കൂട്ടായ്മ സഭാത്മക ഐക്യത്തിന്റെ നിരന്തരമായ ഒരു രൂപമാണ്.

v. ദൈവശാസ്ത്രത്തിൽ ദൈവവും മനുഷ്യനും തമ്മിൽ വ്യക്തി പരമായ ഒരു ബന്ധം സാധ്യമാക്കിയെടുക്കുന്ന ഒരു യാഥാർത്ഥ്യ മാണ് കൂട്ടായ്മ.

vi. ഘടനാപരവും, സൃഷ്ടിപരവും, വ്യാഖ്യാനപരവുമായ തത്വ മായും ഇത് അറിയപ്പെടുന്നു. 'ഘടനാപരം' എന്നറിയപ്പെടാൻ: ഈ കൂട്ടായ്മയുടെ നിരന്തര സംരക്ഷണത്തിനും, നിലനിൽപ്പിനും, ഒരു നൈയാമിക രൂപം ആവശ്യമാണ്; ഇത് സൃഷ്ടിപരമാകുന്നത് മിശി ഹായുടെ ശരീരത്തിന്റെ നിർമ്മിതിയിലാകകൊണ്ടത്രേ. 'വ്യാഖ്യാ നപരമാകുന്നത്' ഇതിനെ വിവിധ ദൈവശാസ്ത്രങ്ങളുടെ വ്യാഖ്യാ നത്തിനുള്ള ഒരു ഉപകരണം ആക്കാവുന്നതുകൊണ്ടാണ്.

vii. അനുനിമിഷം ജീവിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യേണ്ട ഒരു യഥാർത്ഥ്യമാണിത്. ഇത് അചഞ്ചലമോ, സമ്പൂർണ്ണമോ ആയ ഒന്നല്ല; അതായത് കൂട്ടായ്മയെക്കുറിച്ചുള്ള നമ്മുടെ വിലമതിക്കലും (വിലയിരുത്തലും) സ്വായത്തമാക്കലുമൊക്കെ ആപേക്ഷികവും താത്ക്കാലികവുമാണ്.

viii. കൂട്ടായ്മ എന്നത് ഐക്യരൂപത്തിന്റെയോ, ഏകാത്മകതയു ടെയോ അവ്യക്തമായ ഒരു നിർണ്ണയം അല്ല; എന്നാൽ ആന്തരിക വ്യക്തിത്വത്തിന്റെയും, രഹസ്യാത്മകതയുടേയും യാഥാർത്ഥ്യമാണ്.

ix. മിശിഹായും റൂഹായും തമ്മിലുള്ള കൂട്ടായ്മയെന്നത് അടി സ്ഥാനപരമായ ഒരു സ്വഭാവവും, സത്തയും തന്നെയാണ്. ഇതു തന്നെ ദൈവികരണത്തോടുകൂടി സാവധാനം പുരോഗമിച്ചു കൊണ്ടിമിരിക്കുന്നു.

x. ഏറ്റം ആഴമാർന്ന അർത്ഥത്തിൽ കൂട്ടായ്മയുടെ സഭാവിജ്ഞാ നീയമെന്നത് ത്രിത്വൈകമാകുന്ന ഒരു മനുഷ്യവിജ്ഞാനീയം തന്നെ യാണ്. ഇവിടെ ദൈവം ത്രിത്വമാണെന്ന ബോധ്യത്തിലേയ്ക്കു വരു ന്നു.

xi.പൊതുവിൽ കൂട്ടായ്മ എന്നു പറഞ്ഞാൽ "ത്രിത്വൈക വത്കരണ"പ്രക്രിയയിലായിരിക്കുന്ന മനുഷ്യവംശമെന്നും, രൂപാ ന്തരീകരണം പ്രാപിച്ചു വരുന്ന ലോകം എന്നുമാണർത്ഥം. ദൈവ ശാസ്ത്രത്തിൽ ഇതറിയപ്പെടുക ദൈവത്തിന്റെ ഛായയിലേയ്ക്കും സാദൃശ്യത്തിലേയ്ക്കുമുള്ള നീക്കമെന്നാണ്.

xii. കൂട്ടായ്മയുടെ സഭാവിജ്ഞാനീയം വിശുദ്ധകുർബാനയില ധിഷ്ഠിതമാണ്. വി. കുർബാനയാണ് സഭയെ നിർമ്മിക്കുന്നതു തന്നെ.

xiii. ശുശ്രൂഷകളിലൂടെ ശ്ലീഹന്മാരിൽ നിന്നും സ്വീകരിച്ചിരുന്ന ഒരേ വിശ്വാസം ഏറ്റുപറയുന്നതിൽ ഐക്യപ്പെട്ടിരിക്കുന്ന, ഒന്നായിരിക്കുന്ന സമൂഹത്തെയും ഈ കൂട്ടായ്മ അർത്ഥമാക്കുന്നു.

xiv. സഭാത്മക ഐക്യത്തിന് പ്രധാനമായും 2 മാനങ്ങളുണ്ട്; ഐക്യത്തിലായിരിക്കുന്ന സഭകൾ തമ്മിലുള്ള കൂട്ടായ്മയും, ഐക്യസഭകൾക്ക് അകത്തോലിക്കാ സഭകളുമായുള്ള കൂട്ടായ്മയും. ആന്തരിക കൂട്ടായ്മയ്ക്കുതന്നെ ത്രിവിധ മാനങ്ങൾ കൂടിയുണ്ട്.

a. ഒരേ വിശ്വാസമുള്ള രണ്ടു സഭകൾ തമ്മിലുള്ള ബന്ധം.

b. വിവിധ വിശ്വാസമുള്ള രണ്ടു സഭകൾ തമ്മിലുള്ള ബന്ധം.

c. വിവിധ സഭകളിൽ വി. കുർബാനയോടുള്ള സമീപനം.

xv. നൈയാമികവും അവ്യക്തവുമായ ഒരു രീതിയിലെന്നതിലുപരി അസ്തിത്വപരവും, സത്താപരവുമായ ഒരു വീക്ഷണത്തിലാണ് കൂട്ടായ്മയുടെ സഭാവിജ്ഞാനീയം ദർശിതമാകുക. കൂട്ടായ്മ ദൈവികവും, മാനുഷികവും, അനശ്വരവും, താത്ക്കാലികവും, കൗദാശികവും, ദൃശ്യവും, സത്താപരവും, ഘടനാപരവും, ചരിത്രപരവും, യുഗാന്ത്യോന്മുഖവും, ലംബമാനവും, സാമൂഹ്യമാനവും, സംഭവ്യമായതും സംഭവിക്കാനിരിക്കുന്നതുമൊക്കെയാണ്.

### 7. കൂട്ടായ്മയുടെ വസ്തുനിഷ്ഠമായ സാരാംശം

കൂട്ടായ്മ പ്രധാനമായും രണ്ട് മാനങ്ങൾ ഉൾക്കൊള്ളുന്നു:

i. പ്രാഥമികം-സത്താപരം- (Vertical)

ii. ആപേക്ഷികം-സാമൂഹ്യമാനം- (Horizontal)

*പ്രാഥമികം:* പ്രാഥമികാർത്ഥത്തിൽ കൂട്ടായ്മയെന്നാൽ റൂഹായിൽ മിശിഹാ നേടിത്തന്ന രക്ഷയിലുള്ള പങ്കുകൊള്ളൽ എന്നർത്ഥം. സഭയെന്നാൽത്തന്നെ രക്ഷയുടെ സമൂഹം, "രക്ഷയുടെ കൂദാശ," എന്നാണ്. ദൈവത്തിന്റെ കൂദാശയായിട്ടാണ് ഈശോ അറിയപ്പെടുന്നത്. അവനിലാണ് ദൈവസ്വഭാവം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. അങ്ങനെ സഭ ഈശോയുടെ കൗദാശികത്വത്തിന്റെ കൂദാശയായി ഭവിക്കുന്നു. മിശിഹായുടെ കൗദാശികത്വത്തിന് പകരം നിൽക്കുകയല്ല സഭ; ഉപരി അവൾതന്നെ ഒരു കൂദാശയായി നിലകൊള്ളുകയാണ്. (അദൃശ്യമായ കൃപയെ ദ്യോതിപ്പിക്കുന്ന ദൃശ്യമായ ഒരടയാളം). ഇതിന്റെ അർത്ഥം സഭയുടെ കൗദാശികത്വത്തിനു മുമ്പുതന്നെ മിശിഹായുടെ കൗദാശികത്വം ഉണ്ടായിരുന്നുവെന്നാണ്. അതുകൊണ്ടാണ് മിശിഹായെ ഉറവിടം എന്നു വിളിക്കുന്നത്. സഭ അറിയപ്പെടുന്നത് പൊതുകൂദാശയെന്നുമാണ്. സഭയുടെ കൗദാ

ശികഭാവം കൂടുതലായി നിഴലിച്ചു കാണുക, "ജനതകളുടെ പ്രകാശം" 1,9,47, നമ്പറുകളിലും സഭ ആധുനികലോകത്തിൽ എന്ന പ്രമാണ രേഖയിലുമാണ്. സഭയ്ക്ക് ഈ കൗദാശികത്വം ഉള്ളതു കൊണ്ട്, സഭയുടെ വിശ്വാസത്തിന്റെ ഭണ്ഡാഗാരം അവൾ രക്ഷയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്. അങ്ങനെ കൂട്ടായ്മ അതിന്റെ പ്രാഥമികാർത്ഥത്തിൽ മിശിഹായോടൊത്തുള്ള വിശ്വാസികളുടെ സമൂഹമെന്നും, ദൈവിക കാര്യങ്ങളുടെ കൂട്ടായ്മയെന്നുമാണ് മനസ്സിലാക്കുക. 1 കോറി 10:16 ൽ പ്രതിപാദിച്ചു കാണുന്ന പാനപാത്രവും, നാം മുറിക്കുന്ന അപ്പവും, മിശിഹായുടെ ശരീരത്തിലും, രക്തത്തിലും പങ്കുചേരാനുള്ള രണ്ടു വഴികളാണ്. ബൈബിളിലുടനീളം ഈ കൂട്ടായ്മയെന്നത് പിതാവിനോടും, പുത്രനോടും, റൂഹായോടും, തദ്വാര വി. കുർബാനയോടുമുള്ള കൂട്ടായ്മതന്നെയാണ്. 1 യോഹ 1:3 ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടുത്തെ പുത്രനായ മിശിഹായോടുമാണ്. മിശിഹായിലാണ് റൂഹായോടുള്ള നമ്മുടെ കൂട്ടായ്മ നാം പങ്കുവയ്ക്കുന്നത്. 2 കോറി 13:14; കൂട്ടായ്മയെന്നത് സമൂഹത്തിലെ ഇതരാംഗങ്ങളായി രക്ഷാകരരഹസ്യങ്ങളുടെ പങ്കുവയ്ക്കലാണ്. മറ്റുള്ളവരുമായി തനിക്കുള്ള ഒരു യാഥാർത്ഥ്യത്തിന്റെ പങ്കുവയ്ക്കൽ-അതായത് ഒരു ശരീരം, ഒരു വിശ്വാസം, ഒരു മാമ്മോദീസാ, ഒരു വി. കുർബാന ഏകപ്രതീക്ഷ- പൗലോസിന്റെ ഒരു പ്രത്യേക ശൈലിയാണിത്. സഭയെ കൂട്ടായ്മയെന്നു നാം വിളിക്കുമ്പോൾ, കൂട്ടായ്മയുടെ വസ്തുനിഷ്ഠമായ ഇത്തരം ഘടകങ്ങളിലേക്കു കൂടിയാണ് നാം പ്രവേശിക്കുക.

*വി.കുർബാന:* കർത്താവിന്റെ ശരീരവുമായുള്ള കൂട്ടായ്മ എന്നു പറഞ്ഞാൽ ഉത്ഥിതനായ കർത്താവിന്റെ ശരീരവുമായുള്ള ഐക്യം എന്നർത്ഥം. ഇവിടെയാണ്, മഹത്ത്വീകരണത്തിന്റെയും, മനുഷ്യാവതാരത്തിന്റെയും, കൂട്ടായ്മ നാം ദർശിക്കുക. ദൈവശാസ്ത്രജ്ഞന്മാർ ഇതിനെ ഉടമ്പടിയുടെ ശരീരം എന്നു പറയുന്നു. സഭാത്മക അസ്തിത്വത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞാൽ ദൈവത്തിന്റെ മിശിഹായുമായുള്ള കൂട്ടായ്മയുടെ രഹസ്യത്തിലേക്കു പ്രവേശിക്കുക എന്നാണർത്ഥം. ആകയാൽ ദൈവത്തിന്റെ സഭയെന്നത് ദൈവത്തിലും ദൈവത്തോടുകൂടിയുള്ള ഒരു തികഞ്ഞ കൂട്ടായ്മയാണ്. ദൈവജനം ഈ ഐക്യത്തിലേക്കു പ്രവേശിക്കുന്നത് കൂട്ടായ്മയുടെ 'ഉറവിടങ്ങൾ' തന്നെയായ കൂദാശകളിലൂടെയത്രേ. 'പൗരസ്ത്യസഭകളെ'ക്കുറിച്ചുള്ള പ്രമാണരേഖ അധിഷ്ഠിതമാക്കുന്ന 2-ാമത്തെ കാര്യമിതാണ്. വി. കുർബാന എല്ലാ രക്ഷാകരരഹസ്യത്തെയും പ്രതീകാത്മകമായി ചിത്രീകരിക്കുന്നു.

കൂട്ടായ്മയുടെ ഹയരാർക്കിക്കൽ ഘടകം എപ്പോഴും ശ്ലൈഹിക

സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. "ഓരോ സഭയ്ക്കും അതിന്റേതായ ശ്ലൈഹിക സ്വഭാവവും, സത്തയും സ്വന്തമായിട്ടുണ്ടെന്ന്" പൗരസ്ത്യസഭകളെ സംബന്ധിച്ച ഡിക്രിയിൽ പ്രതിപാദിച്ചു കാണുന്നു.

**8. കൂട്ടായ്മ – ആപേക്ഷികമായ ചിന്താഗതി**

ആപേക്ഷികാർത്ഥത്തിൽ കൂട്ടായ്മ എന്നു പറഞ്ഞാൽ സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയുടെ തീവ്രതയെയാണ് സൂചിതമാക്കുക. ലംബമാനമുള്ള കൂട്ടായ്മ നമ്മെ ആപേക്ഷിക മനോഭാവത്തിലേക്കു നയിക്കും. ഇത് കൂട്ടായ്മയുടെ ദൃശ്യമായ ഒരു അടയാളവുമാണ്. കൂട്ടായ്മയുടെ പ്രാഥമിക ഘടകത്തിന്റെ ഫലമാണ് ആപേക്ഷികമായ കൂട്ടായ്മയെക്കുറിച്ചുള്ള മനോഭാവം. ലംബമാനത്തിലുള്ള കൂട്ടായ്മ സാമൂഹ്യമാനമുള്ള കൂട്ടായ്മയുടെ ആദ്യപടിയാണ്. വി.ഗ്രന്ഥത്തിൽ ഈ ആപേക്ഷിക കൂട്ടായ്മയെ പരസ്പര ഐക്യമെന്ന്; അതായത്, പരസ്പരം ക്ഷമിക്കൽ, അനുരഞ്ജനം, പ്രാർത്ഥന, ശുശ്രൂഷ, സ്നേഹം, ഉപവിപ്രവൃത്തികൾ എന്നൊക്കെയും വിളിക്കുന്നു. കൗൺസിൽ പ്രമാണരേഖകളിലൊക്കെയും ഇത്തരം വസ്തുനിഷ്ഠമായ ഘടകങ്ങൾക്കാണ് ഊന്നൽ കൊടുത്തുകാണുന്നത്.

**9. കൂട്ടായ്മയുടെ സാക്ഷാത്ക്കരണം മൂന്നു തലങ്ങളിൽ.**

i. ആദ്യഘട്ടത്തിൽതന്നെ സഭാത്മകകൂട്ടായ്മ യാഥാർത്ഥ്യവത്ക്കരിക്കപ്പെടുന്നത് വിവിധ തലങ്ങളിലായാണ്; ആദ്ധ്യാത്മികം, അദൃശ്യം, ദൃശ്യം, വിശ്വാസികളുടെ ജീവിതം പിതാവിനും, പുത്രനും, പരിശുദ്ധ റൂഹായ്ക്കും സമർപ്പിക്കുന്ന ഒരു പ്രത്യേക അവസ്ഥാവിശേഷമാണിത്. യഥാർത്ഥത്തിൽ റൂഹായാണ് ഇത്തരത്തിൽ ഒരു കൂട്ടായ്മയ്ക്ക് കളമൊരുക്കുന്നത്. ആകയാൽ ഇത് തികച്ചും ആദ്ധ്യാത്മികമാണ്. ദൈവവുമായുള്ള ഒരു കൂട്ടായ്മയാകയാൽ ഇത് നിയതവും, അദൃശ്യവുമാണ്. സത്താപരമെന്നും ഇതറിയപ്പെടുന്നു.

ii. രണ്ടാമതായി, സഭാത്മക കൂട്ടായ്മ സമൂഹത്തിലാണ് സാക്ഷാത്ക്കരിക്കപ്പെടുക. ഈ സാമൂഹികമാനത്തിൽ ജനങ്ങൾ വിശ്വാസത്തിലും, കൂദാശയിലും, തലവനായ മെത്രാനിലും പരസ്പരം ബന്ധിതരായിരിക്കുന്നു.

iii. മൂന്നാമതായി സഭാനിയമപരവും, നൈയാമികവുമായ കൂട്ടായ്മയാണ്. ഇവിടെയാണ് മേല്പറഞ്ഞ സമൂഹങ്ങൾ സംഘടിതമാവുക. സമൂഹങ്ങൾ തമ്മിലുള്ള കൂട്ടായ്മ ദൃശ്യമായി കാത്തുകൊ

ണ്ടുപോകുവാൻ അതാവശ്യമാണ്. എന്നുവെച്ചാൽ, നൈയാമികസ മൂഹം സത്താപരമായ ഐക്യം സംരക്ഷിക്കേണ്ടതാണ്. അതായ ത്, കത്തോലിക്കാ ദൈവശാസ്ത്രത്തിൽ റോമാസഭയുമായുള്ള ഹയ രാർക്കിക്കൽ കൂട്ടായ്മ ആവശ്യമാണ്. ഈ ഐക്യം സംരക്ഷിതമാ കാത്ത സമൂഹങ്ങളൊക്കെ വേർപിരിഞ്ഞ സമൂഹങ്ങളാകുന്നു. റോമാ യിലെ മെത്രാനും, വേർതിരിഞ്ഞ സഭകളും തമ്മിൽ ഹയരാർക്കി ക്കൽ ഐക്യവും ഇല്ല. എന്നാൽ ഇവിടെത്തന്നെ യഥാർത്ഥവും അപൂർണ്ണവുമായ ഒരു പ്രത്യേക ഐക്യം ദൃശ്യവുമാണ്.

## 10. സഭാകൂട്ടായ്മ – നിഖ്യാസൂനഹദോസിനുമുമ്പ്

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ സാർവ്വത്രികസഭയെന്നത് സ്വഭാ വത്താൽ സ്വതന്ത്രമായിരിക്കുന്ന സഹോദരീസഭകളുടെ കൂട്ടായ്മ യാണെന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ ഇത്തരം സഭകളുടെയിട യിലെ കൂട്ടായ്മ സംരക്ഷിക്കപ്പെട്ടുപോന്നതാവട്ടെ വി. കുർബാന യുടെ ആഘോഷത്തിലും, സൂനഹദോസുകൾ വിളിച്ചുകൂട്ടുന്നതി ലൂടെയും, മെത്രാഭിഷേകചടങ്ങിൽ ഒന്നിൽ കൂടുതൽ മെത്രാന്മാർ സന്നിഹിതരാകുക വഴിയും, മെത്രാന്മാരുടെ സന്ദർശനങ്ങളിലൂടെ യും, ഇടയലേഖനങ്ങളിലൂടെയും, മാർപ്പാപ്പായുടേയും, ചക്രവർത്തി യുടേയും ഇടപെടലുകളിലൂടെയുമാണ്. ഇതാകട്ടെ സഭകൾ തമ്മി ലുള്ള ശരിയായ ബന്ധമേ ആകുന്നുള്ളൂ; ഇന്നും നമ്മൾ പറയുന്ന തരത്തിലുള്ള കൂട്ടായ്മയാകണമെന്നില്ല. ഈ രംഗത്ത് ആഴത്തിൽ പഠനം നടത്തിയ രണ്ടു ദൈവശാസ്ത്രജ്ഞന്മാർ ജെ. പ്ലംബസ്-ഉം, കെ ഡെൽഹായുമാണ്.

സഭകൾ തമ്മിലുള്ള കൂട്ടായ്മയുടെ രണ്ടാമത്തെ പടിയായി കൂട്ടാ യ്മയെ റോമൻ, അലക്സാണ്ഡ്രിയൻ, അന്തിയോക്യൻ, കാൽഡി യൻ തുടങ്ങിയ സഭാകുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയായി അവ തരിക്കപ്പെട്ടു. ഈ കൂട്ടായ്മയുടെ പ്രകടനമാകട്ടെ, വി.കുർബാനയി ലും, സൂനഹദോസുകളിലും, മെത്രാന്മാരുടെ സ്ഥാനാരോഹണങ്ങ ളിലുമായിരുന്നു. പ്രസക്തമായ രണ്ട് ഉദ്ധരണികൾ ആഴത്തിൽ ഇവയെ മനസ്സിലാക്കുവാൻ ഉപകരിക്കും.

"ഓരോ പ്രാദേശികസഭയിലും ദൈവികസ്നേഹരഹസ്യം പ്രവൃ ത്തിയിലുണ്ട് (വി. കുർബാന). ഇതല്ലേ യഥാർത്ഥത്തിൽ ഓരോ പ്രാദേശിക സഭയും പരസ്പരം അഭിസംബോധന ചെയ്യുവാനാഗ്ര ഹിക്കുന്ന സഹോദരീസഭകൾ എന്ന മഹനീയ പാരമ്പര്യത്തിന് നിദാ നമായി നിൽക്കുന്നത്? സഹോദരീസഭകളുടെ ജീവിതമാണ് എക്യു മെനിക്കൽ കൗൺസിലുകളിലും ഏതു വ്യത്യസ്തവാദമുഖങ്ങൾക്കെ

തിരെയും, വിശ്വാസഭണ്ഡാഗാരം സംരക്ഷിക്കുന്നതിൽ നാം ജീവിച്ചു കാട്ടിയത്."

"സംഘാതാത്മക സ്വഭാവവും മെത്രാൻ പട്ടത്തിന്റെ അർത്ഥവും ആരംഭംമുതലേ പ്രകടമാക്കപ്പെട്ടിരുന്നു. ഇതിലൂടെ ലോകത്തിന്റെ നാനാഭാഗങ്ങളിലും നിയമിച്ചാക്കപ്പെട്ട മെത്രാന്മാർ, പരസ്പരവും, റോമിലെ മാർപ്പാപ്പായോടും ഐക്യത്തിലും സ്നേഹത്തിലും, സമാധാനത്തിലും, ഏകോപിക്കപ്പെട്ടിരിക്കുന്ന കൗൺസിൽ സമ്മേളനങ്ങളിലൂടെയുമാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇത്തരം സമ്മേളനങ്ങളാണ് ഗഹനമായ കാര്യങ്ങളിൽ തീർപ്പുകല്പിച്ചിരുന്നത്. സഭായോഗങ്ങളും ഇതു പ്രകടമാക്കിയിരുന്നു. വിവിധ നൂറ്റാണ്ടുകളിൽ സമ്മേളിച്ച സാർവ്വത്രികസൂനഹദോസുകളും ഈ സംഘാതാത്മക പ്രകൃതിക്ക് വ്യക്തമായ സാക്ഷ്യം നൽകിയിട്ടുണ്ട്. പുരാതനകാലത്ത് പുതിയ മെത്രാനെ അഭിഷേകം ചെയ്യുന്നതിൽ പങ്കെടുക്കാനായി അനവധി മെത്രാന്മാരെ ക്ഷണിച്ചിരുന്ന പതിവ് ഈ സംഗതിയെതന്നെ സൂചിപ്പിക്കുന്നു" (തിരുസ്സഭ 22).

സഭാകൂട്ടായ്മയുടെ മൂന്നാമത്തെ പടിയാകട്ടെ പെന്റാർക്കിയുടെ സാന്നിധ്യമായിരുന്നു. ഇവിടെ ഒരു പ്രത്യേക തരത്തിലുള്ള നൈയാമികമായ വികസനം നാം ദർശിക്കുന്നുണ്ട്. അഞ്ചു പാത്രിയാർക്കീസുമാരുടെ നേതൃത്വത്തിലുള്ള ഭരണം-റോമ, അലക്സാണ്ഡ്രിയ, കോൺസ്റ്റാന്റിനോപ്പിൾ, ജറുസലേം, അന്തിയോക്യാ, ഈ പെന്റാർക്കിക്കൽ ഘടനയാണിതിനു കൈവന്നിരിക്കുന്നത്. ഈ തലവന്മാർ തമ്മിലുള്ള കൂട്ടായ്മയെ സഭയുടെ കൂട്ടായ്മയായി കണ്ടിരുന്നു. ഒപ്പം മേജർ ആർച്ചുബിഷപ്പിനെ സംബന്ധിച്ച ചോദ്യങ്ങളും. പുതിയ സഭാനിയമസംഹിതയിൽ സഭ ഈ പ്രശ്നം പരിഹരിക്കുന്നത് പാത്രിയാർക്കീസിന്റെ എല്ലാ അധികാരപരിധികളും, സവിശേഷതകളും മേജർ ആർച്ച് ബിഷപ്പിനു നൽകുകവഴിയാണ്.

ഇന്നത്തെ കത്തോലിക്കാകൂട്ടായ്മയിൽ നാലു തരത്തിലുള്ള സഭകളുണ്ട്. ഈ തിരിവുതന്നെയും പ്രധാനമായും സഭയുടെ നൈയാമിക ഘടനയെ ആശ്രയിച്ചുള്ളതാണ്.

i. പേട്രിയാർക്കൽ സഭകൾ

ii. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭകൾ

iii. മെത്രാപ്പോലീത്തൻ സഭകൾ

iv. എപ്പിസ്ക്കോപ്പൽ സഭകൾ

പേട്രിയാർക്കൽസഭകളുടെ സ്വയംഭരണാവകാശവും മറ്റും ഇതര

സഭകളുടേതിനേക്കാൾ കൂടുതൽ ആധികാരികമാണ്. ഇന്നത്തെ കത്തോലിക്കാ കൂട്ടായ്മയെക്കുറിച്ചുള്ള പരിചിന്തനം തന്നെ ഇതിൽ ദൃശ്യമാവുന്ന ത്രിവിധ തലങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കും.

i. വിശ്വാസം, കൂദാശകൾ, ഹയരാർക്കി എന്നിവയാൽ ഒന്നായിരിക്കുന്ന വിശ്വാസികളുടെ സമൂഹം, ഏറ്റം അടിസ്ഥാന അർത്ഥത്തിൽ ഒരു മെത്രാന്റെ നേതൃത്വത്തിലുള്ള ആരാധനാസമൂഹമാണ്. ഉദാ. രൂപത.

ii. മേൽപറഞ്ഞവിധേനയുള്ള വിവിധ സഭാസമൂഹങ്ങൾ (ഒരേ റീത്തിൽ/സഭയിൽ) അതിന്റെ ഒരു തലവനാൽ നിയന്ത്രിക്കപ്പെടുകയും, അപ്രകാരം ആ സഭയുടെ വ്യതിരിക്തതയും, തനിമയും വ്യക്തമാക്കുകയും ചെയ്യുന്നതാണ് പേട്രിയാർക്കൽ അഥവാ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ.

iii. ഇപ്രകാരമുള്ള വിവിധ പേട്രിയാർക്കൽ (മേജർ ആർക്കി എപ്പിസ്ക്കോപ്പൽ) സഭകൾക്ക്, ലത്തീൻ സഭയുടെ തലവനും, റോമായിലെ മെത്രാനുമായുള്ള ബന്ധവും, കൂട്ടായ്മയും. ഇന്നത്തെ സഭാകൂട്ടായ്മയുടെ പിന്നിൽ കാണുന്ന സംവിധാനം മേൽപറഞ്ഞവയാണ്. ഇന്നു കത്തോലിക്കാകൂട്ടായ്മയിലുള്ള സഭകൾ താഴെ പറയുന്നവയാണ്.

**1. ലത്തീൻ പേട്രിയാർക്കൽ സഭ**

**2. പൗരസ്ത്യ പേട്രിയാർക്കൽ സഭകൾ:**

മാറോണൈറ്റ്, കാൽഡിയൻ, കോപ്റ്റിക്, സിറിയൻ മെൽക്കൈറ്റ്, അർമേനിയൻ

**3. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭകൾ**

ഉക്രേനിയൻ, സീറോ-മലബാർ, സീറോ-മലങ്കര

**4. മെത്രാപ്പോലീത്തൻ സഭകൾ**

എത്യോപ്പിയൻ, റുത്തേനിയൻ, റൊമാനിയൻ, എരിത്രിയൻ

**5. മറ്റുള്ളവ (എപ്പിസ്ക്കോപ്പൽ സഭകൾ)**

ഇത്തലോ-അൽബാനിയൻ, യുഗോസ്ലാവിയൻ ബൽഗാറിയൻ, സ്ലൊവാക്ക്, ഹംങ്കേറിയൻ, റഷ്യൻ, ഗ്രീക്ക്, അൽബാനിയൻ, ബൈലോറൂസ്സിയൻ

വിവിധ പൗരസ്ത്യ സഭകൾ താഴെപ്പറയുന്ന ആരാധനാക്രമ

കുടുംബങ്ങളിൽ ഉൾപ്പെടുന്നവയാണ്:

1. **അലക്സാണ്ട്രിയൻ ആരാധനാക്രമകുടുംബം:**
   കോപ്റ്റിക്, എത്യോപ്പിയൻ, എരിത്രിയൻ
2. **അന്ത്യോക്യൻ ആരാധനാക്രമകുടുംബം:**
   മാറോണൈറ്റ്, സിറിയൻ, സീറോ-മലങ്കര
3. **അർമേനിയൻ ആരാധനാക്രമകുടുംബം:**
   അർമേനിയൻ
4. **കാൽഡിയൻ/പൗരസ്ത്യസുറിയാനി ആരാധനാക്രമകുടുംബം:**
   കാൽഡിയൻ, സീറോ-മലബാർ
5. **ബൈസന്റൈൻ ആരാധനാക്രമകുടുംബം:**
   മെൽക്കൈറ്റ്, ഉക്രേനിയൻ, റുത്തേനിയൻ, റൊമാനിയൻ, ഇത്തലോ-അൽബാനിയൻ, യുഗോസ്ലാവിയൻ, ബൽഗാറിയൻ, സ്ലൊവാക്കിയൻ, ഹംഗേറിയൻ, റഷ്യൻ, ഗ്രീക്ക്, അൽബാനിയൻ, ബൈലോറൂസ്സിയൻ

2015 ൽ ഫ്രാൻസിസ് മാർപാപ്പ എരിത്രിയൻ സഭയെ എത്യോപ്യൻ സഭയിൽനിന്ന് സ്വതന്ത്രമായ വ്യക്തിഗത മെത്രാപ്പോലീത്തൻസഭയായി അംഗീ കരിച്ചതോടെ പൗരസ്ത്യസഭകളുടെ എണ്ണം 22 ആയി ഉയർന്നു. റോമാ മാർപ്പാപ്പായുടെ പരമാധികാരം അംഗീകരിക്കുന്ന മേല്പറഞ്ഞ 23 (ലത്തീൻസഭ + 22 പൗരസ്ത്യ സഭകൾ) വ്യക്തിസഭകളുടെ കൂട്ടായ്മയാണ് സാർവ്വത്രിക കത്തോലിക്കാസഭ.

**ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്**

# 05

## സഭ: ദൈവജനം

(രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയായ Lumen Gentiumലെ രണ്ടാം അധ്യായ ത്തിന്റെ പരിഭാഷയാണ് ഈ അധ്യായത്തിന്റെ ഉള്ളടക്കം)

### 9. പുതിയ ഉടമ്പടിയും പുതിയ ജനവും

എല്ലാക്കാലത്തും എല്ലാ ജനതകളിലും തന്നെ ഭയപ്പെടുന്നവരും നീതിപ്രവർത്തിക്കുന്നവരും ദൈവത്തിനു സ്വീകാര്യരാണ് (അപ്പ 10:35). എങ്കിലും, പരസ്പരബന്ധത്തിൽനിന്ന് ഒറ്റപ്പെട്ടവരായി, ഒറ്റയ്ക്കൊറ്റയ്ക്ക് അവരെ രക്ഷിക്കാനാവില്ല, ഒരു ജനപദമായി തന്നെ അറിയുകയും തന്നെ വിശുദ്ധിയോടെ ശുശ്രൂഷിക്കുകയും ചെയ്യുന്നവരായി അവരെ രൂപവത്കരിക്കാനാണ് ദൈവം തിരുമനസ്സായത്. സത്യത്തിൽ അതുകൊണ്ട് ഇസ്രായേൽ ജനതയെ സ്വന്തം ജനതയെ സ്വന്തംജനമായി തെരെഞ്ഞടുത്ത് അവിടന്ന് അവരോട് ഉടമ്പടി സ്ഥാപിച്ച്, ക്രമേണ അവരെ പരിശീലിപ്പിക്കുകയും ചെയ്തു. തന്നെത്തന്നെയും തന്റെ ഇച്ഛയ്ക്കനുസരിച്ചുള്ള പദ്ധതിയെയും അവരുടെ ചരിത്രത്തിൽ വെളിപ്പെടുത്തികൊണ്ടും അവരെ തനിക്ക് വേണ്ടിത്തന്നെ വിശുദ്ധീകരിച്ച് കൊണ്ടുമായിരുന്നു

ഇത് ചെയ്തത്. എന്നാൽ, ഇവയെല്ലാം മിശിഹായിൽ ഉറപ്പിക്കപ്പെടാനിരുന്ന പരിപൂർണ്ണമായ ഉടമ്പടിയുടെയും മാംസം ധരിച്ച ദൈവവചനം വഴി നല്കാനിരുന്ന കൂടുതൽ സമ്പൂർണ്ണമായ വെളിപാടിന്റെയും ഒരുക്കമായും പ്രതിരൂപമായും സംഭവിച്ചവയായിരുന്നു. "കർത്താവ് അരുൾചെയ്യുന്നു: ഇസ്രായേൽ ഗോത്രത്തോടും യൂദാ ഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു...ഞാൻ എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും, അവരുടെ ഹൃദയത്തിൽ എഴുതും, ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും....വലുപ്പച്ചെറുപ്പമെന്നിയേ അവരെല്ലാവരും എന്നെ അറിയും" (ജറെ 31:31-34). പുതിയ ഉടമ്പടി, അതായത്, തന്റെ രക്തത്തിലുള്ള പുതിയ നിയമമാകുന്ന ഉടമ്പടി (1 കോറി 11:25). മിശിഹാ സ്ഥാപിച്ചത്, യഹൂദരിൽനിന്നും വിജാതീയരിൽനിന്നും അംഗങ്ങളെ വിളിച്ച് ഒരു ജനതയാക്കിക്കൊണ്ടാണ്. ജഡപ്രകാരമല്ല, പ്രത്യുത, ദൈവാത്മാവിൽ ഒന്നാകുന്നതിനും പുതിയ ദൈവജനമാകുന്നതിനുംവേണ്ടിയാണിത്. എന്തെന്നാൽ, മിശിഹായിൽ വിശ്വസിക്കുന്നവർ നശ്വരമായ ബീജത്തിൽനിന്നല്ല പുതിയതായി ജനിച്ചത്; പ്രത്യുത, അനശ്വരമായ സജീവദൈവവചനത്തിൽനിന്നാണ് (1പത്രോ 1:23). മാംസത്തിൽ നിന്നല്ല; പ്രത്യുത ജലത്തിൽനിന്നും പരിശുദ്ധാത്മാവിൽനിന്നുമാണ് (യോഹ 3:5-6) ആത്യന്തികമായി, "തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദത്തെടുക്കപ്പെട്ട ജനതയും....മുൻപ് ഒരു ജനമല്ലാതിരുന്നവരും ഇപ്പോൾ ദൈവത്തിന്റെ ജനമായിത്തീർന്നവരുമാണ്" (1പത്രോ 2:9,10) ഇവർ.

ഈ മെസയാനികജനപദത്തിന്റെ ശിരസ്സ് മിശിഹായാണ്. നമ്മുടെ അപരാധങ്ങളെപ്രതി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതിക്കായി ഉയിർപ്പിക്കപ്പെടുകയും ചെയ്തവനും (റോമാ 4:25), ഇപ്പോൾ എല്ലാ നാമത്തിനും ഉപരിയായ നാമം സ്വീകരിച്ച്, സ്വർഗത്തിൽ മഹത്ത്വത്തോടെ വാഴുന്നവനുമായ മിശിഹാതന്നെ. ഈ ജനത്തിന് ദൈവമക്കളെന്ന സ്ഥാനവും സ്വാതന്ത്ര്യവും അവകാശമായി ലഭിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ ദൈവാത്മാവ് ഒരു ദേവാലയത്തിലെന്നപോലെ വസിക്കുന്നു. ഇവർക്കുള്ള നിയമം, മിശിഹാതന്നെ നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കാനുള്ള പുതിയ നിയമമാണ് (യോഹ 13:34). ഇവരുടെ ആത്യന്തികലക്ഷ്യം ദൈവരാജ്യമാണ്. ഈ ദൈവരാജ്യം ഈ ലോകത്തിൽ ആരംഭിച്ചത് ദൈവം തന്നെയാണ്. സമയത്തിന്റെ സമാപ്തിയിൽ അവൻതന്നെ പൂർണതയിൽ എത്തിക്കുന്നതുവരെ വിസ്തൃതമാക്കപ്പെടേണ്ടതാണ് ഈ രാജ്യം. അന്ന് മിശിഹാ പ്രത്യക്ഷനാകുകയും നമ്മുടെ ജീവനും

(കൊളോ 3:4) സൃഷ്ടിമുഴുവനും ജീർണതയുടെ അടിമത്തത്തിൽനിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും (റോമാ 8:21) അപ്രകാരംതന്നെ ഈ മെസയാനികജനം, മനുഷ്യകുലം മുഴുവനും ഉൾകൊള്ളുകയില്ലെങ്കിലും, പലപ്പോഴും ചെറിയൊരു അജഗണമായി കാണപ്പെടാമെങ്കിലും, മനുഷ്യവംശത്തിനു മുഴുവൻ ഐക്യത്തിന്റെയും പ്രത്യാശയുടെയും രക്ഷയുടെയും ഏറ്റവും ബലിഷ്ഠമായ മുകുളമാണ്. ജീവന്റെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും സംസർഗത്തിൽ മിശിഹായാൽ സ്ഥാപിക്കപ്പെട്ട്, അവനാൽത്തന്നെ എല്ലാവരുടെയും വീണ്ടെടുപ്പിന്റെ ഉപകരണമായി സ്വീകരിക്കപ്പെട്ട്, ലോകത്തിന്റെ പ്രകാശമായും ഭൂമിയുടെ ഉപ്പായും (മത്താ 5:13-16) സർവ്വലോകത്തിലേക്കും ഈ ജനം അയയ്ക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു.

ജഡപ്രകാരമുള്ള ഇസ്രായേൽ മരുഭൂമിയിൽ ചുറ്റിത്തിരിഞ്ഞപ്പോൾത്തന്നെ ദൈവത്തിന്റെ സഭയെന്നു വിളിക്കപ്പെട്ടിരുന്നതുപോലെ (2 എസ്രാ 13:1, സംഖ്യ 20:4; നിയമം 23:1), പുതിയ ഇസ്രായേലും വർത്തമാനലോകത്തിലൂടെ പുരോഗമിച്ചുകൊണ്ട്, നിലനില്ക്കുന്ന ഭാവിനഗരം തേടുകയാണ് (ഹെബ്രാ 13:14). ഇതിനെ മിശിഹായുടെ സഭയെന്നും വിളിക്കുന്നു (മത്താ 16:18). കാരണം, ഈ സഭയെ അവൻ സ്വന്തം രക്തത്താൽ നേടിയെടുത്തു (അപ്പ 20:28); സ്വന്തം ദിവ്യാരൂപിയാൽ പൂരിതയാക്കി; ദൃശ്യവും സാമൂഹികവുമായ ഐക്യത്തിനുയോജിച്ച ഉപാധികൾകൊണ്ടു സജ്ജീകരിച്ചു. ഈശോയെ രക്ഷയുടെ കർത്താവും ഐക്യത്തിന്റെയും സമാധാനത്തിന്റെയും ഉറവിടവുമായിക്കണ്ട് വിശ്വസിക്കുന്നവരുടെ സമൂഹത്തെ ദൈവം ഒരുമിച്ചുകൂട്ടുകയും തിരുസഭയായി രൂപവത്കരിക്കുകയും ചെയ്തു. സമൂഹത്തിനു മുഴുവനും ഓരോ വ്യക്തിക്കും അവൾ ഈ രക്ഷാകരമായ ഐക്യത്തിന്റെ കാണപ്പെടുന്ന കൂദാശയായിത്തീരാൻ വേണ്ടിയാണിത്. എല്ലാ സ്ഥലങ്ങളിലും വ്യാപിക്കേണ്ട സഭ, മനുഷ്യചരിത്രത്തിൽ പ്രവേശിക്കുകയും അതേ സമയം, കാലത്തിന്റെയും, ജനപദങ്ങളുടെയും അതിർവരമ്പുകൾക്കതീതമായി നിലകൊള്ളുകയും ചെയ്യുന്നു. പരീക്ഷണങ്ങളിലും ക്ലേശങ്ങളിലുംകൂടെ മുന്നേറുന്ന സഭ കർത്താവ് തനിക്കു വാഗ്ദാനം ചെയ്ത ദൈവകൃപയുടെ ശക്തിയാൽ സമാശ്വസിക്കപ്പെടുന്നു. അങ്ങനെ ജഡത്തിന്റെ ബലഹീനതയിൽ സമ്പൂർണ്ണമായ വിശ്വസ്തതയ്ക്കു ഭംഗംവരുത്താതെ, സ്വന്തംനാഥന് അനുരൂപമായ മണവാട്ടിആയി വർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ, കുരിശുവഴി, അസ്തമിക്കാത്ത പ്രകാശത്തിലേക്കു ചെന്നെത്തുന്നതുവരെ തന്നെത്തന്നെ നവീകരിക്കുന്നതിൽനിന്ന് അവൾ വിരമിക്കുന്നുമില്ല.

## 10 പൊതു പൗരോഹിത്യം

കർത്താവായ മിശിഹാ, മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രധാനാചാര്യൻ (ഹെബ്രാ 5:1-5), ഒരു പുതിയ ജനത്തെ "സ്വപിതാവായ ദൈവത്തിന്റെ രാജ്യവും പുരോഹിതന്മാരുമാക്കി" (cf. വെളി 1:6; 5:9 10). മാമ്മോദീസാ സ്വീകരിച്ചവർ പുതിയ ജനനം വഴിയും പരിശുദ്ധാത്മാവിന്റെ അഭിഷേകം വഴിയും ഒരു ആത്മികഭവനമായും പരിശുദ്ധ പൗരോഹിത്യമായും പ്രതിഷ്ഠിതരായിരിക്കുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും വഴി ആത്മികബലി വസ്തുക്കൾ സമർപ്പിക്കുന്നതിനും അന്ധകാരത്തിൽ നിന്ന് തന്റെ വിസ്മയനീയമായ പ്രകാശത്തിലേക്കു തങ്ങളെ വിളിച്ചവന്റെ ശക്തികൾ പ്രഘോഷിക്കുന്നതിനും വേണ്ടിയാണിത് (1 പത്രോ 24-10). അതിനാൽ, മിശിഹായുടെ ശിഷ്യരെല്ലാം പ്രാർത്ഥനയിൽ സ്ഥിരതയോടെ മുന്നേറി, ദൈവത്തെ ഒന്നിച്ചു സ്തുതിച്ചുകൊണ്ട് (അപ്പ 2:42-47) തങ്ങളെത്തന്നെ സജീവവും വിശുദ്ധവുമായ ബലിവസ്തുക്കളാക്കി, ദൈവത്തെ പ്രീതിപ്പെടുത്തുന്നവരായിരിക്കണം (റോമാ 12:1). ലോകം മുഴുവനിലും മിശിഹായ്ക്കു സാക്ഷ്യംവഹിക്കുകയും നിത്യജീവിതത്തെക്കുറിച്ച് തങ്ങൾക്കുള്ള പ്രതീക്ഷയെപ്പറ്റി ചോദിക്കുന്നവർക്ക് വിശദീകരണം കൊടുക്കുകയും വേണം (1 പത്രോ 3;15).

വിശ്വാസികളുടെ പൊതുപൗരോഹിത്യം ശുശ്രൂഷാപൗരോഹിത്യവും അഥവാ, അധികാരശ്രേണിയുടെ (ഹയരാർക്കിക്കൽ) പൗരോഹിത്യവും പദവിയിൽ മാത്രമല്ല, സത്താപരമായിത്തന്നെയും വ്യത്യസ്തമാണെങ്കിലും പരസ്പരം ബന്ധിതമാണ്. രണ്ടും അതിന്റെ പ്രത്യേകരീതിയിൽ മിശിഹായുടെ ഒരേ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നു. ശുശ്രൂഷാപൗരോഹിത്യം, അതിനു സ്വന്തമായ വിശുദ്ധാധികാരത്താൽ, പുരോഹിതജനതയെ രൂപവത്ക്കരിക്കുകയും ഭരിക്കുകയും ചെയ്യുന്നു. മിശിഹായുടെ പ്രാതിനിധ്യത്തിൽ പരിശുദ്ധകുർബാനയാകുന്ന ബലിയർപ്പിക്കുകയും ജനത്തിന്റെ മുഴുവൻ നാമത്തിൽ അതു ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്നു. വിശ്വാസികളാകട്ടെ, തങ്ങളുടെ പൗരോഹിത്യത്തിന്റെ രാജകീയാധികാരത്തിൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നു. അതു കൂദാശകൾ സ്വീകരിക്കുന്നതിലും പ്രാർത്ഥനയിലും നന്ദിപ്രകാശനത്തിലും വിശുദ്ധജീവിതത്തിന്റെ സാക്ഷ്യത്തിലും സ്വാർത്ഥപരിത്യാഗത്തിലും പ്രവർത്തനനിരതമായ പരസ്നേഹത്തിലും അവർ നിർവഹിക്കുന്നു.

## 11. പൊതുപൗരോഹിത്യനിർവഹണം കൂദാശകളിലൂടെ

ഈ വൈദികസമൂഹത്തിന്റെ വിശുദ്ധവും സുസംഘടിതസം വിധാനത്തോടുകൂടിയതുമായ സ്വഭാവം കൂദാശകൾ വഴിയും പുണ്യ ങ്ങൾ വഴിയും പ്രായോഗികമാക്കപ്പെടുന്നു. മാമ്മോദീസാവഴി സഭ യിലെ അംഗത്വം സ്വീകരിക്കുന്ന വിശ്വാസികൾ സ്വഭാവത്താലേ ക്രിസ്തുമതാനുഷ്ഠാനത്തിനു ചുമതലപ്പെടുത്തുന്നു. ദൈവത്തിന്റെ മക്കളായി പുനർജനിച്ച്, തിരുസഭവഴിയായി ദൈവത്തിൽനിന്നു സ്വീകരിച്ച വിശ്വാസം മനുഷ്യരുടെ മുമ്പിൽ ഏറ്റുപറയുന്നതിന് അവർ കടപ്പെട്ടിരിക്കുന്നു. സ്ഥൈര്യലേപനകൂദാശവഴി തിരുസഭ യോടു കൂടുതൽ പൂർണമായവിധം ബന്ധിക്കപ്പെടുന്നു. പരിശുദ്ധാ ത്മാവിന്റെ പ്രത്യേക ശക്തിയാൽ സമ്പന്നരാക്കപ്പെടുന്നു. അങ്ങനെ മിശിഹായുടെ യഥാർത്ഥ സാക്ഷികളെന്ന നിലയിൽ വിശ്വാസം വാക്കുകളാലും പ്രവൃത്തിയാലും പ്രചരിപ്പിക്കുന്നതിനും സംരക്ഷി ക്കുന്നതിനും അവർ കൂടുതൽ കർശനമായി കടപ്പെട്ടവരാകുന്നു. ക്രിസ്തീയ ജീവിതത്തിന്റെ മുഴുവൻ ഉറവിടവും ഉച്ചസ്ഥാനവുമായ പരിശുദ്ധകുർബാനയെന്ന ബലിയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ദൈവികബലിയാടിനേയും അവനോടൊത്തു തങ്ങളെത്തന്നെയും ദൈവത്തിനു സമർപ്പിക്കുന്നു. അങ്ങനെ അർപ്പണം വഴിയും പരി ശുദ്ധമായ ഭാഗഭാഗിത്വം വഴിയും എല്ലാവരും ആരാധനാനുഷ്ഠാന ത്തിൽ ഒരേ രീതിയിലല്ല, ഓരോരുത്തരും അവരവർക്കു യോജിച്ച രീതിയിൽ സ്വന്തം ഭാഗം നിർവഹിക്കുന്നു. സർവോപരി ഈ വിശു ദ്ധസമ്മേളനത്തിൽ മിശിഹായുടെ ശരീരത്താൽ പോഷിപ്പിക്കപ്പെട്ട അവർ, ഈ അതിമഹനീയമായ കൂദാശ അന്വർത്ഥമായി സൂചിപ്പി ക്കുന്നതും അദ്ഭുതകരമായി ഉളവാകുന്നതുമായ ദൈവജനത്തിന്റെ ഐക്യം പ്രത്യക്ഷമായി പ്രകടിപ്പിക്കുകയും ചെയ്യുന്നു.

കുമ്പസാരമെന്ന കൂദാശയ്ക്കണയുന്നവർ ദൈവത്തോടു ചെയ്ത അപരാധങ്ങൾക്ക് അവിടുത്തെ കരുണയാൽ പാപമോചനം പ്രാപി ക്കുകയും അതോടൊപ്പം അവർ പാപം ചെയ്തു ദ്രോഹിച്ച സഭ യോട് അനുരഞ്ജനപ്പെടുകയും ചെയ്യുന്നു. സഭ അവരുടെ മാന സാന്തരത്തിനുവേണ്ടി സ്നേഹത്തോടും സന്മാതൃകയോടും പ്രാർത്ഥനയോടും കൂടെ അദ്ധ്വാനിക്കുകയായിരുന്നല്ലോ. വിശുദ്ധ രോഗീലേപനം വഴിയും വൈദികരുടെ പ്രാർത്ഥന വഴിയും തിരു സഭ മുഴുവനും എല്ലാ രോഗികളെയും, സഹിക്കുന്നവനും മഹത്തീ കൃതനുമായ കർത്താവിനു സമർപ്പിക്കുന്നു. അതുവഴി അവർക്കു സൗഖ്യവും രക്ഷയും അവിടുന്നുവഴി നല്കപ്പെടുന്നതിനായാണത് (യാക്കോ 5:14-16). അതോടൊപ്പം മിശിഹായുടെ സഹനത്തോടും

മരണത്തോടും തങ്ങളെത്തന്നെ സ്വമനസ്സാലേ ചേർത്തുകൊണ്ട് ദൈവജനത്തിന്റെ നന്മയ്ക്കുവേണ്ടി സഹകരിക്കാൻ അവരെ ഉപ ദേശിക്കുകയും ചെയ്യുന്നു (റോമാ 8:17; കൊളോ 1:24; 2 തിമോ 2:11–12; 1 പത്രോ 4:13). വീണ്ടും, വിശ്വാസികളിൽ വിശുദ്ധ പൗരോ ഹിത്യത്താൽ മുദ്രിതരായവർ വചനം വഴിയും ദൈവകൃപവഴി യും തിരുസഭയെ മേയ്ക്കാൻ മിശിഹായുടെ നാമത്തിൽ നിയമിത രായിരിക്കുന്നു. അവസാനമായി, ക്രിസ്തീയ ദമ്പതികൾ വിവാഹ മെന്ന കൂദാശയുടെ ശക്തിയാൽ മിശിഹായും തിരുസഭയും തമ്മി ലുള്ള ഐക്യത്തിന്റെയും ഫലസമൃദ്ധമായ സ്നേഹത്തിന്റെയുമായ രഹസ്യത്തിന്റെ അടയാളമായിത്തീരുകയും അതിൽ പങ്കുചേരുകയും ചെയ്യുന്നു (എഫേ 5:32). അവർ ദാമ്പത്യജീവിതത്തിലും സന്താന ങ്ങളുടെ വിശുദ്ധിയിലേക്കുള്ള വളർച്ചയിലും പരസ്പരം സഹാ യിക്കുന്നു. അതിനാൽ അവരുടെ ജീവിതാവസ്ഥയ്ക്കും ദൈവജന ത്തിനിടയിൽ അവരുടെ പ്രത്യേക സ്ഥാനത്തിനും ആവശ്യകമായ ദാനങ്ങളും അവർക്കുണ്ട് (1 കോറി 7:7). ഈ വിവാഹത്തിൽ നിന്നു കുടുംബം ഉണ്ടാകുന്നു. അവിടെ മനുഷ്യസമൂഹത്തിലെ പുതിയ പൗരന്മാർ ജനിക്കുന്നു. അവർ പരിശുദ്ധാത്മാവിന്റെ കൃപയാൽ ദൈവജനത്തിന്റെ തലമുറതോറുമുള്ള നിലനില്പ് ശാശ്വതമാക്കു ന്നതിനുവേണ്ടി മാമ്മോദീസാവഴി ദൈവമക്കളാക്കപ്പെടുന്നു. ഗാർഹിക സഭയെന്നു വിശേഷിപ്പിക്കാവുന്ന ഇവിടെ മാതാപിതാ ക്കൻമാർ വാക്കുകളും മാതൃകയും വഴി തങ്ങളുടെ മക്കൾക്ക് പ്രഥ മവിശ്വാസപ്രഘോഷകരാകേണ്ടിയിരിക്കുന്നു. അവരവർക്കു യോജിച്ച ദൈവവിളിയിൽ, പ്രത്യേകിച്ച് വിശുദ്ധജീവിതാന്തസിലേ ക്കുള്ള വിളിയിൽ, സവിശേഷ ശ്രദ്ധചെലുത്തി പ്രോത്സാഹിപ്പിക്ക ണം.

ഇത്രമാത്രം വിവിധവും ശ്രേയസ്കരവുമായ മാർഗങ്ങളാൽ സംര ക്ഷിക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയവിശ്വാസികളെല്ലാവരും, ഏതു ജീവിത സാഹചര്യത്തിലും ജീവിതാന്തസിലുള്ളവരുമാകട്ടെ, പിതാവ് പരിപൂർണ്ണനായിരിക്കുന്ന അതേ പരിശുദ്ധിയുടെ പൂർണ തയിലേക്ക്, ഓരോ വ്യക്തിക്കും ചേർന്ന വിധത്തിൽ കർത്താവാൽ വിളിക്കപ്പെട്ടിരിക്കുന്നു.

## 12. വിശ്വാസാവബോധവും വരദാനങ്ങളും ദൈവജനത്തിൽ

ദൈവത്തിന്റെ വിശുദ്ധജനം മിശിഹായുടെ പ്രവാചകദൗത്യ ത്തിലും പങ്കുവഹിക്കുന്നു. വിശ്വാസത്തിന്റെയും സ്നേഹത്തി ന്റെയും ജീവിതംവഴി അവിടുത്തേക്കു പരമാവധി നല്ല സാക്ഷ്യം പ്രസരിപ്പിച്ചുകൊണ്ടും ദൈവത്തിനു സ്തുതിയുടെ ബലി – അവന്റെ

നാമം ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ - അർപ്പിച്ചുകൊണ്ടുമാണ് ഇതു നിർവഹിക്കുന്നത് (ഹെബ്രാ 13:15). വിശ്വാസികളുടെ സമൂഹം പരിശുദ്ധനായവന്റെ അഭിഷേകം സ്വീകരിച്ചിരിക്കുന്നതുകൊണ്ട് (1 യോഹ 2:20-27) വിശ്വാസവിഷയത്തിൽ തെറ്റിൽ വീഴുകയില്ല. ജനങ്ങളുടെ മുഴുവൻ വിശ്വാസത്തിന്റെയും പ്രകൃത്യാതീതമായ ഗ്രഹണശക്തിയുടെ സഹായത്താൽ ഈ സമൂഹത്തിനുള്ള ഈ പ്രത്യേക സ്വഭാവം പ്രകാശിതമാകുന്നത്, "മെത്രാന്മാർ മുതൽ അങ്ങേയറ്റത്തുള്ള അല്മായവിശ്വാസികൾവരെ" വിശ്വാസസത്യങ്ങളെയും ധാർമികതയെയും കുറിച്ച് അവരുടെ പൊതുവായ സമ്മതം പ്രകടിപ്പിക്കുമ്പോഴാണ്. സത്യത്തിന്റെ പരിശുദ്ധാത്മാവാൽ ഉത്തേജിപ്പിക്കപ്പെടുകയും നിലനിറുത്തപ്പെടുകയും ചെയ്യുന്ന ഈ വിശ്വാസഗ്രഹണശക്തിയാൽ ദൈവജനം വിശുദ്ധപ്രബോധനാധികാരത്താൽ നയിക്കപ്പെട്ട്, അതിനെ വിശ്വസ്തതയോടെ അനുസരിക്കുന്നു. ഇനിമേൽ മനുഷ്യരുടെ വചനമായല്ല, യഥാർത്ഥത്തിൽ ദൈവവചനമായി അതിനെ സ്വീകരിക്കുന്നു (1 തെസ്സ 2:13). ഒരിക്കൽ മാത്രം വിശുദ്ധർക്ക് ഏല്പിച്ചുകൊടുക്കപ്പെട്ട വിശ്വാസത്തോട് (യൂദാ 3) അഭേദ്യമായി ബന്ധിതരാകുകയും ശരിയായ വിവേചനത്തോടുകൂടി അതിൽ കൂടുതൽ അഗാധമായി ചുഴിഞ്ഞിറങ്ങുകയും ജീവിതത്തിൽ കൂടുതൽ പൂർണമായി അതിനെ പ്രായോഗികമാക്കുകയും ചെയ്യുന്നു.

ഇതേ പരിശുദ്ധാരൂപി കൂദാശകളും വിശുദ്ധ ശുശ്രൂഷകളുംവഴി മാത്രമല്ല ദൈവജനത്തെ വിശുദ്ധീകരിക്കുന്നതും നയിക്കുന്നതും അവരെ പുണ്യങ്ങളാൽ അലംകൃതരാകുന്നതും; പ്രത്യുത തന്റെ ദാനങ്ങൾ "തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും വിഭജിച്ചുകൊടുത്തുകൊണ്ട്"(1 കോറി 12:1) എല്ലാ ജീവിതാന്തസ്സിലുമുള്ള വിശ്വാസികളുടെയിടയിൽ പ്രത്യേക വരദാനങ്ങൾ വിതരണം ചെയ്തുകൊണ്ടുമാണ്. ഇവവഴി അവർ വിവിധ കർത്തവ്യങ്ങളും ജീവിതപദവികളും ഏറ്റെടുക്കാൻ കൂടുതൽ അനുരൂപരും ഉത്സുകരുമാക്കപ്പെടുന്നു. ഓരോരുത്തരിലും ആത്മാവു വെളിപ്പെടുന്നത് പൊതുനന്മയ്ക്കുവേണ്ടിയാണ് (1 കോറി 12:7) എന്ന വചനത്തിനനുസൃതമായി സഭയുടെ നവീകരണത്തിനും ഉത്തരോത്തരമുള്ള പ്രയോജനപ്രദമായ അഭ്യുന്നതിക്കുംവേണ്ടിയാണിത്. ഈ സിദ്ധികൾ ഏറ്റവും വ്യക്തമായിട്ടുള്ളവയോ കൂടുതൽ ലളിതമോ അതിസാധാരണമോ ആയാലും സഭയുടെ ആവശ്യങ്ങൾക്ക് ഏറ്റവും അനുരൂപവും ഉപകാരപ്രദവുമാകയാൽ, കൃതജ്ഞതയോടും സമാധാനത്തോടുംകൂടെ സ്വീകരിക്കപ്പെടണം. അസാധാരണ വരദാനങ്ങൾ നമുക്കുതോന്നുംപടി പ്രതീക്ഷിക്കാവുന്നവയല്ല. അവയിൽനിന്ന് പ്രേഷിതപ്രവൃത്തി

കളുടെ ഫലവും ധാർഷ്ട്യപൂർവ്വം പ്രതീക്ഷിക്കേണ്ടതില്ല. പ്രത്യുത, അവയുടെ യാഥാർത്ഥ്യത്തെപ്പറ്റിയും ക്രമവത്കൃതമായ വിനിയോഗത്തെപ്പറ്റിയും വിധിപറയുക തിരുസഭയിലെ അധികാരികളോടും പ്രത്യേക പ്രാഗല്ഭ്യമുള്ളവരുടെയും അവകാശമാണ്. ആത്മാവിനെ കെടുത്തിക്കളയാനല്ല, പ്രത്യുത, എല്ലാം പരിശോധിക്കാനും നന്മയായിട്ടുള്ളതു മുറുകെപ്പിടിക്കാനും വേണ്ടിയാണിത് (1തെസ്സ 5:12; 19–21).

### 13. ഏകദൈവജനമായ സാർവത്രികസഭ

പുതിയ ദൈവജനത്തിലേക്ക് എല്ലാ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു. തന്നിമിത്തം ഈ ജനത ഏകവും അനന്യവുമായിരുന്നുകൊണ്ടുതന്നെ ദൈവഹിതത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടി ലോകം മുഴുവൻ എല്ലാക്കാലത്തും വ്യാപിക്കേണ്ടിയിരിക്കുന്നു. ദൈവം മനുഷ്യവംശത്തെ ആദിയിൽ ഏകമായി സൃഷ്ടിക്കുകയും തന്റെ മക്കൾ ചിന്നിച്ചിതറിയപ്പോൾ ഒന്നിച്ചുകൂട്ടാൻ തീരുമാനിക്കുകയും ചെയ്തു (യോഹ 11:52). ഇതിനു വേണ്ടി ദൈവം തന്റെ പുത്രനെ അയച്ചു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിച്ചു (ഹെബ്രാ 1:2). അവർ എല്ലാവരുടെയും ഗുരുവും രാജാവും പുരോഹിതനും ദൈവമക്കളാകുന്ന പുതിയ സാർവത്രികജനതയുടെ ശിരസ്സുമാകുന്നതിനുവേണ്ടിയാണിത്. ഇതിനുവേണ്ടിത്തന്നെയാണ് ദൈവം തന്റെ പുത്രന്റെ ആത്മാവിനെ– നാഥനും ജീവദായകനുമായ പരിശുദ്ധാത്മാവിനെ - അയച്ചത്. ഈ ആത്മാവ് തിരുസഭയ്ക്കു മുഴുവനും ലോകമെങ്ങുമുള്ള വിശ്വാസികളുടെ സമൂഹത്തിനും ഓരോ വിശ്വാസിക്കും യോജിപ്പിന്റെയും ശ്ലീഹന്മാരുടെ പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കലിലും പ്രാർത്ഥനയിലുമുള്ള ഐക്യത്തിന്റെയും അടിസ്ഥാനമാണ് (അപ്പ 2:42).

ഇപ്രകാരം, ഭൂമിയിലെ സർവജനങ്ങളിലും ഒരേയൊരു ദൈവജനം വ്യാപിച്ചുകിടക്കുന്നു. സർവജനതകളിലും നിന്ന് അത് സ്വന്തം പൗരന്മാരെ, ലൗകികസ്വഭാവമുള്ള രാജ്യത്തിന്റെ പൗരന്മാരെയല്ല സ്വർഗീയരാജ്യത്തിന്റെ  പൗരന്മാരെ, ശേഖരിക്കുന്നു. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന വിശ്വാസികൾ പരിശുദ്ധാത്മാവിൽ പരസ്പരം സമ്പർക്കം പുലർത്തുന്നു. അങ്ങനെ “റോമായിൽ വാഴുന്നവരും ഇൻഡ്യക്കാർ സ്വന്തം അവയവങ്ങളാണെന്ന് അറിയുന്നു”. മിശിഹായുടെ രാജ്യം ഈ ലോകത്തിൽനിന്നല്ലാത്തതുപോലെ (യോഹ.18:36), സഭ അഥവാ ദൈവജനം ഈ രാജ്യം സ്ഥാപിച്ചുകൊണ്ട് ഒരു ജനതയുടെയും ഏതെങ്കിലും ലൗകികസമ്പത്ത് കൈവശമാക്കുന്നില്ല. മറിച്ച്, ജനങ്ങളുടെ കഴിവുകളും സമ്പത്തുകളും പാര

മ്പര്യങ്ങളും അവ നല്ലതായിരിക്കുന്നിടത്തോളം പ്രോത്സാഹിപ്പിക്കുകയും സ്വാംശീകരിക്കുകയും ശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നു. ആർക്കാണ് ജനപദങ്ങളെ സ്വന്തം അവകാശമായി ലഭിച്ചിരിക്കുന്നത് (സങ്കീ.2:8), ആരുടെ പട്ടണത്തിലേക്കാണ് കാഴ്ചകളും കപ്പവും അവർ കൊണ്ടുവരുന്നത് (സങ്കീ 71(72)10; ഏശ 60:47; വെളി 21:24) ആ രാജാവിനോടൊത്തു സമ്പാദ്യങ്ങൾ നേടാൻ തനിക്കു കടമയുണ്ടെന്നു അവർക്ക് ഓർമയുണ്ട്. ദൈവജനത്തിന്റെ അലങ്കാരമായ ഈ സാർവത്രികസ്വഭാവം കർത്താവിന്റെതന്നെ ദാനമാണ്. ഇതുവഴിയാണ് കത്തോലിക്കാസഭ ഫലപ്രദമായ രീതിയിലും ശാശ്വതമായും ശിരസ്സായ മിശിഹായുടെ കീഴിൽ അവന്റെ പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ മനുഷ്യകുലം മുഴുവൻ അതിന്റെ സർവ്വനന്മകളോടുംകൂടെ പുനഃക്രമവത്കരണം ചെയ്യാൻ പരിശ്രമിക്കുന്നത്.

ഈ സാർവത്രികതയുടെ ശക്തിയാൽ സഭയുടെ ഓരോ ഭാഗവും സ്വന്തം ദാനങ്ങൾ മറ്റുള്ള ഭാഗങ്ങൾക്കും സഭയ്ക്കു മുഴുവനും വേണ്ടി സമർപ്പിക്കുന്നു. അതുവഴി സഭ മുഴുവനും അതിന്റെ ഓരോ ഭാഗവും പരസ്പരമുള്ള സംശ്ലേഷംവഴിയും ഐക്യത്തിലുമുള്ള പരിപൂർണതവിഭാവനം ചെയ്യുന്നതുവഴിയും സമ്പന്നമാക്കപ്പെടേണ്ടതിനാണത്. അതിനാൽ, ദൈവജനം വിവിധ ജനതകളിൽനിന്ന് ഒന്നായി വിളിച്ചുകൂട്ടപ്പെട്ടിരിക്കുന്നുവെന്ന് മാത്രമല്ല, അതിനുള്ളിൽത്തന്നെ വിവിധ നിലകളിൽപ്പെട്ടവരെക്കൊണ്ടു സംഘടിപ്പിക്കപ്പെട്ടുമിരിക്കുന്നു. അംഗങ്ങൾ തമ്മിലുള്ള ഈ വൈവിധ്യം സഹോദരരുടെ നന്മയ്ക്കുവേണ്ടി വിശുദ്ധശുശ്രൂഷകളനുഷ്ഠിക്കുന്നവരുടെ കാര്യത്തിലെന്നതുപോലെ, ജീവിതകർത്തവ്യങ്ങൾക്കനുസൃതമായോ കൂടുതൽ കർക്കശമായ രീതിയിൽ വിശുദ്ധിയിലേക്കു ലക്ഷ്യംവച്ചുകൊണ്ട് സഹോദരരെ സന്മാതൃകവഴി ഉത്തേജിപ്പിച്ചുകൊണ്ട് പലരും സന്ന്യാസജീവിതം നയിക്കുന്നതുപോലുള്ള സാഹചര്യത്തിനും ജീവിതലക്ഷ്യത്തിനുമനുസൃതമായോ നിലനില്ക്കുന്നു. മാത്രമല്ല, തിരുസഭാസമൂഹത്തിൽ നിയമപരമായിത്തന്നെ വ്യക്തിഗതപാരമ്പര്യങ്ങൾ സ്വന്തമായി അനുഭവിക്കുന്ന വ്യക്തിസഭകളുമുണ്ട്. എന്നാൽ, ഈ സാർവ്വത്രികസ്നേഹ സംസർഗത്തിന് ആദ്ധ്യക്ഷ്യം വഹിക്കുകയും ന്യായമായ വ്യത്യാസങ്ങൾ പരിരക്ഷിക്കുകയും അതേസമയം, പ്രത്യേകതകൾ ഐക്യം ഹനിക്കാതിരിക്കാനും അതിലുപരി, അതു പരിരക്ഷിക്കാനും ശ്രദ്ധചെലുത്തുകയും ചെയ്യുന്ന പത്രോസിന്റെ സിംഹാസനത്തിന്റെ ശ്രേഷ്ഠാധിപത്യത്തോട് ഈ വ്യക്തിസഭകൾ യോജിച്ചിരിക്കണം. മാത്രമല്ല, ആത്മികസമ്പത്തിന്റെയും ശ്ലൈഹികപ്രവർത്തനങ്ങളുടെയും ഭൗതികസ

ത്യത്തിന്റെയും കാര്യങ്ങളിൽ വിവിധസഭാവിഭാഗങ്ങൾ തമ്മിൽ ദൃഢ മായ ബന്ധം നിലനില്ക്കുന്നു. കാരണം, ദൈവജനത്തിന്റെ ഓരോ വിഭാഗവും നന്മകൾ പങ്കുവെയ്ക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടിരി ക്കുന്നു. ഓരോ സഭയ്ക്കും ശ്ലീഹായുടെ വാക്കുകൾ അന്വർത്ഥമാ ണ്. ഓരോ വ്യക്തിയും തനിക്കു കിട്ടിയ കൃപാവരം ദൈവത്തിന്റെ വൈവിധ്യമാർന്ന കൃപയുടെ ഉത്തമനായ കാര്യസ്ഥനെന്നനിലയിൽ മറ്റുള്ളവർക്കുവേണ്ടി ഉപയോഗിക്കട്ടെ (1 പത്രോ 4:10).

സാർവത്രികസമാധാനം വളർത്തുന്ന ദൈവജനത്തിന്റെ ഈ കാതോലിക ഐക്യത്തിലേക്കു മനുഷ്യരെല്ലാം വിളിക്കപ്പെട്ടിരിക്കു ന്നു. ഇതിലേക്കുതന്നെ കത്തോലിക്കാവിശ്വാസികളും മിശിഹായിൽ വിശ്വസിക്കുന്ന മറ്റുള്ളവരും ദൈവകൃപയാൽ രക്ഷയിലേക്കു വിളി ക്കപ്പെട്ടിരിക്കുന്ന പൊതുജനങ്ങളെല്ലാവരും പല രീതികളിൽ ബന്ധ പ്പെട്ടിരിക്കുകയോ നിയോഗിക്കപ്പെട്ടിരിക്കുകയോ ചെയ്യുന്നു.

**14. കത്തോലിക്കാവിശ്വാസികൾ**

അതുകൊണ്ട് ഈ പരിശുദ്ധ സൂനഹദോസ് ആദ്യമായി കത്തോ ലിക്കാവിശ്വാസികളിലേക്കു ശ്രദ്ധതിരിക്കുകയാണ്. വിശുദ്ധലിഖി തങ്ങളെയും പാരമ്പര്യത്തെയും ആസ്പദമാക്കിക്കൊണ്ട്, രക്ഷയ്ക്ക് ഈ തീർത്ഥാടകസഭ അവശ്യാവശ്യകമാണെന്ന് സഭ പഠിപ്പിക്കുക യാണ്. എന്തെന്നാൽ, മദ്ധ്യസ്ഥനും രക്ഷയുടെ മാർഗവും മിശിഹാ ഒരുവൻ മാത്രമാണ്. അവൻ സഭയാകുന്ന തന്റെ ശരീരത്തിൽ നമുക്കു സന്നിഹിതനാകുന്നു. അവൻ വിശ്വാസത്തിന്റെയും മാമ്മോദീസാ യുടെയും അവശ്യാവശ്യകത വ്യക്തമായ ഭാഷയിൽ ഊന്നിപ്പറ യുന്നു (മർക്കോ 16:16; യോഹ 3:5). അതോടൊപ്പംതന്നെ, ഒരു കവാ ടത്തിൽക്കൂടെയെന്നവണ്ണം, മാമ്മോദീസാവഴി മനുഷ്യർ ഉള്ളിൽ പ്രവേശിക്കുന്ന തിരുസഭയുടെ അവശ്യാവശ്യകതയും ഉറപ്പിച്ചു പറ യുന്നു. അതുകൊണ്ട്, കത്തോലിക്കാതിരുസഭ അവശ്യകാര്യമായി ഈശോമിശിഹാ സ്ഥാപിച്ചുവെന്ന് അറിയുകയും അതേസമയം അതിൽ പ്രവേശിക്കാനോ നിലനില്ക്കാനോ ഇഷ്ടപ്പെടാതിരിക്കു കയും ചെയ്യുന്നവർ രക്ഷിക്കപ്പെടുക സാദ്ധ്യമല്ല.

മിശിഹായുടെ ആത്മാവിനെ സ്വീകരിക്കുകയും സഭയുടെ എല്ലാ നിബന്ധനകളും അവളിൽ സ്ഥാപിതമായിരിക്കുന്ന എല്ലാ രക്ഷാ മാർഗങ്ങളും സ്വീകരിക്കുകയും മാർപാപ്പായാലും മെത്രാന്മാരാലും ഭരിക്കപ്പെടുന്ന അവളുടെ ദൃശ്യഘടനവഴി മിശിഹായോടു സംയോ ജിച്ചിരിക്കുകയും അതായത്, വിശ്വാസപ്രഖ്യാപനത്തിന്റെയും കൂദാ ശകളുടെയും സഭാഭരണസംവിധാനത്തിന്റെയും കൂട്ടായ്മയുടെയും

ബന്ധത്താൽ സംയോജിച്ചിരിക്കുകയും ചെയ്യുന്നവരാണ് സഭാസമൂഹത്തിലെ പൂർണാംഗങ്ങൾ. എങ്കിലും, സഭയിലെ അംഗങ്ങളായിരിക്കുകയും സ്നേഹത്തിൽ നിലനില്ക്കാതെ, സഭയുടെ മടിത്തട്ടിൽ ഹൃദയംകൊണ്ടല്ലാതെ ശരീരം കൊണ്ടു മാത്രം സ്ഥിചെയ്യുകയും ചെയ്യുന്നവർ രക്ഷപ്രാപിക്കുകയില്ല. തങ്ങളുടെ ഈ സ്ഥാനം സ്വന്ത യോഗ്യതകൊണ്ടല്ല; പ്രത്യുത, മിശിഹായുടെ പ്രത്യേക പ്രസാദവരംകൊണ്ടുള്ളതാണെന്ന വസ്തുത തിരുസഭയുടെ മക്കളെല്ലാം ഓർമ്മിക്കേണ്ടതാണ്. അതിനോട് വിചാരത്താലും വചനത്താലും പ്രവൃത്തിയാലും പ്രത്യുത്തരിക്കാത്തവർ രക്ഷപ്പെടുകയില്ലെന്നു മാത്രമല്ല, കർക്കശമായി വിധിക്കപ്പെടുകയും ചെയ്യും.

പരിശുദ്ധാത്മാവാൽ പ്രേരിതരായി തിരുസഭയിലെ അംഗങ്ങളാകാൻ സ്പഷ്ടമായ ആഗ്രഹത്തോടെ പ്രതീക്ഷിക്കുന്ന മാമ്മോദീസാർത്ഥികൾ, ഈ ആഗ്രഹത്താൽത്തന്നെ തിരുസഭയുമായി സംയോജിച്ചു കഴിഞ്ഞിരിക്കുന്നു. തിരുസഭാമാതാവാകട്ടെ, അവരെ സ്വന്തമായിത്തന്നെ കരുതി വാത്സല്യത്തോടും കരുതലോടുംകൂടെ ആശ്ലേഷിക്കുകയും ചെയ്യുന്നു.

### 15 സഭയും അകത്തോലിക്കരും

മാമ്മോദീസാ സ്വീകരിച്ച് ക്രിസ്തീയനാമത്താൽ അലംകൃതരായെങ്കിലും വിശ്വാസം സമഗ്രമായി ഏറ്റുപറയാതിരിക്കുകയും അഥവാ, പത്രോസിന്റെ പിൻഗാമിയുടെ കീഴിലുള്ള കൂട്ടായ്മയിൽ ചേരാതിരിക്കുകയും ചെയ്യുന്നവരുമായി തിരുസഭ പല കാരണങ്ങളാലും ബന്ധപ്പെട്ടാണിരിക്കുന്നതെന്ന് അവൾക്കറിവുണ്ട്. കാരണം, വിശുദ്ധലിഖിതങ്ങൾ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും നിയമമായി ആദരപൂർവ്വം പരിഗണിക്കുകയും ആത്മാർത്ഥമായ മതഭക്തി തീക്ഷ്ണത പ്രകടിപ്പിക്കുകയും ചെയ്യുന്ന അനേകരുണ്ട്. സർവശക്തനായ പിതാവായിരിക്കുന്ന ദൈവത്തിലും രക്ഷകനായ ദൈവപുത്രനിലും അവർ സ്നേഹപൂർവ്വം വിശ്വസിക്കുന്നു. അവർ മാമ്മോദീസായാൽ മുദ്രിതരാക്കപ്പെടുകയും അതുവഴി മിശിഹായോട് ഒന്നാക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, മറ്റു കൂദാശകളും അവരവരുടെ സഭകളും അഥവാ സഭാസമൂഹങ്ങളും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. അവരിൽ പലർക്കും മെത്രാൻഭരണവുമുണ്ട്. അവർ പരിശുദ്ധ കുർബാന അർപ്പിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യകയോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവർക്കു പ്രാർത്ഥനകളുടെയും മറ്റ് ആദ്ധ്യാത്മികസമ്പത്തുകളുടെയും അടുത്ത സംസർഗമുണ്ട്. മാത്രമല്ല, പരിശുദ്ധാത്മാവിലുള്ള

യഥാർത്ഥമായ ഒരു കൂട്ടായ്മയും അവർക്കുണ്ട്. ഈ പരിശുദ്ധാത്മാവ് ദാനങ്ങളാലും വരങ്ങളാലും തന്റെ വിശുദ്ധീകരണശക്തി വഴി തീർച്ചയായും അവരിൽ പ്രവർത്തനനിരതമാണ്. അവരിൽ പലരെയും രക്തം ചിന്താൻവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, ഈ ആത്മാവ് മിശിഹാ നിർണയിച്ചവിധം ഒരു ഇടയന്റെ കീഴിൽ ഒരു അജഗണമായി സമാധാനപൂർവ്വം ഐക്യപ്പെടുന്നതിനുള്ള അഭിലാഷവും പ്രവർത്തനവും മിശിഹായുടെ ശിഷ്യഗണം മുഴുവനിലും ഉണർത്തുകയും ചെയ്യുന്നു. ഈ ലക്ഷ്യപ്രാപ്തിക്ക് തിരുസഭാമാതാവ് പ്രാർത്ഥിക്കുന്നതിൽനിന്നും അഭിലഷിക്കുന്നതിൽനിന്നും പ്രവർത്തിക്കുന്നതിൽനിന്നും വിരമിക്കുന്നില്ല. വിശുദ്ധീകരണത്തിനും നവീകരണത്തിനുംവേണ്ടി തന്റെ മക്കളെ ഉപദേശിക്കുകയും ചെയ്യുന്നു. അങ്ങനെ മിശിഹായുടെ അടയാളം തിരുസഭയുടെ മുഖം കൂടുതൽ പ്രകാശമാനമാകുന്നതിനുവേണ്ടിയാണത്.

### 16 സഭയും അക്രൈസ്തവരും

അവസാനമായി, അതുവരെ സുവിശേഷം സ്വീകരിക്കാത്തവർ ദൈവജനത്തോട് വിവിധതരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഒന്നാമതായി, ഉടമ്പടികളും വാഗ്ദാനങ്ങളും നൽകപ്പെട്ട ജനം, ജഡപ്രകാരം മിശിഹാ ആരിൽനിന്നു ജന്മംകൊണ്ടുവോ ആ ജനം (റോമ 9:4,5), പിതാക്കന്മാരെപ്രതിയുള്ള തിരഞ്ഞെടുപ്പുവഴി ദൈവത്തിന് ഏറ്റവും ഇഷ്ടഭാജനമായ ആ ജനം. എന്തുകൊണ്ടെന്നാൽ, ദൈവം തന്റെ ദാനത്തിലും വിളിയിലും വ്യസനിക്കുന്നില്ല. (cf, റോമാ 11:28,21), മാത്രമല്ല, പരിത്രാണ പദ്ധതി സ്രഷ്ടാവിനെ അംഗീകരിക്കുന്നവരെയെല്ലാം തന്നെ ആശ്ലേഷിക്കുന്നു. അവരിൽ പ്രാധാന്യം അർഹിക്കുന്നവർ, അബ്രാഹത്തിന്റെ വിശ്വാസം മുറുകെ പിടിക്കുന്നുവെന്ന് ഏറ്റുപറയുകയും കരുണാനിധിയും അന്ത്യദിനത്തിൽ മനുഷ്യരെ വിധിക്കാൻ ഇരിക്കുന്നവനുമായ ഏകദൈവത്തെ നമ്മോടൊത്ത് ആരാധിക്കുകയും ചെയ്യുന്ന മുസൽമാന്മാരാണ്. ഛായകളിലും സങ്കൽപ്പങ്ങളിലും അജ്ഞാത ദൈവത്തെ അന്വേഷിക്കുന്ന മറ്റുള്ളവരിൽനിന്നുപോലും ദൈവം വിദൂരസ്ഥനല്ല. എല്ലാവർക്കും ജീവനും പ്രചോദനവും സർവ്വവും (അപ്പ 17:25-28) അവിടുന്നു നൽകുന്നുണ്ടല്ലോ. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നാണ് രക്ഷകൻ ആഗ്രഹിക്കുന്നത് (1 തിമോ 2:4). അതുകൊണ്ട് മിശിഹായുടെ സുവിശേഷത്തെയും അവിടുത്തെ സഭയെയും സ്വന്തം കുറ്റംകൊണ്ടല്ലാതെ അറിയാതിരിക്കുകയും എന്നാൽ, ആത്മാർത്ഥ ഹൃദയത്തോടെ ദൈവത്തെ തേടുകയും അവിടുത്തെ ഇഷ്ടം മനസ്സാക്ഷിയുടെ പ്രേരണയ്ക്കനുസൃതമായി പ്രവൃത്തികളാൽ പൂർത്തീ

കരിക്കുന്നതിന് പ്രസാദ വരത്തിന്റെ പ്രചോദനത്താൽ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാൻ കഴിയും. സ്വന്തം കുറ്റത്താലല്ലാതെ ദൈവത്തെ ഇനിയും സ്പഷ്ടമായി അംഗീകരിക്കാതിരിക്കുകയും ദൈവവരപ്രസാദത്തോടെതന്നെ ശരിയായ ജീവിതം നയിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് ദൈവപരിപാലനം രക്ഷയ്ക്ക് ആവശ്യമായ സഹായങ്ങൾ നിഷേധിക്കുകയും ഇല്ല. നന്മയായോ സത്യമായോ അവരിൽ കണ്ടെത്തുന്നവയെല്ലാംതന്നെ സുവിശേഷ സ്വീകരണത്തിനുവേണ്ടിയുള്ള ഒരുക്കമായാണ് സഭ കണക്കിലെടുക്കുന്നത്. സകലമനുഷ്യരും കാലത്തികവിൽ ജീവൻ പ്രാപിക്കുന്നതിനുവേണ്ടി അവരെ പ്രകാശിപ്പിക്കുന്നവനാൽ നൽകപ്പെട്ടതായി അവൾ അവയെ കരുതുകയും ചെയ്യുന്നു. എങ്കിലും പലപ്പോഴും മനുഷ്യർ ദുഷ്ടനാൽ വഞ്ചിതരായി, തങ്ങളുടെ ചിന്തകളിൽ വ്യർത്ഥരായിത്തീർന്ന്, ദൈവത്തിന്റെ സത്യം കാപട്യമാക്കി പകർത്തുകയും ദൈവത്തേക്കാൾ സൃഷ്ടികളെ സേവിക്കുകയും (റോമ 1:21,25) ഈ ലോകത്തിൽ ദൈവത്തെക്കൂടാതെ ജീവിച്ച്, മരിച്ച്, വലിയ ആശാഭംഗത്തിനു വിധേയരാകുകയും ചെയ്യുന്നു. അതിനാൽ ദൈവമഹത്വത്തിനും അവരുടെയെല്ലാം രക്ഷ ത്വരിതപ്പെടുത്തലിനും വേണ്ടി എല്ലാ സൃഷ്ടികളോടും "സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്ന കർത്താവിന്റെ വാക്കുകൾ തിരുസഭ ഓർമ്മിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ ജാഗ്രതയോടെ ശ്രദ്ധിക്കുന്നു.

### 17 സഭയുടെ പ്രേഷിതസ്വഭാവം

പുത്രൻ പിതാവാൽ അയക്കപ്പെട്ടിരിക്കുന്നതുപോലെ, പുത്രൻ ശ്ലീഹന്മാരെ അയച്ചുകൊണ്ട് (യോഹ 20:21) പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം പാലിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എല്ലായ്പ്പോഴും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ.28:19-20). ഈ രക്ഷാകരസത്യം പ്രഘോഷിക്കുന്നതിനുള്ള മിശിഹായുടെ ഗൗരവമേറിയ കല്പന ലോകത്തിന്റെ അതിർത്തികൾവരെയും പൂർത്തിയാക്കേണ്ടതിനായി ശ്ലീഹന്മാരിൽനിന്നു സഭ സ്വീകരിച്ചിരിക്കുന്നു (അപ്പ 1:8) അതിനാൽ, "ഞാൻ, സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി 9:16) എന്ന ശ്ലീഹായുടെ വാക്കുകൾ സഭ സ്വന്തമാക്കുന്നു. അതിനാൽ, നവജാ

തസഭകൾ പൂർണമായി സംസ്ഥാപിതമാക്കുകയും അവതന്നെ സുവിശേഷവത്കരണജോലി തുടരാറാകുകയും ചെയ്യുന്നതുവരെ പ്രഘോഷകരെ അയയ്ക്കുന്നതിൽനിന്ന് സഭ വിരമിക്കുന്നില്ല. മിശിഹായെ ലോകത്തിനു മുഴുവൻ രക്ഷയുടെ മൂലതത്ത്വമായി സ്ഥാപിച്ച ദൈവപദ്ധതി ഫലപ്രദമായി പൂർത്തീകരിക്കുന്നതിൽ സഹകരിക്കാൻ സഭ അരൂപിയാൽ നിർബന്ധിക്കപ്പെടുന്നു. സുവിശേഷം പ്രഘോഷിച്ചുകൊണ്ട്, സഭ ശ്രോതാക്കളെ വിശ്വാസത്തിലേക്കും വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിലേക്കും ആകർഷിക്കുകയും മാമ്മോദീസാ സ്വീകരിക്കാൻ ഒരുക്കുകയും ചെയ്യുന്നു. അവരെ തിന്മയുടെ അടിമത്തത്തിൽനിന്ന് പിടിച്ചുകറ്റുകയും മിശിഹായോട് ഏക ശരീരമാക്കുകയും ചെയ്യുന്നു. സ്നേഹംകൊണ്ട് അവനിൽ സമ്പൂർണതയോളം വളരാൻവേണ്ടി മനുഷ്യരുടെ മനസ്സിലും ഹൃദയത്തിലും വിവിധ റീത്തുകളിലും ജനപദങ്ങളുടെ സംസ്കാരങ്ങളിലുമുള്ള നന്മയുടെ അങ്കുരങ്ങളൊന്നുംതന്നെ നഷ്ടപ്പെടാതിരിക്കാൻ സഭ പ്രവർത്തിക്കുന്നുവെന്നു മാത്രമല്ല, അവയെ ശുദ്ധീകരിക്കുകയും ഉയർത്തുകയും ദൈവമഹത്ത്വത്തിനായും പിശാചിന്റെ ലജ്ജയ്ക്കും മനുഷ്യരുടെ സൗഭാഗ്യത്തിനുമായി പൂർണതയിലെത്തുകയും ചെയ്യുന്നതിനാണ് സഭ അവളുടെ പ്രവർത്തനങ്ങൾ നടത്തുന്നത്. മിശിഹായുടെ ഓരോ ശിഷ്യനും തന്റെ കഴിവിനൊത്ത് വിശ്വാസം പ്രചരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. ഏതു വിശ്വാസിക്കും മാമ്മോദീസാ നല്കാൻ അവകാശമുണ്ടെങ്കിലും പരിശുദ്ധ കുർബാനവഴി മിശിഹായുടെ ശരീരം പടുത്തുയർത്താൻ പുരോഹിതനു മാത്രമേ അനുവാദമുള്ളൂ. പ്രവാചകൻവഴി ദൈവം അരുൾ ചെയ്ത വാക്കുകൾ അങ്ങനെ പൂർത്തിയാക്കുകയാണ്: "സൂര്യോദയം മുതൽ അസ്തമയംവരെ എന്റെ നാമം ജനതകളുടെയിടയിൽ മഹത്ത്വപൂർണമാണ്; എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും ശുദ്ധമായ ബലികളും അർപ്പിക്കപ്പെടും." (മലാക്കി 1:11) കർത്താവിന്റെ ശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമായ ദൈവജനത്തിൽ ലോകംമുഴുവന്റെയും പൂർണത വന്നുചേരാനും സകലരുടെയും ശിരസ്സായ മിശിഹായിൽ, പ്രപഞ്ചസ്രഷ്ടാവും പിതാവുമായവന് ബഹുമാനവും മഹത്ത്വവും നല്കപ്പെടാനും സഭ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

***രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, പി.ഒ.സി***

# 06

## ദൈവത്തിന്റെ കൂദാശയും ദൈവരാജ്യത്തിന്റെ ശുശ്രൂഷകയും

സഭയെ സ്ഥാപനമായോ അദൃശ്യവും ആന്തരികവുമായ കൂട്ടായ്മയായോ മാത്രം വീക്ഷിക്കുന്നതിലുള്ള അപകടങ്ങൾ മനസ്സിലാക്കിയ ചില ദൈവശാസ്ത്രജ്ഞന്മാർ ഈ രണ്ടു വീക്ഷണങ്ങളെയും സമ്യക്കായി സംയോജിപ്പിക്കുന്നതിനുള്ള പരിശ്രമം വത്തിക്കാൻ കൗൺസിലിനു മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഹെൻറി ദ് ലുബാക്, ഓട്ടോ സെമ്മൽ റോത്ത്, കാൾ റാനർ, എഡ്വേഡ് സ്കില്ലബക്സ്, പീറ്റ്സ്മൾഡേർസ്, ഈവ്സ് കോൺഗാർ, ജെ. ഗ്രോറ്റ്, ജി. മാർട്ലറ്റ് തുടങ്ങിയവരുടെ പേരുകളാണ് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നത്. മൗലികമായ ഒരു കൂദാശയായിട്ടാണ് ഇവർ സഭയെ കാണുന്നത്. ഈ സഭാവിജ്ഞാനീയചിന്ത കൗൺസിൽ അംഗീകരിച്ചതിന്റെ തെളിവാണ് തിരുസ്സഭയെപ്പറ്റിയുള്ള പ്രമാണരേഖയുടെ ഒന്നാമത്തെ അധ്യായത്തിനു തന്നെ "സഭയുടെ കൗദാശികത" (The Mystery of the Church) എന്ന ശീർഷകം നൽകിയിരിക്കുന്നുവെ ന്നത്. സഭ

കൂദാശയാണെന്ന ആശയം ഊന്നിപ്പറയണമെന്ന് 130 പിതാക്കന്മാർ ഉന്നയിച്ച ആവശ്യത്തെ 3 പേർ എതിർത്തെങ്കിലും അവസാനം എല്ലാവരും ഏകകണ്ഠമായി അതംഗീകരിക്കുകയുണ്ടായി. പ്രമാണരേഖകളിൽ പലയിടത്തും ഈ ആശയം ആവർത്തിക്കപ്പെടുന്നുണ്ട്. കൗൺസിലിന്റെ രണ്ടാമത്തെ സമ്മേളനത്തിന്റെ ആരംഭത്തിൽ ആറാം പോൾ മാർപാപ്പയും സഭയെ കൂദാശയായി വിശേഷിപ്പിച്ചു. "മിസ്തേരിയോൻ" എന്ന ഗ്രീക്കുപദത്തിന്റെ തർജ്ജമയാണല്ലോ "സാക്രമെൻതും" എന്ന ലത്തീൻ പദവും കൂദാശയെന്ന സുറിയാനി മലയാള പദവും. മിസ്തേരിയോൻ എന്ന പദത്തിന് രഹസ്യം, നിഗൂഢമായത് എന്നൊക്കെ അർത്ഥമുണ്ടെങ്കിലും പ്രധാനമായി ആ അർത്ഥത്തിലല്ല സഭയെ ഒരു രഹസ്യമെന്നോ, കൂദാശയെന്നോ വിളിക്കുന്നത്. ആഴമേറിയ മറ്റൊരർത്ഥമാണ് അതിനുള്ളത്. അതു മനസ്സിലാക്കുവാൻ ഒന്നാമതായി വി. പൗലോസ്ശ്ലീഹാ രഹസ്യത്തിനു നല്കുന്ന അർത്ഥം നാം മനസ്സിലാക്കണം. നിത്യത മുതൽ ദൈവം തയ്യാറാക്കിയിരുന്നതും കാലത്തിന്റെ തികവിൽ അവിടുത്തെ ദൈവകുമാരന്റെ ജീവിതത്തിലും, മരണത്തിലും, ഉയിർപ്പിലുംകൂടെ, സാക്ഷാത്കരിച്ചതുമായ രക്ഷാകര പദ്ധതിയെയാണ്, പൗലോസ് ശ്ലീഹാ "മിസ്തേരിയോൻ" രഹസ്യം എന്നു പറയുന്നത്. ലത്തീൻ ബൈബിളിൽ സാക്രമെൻതും എന്ന പദം ഉപയോഗിച്ചാണ് ഇത് തർജ്ജിമ ചെയ്തിരിക്കുന്നത്. ഈ ചിന്താധാരയിൽത്തന്നെ സഭാപിതാക്കന്മാർ ക്രിസ്തുവിനെയും വി. പുസ്തകത്തെയും ആരാധനാക്രമത്തിലെ അനുഷ്ഠാനങ്ങളെയും സഭയെയും മിസ്തേരിയോൻ അഥവാ സാക്രമെൻതും എന്നു പറയുക പതിവായിരുന്നു. സഭയെ കൂദാശയായി മനസ്സിലാക്കുക വഴി, സഭാപിതാക്കന്മാരുടെ പാരമ്പര്യത്തിലേക്കു മടങ്ങുകയും, അതേസമയം ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ ചിന്താഗതിയുമായി യോജിക്കുകയു മാണ് കൗൺസിൽ ചെയ്യുന്നത്.

പ്രസാദവരജീവനാകുന്ന അതിസ്വഭാവികയാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും, സാക്ഷാത്കരിക്കുകയും ചെയ്യുന്ന പ്രതീകമാണല്ലോ കൂദാശ. മനുഷ്യരെ വാത്സല്യപൂർവ്വം സ്വീകരിക്കുകയും നിരുപാധികം അവരോടു ക്ഷമിക്കുകയും ചെയ്യുന്ന പിതാവ്, തന്നെത്തന്നെ മനുഷ്യർക്കു നല്കുകയും മനുഷ്യർ ഈ ദാനം സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് അവരിൽ പ്രസാദവരജീവൻ വസിക്കുന്നു എന്ന് നാം പറയുന്നത്. ദൈവത്തിന്റെ സ്വയംദാനവും മനുഷ്യന്റെ സ്വീകരണവും അതിന്റെ ഏറ്റവും ഉദാത്തമായ പൂർണ്ണതയിൽ മൂർത്തിമത്തായത് യേശുനാഥനിലാണ്. അതിനാൽ യേശുനാഥൻ ഈ സ്വയംദാനത്തിന്റെയും, സമ്പൂർണ്ണ സ്വീകരണ

ത്തിന്റെയും ഏറ്റവും അനുയോജ്യമായ പ്രതീകമാണ്. വെറും പ്രതീകമല്ല, പിന്നെയോ, സൂചിപ്പിക്കുകയും അത്യുദാത്തമായി സാക്ഷാത്കരിക്കുകയും ചെയ്യുന്ന പ്രതീകം അഥവാ കൂദാശ. മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും മനുഷ്യകുലം അതിനു നല്കുന്ന പ്രത്യുത്തരത്തിന്റെയും സാക്ഷാത്കരിക്കുന്ന പ്രതീകം, അഥവാ, കൂദാശയാണ് യേശുനാഥനെങ്കിൽ, യേശുവിന്റെ മരണത്തോടും ഉയിർപ്പോടും കൂടെ ഈ പ്രതീകത്തിന്റെ ചരിത്രപരതയിൽ പ്രതീകാത്മകതയും അവസാനിക്കുക സാധ്യമല്ല. അതു ചരിത്രത്തിൽ തുടരണം. ഉയിർത്തെഴുന്നേറ്റ യേശുനാഥനിൽ വിശ്വസിച്ചുകൊണ്ട്, അവിടുത്തെ അരൂപിയിൽ ഒന്നിച്ചുകൂടി പിതാവിന്റെ സ്നേഹം സ്വീകരിക്കുകയും തങ്ങളുടെ ജീവിതത്തെ പിതാവിനർപ്പിച്ചുകൊണ്ട് അവിടുത്തേയ്ക്ക് പ്രത്യുത്തരം നല്കുകയും ചെയ്യുന്ന വിശ്വാസികളുടെ കൂട്ടായ്മതന്നെയാണ്, യേശുനാഥനിലൂടെ കൈവന്ന രക്ഷയുടെ ചരിത്രത്തിൽ തുടരുന്നവരുടെ പ്രതീകം അഥവാ കൂദാശ. അതുകൊണ്ടാണ് സഭയെ കൂദാശ എന്നു പറയുന്നത്.

സഭ വെറുമൊരു പ്രതീകമല്ല, പ്രത്യുത ഒരു കൂദാശയാണ്. അതിനാൽ ക്രിസ്തുനാഥനിലൂടെ ദൈവം നല്കിയ സ്നേഹവും, കാരുണ്യവും, പാപമോചനവുമെല്ലാം സൂചിപ്പിക്കുക മാത്രമല്ല, സാക്ഷാത്കരിക്കുകയും ചെയ്യുന്ന പ്രതീകമായിരിക്കണം സഭ. അതുപോലെതന്നെ, ഈ പ്രതീകം ദൈവത്തിന്റെ നേർക്കുള്ള മനുഷ്യന്റെ സ്നേഹത്തെയും അനുസരണത്തെയും അർപ്പണത്തെയും സൂചിപ്പിക്കുക മാത്രമല്ല, സാക്ഷാത്കരിക്കുകയും ചെയ്യണം. അതിനുള്ള നിരന്തരമായ ഒരു ദൗത്യമാണ് ക്രിസ്തുനാഥൻ സഭയ്ക്കു നല്കിയിരിക്കുന്നത്.

കൂദാശ എന്ന പേരിൽ സഭയ്ക്ക് ദൃശ്യവും അദൃശ്യപരവുമായ വശവും, അദൃശ്യവും ആന്തരികവുമായ വശവും കൂടിയേതീരൂ. പ്രതീകം എപ്പോഴും ദൃശ്യമായിരിക്കണമല്ലോ. ദൃശ്യവും ചരിത്രപരവുമായ വശമാണ്, സഭയുടെ ഘടനയും വിശ്വാസ പ്രഖ്യാപനവും വിവിധ കൂദാശകളും ശുശ്രൂഷാ പൗരോഹിത്യവുമെല്ലാം. സഭ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും കൂദാശയാണെങ്കിൽ, ബാഹ്യമായും ഈ ഐക്യം പ്രകടമായിരിക്കണം. എന്നാൽ, ഘടനാപരമായ വശം മാത്രമേ ഉള്ളൂ എങ്കിൽ സഭ കൂദാശയായിരിക്കുകയില്ല, ശൂന്യമായ പ്രതീകം മാത്രമേ ആയിരിക്കുകയുള്ളൂ. ബാഹ്യഘടനയും വിവിധ കൂദാശകളുമെല്ലാം ആന്തരിക യാഥാർത്ഥ്യത്തെ സാക്ഷാത്കരിക്കുന്ന, ഉൾക്കൊള്ളുന്ന

പ്രതീകമാണെങ്കിൽ മാത്രമേ സഭ കൂദാശയായിരിക്കുകയുള്ളൂ.

കൗദാശിക സഭാ വീക്ഷണത്തിൽ സഭയെ കാണേണ്ടത്, വിവിധ കൂദാശകളിൽനിന്നല്ല. വിവിധ കൂദാശകളെ കാണേണ്ടത് സഭയിൽ നിന്നാണ്. ഏഴു കൂദാശകൾ സഭയാകുന്ന കൂദാശയുടെ വ്യത്യസ്ത സാക്ഷാത്കാരങ്ങൾ മാത്രമാണ്. അതേസമയം കൂദാശകളുടെ പരികർമ്മത്തിലാണെന്നു പറയാം സഭയുടെ കൗദാശിക പ്രകൃതി ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. സഭയുടെ ഏറ്റവും തീവ്രമായ കൗദാശിക സാക്ഷാത്കാരമാണ് വി. കുർബ്ബാന ആഘോഷം. അവിടെ സഭാംഗങ്ങൾ ക്രിസ്തുനാഥന്റെ അരൂപിയിലാണ് ഒന്നിച്ചുകൂടുന്നത്. ക്രിസ്തുനാഥന്റെ ജീവിതത്തിലും മരണത്തിലും ഉയിർപ്പിലുംകൂടെ പിതാവ് പ്രവർത്തിച്ച രക്ഷാകര സംഭവം അവിടെ കൗദാശികമായി പുനരവതരിപ്പിക്കപ്പെടുകയാണല്ലോ. പിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹവും സ്വയംദാനവും യേശുനാഥന്റെ സമ്പൂർണ്ണമായ പ്രത്യുത്തരവും അവിടെ സന്നിഹിതമാണ്. യേശുനാഥനോടൊത്ത് അവിടുത്തെ സഭാപിതാവിന്റെ സ്നേഹവും സ്വയംദാനവും സ്വീകരിച്ച് തങ്ങളുടെ ജീവിതബലി പിതാവിന് സമർപ്പിക്കുന്നു. ആ ജീവിതബലി അനുദിനജീവിതത്തിൽ സാക്ഷാത്കരിക്കുവാൻ പ്രതിജ്ഞാബദ്ധരാകുന്നു. അങ്ങനെ ആഘോഷിക്കപ്പെടുന്ന വി. കുർബ്ബാനയാണ് സഭയുടെ ഏറ്റവും തീവ്രമായ കൗദാശിക സാക്ഷാത്കാരം, അഥവാ "സഭാസംഭവം".

കൗദാശികമായ സഭാവീക്ഷണത്തെ കൂദാശാപ്രദാനമായ സഭാവീക്ഷണമായി തെറ്റിദ്ധരിച്ചുകൂടാ. കൂദാശാപ്രദാനമായ സഭാവീക്ഷണത്തിൽ പ്രസാദവരമാർഗ്ഗങ്ങളായി കരുതപ്പെടുന്ന കൂദാശകൾ പരികർമ്മം ചെയ്യുകയാണ് സഭയുടെ മുഖ്യമായ ദൗത്യം. കൂദാശകളെപ്പറ്റിയുള്ള ധാരണതന്നെ ഇവിടെ വികലമാണ്. യാന്ത്രികമായി വിശുദ്ധി കൈവരുത്തുന്ന മാർഗ്ഗങ്ങളായിട്ടാണ് പലരും അവയെ കണക്കാക്കുന്നത്. കൂദാശകൾ ദൈവവും മനുഷ്യനും തമ്മിലുള്ള കണ്ടുമുട്ടലിന്റെ മാധ്യമങ്ങളാണെന്ന വസ്തുതതന്നെ വിസ്മരിക്കപ്പെടുന്നു. അതുപോലെതന്നെ, വ്യക്തിബന്ധങ്ങളിലും സാമൂഹികമാനങ്ങളിലുംകൂടെയാണ് ദൈവം കൗദാശികമായി മനുഷ്യനുമായി കണ്ടുമുട്ടുന്നതെന്ന പരമാർത്ഥവും. ചിലരെ സംബന്ധിച്ചിത്തോളം, സമൂഹജീവിത പരമായ ആചാരാനുഷ്ഠാനങ്ങൾ മാത്രമാണ് കൂദാശകൾ. അവ ക്രമാനുഷ്ഠിതമായി നല്കുന്ന ഒരു സ്ഥാപനമത്രേ സഭ. കൂദാശാപ്രധാനമായ ഈ സഭാവീക്ഷണം, നമ്മുടെയാളുകളുകൾക്കിടയിൽ- അൽമായരുടെ ഇടയിൽ മാത്രമല്ല- സാധാരണമാണെന്നുവേണം പറയുവാൻ.

## പരിചാരക സഭ

സഭയെപ്പറ്റിയുള്ള രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ആദ്യത്തെ പ്രമാണരേഖ മുഖ്യമായും സഭയുടെ ആന്തരികസത്ത യെയും ജീവിതത്തെയും കേന്ദ്രീകരിച്ചുള്ളതായിരുന്നെങ്കിൽ, "സഭ ആധുനിക ലോകത്തിൽ" എന്ന പ്രമാണരേഖ സഭയും ലോകവുമാ യുള്ള ബന്ധത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ലോകത്തോടു വിശ്വാസം പ്രഖ്യാപിക്കുക, ലോകത്തെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക ഇവയൊക്കെയാണ് ലോകത്തോടുള്ള തന്റെ മുഖ്യകടമകളായി കഴിഞ്ഞ കാലങ്ങളിൽ സഭ കരുതിയിരുന്നത്. ലോകത്തെ പരിചരിക്കുക എന്നതും സഭയുടെ മുഖ്യമായ ഒരു കടമയാണെന്ന അവബോധം ഉണ്ടാകുന്നതിനു കൗൺസിലും, വിശേഷിച്ച് സഭ "ആധുനിക ലോകത്തിൽ" എന്ന പ്രമാണരേഖയും വളരെയേറെ സഹായിച്ചിട്ടുണ്ട്. സേവനം സഭയുടെ കടമയാണെന്ന ബോധ്യം ഒരിക്കലും സഭയിൽനിന്നു തീർത്തും അപ്രത്യക്ഷ മായിരുന്നില്ല. എങ്കിലും മനുഷ്യരക്ഷ ആധ്യാത്മിക മണ്ഡലങ്ങളിൽ മാത്രമായി ഒതുക്കി നിർത്തുന്ന ഒരു പ്രവണത ഈ ബോധ്യത്തിനു മങ്ങലേൽപിച്ചു. സേവകരായിരിക്കേണ്ട അജപാലകന്മാർ പലപ്പോഴും ഭരണാധിപന്മാരുടെയും പ്രഭുക്കന്മാരുടെയും പെരുമാറ്റരീതികൾ സ്വീകരിച്ചതും സഭയുടെ സേവനസ്വ ഭാവത്തിന് കോട്ടംവരുത്തി. ഈ പരിതസ്ഥിതിയിലാണ് പരിചരണം സഭയുടെ മുഖമുദ്രയായി, പ്രഖ്യാപിക്കണമെന്ന് പല കൗൺസിൽ പിതാ ക്കന്മാരും ആവശ്യപ്പെട്ടത്. സഭയെപ്പറ്റിയുള്ള പ്രമാണരേഖയിൽ സഭയുടെ പരിചാരകസ്വഭാവത്തെക്കുറിച്ച് പലയിടത്തും സൂചന കളുണ്ട്. പരിചരണം സഭയുടെ അവശ്യ സ്വഭാവമാണെന്ന് മൂന്നാമത്തെ സമ്മേളനത്തിന്റെ അവസാനത്തിൽ, ആറാം പോൾ മാർപാപ്പ അസന്നിഗ്ധമായി പ്രസ്താവിക്കുകയുണ്ടായി. അതു വ്യക്തവും വിശ്വാസയോഗ്യവുമായി കാണിക്കുവാൻ "സഭ ആധുനികലോകത്തി"ന്റെ ആസൂത്രകരോട് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ സേവിക്കയും പരിചരിക്കയും ചെയ്യുന്ന ഒരു സഭയാ യിട്ടാണ്, നാലാമദ്ധ്യായത്തിൽ മാത്രമല്ല, പ്രമാണ രേഖയിലുടനീളം സഭയെ ചിത്രീകരിക്കുന്നത്.

ഈ പ്രമാണരേഖയിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ്, 1968-ൽ മെദല്ലിനിലും. 1981-ൽ പുഎബ്ലായിലും സമ്മേളിച്ച ലാറ്റിൻ അമേരിക്കൻ മെത്രാന്മാരുടെ കോൺഫറൻസും, 1971-ൽ റോമിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡും, പരിചാരകദൗത്യത്തെ സഭയുടെ അനന്യമായ ഒരു ലക്ഷണമായി എടുത്തുകാട്ടിയത്. 1968-ൽ ഉപ്പ്സാലായിൽ കൂടിയ സഭകളുടെ ലോക കൗൺസിലും,

സഭയുടെ ഈ സ്വഭാവത്തിന് വളരെയേറെ പ്രാധാന്യം കൊടുക്കുകയുണ്ടായി. ഈ ഔദ്യോഗിക രേഖകളുടെയെല്ലാം വെളിച്ചത്തിൽ പല ദൈവശാസ്ത്രജ്ഞന്മാരും സഭയുടെ പരിചാരകസ്വഭാവത്തെ കേന്ദ്രീകരിച്ചുള്ള ഒരു സഭാവിജ്ഞാനീയത്തിനുതന്നെ രൂപംകൊടുക്കുവാൻ ശ്രമിക്കുകയുണ്ടായി. അവരുടെയിടയിൽ ആംഗ്ലിക്കൻ, പ്രൊട്ടസ്റ്റന്റ്, കത്തോലിക്കാ സഭാവിഭാഗങ്ങളിലുള്ളവരുണ്ട്. വർഷങ്ങൾക്കു മുമ്പുതന്നെ ഈ ലൈനിൽ ചിന്തിച്ചു തുടങ്ങിയിരുന്ന റ്റെയാർ ദ്ഴ്ഷാർദാനും, ഡീറ്റ്രിക് ബോൺഹോഫറും അവർക്ക് ഉത്തേജനം നൽകി. ഹാർവി കോക്സ്, ജെ. എ. റ്റി. റോബിൻസൺ, ജിബ്സൺ വിന്റർ, റോബർട്ട് അഡോൾഫസ്, യൂജീൻ ബിയാൻകി, റിച്ചാർഡ് മക്ബ്രിയൻ എന്നിവരുടെ പേരുകളാണ് ഇവിടെ പ്രത്യേകം എടുത്തുപറയാനുള്ളത്. ക്രിസ്തുവിനെപ്പോലെ സ്വയം ശൂന്യവത്കരിച്ച്, ദാസന്റെ രൂപം സ്വീകരിക്കുകയും, സ്വാതന്ത്ര്യം, നീതി, സമാധാനം, സ്നേഹം, കാരുണ്യം, അനുരഞ്ജനം എന്നിങ്ങനെയുള്ള യേശുവിന്റെ സുവിശേഷത്തിന്റെ സനാതന മൂല്യങ്ങളുടെ വിധിക്കു വിധേയമാകുവാൻ ലോകത്തെ പ്രാപ്തമാക്കുകയുമാണ് അവ രുടെ ദൃഷ്ടിയിൽ സഭയുടെ സുപ്രദാനമായ ദൗത്യം. അല്ലാതെ വിശ്വാസ പ്രഘോഷണത്തിലും അനുഷ്ഠാനങ്ങളിലും മാത്രം മുഴുകി ജീവിക്കയല്ല. സ്വന്തം സ്ഥാപനങ്ങളിലും ഘടനകളിലും ഒതുങ്ങിനിൽക്കാതെ, ലോകത്തിന്റെതന്നെ സ്ഥാപനങ്ങളിലേക്കും ഘടനകളിലേക്കും സഭ ഇറങ്ങിച്ചെല്ലണം. ഈ മണ്ഡലങ്ങളെയും, സ്വന്തം കർമ്മരംഗങ്ങളായി സഭ വീക്ഷിക്കണം. എങ്കിൽ മാത്രമേ ലോകത്തിന്റെ പരിചാരികയായി സ്വയം വീക്ഷിക്കുവാൻ സഭയ്ക്കു സാധിക്കൂ.

സഭയുടെയും ലോകത്തിന്റെയും യുഗാന്തോന്മുഖതയ്ക്ക് ഈ ദൈവശാസ്ത്രജ്ഞന്മാർ അധികം പ്രാധാന്യം നൽകിക്കാണുന്നില്ല. എന്നാൽ, യുഗാന്തോന്മുഖതതന്നെ ലോകത്തെ പരിചരിക്കുവാൻ സഭയ്ക്കുള്ള ഏറ്റവും വലിയ ഉത്തേജകമായിരിക്കണമെന്ന് വാദിക്കുന്നവരാണ് വോൾഫ്ഹാർട്ട് പന്നൻബർഗ്, ജൂർഗർ മോൾട്മാൻ, ജോൺ ബാപ്റ്റിസ്റ്റ് മെറ്റ്സ്, എഡ്വേർഡ് സ്കില്ലബെക്സ് തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ. ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന യുഗാന്തോന്മുഖമായ നീതിയുടെയും ജീവന്റെയും മാനുഷികതയുടെയും പൂർത്തീകരണത്തിനായി ലോകത്തെ ഒരുക്കുന്നതിലാണ് തന്റെ പരിചാരക ദൗത്യം സഭ മുഖ്യമായും നിർവ്വഹിക്കുന്നത്. മോൾഡ്മാനെപ്പോലെതന്നെ, പ്രത്യാശയുടെ ദൈവശാസ്ത്രത്തിൽ അടിയുറച്ചു നില്ക്കുന്നവരാണ് മെറ്റ്സും,

സ്കില്ലബെക്സും. പൊതുജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന ഘടനാപരവും സംഘാത്മകവുമായ അനീതികൾക്കും ചൂഷണ ത്തിനുമെല്ലാം എതിരായി പാവങ്ങളുടെ പക്ഷംചേർന്നുകൊണ്ട്, പഴയനിയമത്തിലെ പ്രവാചകന്മാരെപ്പോലെ പ്രതിഷേധസ്വരം മുഴക്കുകയും, യേശുവിന്റെ പീഡാനുഭവത്തിന്റെ അപകടകരവും വിധ്വംസകവുമായ ഓർമ്മ സദാ നവീകരിക്കുകയും ചെയ്യുന്നതിൽ സഭയുടെ പ്രധാന ദൗത്യം അടങ്ങിയിരിക്കുന്നുവെന്നാണ് "പൊതുജീവിത ദൈവശാസ്ത്ര"ത്തിന്റെ (Political Theology) മുഖ്യവക്താവായി ജെ. ബി. മെറ്റ്സിന്റെ വാദം.

പ്രത്യാശയുടെയും "പൊതുജീവിതത്തിന്റെ"യും ദൈവശാ സ്ത്രങ്ങൾ താത്വികമായി പാവങ്ങളുടെ പക്ഷംചേരുന്ന ഒന്നാണെങ്കിലും, പ്രായോഗികവും ഫലപ്രദവുമായി അതിന് ഒന്നും ചെയ്യുവാൻ കഴിയുകയില്ലെന്ന അവബോധം മൂന്നാം ലോകത്തിലെ, വിശിഷ്യാ ലത്തീനമേരിക്കയിലെ പല ദൈവശാസ്ത്രജ്ഞ ന്മാരിലുമുണ്ടായി. അതിന്റെ ഫലമായി രൂപംകൊണ്ടതാണെന്നു പറയാം "വിമോചന ദൈവശാസ്ത്രം." പരിചാരക സഭാ വിജ്ഞാനീയത്തിന്റെ തലത്തിലുള്ള ഒരു സഭാവീക്ഷണമാണ് വിമോചന ദൈവശാസ്ത്രത്തിന്റേതും. ഇതിന്റെ തൊട്ടടുത്ത ഉറവിടം കൗൺസിലിന്റെ "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേ ഖയും പോൾ ആറാമന്റെ "ജനതകളുടെ പുരോഗതി" എന്ന ചാക്രികലേഖനവുമാണെന്നു പറയാം. ആധുനികലോകത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുക്കണമെന്ന കൗൺസിലിന്റെ നിർദ്ദേ ശമനുസരിച്ച് ഇന്നത്തെ സാമൂഹിക സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളുടെയെല്ലാം ഒരപഗ്രഥനം "സഭ ആധുനികലോക ത്തിൽ" എന്ന പ്രമാണരേഖ നടത്തുകയുണ്ടായി. ഇന്നത്തെ മനുഷ്യരുടെ ആവശ്യങ്ങളിലേക്കും പ്രതീക്ഷകളിലേക്കുമെല്ലാം അത് ശ്രദ്ധ തിരിച്ചു. എങ്കിലും ആഗോളപരിതസ്ഥിതികളുടെ സമഗ്രമായ ഒരപഗ്രഥനമായിരുന്നു ഇതെന്നു പറഞ്ഞുകൂടാ. വിശേഷിച്ച് മൂന്നാം ലോകത്തിന്റെ തീവ്രമായ പ്രശ്നങ്ങളെ വേണ്ടവിധം കണക്കിലെ ടുക്കുവാൻ അതിനു കഴിഞ്ഞില്ല. കൊളോണിയലിസത്തിൽനിന്നു വിമുക്തിനേടിയ ജനതകളുടെ സാംസ്കാരികമായ ഉയിർത്തെഴു ന്നേൽപ്പും സമ്പൂർണ്ണ വിമോചനത്തിനും വികസനത്തിനും വേണ്ടിയുള്ള ദാഹവുമെല്ലാം വേണ്ടവിധം വിലയിരുത്തപ്പെട്ടെന്നു പറഞ്ഞുകൂടാ. ഘടനാപരവും സംഘാതാത്മകവുമായ തിന്മയുടെ ശക്തിയുടെ ക്രൂരഭാവങ്ങൾ പ്രമാണരേഖ കണ്ടതേയില്ല. സാമൂഹ്യ വും രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ പലരംഗങ്ങളിലും

കൗൺസിലിനുണ്ടായിരുന്ന ശുഭാപ്തിവിശ്വാസം അതിരുകടന്നതായിരുന്നുവെന്നു പിന്നീടുനടന്ന സംഭവങ്ങൾ തെളിയിക്കുകയുണ്ടായി.

അധീശത്വത്തിന്റേതായ ഒരു വ്യവസ്ഥിതിയിലാണ് സഭതന്നെ ജീവിക്കുന്നതെന്നും ഈ വ്യവസ്ഥിതിയുടെ പ്രത്യയശാസ്ത്രങ്ങളും പ്രവർത്തനശൈലിയുമെല്ലാം സഭയേയും സ്വാധീനിക്കാൻ സാധ്യതയുണ്ടെന്നുമുള്ള വസ്തുത പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അറിയാതെതന്നെ ഈ പ്രത്യയശാസ്ത്രങ്ങൾക്കും പ്രവർത്തനശൈലിക്കും സഭ പലപ്പോഴും സന്മാർഗ്ഗികാംഗീകാരം നൽകുന്നുണ്ട്. ചരിത്രത്തിൽ സ്വയം സാക്ഷാത്കരിക്കുന്നതിന് സാമൂഹ്യവും സാംസ്കാരികവുമായ പല ഘടകങ്ങളുടെയും മാധ്യമം സഭയ്ക്കാവശ്യമാണ്. ഈ ഘടകങ്ങൾ സുവിശേഷവുമായി അവശ്യം ബന്ധപ്പെട്ടവയല്ല.

കഴിഞ്ഞ കാലങ്ങളിൽ ഏതേതു ഘടകങ്ങളാണ് ചരിത്രത്തിലെ സ്വയം സാക്ഷാത്ക്കാരത്തിനായി സ്വീകരിച്ചിട്ടുള്ളതെന്നും അവയ്ക്ക് അതതുകാലങ്ങളിൽ നിലനിന്നിരുന്ന പ്രത്യയശാസ്ത്രങ്ങളുമായി എന്തുബന്ധമാണുള്ളതെന്നും സഭ ഇന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. ഇവയിൽ മനുഷ്യസമൂഹങ്ങൾക്കോ ഭൂഖണ്ഡങ്ങൾക്കോ എതിരായി വിവേചനം സൃഷ്ടിക്കുന്ന സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ സങ്കൽപ്പങ്ങളെയും സഭ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യരുടെയും തുല്യതയും പദവിയും അവകാശങ്ങളും പ്രഖ്യാപിച്ചുകൊണ്ട്, അവയ്ക്കെതിരേ നിലകൊള്ളുന്ന വ്യവസ്ഥിതികളെയും സംവിധാനങ്ങളെയും എല്ലാം എതിർക്കേണ്ടത് സഭയുടെ കടമയാണ്. അനീതിക്കും ചൂഷണത്തിനും മർദ്ദനത്തിനും വിധേയരാകുന്നവരുടെ പക്ഷത്തുനിന്നുകൊണ്ടു മാത്രമേ അവയ്ക്കെതിരായി സ്വരമുയർത്താനും അവയെ ചെറുക്കാനും സഭയ്ക്ക് സാധ്യമാകൂ. ലാറ്റിനമേരിക്കയിൽ ഇന്നു നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ മർദ്ദിതരും മർദ്ദകരും എന്ന രണ്ടിനമേയുള്ളൂ. രാഷ്ട്രീയസാമൂഹികസാമ്പത്തികശക്തിയെല്ലാം മർദ്ദകവിഭാഗത്തിന്റെ കൈയിൽ ഒതുങ്ങിയിരിക്കുകയാണ്. ഈ പരിതസ്ഥിതിയിൽ മർദ്ദിതവിഭാഗത്തോടുകൂടെ മാത്രമേ സഭയ്ക്കു നിലനിൽക്കുവാൻ കഴിയൂ. സഭയുടെ തിരഞ്ഞെടുപ്പുകളും പ്രവർത്തനങ്ങളുമെല്ലാം പൊതുജീവിതക്രമത്തെ ബാധിക്കുന്നതാണ്; മറ്റു വാക്കുകളിൽ പറഞ്ഞാൽ രാഷ്ട്രീയസ്വഭാവമുള്ളതാണ്. രാഷ്ട്രീയസ്വഭാവമില്ലാത്ത, നിഷ്പക്ഷമായ ഒരു നിലപാട് സ്വീകരിക്കുവാൻ സഭയ്ക്കു ഒരിക്കലും സാധ്യമല്ല. ഒരു നിലപാടും സ്വീകരിക്കുന്നില്ലെങ്കിൽ, അതും രാഷ്ട്രീയമായ, ചേരിചേരുന്ന ഒരു നിലപാടാണ്.

മർദ്ദിതരോടുകൂടെ നിൽക്കുകയും അവരുടെ സമഗ്രമായ വിമോചനത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യാത്ത സഭ മർദ്ദകരോടു കൂടെ നിന്നേ മതിയാകൂ.

മനുഷ്യരുടെ വിമോചകനായിട്ടാണ് ദൈവം ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിന്റെ വെളിപാടിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. അത് വെറും പ്രഖ്യാപനമല്ല, പ്രധാനമായും ജീവിതമാണ്. ദൈവത്തിന്റെ രക്ഷാകരമായ സ്വയം ദാനത്തിനുള്ള മനുഷ്യന്റെ പര്യാപ്തമായ പ്രത്യുത്തരം, ഈ സ്വയം ദാനം സ്വീകരിച്ചുകൊണ്ട് മറ്റു വ്യക്തികളും സമൂഹങ്ങളും നേരിടുന്ന അനീതികളിലും പീഡനങ്ങളിലുംനിന്ന് അവരെ മോചിപ്പിച്ച്, അവരുടെ സമഗ്ര രക്ഷയ്ക്കുവേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയുമാണ്. വിശ്വാസത്തെ ഗൗരവമായി കണക്കാക്കുന്നിടത്ത് ഇപ്രകാരം വിശ്വാസത്തിന്റെ ഒരു പുതിയ പ്രവർത്തനശൈലി, ഒരു പുതിയ "പ്രാക്സിസ്" ആരംഭിക്കുകയായി, ഈ പ്രാക്സിസിന്മേലുള്ള പരിചിന്തനം വിശ്വാസത്തിന്റെ പുതിയ ആഴങ്ങളിലേക്കും ഈ പുതിയ ആഴങ്ങൾ വിശ്വാസത്തിന്റെ പുതിയ പ്രാക്സീസിലേക്കും നയിക്കുന്നു. വിശ്വാസത്തിന്റെയും പ്രാക്സിസിന്റെയും പരിചിന്തനത്തിന്റെയും ഈ പ്രക്രിയയെ ഉത്തേജിപ്പിക്കുകയും മുമ്പോട്ടു നയിക്കുകയും ചെയ്യുകയാണ് സഭയുടെ സുപ്രധാനമായ ദൗത്യം. സഭയുടെ അണികളിൽ തന്നെയാണ് ഈ പ്രക്രിയ ആരംഭിക്കുന്നത്. മർദ്ദിതരും മർദ്ദകരുമുള്ള ഒരു വ്യവസ്ഥിതിയിൽ മർദ്ദകവിഭാഗത്തിൽനിന്ന് ഇതാരംഭിക്കയില്ലല്ലോ. മർദ്ദിതരായ ഈ വിഭാഗങ്ങൾ ദൈവത്തിന്റെ വിമോചകവും രക്ഷാകരവുമായ സ്വയം ദാനത്തെപ്പറ്റിയുള്ള അവബോധത്തിലും അനുഭവത്തിലും കൃതജ്ഞതയിലും നിന്ന് ഒന്നിച്ചുകൂടുകയും തങ്ങളുടേയും മറ്റുള്ളവരുടേയും വിമോചനത്തിനും സമഗ്രരക്ഷയ്ക്കുംവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നിടത്താണ് അടിസ്ഥാന ക്രിസ്തീയ സമൂഹങ്ങൾ രൂപം (Bacic Christian Communities) കൊള്ളുന്നത്. മനുഷ്യകുലത്തെപ്പറ്റിയുള്ള ദൈവത്തിന്റെ ചരിത്രത്തിലെ പദ്ധതിയുടെ നിർവ്വഹണത്തിനു വേണ്ടി പ്രവർത്തിക്കുവാൻ അവർക്ക് ആവേശം പകരുന്നു. ഇതാണെന്നുപറയാം വിമോചന ദൈവശാസ്ത്രത്തിലെ സഭാവിജ്ഞാനീയത്തിന്റെ ഏകദേശരൂപം.

വിമോചന ദൈവശാസ്ത്രത്തിന്റെ വക്താക്കളായി രംഗത്തുവന്നിട്ടുള്ളവർ മുഖ്യമായും കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരാണ്. എന്നാൽ, സഭകളുടെ ലോകകൗൺസിലും (World Council of Churches), അതിന്റെ വിവിധ കമ്മീഷനുകളും, മനുഷ്യന്റെ സമഗ്ര വിമോചനത്തേയും അതിൽ സഭയ്ക്കുള്ള പങ്കിനേ

യുംപറ്റി പല പരിചിന്തനങ്ങളും പഠനങ്ങളും കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കുള്ളിൽ നടത്തുകയുണ്ടായെന്ന വസ്തുത ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. 1966-ൽ ജനീവായിൽകൂടിയ "സഭയും സമൂഹവും" കമ്മീഷന്റെ ആഗോളസമ്മേളനത്തിന്റേയും 1968-ൽ ഉപ്സലായിലും 1975-ൽ നൈറോബിയിലും സമ്മേളിച്ച സഭകളുടെ ലോകകൗൺസിലിന്റേയും റിപ്പോർട്ടുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. നൈറോബിയിലെ സമ്മേളനത്തിനുശേഷം, "വികസനത്തിൽ സഭയുടെ ഭാഗഭാഗിത്വം" എന്ന പേരിൽ പ്രവർത്തിക്കുന്ന കമ്മിഷൻ (Commision on the Churches Participation in Development) നടത്തിയ പഠനങ്ങൾ പ്രത്യേകം ശ്രദ്ധാർഹമത്രേ. സ്വയം ദരിദ്രരായിത്തീർന്നുകൊണ്ട് പാവങ്ങളുടെ പക്ഷം ചേരുവാനും, സ്വാതന്ത്ര്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുവാനും, ചൂഷണത്തിനും മർദ്ദനത്തിനുമെല്ലാമെതിരായി പോരാടുവാനും, സമത്വത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു പുതിയ വ്യവസ്ഥിതിയുടെ സ്ഥാപനത്തിനുവേണ്ടി അക്ഷീണം യത്നിക്കുവാനുമുള്ള സഭയുടെ ദൗത്യത്തെ ഊന്നിപ്പറയുന്നവയാണ് ഈ പഠനങ്ങൾ.

### സ്വത്വം തേടുന്ന ഭാരതീയ സഭാവിജ്ഞാനീയം

ആധുനിക ലോകത്തിന്റെ പ്രശ്നങ്ങളിലേക്കു തിരിഞ്ഞ രണ്ടാം വത്തിക്കാൻ കൗൺസിലും കൗൺസിലിൽനിന്ന് പ്രചോദനമുൾക്കൊണ്ട വിമോചന ദൈവശാസ്ത്രവും ഭാരതത്തിനുതകുന്ന ഒരു സഭാവിജ്ഞാനീയ അന്വേഷണങ്ങൾ നടത്തുവാൻ ഇവിടുത്തെ ചില ദൈവശാസ്ത്രജ്ഞന്മാർക്കും സഭാസ്നേഹികൾക്കും പ്രചോദനമരുളി. 1981 ഒക്ടോബർ 19 മുതൽ 24 വരെ ബാംഗ്ലൂരിലെ NBCLC -യിൽ നടന്ന "പുതിയ സമൂഹത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സഭയുടെ നിലപാട്" (The Indian Church in the Struggle for a New Society) എന്ന സെമിനാറിലും, നാഗപ്പൂരിൽവെച്ച് 1983 ഒക്ടോബർ 21 മുതൽ 23 വരെ നടന്ന ഇന്ത്യൻ തിയോളജിക്കൽ അസ്സോസിയേഷന്റെ ഏഴാമത്തെ വാർഷികസമ്മേളനത്തിലുമാണ് ഈ അന്വേഷണങ്ങൾക്ക് വ്യക്തമായൊരു സ്വരം ലഭിച്ചത്. "ഒരു ഭാരതീയ സഭാവിജ്ഞാനീയത്തിനുവേണ്ടിയുള്ള അന്വേഷണം" (Searching for an Indian Ecclesology) എന്നതായിരുന്നു നാഗപ്പൂർ സമ്മേളനത്തിന്റെ പ്രമേയംതന്നെ. ഭാരതം ഇന്നു നേരിടുന്ന പരിതസ്ഥിതികളെ ഫലപ്രദമായി നേരിടണമെങ്കിൽ, പരമ്പരാഗത സഭാവിജ്ഞാനീയത്തെ അനുരൂപപ്പെടുത്തുകയോ നവീകരിക്കുകയോ ചെയ്താൽപോരാ, പിന്നെയോ സമൂലമായ ഒരു രൂപാന്തരീകരണം തന്നെ ആവശ്യമാണെന്ന നിഗമനത്തിൽനിന്നാണ് ഈ അന്വേ

ഷണം ആരംഭിക്കുന്നത്. വിദേശത്തുനിന്നു ഇറക്കുമതിചെയ്ത ഒരു സംവിധാനംപോലെയാണ് സഭയിന്നു കാണപ്പെടുക. ഭാരതക്രൈസ്തവന് വേഷത്തിലോ ആചാരങ്ങളിലോ ആരാധനയിലോ ചിന്താരീതിയിലോ റോമാക്കാരനോ സിറിയാക്കാരനോ ആകേണ്ടയാവശ്യമില്ല. വിദേശങ്ങളിലെ വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ രൂപംകൊണ്ട സഭാവിജ്ഞാനീയങ്ങൾ ചുമത്തിയേല്പിച്ചതിന്റെ ഫലമാണ് സഭാപരമായ ബന്ധങ്ങളിലും സമീപനങ്ങളിലും മനോഭാവങ്ങളിലും കാണുന്ന അയവില്ലായ്മയും, ജനങ്ങളുടെ ആവശ്യങ്ങളേയും അവശതകളെയും പറ്റിയുള്ള അവബോധമില്ലായ്മയും. സഭാവിജാഞാനീയങ്ങളെല്ലാംതന്നെ ആപേക്ഷികങ്ങളാണ്. ഇപ്പോഴത്തെ സഭാവിജ്ഞാനീയമാകട്ടെ സുവിശേഷപ്രഘോഷണത്തിന് ഒരു പ്രതിബന്ധംതന്നെയാണ്. ഭാരതത്തിന്റേതായ ഒരു സഭാവിജ്ഞാനീയത്തിനു രൂപംകൊടുക്കുവാനുള്ള പരിശ്രമത്തിന്റെ പശ്ചാത്തലമായി അവർ കണ്ടത് ഈ പരിതസ്ഥിതിയാണ്.

നമ്മുടേതായ ഒരു സഭാവിജ്ഞാനീയത്തെപ്പറ്റി ചിന്തിക്കുമ്പോൾ, ഭാരതത്തിലെ മതപരമായ വൈവിധ്യങ്ങളേയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പരിതസ്ഥിതികളേയുമെല്ലാം പ്രത്യേകം കണക്കിലെടുക്കേണ്ടതുണ്ട്. സാമൂഹ്യരംഗത്തെ ജാതിവ്യത്യാസങ്ങളും സാമ്പത്തികരംഗത്തെ ഉച്ചനീചത്വങ്ങളും ബഹുഭൂരിപക്ഷം ജനങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യവും പട്ടിണിയും വിവേചനവുമെല്ലാം സഭയുടെ സ്വഭാവത്തേയും ദൗത്യത്തേയും സംബന്ധിച്ച വീക്ഷണത്തിനു വ്യത്യസ്തമായ ഊന്നൽ കൊടുത്തേമതിയാവൂ.

സഭയെ കൂദാശയായും കൂട്ടായ്മയായും വിമോചന ദൈവശാസ്ത്രത്തിന്റെ മാതൃകയിലുള്ള പരിചാരക സഭയായുമാണ് ഇന്ത്യൻ ദൈവശാസ്ത്രജ്ഞന്മാർ കാണുന്നത്. പ്രാദേശിക സഭയുടെ പരിതസ്ഥിതികളിൽ അവതരിച്ച രക്ഷാകര രഹസ്യവും വിശുദ്ധ കുർബ്ബാനയാഘോഷത്തിൽ ഒന്നിച്ചുകൂടിയ കൂദാശയുമാണ് സഭ. അതേസമയം യേശുവിനെ അനുഗമിക്കുന്ന വ്യക്തികളുടെയും പ്രാദേശിക ദൃശ്യസമൂഹങ്ങളുടേയും കൂട്ടായ്മയുമാണ് അത്. ജ്ഞാനസ്നാനം വ്യക്തികളെ, ഈ കൂട്ടായ്മയിലേക്കു സ്വീകരിക്കുന്ന കൂദാശയായിരിക്കുന്നതോടൊപ്പം, തന്റെ ജനത്തിനും അവരുടെ പോരാട്ടങ്ങൾക്കും സ്വയം അർപ്പിക്കുന്ന ദൈവത്തിന്റെ നേർക്കുള്ള പ്രതിബദ്ധതയുമാണ്. ഈ പോരാട്ടത്തിന്റെയും വിജയത്തിന്റെയും ആഘോഷമാണ് വിശുദ്ധ കുർബ്ബാന. ദരിദ്രർക്കും മർദ്ദിതർക്കും അവഗണിക്കപ്പെട്ടവർക്കും വേണ്ടിയുള്ള പോരാട്ടം സഭയുടെ ദൗത്യത്തിന്റെ അനന്യമായ ഒരു ഭാഗമാണ്. ദ്വിഭാജനമില്ലാത്ത, സമഗ്ര

മായ ഒന്നാണ് രക്ഷയെ സംബന്ധിച്ച ഭാരതീയ വീക്ഷണം. ദൈവം മനുഷ്യർക്ക് നൽകുന്നത് സമഗ്ര വിമോചനമാണ്, സമ്പൂർണ്ണരക്ഷ യാണ്. ദൈവം നല്കുന്ന ഈ രക്ഷ എല്ലാവർക്കും വേണ്ടിയാണ്. അതനുഭവിക്കാൻ ഭൗതികവും ആദ്ധ്യാത്മികവുമായ എല്ലാവിധ ബന്ധനങ്ങളിലുംനിന്ന് മനുഷ്യർ മോചിതരാകണം. ദാരിദ്ര്യവും ചൂഷണവും വിവേചനവും സൃഷ്ടിക്കുന്ന ഘടനകൾക്കും സംവി ധാനങ്ങൾക്കുമെതിരേ സഭ പ്രതിഷേധസ്വരമുയർത്തണം. നീതിയും സ്വാതന്ത്ര്യവും സമാധാനവും അനുരഞ്ജനവും എല്ലാ വർക്കും സാധ്യമാകാൻവേണ്ടി സന്മനസ്സുള്ള എല്ലാ മനുഷ്യരോടും സഹകരിച്ചുകൊണ്ട് പ്രവർത്തിക്കുകയും, ഈ സുവിശേഷമൂല്യ ങ്ങളെ സദാ പ്രഘോഷിക്കുകയും വേണം. ഈ പ്രതിബദ്ധതയും പരിശ്രമവും ദൈവാരാധനതന്നെ. ഉയിർത്തെഴുന്നേറ്റ യേശുനാഥന്റെ അരൂപിയിൽ ഒന്നിച്ചുകൂടി, പ്രാർത്ഥനയും, ത്യാഗവും നീതിക്കുവേണ്ടിയുള്ള പോരാട്ടവും ജീവിതചര്യകളാ ക്കികൊണ്ട് എല്ലാ മനുഷ്യരുടെയും സമഗ്രരക്ഷക്കുവേണ്ടി നില കൊള്ളുന്ന ഒരു കൂട്ടായ്മയായിത്തീരണം ഭാരതസഭ. ദൈവത്തിന്റെ വചനമാണ് ഈ സഭയുടെ വഴികാട്ടി. സമകാലികയാഥാർത്ഥ്യങ്ങ ളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ അരൂപിയും, വൈവിധ്യം നിറഞ്ഞതും സമ്പന്നവുമായ ഭാരതത്തിന്റെ മതപാര മ്പര്യങ്ങളും ദൈവവചനം ശ്രവിക്കുവാൻ സഭയെ പ്രാപ്തമാക്കു ന്നു. സുവിശേഷപ്രഘോഷണം സഭയുടെ കടമയാണ്. ഈ സുവി ശേഷപ്രഘോഷണത്തിന്റെ ഭാഗം തന്നെയാണ് മർദ്ദിതരുടെ പക്ഷം ചേർന്നുള്ള പോരാട്ടവും, മതങ്ങളുമായുള്ള സംവാദവും. കഴിഞ്ഞ കാലങ്ങളിൽ സഭയ്ക്ക് ഉറപ്പും നിലനിൽപ്പും നല്കിയ ഘടനകളും സ്ഥാപനങ്ങളും ഇന്ന് സഭയുടെ പ്രശ്നങ്ങളായി മാറിയിരിക്കുക യാണ്. സൂചീസ്തംഭാകാരമായ (pyramidal) ഇന്നത്തെ സഭാഘ ടന പുതിയൊരുസമൂഹത്തിനുവേണ്ടിയുള്ള മർദ്ദിതരുടെ പോരാട്ട ത്തിൽ ആത്മാർത്ഥമായി സഹകരിക്കുന്നതിന് ഒരു പ്രതിബന്ധമാ യിട്ടാണ് നിലകൊള്ളുന്നത്. പ്രവർത്തന സന്നദ്ധത തടയാനും അധീനത്വബോധം വളർത്താനുമാണ് ഇന്നവ പ്രയോജനപ്പെടുക. ഘടനകൾ ആപേക്ഷികമാകയാൽ, പ്രസക്തി നഷ്ടപ്പെട്ടതും ഉപ ദ്രവകരങ്ങളുമായ ഘടനകളെ തള്ളാനും കാലത്തിനും സാഹചര്യ ങ്ങൾക്കുമനുസൃതമായവയെ കൊള്ളാനും സഭ തയ്യാറാകേണ്ടിയി രിക്കുന്നു. അർത്ഥഗർഭമായ ഒരു ഭാരതീയ സഭാവിജ്ഞാനീയത്തി നുവേണ്ടിയുള്ള അന്വേഷണത്തിന്റെ ആരംഭമായ ചില പരിചിന്ത നങ്ങൾ മാത്രമാണിവ.

**ഡോ. സിപ്രിയാൻ ഇല്ലിക്കമുറി**

# 07

## സഭയും ദൈവരാജ്യവും

യേശുക്രിസ്തുവാണ് സഭയുടെ അസ്തിത്വത്തിന് അടിസ്ഥാനം. സഭ സ്വീകരിച്ചിരിക്കുന്ന സന്ദേശവും ദൗത്യവും യേശുവിന്റേതാണ്. സഭയുടെ തനിമ യേശുവിന്റെ തനിമയിൽ നിന്നാണ്. എന്താണ് യേശുവിന്റെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ലക്ഷ്യം എന്നു ചോദിച്ചാൽ ഉത്തരം ഒറ്റ വാക്കിൽ ഒതുക്കാം: ദൈവരാജ്യം. ദൈവരാജ്യത്തിന്റെ പ്രഘോഷണമാണ് യേശു നിർവ്വഹിച്ചത്. വി. മർക്കോസ് യേശുവിന്റെ സുവിശേഷ പ്രഘോഷണത്തെ സമാഹരിക്കുന്നതിങ്ങനെയാണ്: "സമയം സമാഗതമായി, ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു, പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). ദൈവരാജ്യത്തിന്റെ ആഗമനം വിളിച്ചറിയിക്കുകയും അതു ജീവിതത്തിലൂടെ പ്രത്യക്ഷമാക്കുകയുമാണ് യേശു ചെയ്തത്.

### ദൈവരാജ്യം: സഭയുടെ ലക്ഷ്യം

സമീക്ഷാസുവിശേഷങ്ങൾ ആവർത്തിച്ചു പ്രയോഗിക്കുന്ന പദമാണ് ''ദൈവരാജ്യം''. നൂറോളം

പ്രാവശ്യം "ദൈവരാജ്യം" എന്ന പ്രയോഗം അവയിൽ കാണാൻ സാധിക്കും. അതേ സമയം, സുവിശേഷങ്ങളിൽ "സഭ" എന്ന പദം രണ്ടു സ്ഥലത്തു മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. ദൈവരാജ്യത്തെക്കുറിച്ച് ആവർത്തിച്ചിട്ടുള്ള പരാമർശത്തിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ദൈവരാജ്യം സഭയ്ക്കു മുൻപേ പോകുന്നു. അതായത് അടിസ്ഥാനയാഥാർത്ഥ്യം സഭയല്ല, ദൈവരാജ്യമാണ്. എങ്കിലും ചരിത്രപരമായി നോക്കുമ്പോൾ യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിൽനിന്നും ഉടലെടുത്തത് സഭയാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആൽഫ്രഡ് ലൗസി എന്ന ദൈവശാസ്ത്രജ്ഞൻ പറഞ്ഞത് ശ്രദ്ധേയമാണ്: "യേശു ദൈവരാജ്യം പ്രസംഗിച്ചു: തത്ഫലമായി ഉണ്ടായത് സഭയാണ്."

സുവിശേഷങ്ങളിലെ കേന്ദ്രാശയവും യേശുവിന്റെ പ്രസംഗത്തിന്റെ മുഴുവൻ രത്നച്ചുരുക്കവുമായി "ദൈവരാജ്യ"ത്തെ കണക്കാക്കാവുന്നതാണ്. സഭയുടെ ആധാരശിലയും അന്തിമലക്ഷ്യവും ദൈവരാജ്യമാണ്. ദൈവരാജ്യത്തോട് സദാ ആഭിമുഖ്യം പുലർത്തുകയും ദൈവരാജ്യത്തിന്റെ പൂർണ്ണതയ്ക്കായി ജീവിതത്തിലൂടെ എളിയ സേവനം കാഴ്ചവയ്ക്കുകയുമാണ് സഭയുടെ ദൗത്യം. സഭയുടെ അടിസ്ഥാനലക്ഷ്യങ്ങളിലേയ്ക്കും ആദർശങ്ങളിലേയ്ക്കും തിരിച്ചുപോകുവാൻ ദൈവരാജ്യത്തെക്കുറിച്ചുള്ള വിചിന്തനം സഹായകമാകും.

### ദൈവരാജ്യത്തിന്റെ സന്ദേശം

ദൈവരാജ്യമെന്ന പദപ്രയോഗം സൂചിപ്പിക്കുന്നത്, ഒരു ദേശത്തെയോ ദിക്കിനെയോ അല്ല, പ്രത്യുത, ദൈവത്തിന്റെ ഭരണവും ക്രമവും മനുഷ്യൻ സ്വീകരിക്കുമ്പോൾ സംജാതമാകുന്ന അവസ്ഥാവിശേഷത്തെയാണ്. ഗ്രീക്കുഭാഷയിലെ Basileia എന്ന വാക്കും ഹീബ്രു ഭാഷയിലെ Malekuth എന്ന വാക്കും അർത്ഥമാക്കുന്നത് ദൈവത്തിന്റെ ഭരണം സൃഷ്ടിക്കുന്ന സ്ഥിതിവിശേഷമാണ്. ദൈവരാജ്യത്തിന് - ഇന്ന്, ഇവിടെ ആരംഭം കുറിക്കുന്നു. പക്ഷേ, യുഗാന്ത്യംവരെ അതു വളരുകയും പൂർണ്ണത കൈവരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ലോകത്തിലെ എല്ലാ തിന്മകളിൽനിന്നും അപൂർണ്ണതകളിൽനിന്നും മോചനവും ഐശ്വര്യവും വാഗ്ദാനം ചെയ്യുന്നതായിരുന്നു യേശുവിന്റെ ദൈവരാജ്യപ്രഘോഷണം. യേശുവിന്റെ വരവിനു മുമ്പുതന്നെ ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിൽ ദൈവരാജ്യം എന്ന സങ്കൽപ്പം വേരുറച്ചിരുന്നു. വിമോചനത്തിന്റെയും വിജയത്തിന്റെയും ആഹ്ലാദവും ആവേശവും പകർന്നുകൊടുത്ത ആശയമാ

യിരുന്നു അത്. അടിമത്തത്തിന്റെയും അനീതിയുടെയും ഒരു കാലഘട്ടത്തിനു തിരശ്ശീല വീഴുന്നതും നീതിയുടെയും സമാധാനത്തിന്റെയും യുഗം ഉദയം ചെയ്യുന്നതുമാണ് അതിന്റെ പ്രഘോഷണം വിളിച്ചറിയിച്ചത്. പലസ്തീനായിലെ യേശുവിന്റെ സമകാലികരായ സാമാന്യജനങ്ങൾക്ക് തികച്ചും വ്യക്തമായ ഒന്നായിരുന്നു യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ അർത്ഥം. ആധുനിക മനുഷ്യന്റെ ഭാഷയിൽ പറഞ്ഞാൽ, അതു വിരൽചൂണ്ടിയത് മനുഷ്യന്റെ സമ്പൂർണ്ണ വിമോചനത്തിനായി ദൈവം ആരംഭിക്കുന്ന "വിപ്ലവ"ത്തിലേയ്ക്കാണ്. യുഗങ്ങളായി ജനങ്ങൾ കാത്തിരുന്ന "ദൈവത്തിന്റെ വിപ്ലവം" തന്നിലൂടെ നിറവേറുവാൻ പോകുന്നു എന്നാണ് യേശു പ്രഖ്യാപിച്ചത്. ദൈവത്തിന്റെ ഭരണം നിർണ്ണായകമായ വിധത്തിൽ യേശുവിലൂടെ ലോകത്തിൽ പ്രത്യക്ഷപ്പെടുന്നു.

ദൈവം നൽകുന്ന വിമോചനത്തിന്റെ ആവിഷ്കാരവും പ്രഘോഷകനുമായിരുന്നു യേശു. തിന്മയിൽനിന്നും മനുഷ്യനെ വിമോചിക്കുന്ന പ്രക്രിയയ്ക്ക് യേശു തുടക്കമിടുന്നു. ഏശയ്യായുടെ വിമോചനസന്ദേശം സ്വജീവിതത്തിലൂടെ സാക്ഷാത്കരിക്കപ്പെടുവാൻ പോകുകയാണെന്ന് യേശു പ്രഖ്യാപിച്ചു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). രക്ഷകന്റെ അടയാളവും ഇതിൽനിന്നു വിഭിന്നമല്ല: "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ സൗഖ്യം പ്രാപിക്കുന്നു; ബധിരർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രർക്ക് സുവിശേഷം അറിയിക്കപ്പെടുന്നു" (മത്താ 11:4-5).

### ദൈവികവും മാനുഷികവും

ദൈവരാജ്യത്തിന് ദൈവികവും മാനുഷികവുമായ വശങ്ങളുണ്ട്. ദൈവത്തിന്റെ ഭരണം ലോകത്തിൽ യാഥാർത്ഥ്യമാകുന്നത് ദൈവത്തിന്റെ പ്രവർത്തനത്തോട് മാനുഷികമായ സഹകരണം ഒത്തുചേരുമ്പോഴാണ്. ദൈവരാജ്യത്തിന്റെ വരവിന് മനുഷ്യരുടെ ഭാഗത്തുനിന്നുള്ള പ്രത്യുത്തരവും ഭാഗഭാഗിത്വവും യേശു ആഗ്രഹിച്ചു. ഹൃദയപരിവർത്തനവും ജീവിതനവീകരണവും കൂടാതെ ദൈവരാജ്യത്തിനുവേണ്ടി നിലകൊള്ളാൻ മനുഷ്യർക്കു സാധിക്കുകയില്ല. അഹങ്കാരത്തിൽനിന്നും സ്വാർത്ഥതാല്പര്യത്തിൽനിന്നും

വിമോചിതരായി ദൈവികപദ്ധതിയ്ക്ക് സ്വയം സമർപ്പണം ആവശ്യമാണെന്ന് യേശു പഠിപ്പിച്ചു. ഓരോ വ്യക്തിയുടെയും ആന്തരികമനോഭാവത്തെ മാറ്റിമറിച്ചുകൊണ്ടാണ് ദൈവരാജ്യം വിമോചിതരായ മനുഷ്യർക്ക് ജന്മം ൽകുന്നത്. സുവിശേഷങ്ങൾ ഇതിനു ധാരാളം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. ഹൃദയപരിവർത്തനത്തിനു വിധേയമായി പിതാവിന്റെ ഭവനത്തിലേയ്ക്കു മടങ്ങിവരുന്ന ധൂർത്തപുത്രനും (ലൂക്കാ 15:11-32) പശ്ചാത്താപപൂർണ്ണമായ മനസ്സോടെ ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന ചുങ്കക്കാരനും (ലൂക്കാ 18:10-14) കണ്ണീരൊഴുക്കി മാപ്പപേക്ഷിക്കുന്ന പാപിനിയായ സ്ത്രീയും (ലൂക്കാ 7:36-50) മാനസാന്തരപ്പെട്ട് പരസ്നേഹത്തിന്റെ ജീവിതത്തിന് തുടക്കമിടുന്ന സക്കേവൂസും (ലൂക്കാ 19:1-10) ഇതിനുദാഹരണങ്ങളാണ്.

മാറ്റത്തിനു വിധേയമാകാതെ ഒരു വ്യക്തിക്ക് ദൈവികഭരണത്തിനു സ്വയം സമർപ്പിക്കുവാൻ സാധിക്കുകയില്ല. സ്വാർത്ഥതയുടേതായ കാഴ്ചപ്പാടിൽനിന്നും ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും കാഴ്ചപ്പാടിലേയ്ക്കു നീങ്ങുകയെന്നത് ദൈവരാജ്യത്തിന്റെ ജീവിതദർശനം ആവശ്യപ്പെടുന്ന വസ്തുതയാണ്.

പാപികൾക്കും സമൂഹത്തിൽനിന്നു പുറന്തള്ളപ്പെട്ടവർക്കും ദൈവം സമൃദ്ധമായി തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നു എന്നതാണ് യേശുവിന്റെ ജീവിതം വെളിവാക്കിയത്. ചുങ്കക്കാരോടും പാപികളോടുമൊപ്പം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതെന്തുകൊണ്ട് എന്നായിരുന്നു ഫരിസേയരും നിയമജ്ഞരും ചോദിച്ചത് (ലൂക്കാ 5:31). എല്ലാ വിഭാഗം ജനങ്ങളോടുമുള്ള ദൈവത്തിന്റെ സ്നേഹം യേശുവിലൂടെ ദൃശ്യമായിരുന്നു. അതുകൊണ്ട് നിരാശയിലാണ്ടവർക്ക് പ്രത്യാശയും ദുഃഖിതർക്ക് ആശ്വാസവും യേശുവിൽ കണ്ടെത്താൻ കഴിഞ്ഞു. സ്വയം നീതീകരിക്കുന്നവർക്കു മാത്രം ദുഷ്ടതയിൽനിന്നു വിടുതൽ ലഭിക്കുന്നില്ല.

### സ്നേഹം, സേവനം

ദൈവരാജ്യത്തിനുവേണ്ടി എടുക്കുന്ന നിർണ്ണായകമായ തീരുമാനം ലോകത്തിൽനിന്നും ഒരുവനെയും പിന്തിരിപ്പിക്കുകയില്ല, പ്രത്യുത ലോകത്തെയും മനുഷ്യസമൂഹത്തെയും ഒരു പുതിയ കാഴ്ചപ്പാടിൽ കാണുവാനും അതിന്റെ വെളിച്ചത്തിൽ പുതിയൊരു പ്രവർത്തനശൈലി സ്വീകരിക്കുവാനുമാണത് പ്രേരിപ്പിക്കുന്നത്. ആശ്രമഭിത്തികൾക്കുള്ളിൽ പ്രവേശിക്കുവാനോ ജീവിതത്തിന്റെ ലൗകികവശങ്ങൾ നിഷേധിക്കുവാനോ അല്ല യേശു ആവശ്യപ്പെട്ട

തെന്ന് സുവിശേഷങ്ങളിൽനിന്ന് വ്യക്തമാണ്. യേശുവിന്റെ കാലത്തു തന്നെ അപ്രകാരം ലോകത്തിന്റെ തിന്മയിൽനിന്നോടിയൊളിച്ച 'ആത്മീയസമൂഹങ്ങൾ' ഉണ്ടായിരുന്നു. അവയുടെ മാതൃക സ്വീകരിച്ച് ലോകത്തിൽനിന്നും വിടവാങ്ങി ദൈവരാജ്യത്തിനു സ്വയം സമർപ്പിക്കുവാൻ യേശു ഉപദേശിച്ചില്ല. പുതിയൊരു മനോഭാവത്തോടെ ലോകത്തെ അഭിമുഖീകരിക്കാൻ ആവശ്യപ്പെടുകയാണ് യേശു ചെയ്തത്. അതുവരെയുള്ള നിയമസംഹിതയെ തിരുത്തിയെഴുതിക്കൊണ്ടുള്ള പുതിയൊരു നിയമമാണ് യേശു നൽകിയത്. ഇങ്ങനെയാണ് യേശു പഠിപ്പിച്ചത്: "നിങ്ങൾ കേട്ടിട്ടുണ്ടല്ലോ... എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു..." (മത്താ. 5:21-48) ലോകത്തിലെ സാധാരണരീതി ചൂണ്ടിക്കാട്ടിയിട്ട് യേശു ശിഷ്യന്മാരോടു പറഞ്ഞു: "എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്" (മർക്കോ. 10:43). അവർ ലോകത്തിന്റെ മൂല്യങ്ങൾ ത്യജിച്ച് ദൈവരാജ്യത്തിന്റെ മൂല്യങ്ങളുമായി ലോകത്തിൽ നിലകൊള്ളണമെന്നാണ് യേശു ആഗ്രഹിച്ചത്. സ്നേഹത്തിന്റെ നിയമമാണ് യേശു ദൈവരാജ്യത്തിന്റെ പരമപ്രധാനമായ പ്രമാണമായി നൽകിയത്. ലോകം വിലമതിക്കുന്ന പണത്തിനോ, സമ്പത്തിനോ, സ്ഥാനമാനങ്ങൾക്കോ, ദൈവരാജ്യത്തിന്റെ കാഴ്ചപ്പാടിൽ വിലയില്ല (മത്താ. 6:19-21; 24-34; മർക്കോ. 10:17-27; 42-44).

ലൗകികാഗ്രഹവും ദൈവരാജ്യത്തിന്റെ അരൂപിയും തമ്മിലുള്ള അന്തരം, സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന സെബദീപുത്രന്മാരുടെ കഥയിൽനിന്നു വ്യക്തമാണ്. യാക്കോബിന്റെയും യോഹന്നാന്റെയും അമ്മയുടെ അഭ്യർത്ഥന ലൗകികചിന്താഗതിക്ക് വ്യക്തമായ ഉദാഹരണമാണ്: "അങ്ങ് രാജാധികാരത്തിൽ വരുന്ന കാലത്ത് എന്റെ രണ്ടു മക്കളിലൊരാൾ അങ്ങയുടെ വലത്തും മറ്റേയാൾ ഇടത്തും ഇരിക്കുവാൻ തിരുമനസ്സാകണം" (മത്താ. 20:21). യേശുവിന്റെ വിശദീകരണം ദൈവരാജ്യത്തിലെ മനുഷ്യരുടെ മനോഭാവം എന്തായിരിക്കണമെന്ന് വ്യക്തമാക്കുന്നു. "എന്നാൽ യേശു അവരെ അടുത്തുവിളിച്ച് ഇപ്രകാരം പറഞ്ഞു. വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ" (മത്താ 20:25-28).

## യേശു: ദൈവരാജ്യത്തിന്റെ സാക്ഷാത്കാരം

ദൈവരാജ്യത്തിന്റെ സന്ദേശം പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നുണ്ട് യേശുവിൽ. പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ, യേശു സ്നേഹത്തിന്റെയും സ്വയംദാനത്തിന്റെയും വിജയത്തിന്റെയും അടയാളമായിത്തീരുന്നു. യേശു പ്രസംഗിച്ച ദൈവരാജ്യവുമായി തന്റെ കുരിശുയാഗത്തിലൂടെ താദാത്മ്യം പ്രാപിക്കുകയായിരുന്നു. യേശുവിന്റെ ശിഷ്യരെ സംബന്ധിച്ചിടത്തോളം, ഉത്ഥാനത്തിന്റെ അനുഭവത്തിനുശേഷം 'ദൈവരാജ്യം പ്രസംഗിക്കുക'യെന്നാൽ ക്രിസ്തുവിനെ പ്രസംഗിക്കുകയാണ്. ഉത്ഥാനംചെയ്ത ക്രിസ്തുവിൽ ദൈവത്തിന്റെ ഭരണം അവർ ദർശിച്ചു. സമീക്ഷാസുവിശേഷങ്ങളിൽ മറ്റു പുതിയനിയമഗ്രന്ഥങ്ങളിലേയ്ക്കു കടക്കുമ്പോൾ ദൈവരാജ്യമെന്ന പ്രയോഗം വളരെ കുറച്ചുമാത്രം കാണുവാൻ കാരണമിതാണ്. ഉത്ഥിതനായ ക്രിസ്തുവിൽ ദൈവത്തിന്റെ ഭരണം സാക്ഷാല്ക്കരിക്കപ്പെടുന്നതോടെ ക്രിസതുവിനെ പ്രഘോഷിക്കുന്നത് ദൈവരാജ്യപ്രഘോഷണത്തിന്റെ എല്ലാമായിത്തീരുന്നു.

ഉത്ഥിതനായ ക്രിസ്തു ലോകത്തെ ജയിച്ച് ലോകം മുഴുവൻ ഭരണം നടത്തുന്നു. അവിടുത്തെ അധികാരം പ്രപഞ്ചം മുഴുവന്റെ മേലുമാണ്. എല്ലാറ്റിന്റെയും ശിരസ്സ് ക്രിസ്തുവാണ് (കൊളോ. 2:10). ക്രിസ്തുവിനെ സ്വീകരിക്കുന്നവരുടെ സമൂഹമാണ് സഭ. ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവനിൽ പങ്കുപറ്റുന്നവരാണ് സഭയിലുള്ളവർ. അവരെല്ലാം പുതിയൊരു ദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുകയാണ്. "Ekklesia" എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം തന്നെ 'വിളിക്കപ്പെട്ടവരുടെ സമൂഹ'മെന്നാണ്. ക്രിസ്തുവിലൂടെ ലോകത്തിൽ പ്രത്യക്ഷമായ ദൈവത്തിന്റെ ഭരണം പ്രഘോഷിക്കുകയും അതിനോട് സദാ ആഭിമുഖ്യം പുലർത്തുകയുമാണ് സഭയുടെ ദൗത്യം. തിരുസ്സഭയെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖ ഇതു വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്: "തന്നെ സ്ഥാപിച്ചവന്റെ ദാനങ്ങളാൽ അലംകൃതമായ സഭ അവിടുത്തെ കല്പനകൾ - സ്നേഹത്തിന്റെയും വിനയത്തിന്റെയും ആത്മത്യാഗത്തിന്റെയും കല്പനകൾ-വിശ്വസ്തതയോടെ പാലിക്കുകയും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യം പ്രസംഗിക്കാനും എല്ലാ ജനപദങ്ങളിലും അവ സ്ഥാപിക്കാനുമുള്ള ദൗത്യം ശിരസ്സാവഹിക്കുകയും ചെയ്തു."

## സഭ: ദൈവരാജ്യത്തിന്റെ ശുശ്രൂഷക

ദൈവരാജ്യത്തിന്റെ ആരംഭത്തിനും അതിന്റെ പൂർണ്ണതയ്ക്കും

മദ്ധ്യേയുള്ള കാലഘട്ടമാണ് സഭയുടേത്. ദൈവരാജ്യത്തെ അതിന്റെ ആരംഭദശയിൽനിന്നും ക്രമേണ പൂർണ്ണതയിലേക്കു വളരുന്നതിന് സഹായിക്കുവാനാണ് സഭ നിയോഗിക്കപ്പെട്ടിരിക്കുക. ഇതിൽനിന്നും സഭയും ദൈവരാജ്യവും രണ്ടു യാഥാർത്ഥ്യങ്ങളാണെന്നു വ്യക്തമാണല്ലൊ, പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ സഭയെ ദൈവരാജ്യവുമായി താദാത്മ്യപ്പെടുത്തുവാനാവില്ല. കാരണം, ദൈവരാജ്യം യുഗാന്ത്യപരവും സാർവ്വത്രികവുമാണ്. സഭയെ ദൈവരാജ്യവുമായി താദാത്മ്യപ്പെടുത്തുകയെന്നാൽ സഭയെത്തന്നെദൈവരാജ്യത്തിനു പകരം പ്രതിഷ്ഠിക്കുകയാണ്. സഭ പൂർണ്ണതയെ ലക്ഷ്യമാക്കി ചരിത്രത്തിലൂടെ തീർത്ഥാടനം ചെയ്യുകയാണെന്ന വസ്തുത മറക്കുകയാണ്. ലോകത്തിൽ ജീവിക്കുന്ന സഭ അപൂർണ്ണരും പാപികളുമായ മനുഷ്യരുടെ സമൂഹമാണ്. അതിനെ ദൈവരാജ്യത്തിനു പകരം പ്രതിഷ്ഠിക്കാനാവില്ല. സൃഷ്ടിയുടെയും മാനവലോകത്തിന്റെയും അന്തിമലക്ഷ്യം സഭയല്ല, ദൈവരാജ്യമാണ്. സഭയെ ദൈവരാജ്യവുമായി താദാത്മ്യപ്പെടുത്തുന്നത് തെറ്റായിരിക്കുന്നതുപോലെ ദൈവരാജ്യവും സഭയും പരസ്പരം ബന്ധമറ്റവയായി കാണുന്നതും ശരിയല്ല. സഭ ദൈവരാജ്യപ്രഘോഷണത്തിൽനിന്നുത്ഭവിച്ചതും ദൈവരാജ്യത്തോട് സദാ ആഭിമുഖ്യംപുലർത്തുന്നതുമാണ്. ദൈവരാജ്യത്തിന്റെ സന്ദേശം ലോകത്തെ അറിയിക്കുകയും ജനങ്ങളെ അതിനായി സജ്ജമാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ് സഭ. യേശു പ്രഖ്യാപിച്ച സമാഗത ദൈവരാജ്യത്തിന്റെ അടയാളങ്ങൾ സഭയിൽ ദൃശ്യമാണ്. ദൈവഭരണത്തിന്റെ നിർണ്ണായകമായ വിജയം യേശുക്രിസ്തുവിൽ സഭ കാണുന്നു. ഉത്ഥിതനായ യേശു സഭയെ ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നു.

ദൈവരാജ്യത്തിന്റെ ബലവും ശക്തിയും സഭയിൽ പ്രകടമാണ്. ദൈവരാജ്യത്തെ സംബന്ധിക്കുന്ന വാഗ്ദാനങ്ങളും പ്രതീക്ഷകളും സഭയിൽ കുടികൊള്ളുന്നു. പത്രോസ് ദൈവരാജ്യത്തിന്റെ താക്കോലുകൾ പേറുന്നവനാണ്. ബന്ധിക്കാനും അഴിക്കാനും അവന് അധികാരം നൽകിയിരിക്കുന്നു (മത്താ. 16:19). പാപം മോചിക്കുക യേശുവിന്റെ ദൗത്യനിർവ്വഹണത്തിന്റെ പ്രധാന ഭാഗമായിരുന്നു. അതുതന്നെയാണ് അപ്പസ്തോലന്മാർക്കും നൽകിയിരിക്കുന്നത്. തന്നെപ്പോലെതന്നെ ആധികാരികമായി പഠിപ്പിക്കുവാനും പിശാചുക്കളെ ബഹിഷ്ക്കരിക്കാനും യേശു കല്പിച്ചു. തിന്മയിൽനിന്നും മനുഷ്യരാശിയെ മോചിപ്പിച്ച് ദൈവഭരണത്തിനു കീഴിൽ കൊണ്ടുവരുന്നതിന്റെ അടയാളമായിട്ടാണ് യേശു പിശാചുക്കളെ ബഹിഷ്ക്കരിച്ചത്. പാപം മോചിക്കുക, മാമ്മോദീസ നൽകുക, പഠിപ്പിക്കുക, യേശുവിന്റെ അരൂപിയെ നല്കുക എന്നീ ധർമ്മങ്ങൾ വഴി യേശുവിന്റെ

ദൗത്യം സഭ ലോകത്തിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. വചനം പ്രസംഗിക്കുകയും പാപം മോചിക്കുകയും തന്റെ അംഗങ്ങളെ സ്നേഹവിരുന്നിനു വിളിക്കുകയും ചെയ്യുന്ന സഭ ദൈവരാജ്യ ത്തിന്റെ അടയാളമായി വർത്തിക്കുന്നു. സഭയുടെ കേന്ദ്രബിന്ദുവും ജീവന്റെ സ്രോതസ്സുമായ വിശുദ്ധ കുർബാന ദൈവരാജ്യത്തിലെ വിരുന്നിന്റെ കാലേക്കൂട്ടിയുള്ള ആസ്വാദനമാണ്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് ചില ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രമായി സഭയുടെ ദൗത്യം ഒതുങ്ങിനിൽക്കുന്നുവെന്നല്ല. സഭ പ്രഘോഷിക്കുന്ന വചനവും ആരാധനാതലത്തിലെ അരൂപിയും സ്വജീവിതത്തിലേയ്ക്കു കൊണ്ടുവരാൻ സഭ ശ്രമിക്കണം. എങ്കിലേ സഭ ദൈവരാജ്യത്തിന്റെ ശുശ്രൂഷിയാകൂ.

ദൈവരാജ്യത്തിന്റെ ഭരണം സഭയ്ക്ക് സ്വന്തം പ്രവർത്തനം കൊണ്ട് സാക്ഷാത്ക്കരിക്കുവാനാവില്ല. അതു ദൈവത്തിന്റെ ശക്തി യാൽ മാത്രം യാഥാർത്ഥ്യമാകുന്നതാണ്. പക്ഷേ, ദൈവരാജ്യത്തി നായി, വിനീതസേവനം കാഴ്ചവയ്ക്കാൻ സഭയ്ക്ക് സാധിക്കും. സഭ എത്ര മാത്രം അതു നിർവ്വഹിക്കുന്നുണ്ട്? ദൈവികഭരണത്തിന്റെ സന്ദേശം സഭ എത്രമാത്രം സ്വജീവിതത്തിലൂടെ സ്പഷ്ടമാക്കു ന്നുണ്ട്? സഭ ജീവിക്കുന്ന ലോകത്തിന്റെ ചുറ്റുപാടിൽ, ഓരോ ജന തയുടെയും ജീവിതപശ്ചാത്തലത്തിൽ സഭ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തണം.

### സ്വയം സുവിശേഷവൽക്കരിക്കുക

സഭ ദൈവരാജ്യത്തിന്റെ വിശ്വസ്തമായ പ്രഘോഷകയായിരി ക്കണമെങ്കിൽ ആദ്യമായിത്തന്നെ ക്രിസ്തുവിന്റെ സന്ദേശം തന്നോടുതന്നെ പ്രസംഗിക്കണം. ലോകത്തോട് സുവിശേഷം പ്രസംഗിക്കുന്ന സഭ അതേസമയംതന്നെ സുവിശേഷത്തിന്റെ പ്രത്യ ക്ഷോദാഹരണമായിത്തീരണം. സഭതന്നെ ദൈവരാജ്യം ആവശ്യ പ്പെടുന്ന പരിവർത്തനത്തിനു വിധേയമാകാതെ മറ്റുള്ളവരെ ആ പരിവർത്തനത്തിനു വിധേയമാക്കുക സാദ്ധ്യമല്ല. ദൈവരാജ്യ ത്തിന്റെ സ്വഭാവത്തിനു യോജിക്കാത്ത സ്വാർത്ഥതയും ഭൗതികാ സക്തിയും അധികാരഭ്രമവും സഭ ഉപേക്ഷിക്കണം. ദൈവരാജ്യം സത്യത്തിന്റെയും നീതിയുടെയുമാണ്. അസത്യത്തെയും അനീതി യെയും എതിർക്കുവാനും അതിനുവേണ്ടി സഹിക്കുവാനും സഭ സന്നദ്ധയാകണം. സമൂഹത്തിലെ തിന്മകളുടെ നേരേ കണ്ണടയ്ക്കു കയും മൗനം അവലംബിക്കുകയും ചെയ്യുന്ന സഭ സമൂഹത്തിന്റെ തെറ്റായ പ്രമാണങ്ങളും പ്രവർത്തനഗതികളുമായി ഒത്തുചേർന്നു പോകുന്നതിൽ വിജയിച്ചെന്നു വരാം. പക്ഷേ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കായി നിലകൊള്ളുന്നതിൽ പരാജയമടയുകയാണ്

ചെയ്യുക.

സമൂഹത്തിന്റെ ചിന്താഗതികളെയും സംവിധാനങ്ങളെയും സാര മായി ബാധിക്കുന്നതായിരുന്നു യേശുവിന്റെ ദൈവരാജ്യപ്രഘോ ഷണം. ഇന്നത്തേതുപോലെതന്നെ ലോകത്തിൽ നിലയും വില യുമുള്ളവരും സമ്പത്തും സ്ഥാനവും അർഹിക്കുന്നവരും ഇവയൊ ന്നുമില്ലാത്തവരും യേശുവിന്റെ കാലത്തും ഉണ്ടായിരുന്നു. സുവി ശേഷത്തിൽ കാണുന്ന ദരിദ്രരും ദുഃഖിതരും നിന്ദിതരുമായ ജന വിഭാഗം ഈ ഒന്നുമില്ലാത്ത വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവരെ ചുങ്കക്കാരും പാപികളുമൊക്കെയായി സമൂഹം മുദ്ര കുത്തിയിരുന്നു. ഈ വിഭാഗം ആളുകളോട് യേശുവിനുണ്ടായിരുന്ന മനോഭാവം ദൈവരാജ്യത്തിനു ശുശ്രൂഷചെയ്യുന്ന സഭയ്ക്കുണ്ടായിരിക്കേണ്ട നിലപാടിനെ വെളിവാക്കുന്നതാണ്. ദുർബലരെയും നിർഭാഗ്യ രെയും കൈകൊടുത്തുയർത്താൻവേണ്ടി ദൈവം അവരുടെ ഭാഗം ചേരുന്നുവെന്നു പുതിയനിയമം ചൂണ്ടിക്കാട്ടുന്നുണ്ട്. "യേശു അവന്റെ ഭവനത്തിൽ ഭക്ഷണത്തിനിരുന്നപ്പോൾ അനേകം ചുങ്ക ക്കാരും പാപികളും വന്ന് അവരോടും ശിഷ്യന്മാരോടുംകൂടെ ഭക്ഷ ണത്തിനിരുന്നു. ഫരിസേയർ ഇതുകണ്ട് ശിഷ്യന്മാരോടു ചോദിച്ചു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ ഭക്ഷിക്കു ന്നതെന്തുകൊണ്ട്? ഇത് കേട്ട് അവൻ പറഞ്ഞു: ആരോഗ്യമുള്ള വർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. ബലി യല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക. ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്" (മത്താ. 9:10-13).

ശക്തന്മാരെ സിംഹാസനങ്ങളിൽനിന്നും മറിച്ചിട്ട് എളിയവരെ ഉയർത്തുന്ന, വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾകൊണ്ടു സംതൃ പ്തരാക്കുന്ന, അതേസമയം സമ്പന്നരെ വെറും കൈയോടെ പറ ഞ്ഞയയ്ക്കുന്ന ദൈവത്തെയാണ് മറിയം പ്രകീർത്തിക്കുന്നത് (ലൂക്കാ 1:52-54). പാപപ്പെട്ടവരോടും മർദ്ദിതരോടും ദുഃഖിതരോടു മുള്ള മനോഭാവമാണല്ലോ യേശുവിന്റെ മഹത്തായ പ്രമാണരേഖ യായ ഗിരിപ്രഭാഷണത്തിൽ കാണുക (മത്താ. 5). സഭയ്ക്കുണ്ടാ കേണ്ട ദൈവരാജ്യത്തിന്റേതായ കാഴ്ചപ്പാടെന്തെന്ന് ഇവയെല്ലാം വ്യക്തമാക്കുന്നുണ്ട്.

### സമ്പൂർണ്ണ വിമോചനത്തിന്റെ സന്ദേശം

യേശുവിന്റെ ജീവിതത്തിലും ദൈവരാജ്യപ്രഘോഷണത്തിലും കാണുവാൻ കഴിയുന്നത് ദൈവം മനുഷ്യനു നൽകുന്ന സമ്പൂർണ്ണ വിമോചനമാണ്. മനുഷ്യന്റെ ആത്മാവിനെയും ശരീരത്തെയും തരം തിരിച്ച് ആത്മീയവശംമാത്രം പരിഗണിക്കുന്ന ഒരു പ്രവർത്തന

ശൈലി യേശു അവലംബിച്ചില്ല. ആത്മീയതയോടൊപ്പം തന്നെ മനുഷ്യന്റെ ഭൗതികമായ ആവശ്യങ്ങൾക്കും യേശു പ്രാധാന്യം നൽകി. സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന അത്ഭുതങ്ങളും രോഗ ശാന്തികളും മനുഷ്യന്റെ ശാരീരികമായ ആവശ്യങ്ങൾക്കു ദൈവം നൽകുന്ന പരിഗണനയെ വ്യക്തമാക്കുന്നവയാണല്ലോ. സഭ മനുഷ്യന്റെ പൂർണ്ണവിമോചനത്തിനുവേണ്ടിയുള്ള ശുശ്രൂഷയാണ് ലോകത്തിൽ നിർവ്വഹിക്കേണ്ടത് എന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

മതപരമായ ആരാധനാനുഷ്ഠാനങ്ങളേക്കാളും പരമ്പരാഗതമായ ചടങ്ങുകളേക്കാളുമൊക്കെ യേശു പ്രാമുഖ്യം ല്കിയത് സ്നേഹത്തിനും കാരുണ്യത്തിനുമാണ്. യേശുവിന്റെ വ്യക്തമായ പഠനത്തിൽനിന്നും പ്രവൃത്തിയിൽനിന്നും ഇതു വെളിവാകുന്നു. "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവെച്ചോർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽവച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക" (മത്താ 5:24). സാബത്തുദിവസം രോഗശാന്തി നൽകിയ യേശു യഹൂദപാരമ്പര്യത്തിനും ആചാരത്തിനും വിരുദ്ധമായി പ്രവർത്തിക്കുകയായിരുന്നു. സാബത്തെന്ന മതാചാരത്തേക്കാൾ മനുഷ്യനാണു യേശു പ്രാമുഖ്യം കല്പിച്ചത് (മത്താ. 12:1-8; മർക്കോ 2:23-28; ലൂക്കാ 6:1-5). പൂർവ്വികരുടെ പാരമ്പര്യം കാക്കുന്നതിനു നിഷ്കർഷിച്ച ഫരിസേയരോടും നിയമജ്ഞരോടും യേശുവിനു പറയാനുണ്ടായിരുന്നത് പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെ വ്യർത്ഥമാക്കുന്ന അവരുടെ കപടനാട്യത്തെക്കുറിച്ചാണ് (മത്താ. 15:1-9; മർക്കോ. 9:1-13). മനുഷ്യനേക്കാൾ 'മത'ത്തിനു പ്രാധാന്യം നൽകിയ ഫരിസേയരെപ്പോലെ, മനുഷ്യനെ മറന്ന് സഭയും പള്ളിച്ചടങ്ങുകൾക്കും ആരാധനാനുഷ്ഠാനവിധികൾക്കും വേണ്ടി ചിലപ്പോൾ ബന്ധപ്പെടാറുണ്ട്. നിയമത്തേക്കാളും പാരമ്പര്യത്തേക്കാളും സ്നേഹവും കാരുണ്യവും വലുതാണ് എന്നു ഗ്രഹിക്കാതെ സഭയ്ക്ക് ദൈവരാജ്യത്തിന്റെ പ്രതീകമായി നിലകൊള്ളാൻ കഴിയുകയില്ല.

### വിമോചിതയാകേണ്ട സഭ

ചരിത്രത്തിൽ രണ്ടായിരം വർഷങ്ങളോളം ജീവിച്ച സഭ സങ്കീർണ്ണമായ ഒരു ഘടനയുടെ ഉടമയായിത്തീർന്നിട്ടുണ്ട്. ഘടനയുടെ സങ്കീർണ്ണതകൊണ്ട് സുവിശേഷത്തിലെ യേശുവിൽ പ്രതിഫലിച്ചു കാണുന്ന ലാളിത്യം, സാമീപ്യത എല്ലാം അതിനു കുറഞ്ഞു പോയിട്ടുണ്ട്. വ്യവസ്ഥാപിതമായ സേവനപരിപാടിയുടെ ഭാഗമായാണ് ഘടനകൾ പലതും ഉരുത്തിരിഞ്ഞത്. പക്ഷേ, പിന്നീടവ സഭയുടെ സേവനപരിപാടിക്ക് തടസ്സം നിൽക്കുന്നവയായിത്തീർന്നി

ട്ടുണ്ട്. ഈ സാഹചര്യത്തിൽ, ദൈവരാജ്യത്തിന്റെ മൂല്യങ്ങളുടെ വെളിച്ചത്തിൽ ഘടനകളെ നവീകരണ വിധേയമാക്കേണ്ടിയിരിക്കുന്നു. ദൈവരാജ്യവീക്ഷണപ്രകാരം പരിശോധിക്കുമ്പോൾ അർത്ഥം കണ്ടെത്താനാകാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും പതിവുകളും പാരമ്പര്യങ്ങളും സഭയിൽനിന്നു മാറ്റപ്പെടേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ താല്പര്യത്തിന് എന്നതിനേക്കാൾ മനുഷ്യന്റെ പ്രീതിക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു പ്രവർത്തനശൈലി ക്രിസ്തീയ സമൂഹങ്ങൾ അവലംബിക്കുന്നില്ലേയെന്ന് സംശയിക്കണം. ദൈവരാജ്യത്തിന്റെ സന്ദേശം പ്രഘോഷിക്കാൻ പ്രത്യേകം നിയുക്തരായ സഭാശുശ്രൂഷകർപോലും മാനുഷിക നിയമങ്ങൾ പ്രമാണമാക്കുന്ന രീതി അനുസരിക്കാൻ നിർബന്ധിതരാകുന്ന സ്ഥിതിയാണു ഉള്ളതെന്നു തോന്നിപ്പോകും. വേദഗ്രന്ഥപരമായോ ദൈവശാസ്ത്രപരമായോ നോക്കുമ്പോൾ അർത്ഥമില്ലാത്ത, പാരമ്പര്യത്തിൽനിന്നുയരുന്ന, എത്രയെത്ര "വിലക്കുകൾ" വൈദികരും മെത്രാന്മാരുമൊക്കെ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്.

ക്രിസ്തുവിന്റെ ജോലി തുടരുവാനും ദൈവരാജ്യത്തിനു ശുശ്രൂഷ ചെയ്യുവാനും സഭ ആഗ്രഹിക്കുന്നെങ്കിൽ അർത്ഥമില്ലാത്ത മനുഷ്യനിർമ്മിതമായ നിയമങ്ങളിൽനിന്നും സമ്പ്രദായങ്ങളിൽനിന്നും സ്വതന്ത്രയാകണം. സഭ ദൈവത്തോടാണ് അനുസരണം കടപ്പെട്ടിരിക്കുന്നത്. പ്രശ്നം ഒഴിവാക്കുന്നതിനും പ്രീതി സമ്പാദിക്കുന്നതിനുംവേണ്ടി ലോകത്തിന്റെ അരൂപിയുമായി ഒത്തുതീർപ്പിലെത്തുന്ന സഭ ദൈവരാജ്യത്തിനു സേവനം ചെയ്യുകയല്ല; സ്വയം ലോകത്തിന്റെ കുരുക്കളിൽ കുടുങ്ങിക്കിടക്കുകയാണ്. സഭയുടെ നിരന്തരമായ പ്രാർത്ഥന, യേശു പഠിപ്പിച്ചപോലെ "നിന്റെ രാജ്യം വരണമേ" എന്നായിരിക്കണം. സഭയുടെ പ്രസക്തി ഈ പ്രാർത്ഥന എന്തുമാത്രം ജീവിതത്തിൽ സാക്ഷാത്കരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

**ഉപസംഹാരം**

ദൈവരാജ്യത്തിന്റെ അരൂപിയെന്നത് ക്രിസ്തുവിന്റെ അരൂപിയാണ്. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ടും അതു പ്രവൃത്തിപഥത്തിലാക്കിക്കൊണ്ടും മുന്നോട്ടു നീങ്ങുമ്പോൾ സഭ ദൈവരാജ്യത്തിന് അനുരൂപയായിത്തീരുകയാണ്, 'ദൈവരാജ്യം സമാഗതമായി' എന്നു പ്രഖ്യാപിക്കുകയാണ്, സ്വജീവിതത്തിലൂടെ. സഭയുടെ നിലനില്പിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ദൈവരാജ്യത്തിന്റെ പ്രഘോഷണമല്ലാതെ മറ്റൊന്നുമല്ല, വചനത്തിലൂടെയും പ്രവൃത്തിയിലൂടെയും.

**ഡോ. ജോർജ്ജ് കാരക്കുന്നേൽ**

# 08

## സഭയുടെ ലക്ഷണങ്ങൾ: ഏകം, പരിശുദ്ധം, ശ്ലൈഹികം, സാർവ്വത്രികം

"ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിൽ ഞാൻ വിശ്വസിക്കുന്നു" (Credo in unam,sanctam, apostolicam, Catholicam Ecclesiam) എന്ന നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം സഭയുടെ അടിസ്ഥാന ലക്ഷണങ്ങളായി പരമ്പരാഗതമായി കരുതപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെ "ദൈവജനം" എന്ന കൂടുതൽ അർത്ഥവത്തും ലളിതവുമായ സംജ്ഞയാൽ സംബോധന ചെയ്യുന്നുണ്ടെങ്കിലും സഭയുടെ പരമ്പരാഗത ലക്ഷണങ്ങളെ ഈ സൂനഹദോസും ഊന്നിപ്പറയുന്നുണ്ട്. സഭ പ്രഥമതാ വിശ്വാസികളുടെ സമൂഹമാകയാൽ വിശ്വാസവുമായി നേരിട്ടുബന്ധമില്ലാത്ത നിർവ്വചനങ്ങളൊന്നും സഭയുടെ യഥാർത്ഥ സ്വഭാവം ദ്യോതിപ്പിക്കുന്നില്ല എന്നും തന്മൂലം മേൽപറഞ്ഞ നാലുലക്ഷണങ്ങളെ മാത്രം ആധാരമാക്കി സഭയെ നിർവ്വചിക്കാനോ വിലയിരുത്താനോ ആവില്ല എന്നും വാദിക്കുന്നവരിൽ വിഖ്യാത ദൈവശാസ്ത്രജ്ഞനായ ഹാൻസ് ക്യുങ് അടക്കമുള്ളവരുണ്ട്. എന്നാൽ വിശ്വസിക്കുന്നവരുടെ സമൂഹം, ദൈവജനം തുടങ്ങിയ

സംജ്ഞകൾക്കു വിരുദ്ധമായോ അവയിൽനിന്നു വ്യതിരിക്തമായോ സഭയുടെ ലക്ഷണങ്ങളെ വ്യാഖ്യാനിക്കുമ്പോഴാണ് ഇത്തരം പ്രതിസന്ധികൾ ഉടലെടുക്കുന്നത്. ഏകം, പരിശുദ്ധം, ശ്ലൈഹികം, സാർവ്വത്രികം എന്നീ സഭാലക്ഷണങ്ങൾ വി. ഗ്രന്ഥത്തിലും സഭയുടെ പാരമ്പര്യത്തിലും അധിഷ്ഠിതമാണോ എന്നു പരിശോധിക്കുകയാണ് ഈ അധ്യായത്തിന്റെ ലക്ഷ്യം. ആനുകാലിക സഭയെ മനസ്സിലാക്കാൻ ഈ ലക്ഷണങ്ങൾ ഏതർത്ഥത്തിൽ സഹായകമാണ് എന്ന അന്വേഷണവും ഈ ലേഖനത്തിന്റെ പരിപ്രേക്ഷ്യത്തിലുണ്ട്. സത്യസഭയെ വ്യതിരിക്തമാക്കുന്ന ഈ ചതുർ ലക്ഷണങ്ങൾക്കു വിരുദ്ധമായ നിലപാടുകളെ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയും ഈ ലേഖനത്തിൽ ഊന്നൽ ലഭിക്കുന്ന വസ്തുതയാണ്.

**സഭ ഏകമാണ്**

ഏകരക്ഷകനായ യേശുവിനാൽ സ്ഥാപിക്കപ്പെട്ട ഏക രക്ഷാമാർഗ്ഗം എന്ന അർത്ഥത്തിലാണ് സഭ ഏകമാണ് എന്ന് പറയുന്നത്. ഈ ഏകത്വം കേവലം സംഖ്യാപരമായ ഏകത്വമോ സഭയിലെ ഐകരൂപ്യമോ അല്ല, സഭയുടെ ആന്തരികമായ ഏകത്വവും അവിഭാജ്യതയുമാണ് വ്യക്തമാക്കുന്നത്.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ ഏകത്വത്തെ വിശ്വാസത്തിലെ ഏകത്വം, കൂട്ടായ്മയിലെ ഏകത്വം എന്ന് രണ്ടായി തരംതിരിച്ചിട്ടുണ്ട്. വിശ്വാസത്തിലെ ഏകത്വം എന്നതിലൂടെ വിശ്വാസസത്യങ്ങളായി സഭ പഠിപ്പിച്ചിട്ടുള്ളവയെ സകലവിശ്വാസികളും അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ദൈവപുത്രനായ ഈശോയുടെ മനുഷ്യാവതാരം, മറിയത്തിന്റെ ദൈവമാതൃത്വവും നിത്യകന്യകാത്വവും, നിത്യരക്ഷ, നിത്യനരകം... തുടങ്ങിയ സകലവിശ്വാസസത്യങ്ങളും എല്ലാ സഭാംഗങ്ങളും ഒരുപോലെ വിശ്വസിക്കുന്നു എന്നതാണ് വിശ്വാസപരമായ ഐക്യം. കൂട്ടായ്മയിലെ ഏകത്വം എന്നതിലൂടെ മാർപാപ്പായും മെത്രാന്മാരും വൈദികരും സന്യസ്തരും അൽമായരുമടങ്ങുന്ന ദൈവജനത്തിന്റെ പാരസ്പര്യമാണ് വിവക്ഷ. റോമാ മാർപാപ്പായുടെ പ്രബോധനത്തെ സകല മെത്രാന്മാരും മെത്രാന്മാരുടെ പ്രബോധനത്തെ സകല വൈദികരും അൽമായരും സ്വീകരിച്ച് ആചരിക്കണം. ശ്രേണീപരമായ ഐക്യം (Hierarchical Unity) എന്നാണ് ഇതറിയപ്പെടുന്നത്. ഇപ്രകാരമുള്ള ശ്രേണീപരമായ ഐക്യം വിശ്വാസികളെ വരപ്രസാദത്തിലും ആരാധനാനുഷ്ഠാനങ്ങളിലും സമൂഹജീവിതത്തിലും ഒരുമിപ്പിക്കുന്നു. ഈ ഐക്യത്തെ ആരാധനാക്രമ ഐക്യം എന്നാണ് വിശേഷിപ്പിക്കുന്നത്. സഭ ഏകമാകുന്നത് ഒരു ഇടയനും ഒരു തൊഴുത്തുമായി വിശ്വാസികൾ ഒന്നടങ്കം പര

മപിതാവിന് ആരാധന അർപ്പിക്കുമ്പോഴാണ്.

സഭയുടെ ഏകത്വം വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ്. തന്നിലൂടെ നിറവേറിയ ഏകരക്ഷാകരരഹസ്യത്തിന്റെ പ്രഘോഷണത്തിന് ക്രിസ്തു അപ്പസ്തോലന്മാരെ ചുമതലപ്പെടുത്തുന്നതിലൂടെയാണ് സഭ രൂപം കൊള്ളുന്നത് (മത്താ 28:19; മർക്കോ 16:15). തന്റെ പുരോഹിതപ്രാർത്ഥനയിൽ സഭയെക്കുറിച്ച് ക്രിസ്തു കണ്ട ഏറ്റവും സുന്ദരമായ സ്വപ്നം സഭയുടെ ഐക്യമാണ് (യോഹ 17: 20). സഭ ക്രിസ്തുവിന്റെ ശരീരമാണ് എന്ന പൗലോസ് ശ്ലീഹായുടെ പ്രബോധനം (റോമ 12:15; 1കോറി 12: 12 – 14) വൈവിധ്യങ്ങളുടെ നടുവിൽ വിരിയുന്ന സഭയുടെ കൂട്ടായ്മയെ മനോഹരമായി ചിത്രീകരിക്കുന്നു. ശരീരത്തിലെ അവയവങ്ങൾ തമ്മിൽ സ്ഥാനത്തിലും പ്രാധാന്യത്തിലും ധർമ്മത്തിലും ആകാരത്തിലും വ്യത്യാസങ്ങളുണ്ടെങ്കിലും അവയെല്ലാം ശരീരത്തിന് അത്യന്താപേക്ഷിതങ്ങളാണെന്നും ഒരു അവയവത്തിനും ശരീരത്തിന്റെ കൂട്ടായ്മയിലല്ലാതെ അസ്ഥിത്വമില്ലെന്നും അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നു. ശിരസ്സായ ക്രിസ്തുവിനോട് ഐക്യപ്പെടാത്തിടത്തോളം കാലം അവയവങ്ങൾ മൃതമാണ് എന്ന് അപ്പസ്തോലൻ ഓർമ്മിപ്പിക്കുന്നു (എഫേ 4: 15). സഭയെ ദൈവത്തിന്റെ ഭവനമായി ചിത്രീകരിക്കുമ്പോഴും (1 തിമോ 3: 15) സഭയുടെ ഐക്യത്തെയാണ് അപ്പസ്തോലൻ അടിവരയിട്ടു സ്ഥാപിക്കുന്നത്. ഈ ഐക്യത്തിന്റെ അടിസ്ഥാനശിലകളെ എഫേ 4: 3–6 ൽ അപ്പസ്തോലൻ സമർത്ഥിക്കുന്നുണ്ട്: "സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിറുത്താൻ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ. സകലതിലും ഉപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം."

സഭയുടെ ഐക്യത്തെ ഹനിക്കുന്ന എല്ലാവിധ ഭിന്നതകളിൽ നിന്നും (ശീശ്മകളിൽനിന്നും പാഷണ്ഡതകളിൽ നിന്നും) വിട്ടു നിൽക്കാനും പൗലോസ് ആഹ്വാനം ചെയ്യുന്നുണ്ട് (1 കോറി 1:10; തീത്തോ 3:10; ഗലാ 1:8).

സഭയുടെ ഏകത്വത്തിന്റെ ഏറ്റവും ആധാരപരമായ ശില പത്രോസിന്റെ പ്രഥമതയും പ്രാധാന്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ചൂണ്ടിക്കാട്ടുന്നതുപോലെ, സകലവിശ്വാസികളും വിശ്വാസത്തിന്റെ ഐക്യത്തിലും കൂട്ടായ്മയിലും നിലനിൽക്കുവാനായി (in fidei et communionis unitate) അപ്പസ്തോല ഗണത്തിന്റെ തലവനായി പത്രോസിനെ നിയമിക്കുകയും അതുവഴി സഭ

യുടെ കൂട്ടായ്മയുടെ അടിസ്ഥാന തത്വവും ദൃശ്യ അടയാളവുമായി പത്രോസിനെ മാറ്റുകയും ചെയ്തു.'' (D 1821). സഭയുടെ ഏകത്വ ത്തെക്കുറിച്ചുള്ള ഏറ്റവും പ്രാമാണികമായ ചാക്രികലേഖനമായി കരുതപ്പെടുന്ന ''സാതിസ് കൊഗ്ഞീത്തും'' (satis Cognitum) ൽ ലെയോ 13-ാ മൻ മാർപാപ്പ നടത്തുന്ന പ്രസ്താവനയും ശ്രദ്ധാർഹ മാണ് ''സഭ വിശ്വാസത്തിലും ഭരണത്തിലും കൂട്ടായ്മയിലും ഒന്നാ യിരിക്കണം എന്ന് ദിവ്യരക്ഷകന് നിർബന്ധമുള്ളതിനാൽ അവി ടുന്ന് പത്രോസിനെയും അവന്റെ പിൻഗാമികളെയും കൂട്ടായ്മയുടെ കേന്ദ്രമായി നിയോഗിച്ചു'' (D 1960). പത്രോസിന്റെ റോമിലെ സിംഹാസനത്തിന്റെ പ്രാധാന്യവും പ്രാമുഖ്യവും ചോദ്യം ചെയ്യു ന്നതിലൂടെയാണ് സഭയിലെ ആരംഭകാല ശീശ്മകൾ രൂപംകൊ ണ്ടത് എന്ന് നമുക്ക് അറിവുള്ളതാണല്ലോ. AD 589 ൽ അന്ത്യോ ക്യൻ സഭയിലെ ശീശ്മകളും പിളർപ്പും 1054 ൽ ഗ്രീക്കുസഭയിൽ നടന്ന വലിയ പിളർപ്പുമൊക്കെ പത്രോസിന്റെ റോമിലെ സിംഹാ സനത്തെ അംഗീകരിക്കാത്തതിന്റെ അനന്തരഫലമായിരുന്നു എന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അതിനാൽ സഭയുടെ ഏകത്വത്തിൽ മാർപാപ്പയുടെ സ്ഥാനം വലുതാണ് എന്ന വസ്തുത ഓർമ്മിക്ക പ്പെടേണ്ടതാണ് .

സഭയുടെ ഐക്യത്തിന് സഭാപിതാക്കന്മാർ ഏറെ ഊന്നൽ നൽകിയിരുന്നു. ഇതര പ്രത്യയശാസ്ത്രങ്ങളിൽനിന്നും മതവിശ്വാ സസംഹിതകളിൽ ക്രിസ്തീയ വിശ്വാസം വ്യതിരിക്തമാകുന്നത് അതിന്റെ വിശ്വാസപരമായ ഐക്യത്തിലാണെന്ന് സഭാപിതാവായ വി. ഇരണേവൂസ് വ്യക്തമാക്കുന്നു. ''ലോകമാസകലമുള്ള മനുഷ്യൻ ഒരേ സൂര്യന്റെ പ്രകാശം അനുഭവിക്കുന്നതുപോലെ സകല ജനപ ദങ്ങളിലുമുള്ള മനുഷ്യൻ ഒരേ രക്ഷാസന്ദേശം ഗ്രഹിക്കുകയും ഏക സത്യത്തെ ആശ്ലേഷിക്കുകയും ചെയ്യുന്നു'' (*Adv. Haer.* I. 10.2) എന്ന ഇരണേവൂസിന്റെ പ്രസ്താവന സഭയുടെ ഏകത്വത്തെ ആവർത്തിച്ചുറപ്പിക്കുന്നതാണ്. മാമ്മോദീസാവേളയിൽ ഏറ്റുപറയു ന്നതിനായി രചിക്കപ്പെട്ടിരുന്ന ആരംഭകാല വിശ്വാസപ്രഖ്യാപന ങ്ങളിൽ സഭയുടെ ഏകത്വം വിശ്വാസസത്യമായി ഏറ്റുപറഞ്ഞിരു ന്നു. ഒരിജൻ (*De Prin*. I. 4), ഇരണേവൂസ് (*Adv. Hear*. III. 4.2) തെർത്തുല്യൻ (*De Praese*. 13) തുടങ്ങിയവരുടെ വിശ്വാസസംഹി തകൾ ഇതിന് ഉത്തമ ദൃഷ്ടാന്തങ്ങളാണ്. സഭയിൽനിന്നു ഭിന്നിച്ചു പോകുന്നവർക്ക് രക്ഷ അസാധ്യമാകുംവിധം സഭയുടെ ഏകത്വം അവികലമാണെന്ന് വി. സിപ്രിയാനും പഠിപ്പിക്കുന്നുണ്ട് (*De unit*. 4). മധ്യകാലദൈവശാസ്ത്രജ്ഞനായ വി. തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ സഭയുടെ ഏകത്വത്തിന് മൂന്ന് മാനദണ്ഡങ്ങളാ ണുള്ളത്.

(i) എല്ലാവിശ്വാസികൾക്കും പൊതുവായുള്ള ഏകവിശ്വാസം

(ii) നിത്യരക്ഷയെക്കുറിച്ച് എല്ലാവിശ്വാസികൾക്കുമുള്ള ഏക പ്രത്യാശ

(iii) ദൈവസ്നേഹവും അതിൽനിന്നുത്ഭവിക്കുന്ന പരസ്നേഹവും പരസ്പരസഹായവും.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളോടു ബന്ധപ്പെടുത്തിയാണ് വി. അക്വീനാസ് സഭയുടെ ഏകത്വത്തെ വിശേഷിപ്പിക്കുന്നത് (*Exp. Symb*. a. 9). സഭയുടെ ഏകത്വത്തിലുള്ള വിശ്വാസം നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അക്വീനാസ് സമർത്ഥിക്കുന്നുണ്ട്.

സഭയുടെ ഏകത്വം എന്നത് സഭകളുടെ കൂട്ടായ്മ എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. പാശ്ചാത്യവും പൗരസ്ത്യവുമായ 23 സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. വൈവിധ്യപൂർണ്ണമായ ആരാധനാക്രമവും ആധ്യാത്മികതയും അധികാരഘടനയുമുള്ള ഓരോ സഭകളുടെയും തനിമകളെ ഇതരസഭകൾ ആദരവോടെ മനസ്സിലാക്കുന്നു. സഭാചരിത്രത്തിൽ ശക്തമായ ചില റീത്തുകൾ ദുർബ്ബലരായ റീത്തുകളെ വിഴുങ്ങാൻ ശ്രമിക്കുകയോ അവയുടെ ആരാധനാക്രമങ്ങളെ തമസ്കരിച്ച് തങ്ങളുടെ ആരാധനാക്രമങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടുണ്ടാവാം (ഉദാ: ഉദയംപേരൂർ സൂനഹദോസ്). എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ ഓരോ വ്യക്തി സഭയോടും സ്വന്തം തനിമ വീണ്ടെടുക്കാനും അന്യൂനമായി പരിരക്ഷിക്കാനും ആവശ്യപ്പെടുകയാണ് ചെയ്തത്. എല്ലാ വ്യക്തിസഭകളെയും ഐക്യരൂപ്യത്തിലെത്തിക്കുന്നതിലൂടെയല്ല മറിച്ച് വിവിധ സഭകളുടെ തനിമകളെ ആദരവോടെ അംഗീകരിക്കുന്നതിലൂടെ ഉളവാക്കുന്ന കൂട്ടായ്മയിലൂടെയാണ് സഭയുടെ ഏകത്വം ദൃശ്യമാകുന്നത്.

**ഏകത്വത്തിന്റെ പ്രായോഗികമാനം**

സഭ ഏകമാണ് എന്ന വിശ്വാസസത്യം പ്രവർത്തനനിരതമാകണമെങ്കിൽ താഴെപ്പറയുന്ന മണ്ഡലങ്ങളിൽ കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ട്. വിസ്താരഭയം മൂലം അവയെ സാംഖികമായി അവതരിപ്പിക്കാനേ സാധിക്കുന്നുള്ളൂ.

- ഒന്നാമതായി, ഓരോ വിശ്വാസിയും സഭ നൽകുന്ന പ്രബോധനത്തെ അംഗീകരിച്ച് വിശ്വസ്തതയോടെ ജീവിക്കണം.

- രണ്ടാമതായി, സഭയിലെ വൈവിധ്യങ്ങളെ പരസ്പരബഹുമാനത്തോടെ മനസ്സിലാക്കണം. തെറ്റിദ്ധാരണകൾ മൂലം വിവിധ റീത്തുകൾ പരസ്പരം ഏല്പിച്ചിട്ടുള്ള മുറിവുകൾ ഉണക്കാൻ

ബോധപൂർവ്വമായ ശ്രമം നടത്തണം.

- മൂന്നാമതായി, വിവിധ കാരണങ്ങളാൽ സഭാകൂട്ടായ്മയിൽ നിന്നു ഭിന്നിച്ചുപോയിട്ടുള്ള സഭകളെയും വ്യക്തികളേയും ക്രിസ്തു സ്ഥാപിച്ച ഏക സഭയിലേക്കു തിരികെ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ ഔദ്ധത്യം വെടിഞ്ഞ് എളിമയോടെ ആരംഭിക്കണം.

- നാലാമതായി, സഭൈക്യം എന്നത് ആണ്ടുവട്ടത്തിലെ ഒരു ആഴ്ചമാത്രം നീളുന്ന ചിന്തയാകാതെ, സഭയിൽ സദാ സജീവമാകേണ്ട ചിന്തയായി സകലവിശ്വാസികളിലും വളർത്തിയെടുക്കണം.

- അഞ്ചാമതായി, വിഘടിത വിഭാഗങ്ങൾ രൂപം കൊള്ളുമ്പോൾതന്നെ അവയുടെ കാരണം കണ്ടെത്തി പരിഹരിക്കാനും നിക്ഷിപ്ത താല്പര്യങ്ങൾ മൂലം സഭയിൽ ഭിന്നതയുളവാക്കുന്നവർക്കെതിരേ അനുയോജ്യമായ നടപടികൾ അനുയോജ്യമായ സമയത്ത് എടുക്കാനും കഴിയണം.

- ആറാമതായി, സഭാംഗങ്ങൾ തമ്മിലുള്ള എല്ലാവിധ ഭിന്നതയും മാത്സര്യബുദ്ധിയും കിടമത്സരങ്ങളും സഭയുടെ ഐക്യത്തിനു ഹാനികരമാണെന്നു തിരിച്ചറിഞ്ഞ് മത്സരബുദ്ധിക്കു പകരം കൂട്ടായ്മയുടെ അരൂപി സഭയിൽ വളർത്തുവാനുള്ള ശ്രമമുണ്ടാകണം.

- ഏഴാമതായി, സഭയുടെ ഏക അധികാരിയായ ക്രിസ്തുവിന്റെ വികാരിയായ മാർപാപ്പായുടെ പ്രബോധനത്തോടു ചേർന്നു നിൽക്കുന്നതായിരിക്കണം സഭയിലെ എല്ലാ പ്രബോധനങ്ങളും. സഭയുടെ പ്രബോധനങ്ങളിൽ വിശ്വാസികൾക്ക് യഥാസമയം പരിശീലനം നൽകാൻ സഭയ്ക്കു കഴിയണം.

## സഭ പരിശുദ്ധമാണ്

പരിശുദ്ധി എന്നതിലൂടെ പരമപരിശുദ്ധനായ ദൈവത്തോട് സൃഷ്ടിക്കു തോന്നുന്ന ആഭിമുഖ്യം എന്നാണ് പ്രഥമത വിവക്ഷിക്കുന്നത്. പരിശുദ്ധിയെ വ്യക്തിപരമായും (subjective) വസ്തുതാപരമായും (objective) മനസ്സിലാക്കാനാകും. വ്യക്തിപരമായ പരിശുദ്ധി എന്നതിലൂടെ പാപത്തെ വിട്ടുപേക്ഷിച്ച് വരപ്രസാദത്തിലൂടെ ദൈവത്തോട് ഐക്യപ്പെടാനുള്ള അഭിവാഞ്ഛയാണ്. എന്നാൽ, വ്യക്തികളിലും പ്രസ്ഥാനങ്ങളിലുമുള്ള വസ്തുതാപരമായ പരിശുദ്ധി എന്നതിലൂടെ ദൈവിക ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ശാശ്വതമായ സമർപ്പണം, അതിലൂടെയുള്ള മനുഷ്യകുലത്തിന്റെ വിശുദ്ധീകരണം എന്നിവയാണ് അർത്ഥമാക്കുന്നത്.

സഭ അതിന്റെ ഉത്ഭവത്തിലും ലക്ഷ്യത്തിലും പ്രവർത്തന മാർഗ്ഗ

ത്തിലും പുറപ്പെടുവിക്കുന്ന ഫലത്തിലും പരിശുദ്ധമാണ്. "മിസ്റ്റിചി കോർപോരിസ്" (mystici corporis) എന്ന ചാക്രിക ലേഖനത്തിൽ 12-ാം പീയൂസ് മാർപാപ്പ ചൂണ്ടിക്കാട്ടുന്നതുപോലെ "സഭ തന്റെ പരിശുദ്ധ കൂദാശകളിലൂടെ വിശ്വാസികൾക്കു ജന്മം നൽകിയും, തനിക്കു ലഭിച്ച സത്യവിശ്വാസം അന്യൂനവും അവികലവുമായി കാത്തുസൂക്ഷിച്ചും, തന്റെ പരിശുദ്ധ നിയമങ്ങളിലൂടെ വിശ്വാസികളെ സുവിശേഷാദർശങ്ങൾ അഭ്യസിപ്പിച്ചും തന്റെ സ്വർഗ്ഗീയ വരങ്ങളാലും അത്ഭുതകരമായ ഉല്പാദനശക്തിയാലും അസംഖ്യം രക്തസാക്ഷികൾക്കും കന്യകമാർക്കും വേദപാരംഗതന്മാർക്കും ജന്മം നൽകിയും സഭ തന്റെ നിർമ്മലതയ്ക്കും പരിശുദ്ധിക്കും സാക്ഷ്യം വഹിക്കുന്നു"(11). സഭ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും ക്രിസ്തു എന്ന രക്ഷാകരരഹസ്യത്തിന്റെ തുടർച്ചയുമാകയാൽ പരിശുദ്ധയാണ്. സഭയെ നിരന്തരം പരിപാലിക്കുന്നത് പരിശുദ്ധാത്മാവാണ് എന്നതും സഭയുടെ പരിശുദ്ധിയുടെ ലക്ഷണമാണ്. ദൈവമഹത്വം, മനുഷ്യരുടെ വിശുദ്ധീകരണം എന്നീ പരിശുദ്ധ ലക്ഷ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നതും സഭയുടെ വിശുദ്ധിക്കുകാരണമാണ്. എല്ലായുഗങ്ങളിലുമുള്ള വിശ്വാസികളുടെയിടയിൽനിന്നും ധീരോചിതമായ വിശുദ്ധജീവിതം നയിക്കുന്ന വിശുദ്ധരും രക്തസാക്ഷികളും രൂപം കൊള്ളുന്നു എന്നതും സഭയുടെ അനുസ്യൂതമായ വിശുദ്ധിയുടെ തെളിവാണ്.

സഭയുടെ വിശുദ്ധി വി. ഗ്രന്ഥാധിഷ്ഠിതമാണ്. മുഴുവൻ ലോകത്തെയും തന്റെ വിശുദ്ധിയാൽ നവീകരിക്കുന്ന പുളിമാവായാണ് ക്രിസ്തു സഭയെ വിവക്ഷിക്കുന്നത് (മത്താ 13:33). ഭൂമിയുടെ ഉപ്പ് (മത്താ 5:13), ലോകത്തിന്റെ പ്രകാശം (മത്താ 5:14) തുടങ്ങിയ സംജ്ഞകളും സഭയുടെ പരിശുദ്ധിയെയാണ് ദ്യോതിപ്പിക്കുന്നത്. വിശ്വാസികളെ "വിശുദ്ധർ" എന്നാണ് പൗലോസ് അപ്പസ്തോലൻ വിശേഷിപ്പിക്കുന്നത് (1 കോറി 1:2). കറയോ ചുളിവോ ഇല്ലാത്ത നിർമ്മലവധുവായി സഭയെ മാറ്റുവാനാണ് ക്രിസ്തു കുരിശിൽ മരിച്ചത് എന്ന് പൗലോസ് സമർത്ഥിക്കുന്നുണ്ട് (എഫേ 5:25-27; തീത്തോ 2:14). ക്രിസ്തുവിന്റെ ശരീരവും പരിശുദ്ധാത്മ ആലയവുമാകയാൽ സഭയുടെ പരിശുദ്ധി അവിതർക്കിതമാണ് (1 കോറി 12:12).

സഭയുടെ പരിശുദ്ധി എന്നതിലൂടെ സഭാംഗങ്ങളുടെ വ്യക്തിപരമായ പരിശുദ്ധി എന്നതിനുപരി സഭയ്ക്കു ക്രിസ്തുവുമായുള്ള അഭേദ്യമായ ബന്ധമാണ് വിവക്ഷിക്കുന്നത് എന്നു വ്യക്തമാണ്. സഭ ക്രിസ്തുവിന്റെ തുടർച്ചയും ശരീരവുമാകയാൽ പരിശുദ്ധയാണ്; സഭ ക്രിസ്തുവിന്റെ പ്രബോധനം തുടരുന്നതിനാൽ സഭയുടെ പ്രബോധനം പരിശുദ്ധമാണ് എന്നീ അർത്ഥത്തിൽ സഭാപിതാക്ക

ന്മാർ സഭയുടെ പരിശുദ്ധിയെ വ്യാഖ്യാനിക്കുന്നതിൽ നിന്നും ഈ വസ്തുത വ്യക്തമാകുന്നു (St. Justin, Apol. I-14-17; Origin, Contra. Cels. III. 29). എന്നാൽ, വി. തോമസ് അക്വീനാസ് സഭയുടെ വിശുദ്ധി എന്നതിലൂടെ സഭാംഗങ്ങളുടെ വിശുദ്ധിയാണ് പ്രഥമത പ്രാധാന്യമർഹിക്കുന്നത് എന്നു വാദിക്കുന്നുണ്ട്. "ക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെട്ടവരും പരിശുദ്ധാത്മവരദാനങ്ങളാൽ അഭിഷേകം ചെയ്യപ്പെട്ടവരും പരിശുദ്ധ ത്രിത്വത്തിന്റെ വാസഗേഹങ്ങളായി തീർന്നവരും നിരന്തരം വിശുദ്ധീകരിക്കപ്പെടുന്നവരുമായ വിശ്വാസികളുടെ സമൂഹമായതിനാൽ സഭ പരിശുദ്ധയാണ് എന്നതാണ് അക്വീനാസിന്റെ നിലപാട് (Expo. Symb. a. 9). എന്നാൽ ഇവിടെയും അംഗങ്ങളുടെ വ്യക്തിപരമായ വിശുദ്ധീകരണ യത്നങ്ങൾക്കല്ല അവരുടെ വിശുദ്ധീകരണത്തിനായി ദൈവം നടത്തുന്ന ഇടപെടലുകൾക്കാണ് വി. അക്വീനാസും പ്രാധാന്യം നൽകുന്നത് എന്നു നമുക്കു മനസ്സിലാക്കാനാവും.

അംഗങ്ങളുടെ വ്യക്തിപരമായ വിശുദ്ധിക്ക് സഭ എക്കാലവും പ്രാധാന്യം നൽകുന്നുണ്ട് എന്നു മാത്രമല്ല സഭയുടെ ലക്ഷ്യംതന്നെ മനുഷ്യകുലത്തിന്റെ വിശുദ്ധീകരണമാണ്. എന്നാൽ വ്യക്തിപരമായ വിശുദ്ധിയിൽ കുറവോ ഭംഗമോ വന്നവർ പരിശുദ്ധസഭയുടെ അംഗങ്ങളല്ലാതായി തീരുന്നതായി സഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. നോവാസിയനിസം, മൊണ്ടാനിസം തുടങ്ങിയ പാഷണ്ഡതകൾ മാരക പാപം ചെയ്യുന്നവർക്ക് സഭയുടെ അംഗത്വം നഷ്ടമാകുന്നതായി പഠിപ്പിച്ചപ്പോൾ സഭ പ്രസ്തുത പഠനങ്ങളെ തള്ളിക്കളയുകയാണുണ്ടായത്. മാരകപാപികൾക്ക് സഭാംഗത്വം നഷ്ടമാകുന്നു എന്നവാദം സഭ രക്ഷയുടെ ദൃശ്യമായ അടയാളമാണ് എന്ന സത്യത്തിന്റെ ലംഘനമാണെന്ന് വി. ആഗസ്തീനോസ് പഠിപ്പിക്കുന്നു (Ioan tr. 6. 12). മാരകപാപിയിൽ ക്രിസ്തീയവിശ്വാസം നിലനിൽക്കുന്നിടത്തോളം കാലം പ്രസ്തുത വ്യക്തി സഭാംഗം തന്നെയാണ് എന്ന് ആഗസ്തീനോസ് വാദിക്കുന്നു (Enarr in Ps 128.8). പ്രൊട്ടസ്റ്റന്റു വിപ്ലവകാലത്ത് മാർട്ടിൻ ലൂഥറും പാപത്തിലൂടെ സഭാംഗത്വം നഷ്ടപ്പെടുന്നതായി വാദിച്ചപ്പോഴും സഭ അതിനെ തള്ളിക്കളഞ്ഞു. ക്ലെമെന്റ് 11 -ാമൻ മാർപാപ്പായും പോൾ ആറാമൻ മാർപാപ്പായും ഇതേക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട് (D 1422-1428). പോൾ ആറാൻ പാപ്പായുടെ നിരീക്ഷണം ശ്രദ്ധേയമാണ്. "പാഷണ്ഡത, ശീശ്മ എന്നിവ ഒരുവനെ സഭാഗാത്രത്തിൽനിന്നു വേർപെടുത്തുന്നു. എന്നാൽ, പാപം അത് എത്രമേൽ മാരകമാകട്ടെ, ഒരു വ്യക്തിയെ സഭാഗാത്രത്തിൽനിന്ന് വേർപിരിക്കുന്നില്ല" (Mysti. Corp. 12). പാപികളെ സഭയിൽനിന്നും പുറന്തള്ളുകയല്ല പാപി

കളെ രക്ഷിക്കാൻ സഭയ്ക്കു ലഭിച്ചിരിക്കുന്ന വരപ്രസാദത്താൽ അവരെ വിശുദ്ധീകരിക്കുകയാണ് വേണ്ടത് എന്നതാണ് സഭയുടെ നിലപാട്.

കളകളുടെ ഉപമയിലും (മത്താ 13:24-30) വലയുടെ ഉപമയിലും (മത്താ 13:47-50) ദുഷ്ടനും ശിഷ്ടനും തോളോടുതോൾ ചേർന്നു വളരുന്ന ദൈവരാജ്യവ്യവസ്ഥിതിയെക്കുറിച്ചാണ് ക്രിസ്തു പഠിപ്പിക്കുന്നത്. മരണംവരെ മാനസാന്തരത്തിന്റെ വാതിൽ സഭയിൽ തുറന്നു കിടക്കുകയാണെന്നു സാരം. സഭാംഗങ്ങളെ വീണ്ടെടുക്കാൻ സാഹോദര്യത്തെപ്രതി ഓരോ വിശ്വാസിയും പരിശ്രമിക്കേണ്ടതിനെക്കുറിച്ച് ഈശോ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട് (മത്താ 18:15-17). ആദിമസഭയും മാരക പാപങ്ങൾക്ക് മഹറോൻ ശിക്ഷ നൽകിയിരുന്നില്ല (1 കോറി 11:18; 2 കോറി 12:20).

## പരിശുദ്ധിയുടെ പ്രായോഗികമാനം

സഭ പരിശുദ്ധമാണ് എന്ന യാഥാർത്ഥ്യം വിശ്വാസികളുടെ അനുദിന ജീവിതത്തിൽ പ്രതിഫലിക്കേണ്ട വസ്തുതയാണ്. ഇതിനു സഹായകമായ ചില മേഖലകളെ സംഖ്യാപരമായി മാത്രം താഴെ ചൂണ്ടിക്കാണിക്കുന്നു.

(i) ഓരോ വിശ്വാസിയും തന്റെ മഹനീയമായ വിളിക്കുചേർന്ന വിശുദ്ധിയുടെ ജീവിതം നയിക്കാൻ സദാ ജാഗ്രത പാലിക്കണം. സഭാംഗങ്ങളുടെ പാപപങ്കിലമായ ജീവിതം സഭയുടെ പരിശുദ്ധിക്ക് കളങ്കവും വിപരീത സാക്ഷ്യവുമാണ്.

(ii) സഭ പരിശുദ്ധമാകയാൽ സഭയുടെ സ്ഥാപനങ്ങൾ അവയുടെ നടത്തിപ്പിൽ പരിശുദ്ധി പാലിക്കണം. അഴിമതി, സ്വജന പക്ഷപാതം, നിയമനം, പ്രവേശനം തുടങ്ങിയവയോടനുബന്ധിച്ച് നിർബന്ധ പിരിവുകൾ, കോഴകൾ തുടങ്ങിയവ സഭാസ്ഥാപനങ്ങളിൽ സംഭവിക്കരുത്. സഭാ സ്ഥാപനങ്ങൾ സാധുക്കളുടെ അത്താണിയായി മാറുമ്പോഴാണ് സഭയുടെ പരിശുദ്ധി പ്രശോഭിതമാകുന്നത്.

(iii) സഭയുടെ പരിശുദ്ധി ആന്തരികമാണ്. ആന്തരികത ചോർന്നുപോകുമ്പോഴാണ് ബാഹ്യമായവയിൽ അമിത ശ്രദ്ധ കൈവരുന്നത്. സഭയുടെ ശ്രദ്ധ ബാഹ്യമായ ജംഗമങ്ങളിലും ആഘോഷങ്ങളിലും അലങ്കാരങ്ങളിലും ആവരണങ്ങളിലും മാത്രം ഒതുങ്ങിപ്പോവുന്നത് സഭയുടെ പരിശുദ്ധിക്ക് ഭംഗം വരുത്തുന്നു.

(iv) സഭ തന്റെ വിശുദ്ധീകരണ ദൗത്യം നിറവേറ്റുന്നത് പ്രഥമത കൂദാശകളുടെ പരികർമ്മത്തിലൂടെയാണ്. സഭാംഗങ്ങളുടെ കൗദാ

ശിക ജീവിതത്തിനും അതുവഴിയുള്ള ജീവിത നവീകരണത്തിനും സഭയിൽ പ്രാധാന്യം ലഭിക്കേണ്ടതുണ്ട്.

(V) സീസറിന്റെ ഭാര്യ പരിശുദ്ധയായാൽ പോരാ അത് സകലരും അംഗീകരിക്കുകയും വേണം എന്ന തത്വം സഭാനേതൃത്വത്തിനും ബാധകമാണ്. സഭയിലെ വൈദികരുടെയും ഇതര അധികാരികളുടെയും വ്യക്തിജീവിതവും സമൂഹജീവിതവും സുതാര്യവും മാതൃകാപരവുമാകുമ്പോഴാണ് സഭയുടെ പരിശുദ്ധി ആയിരം സൂര്യതേജസ്സോടെ പ്രശോഭിക്കുന്നത്.

### സഭ സാർവ്വത്രികമാണ്

കത്തോലിക്കാസഭ എന്ന വാക്കിന്റെ അർത്ഥം തന്നെ സാർവ്വത്രികസഭ എന്നാണ്. ഗ്രീക്കിലെ കാത്ത് (Kath), ഹോളോൻ (holon) എന്നീ പദങ്ങളുടെ സംയുക്തരൂപമാണ് "കത്തോലിക്കാ" എന്ന പദം. "ഹോളോൻ" എന്ന ഗ്രീക്കുപദത്തിന് "എല്ലായിടത്തും" എന്ന അർത്ഥമാണുള്ളത്. "കാത്ത്" എന്നത് "ആയിത്തീരുക" എന്ന അർത്ഥമുള്ള ക്രിയയുടെ സംക്ഷിപ്ത രൂപമാണ്. എല്ലായിടത്തും ആയിത്തീരേണ്ട സഭ എന്ന അർത്ഥത്തിലാണ് കത്തോലിക്കാ സഭ എന്ന പദം ഉപയോഗിക്കുന്നത് എന്ന് മനസ്സിലാക്കാനാണ് പദോൽപ്പത്തിയെ വിശകലനം ചെയ്തത്. ലോകം മുഴുവനും വ്യാപിച്ചിട്ടുള്ള സഭ എന്ന യഥാർത്ഥ അർത്ഥത്തിലും (actual meaning) ലോകത്തി ലെ സകല മനുഷ്യരുടെയും രക്ഷാമാർഗ്ഗം എന്ന ഗുണപരമായ അർത്ഥത്തിലും (Virtual meaning) സാർവ്വത്രികം അഥവാ കാതോലികം എന്ന പദത്തെ മനസ്സിലാക്കാവുന്നതാണ്.

ലോകത്തിന്റെ അതിരുകളോളവും അവസാനത്തോളവും രക്ഷാസന്ദേശമെത്തിക്കാൻ സ്ഥാപിക്കപ്പെട്ട സഭ തീർച്ചയായും സാർവ്വത്രികമാകേണ്ടതുണ്ട്. ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാനാഗ്രഹിക്കുന്ന ദൈവിക പദ്ധതി (യോഹ 3:16) നിറവേറ്റപ്പെടുന്നത് സഭയിലൂടെയാണ്. അതിനാൽ സകലരും രക്ഷയുടെ മാർഗ്ഗത്തിലെത്തുന്നതുവരെ അലസത വെടിഞ്ഞ് കർമ്മോത്സുകയാകാൻ സഭയെ നിരന്തരം പ്രേരിപ്പിക്കുന്ന ഗുണമാണ് സാർവ്വത്രികത എന്നത്. പഴയനിയമത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ രക്ഷാ സങ്കൽപ്പം ഇസ്രായേൽക്കാരുടെ രക്ഷയിൽ മാത്രം ഒതുങ്ങുന്നതായിരുന്നെങ്കിലും വരാനിരിക്കുന്ന മിശിഹായുടെ രാജ്യത്തിലെ രക്ഷയിൽ സകല ജനപദങ്ങൾക്കും പങ്കാളിത്തമുണ്ടാകുമെന്ന് പഴയനിയമ ജനത വിശ്വസിച്ചിരുന്നു (ഉൽപ 18:18; 26:4; 28:14; സങ്കീ 2:8; 21:28; ഏശ 2:2; 11 :40; 45:22; എസെ 17:22-24; ദാനി 2:35; മലാ 1:11). സകലജനപദങ്ങളോടും സുവിശേഷം പ്രസംഗിച്ചു കഴിയുമ്പോഴാണ് ലോകാവസാനം സംഭവിക്കുന്നത് എന്ന് ക്രിസ്തു

പഠിപ്പിച്ചിട്ടുണ്ട് (മത്തായി 24:14; ലൂക്കാ 24:47). സകലജനപദങ്ങളോടും (മത്താ 28:19; മർക്കോ 16:15), ലോകത്തിന്റെ അതിരുകൾ വരെയും (അപ്പ 1:8) സുവിശേഷം പ്രസംഗിക്കാനുള്ള ദിവ്യരക്ഷകന്റെ ദൗത്യം തന്നെ സഭ ഉത്ഭവത്തിലേ സാർവ്വത്രികത ലക്ഷ്യമാക്കിയിരുന്നു എന്നതിനു തെളിവാണ്.

സാർവ്വത്രികതയ്ക്കുള്ള സഭയുടെ പ്രയാണം അപ്പസ്തോലിക കാലംമുതലേ ആരംഭിച്ചിരുന്നു ജറുസലേം കേന്ദ്രീകരിച്ച് സമരിയായിലും യൂദയായിലും അന്ത്യോക്യാ കേന്ദ്രീകരിച്ച് വിജാതീയരുടെയിടയിലും സുവിശേഷം പ്രസംഗിക്കപ്പെട്ടു. പൗലോസ് അപ്പസ്തോലന്റെ പ്രവർത്തനങ്ങളിലൂടെ വിജാതീയരുടെയിടയിൽ സഭ അത്ഭുതാവഹമായ വളർച്ചനേടി. "കത്തോലിക്കാസഭ" എന്ന പദം ആദ്യമായി ഉപയോഗിച്ചത് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസാണ് (*Symr*. 8.2). "എവിടെ ക്രിസ്തുവുണ്ടോ അവിടെ കത്തോലിക്കാ സഭയുണ്ട്" എന്നതാണ് ഇഗ്നേഷ്യസിന്റെ പ്രസ്താവന. സാർവ്വത്രികം എന്നതോടൊപ്പം സത്യസഭ (orthodox church) എന്ന അർത്ഥത്തിലും ഇഗ്നേഷ്യസ് ഈ പദം ഉപയോഗിക്കുന്നുണ്ട് (*Poly*. 16.2). ജറുസലേമിലെ വി. സിറിൾ "കാതോലികം" എന്ന പദത്തെ ലോകമാസകലമുള്ള സഭയുടെ വ്യാപ്തി എന്ന അർത്ഥത്തിലും സഭയുടെ പ്രബോധനങ്ങൾ ലോകത്തിനാകമാനം ബാധകമാണെന്ന അർത്ഥത്തിലും ഉപയോഗിക്കുന്നുണ്ട് (*Cat*. 18.23). ഭൂമി മുഴുവനും നിറഞ്ഞുനിൽക്കുന്ന സഭ എന്ന അർത്ഥത്തിൽ കാതോലികം എന്ന പദത്തെ വ്യാഖ്യാനിക്കുന്ന വി. ആഗസ്തീനോസിന്റെ അഭിപ്രായത്തിൽ (*Sermo* 46, 14) സഭയുടെ ഏറ്റവും അടിസ്ഥാന ഗുണവും ഇതുതന്നെയാണ്.

വി. അക്വീനാസ് സഭയുടെ കാതോലികതയെ മൂന്ന് അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്:

(i) സഭ ലോകമാസകലം വ്യാപിച്ചിരിക്കുന്നതിനാൽ കാതോലികമാണ്.

(ii) സഭയിൽ സകല ജനപദങ്ങൾക്കും ഗോത്രങ്ങൾക്കും അംഗത്വമുള്ളതിനാൽ സഭ കാതോലികമാണ്.

(iii) മനുഷ്യകുലത്തിന്റെ ആരംഭം മുതൽ – ആദ്യമായി മരണമടഞ്ഞ ആബേലിന്റെ കാലംമുതൽ – ലോകാവസാനം വരെ സഭയുള്ളതിനാൽ സഭ കാതോലികമാണ്.

സഭ അതിന്റെ വ്യാപ്തിയിലും (Space), കാലത്തിലും (Time) ഉള്ളടക്കത്തിലും (Content) കാതോലികമാണെന്ന് വി. അക്വീനാസ് സമർത്ഥിക്കുന്നു.

സഭയുടെ സാർവ്വത്രികതയുമായി ബന്ധപ്പെട്ട ഏറ്റവും പ്രസക്തമായ പ്രായോഗിക പ്രശ്നം ഇതരമതങ്ങളുടെ രക്ഷയെക്കുറിച്ചുള്ളതാണ്. "സഭയ്ക്കു പുറമേ രക്ഷയില്ല" എന്ന വി. സിപ്രിയാന്റെ പ്രസ്താവനയുടെ നിഷ്കൃഷ്ടതയെ രണ്ടാംവത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നില്ലെങ്കിലും രക്ഷാമാർഗ്ഗത്തിൽ തിരുസ്സഭയുടെ അദ്വിതീയമായ സ്ഥാനത്തെ സൂനഹദോസ് ഊന്നിപ്പറയുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഇതരമത വിഭാഗങ്ങളോടുള്ള സഭയുടെ സമീപനം എപ്രകാരമായിരിക്കണം എന്നത് പ്രസക്തമായ പ്രശ്നമാണ്.

രക്ഷയും ജ്ഞാനസ്നാനവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പരിശുദ്ധ കത്തോലിക്കാ സഭ പഠിപ്പിക്കുന്ന സത്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. രക്ഷയുടെ അടയാളമായ കൂദാശയാണ് മാമ്മോദീസാ. ഈശോ മിശിഹായുടെ കുരിശുമരണത്തിലൂടെ സംജാതമായ വരപ്രസാദത്തിൽ പങ്കുചേരുന്ന കൂദാശയാണിത്. ഈ കൂദാശയിലൂടെ ജന്മപാപവും കർമ്മപാപങ്ങളുണ്ടെങ്കിൽ അതും നീങ്ങി തിരുസ്സഭയിൽ അംഗത്വവും ദൈവമക്കളുടെ സ്ഥാനവും നമുക്കു ലഭിക്കുന്നു. ഈ കൗദാശിക വരപ്രസാദം പൂർണ്ണമായും ദൈവത്തിന്റെ ദാനമാണ്. അതിന്റെ ഉറവിടമാകട്ടെ ഈശോയുടെ കുരിശിലെ ബലിയും.

കുരിശുമരണത്തിന്റെ വരപ്രസാദത്തിൽ കൗദാശികമായി പങ്കുചേരാനുള്ള വിളി ലഭിച്ചവരാണ് സഭയിലെ അംഗങ്ങൾ. സഭയിൽ അംഗങ്ങളല്ലാത്തവരെയും രക്ഷിക്കാൻ ദൈവത്തിനു കഴിയും, കാരണം അവിടുത്തേക്ക് യാതൊന്നും അസാധ്യമല്ല. അക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അവരുടെ രക്ഷയും ഈശോയുടെ കുരിശുമരണത്തിന്റെ യോഗ്യതയാലാണ് ലഭിക്കുന്നത്. കുരിശിലെ ബലിയുടെ വരപ്രസാദം കൂദാശകളിലൂടെ സൗജന്യദാനമായി നമുക്ക് നൽകുന്ന ദൈവത്തിന്, തനിക്കുമാത്രം അറിയാവുന്ന വഴികളിലൂടെ മറ്റു മനുഷ്യർക്കും വരപ്രസാദത്തെ സംലഭ്യമാക്കുവാൻ കഴിയും. ഇത് പൂർണ്ണമായും ദൈവത്തിന്റെ തീരുമാനവും ദൈവികനടപടിയുടെ ഭാഗവുമാണ്. തന്മൂലം മാമ്മോദീസാ സ്വീകരിച്ചില്ല എന്ന ഒറ്റക്കാരണത്താൽ പ്രസ്തുത ആത്മാക്കളെല്ലാം നരകത്തിലെത്തി എന്നു വാദിക്കുന്നത് സഭാ പഠനങ്ങൾക്കു വിരുദ്ധമാണ്. വത്തിക്കാൻ കൗൺസിലിന്റെ അന്യമതങ്ങളെക്കുറിച്ചുള്ള പഠനങ്ങളെ ആധാരമാക്കി ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ കൈയ്യൊപ്പോടെ 1991 മെയ്മാസം 19-ാം തീയതി സുവിശേഷവത്ക്കരണത്തിനായുള്ള തിരുസംഘം പ്രസിദ്ധീകരിച്ച "സംവാദവും പ്രഘോഷണവും" (Dialogue and Proclamation) എന്ന പ്രമാണ

രേഖയുടെ 29-ാം ഖണ്ഡിക ചുവടെ ചേർക്കുന്നു:

"രക്ഷിക്കപ്പെടുന്ന എല്ലാ മനുഷ്യരും വ്യത്യസ്തമായ വിധത്തിലാണെങ്കിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി യേശുവിന്റെ രക്ഷാകരരഹസ്യത്തിലാണ് പങ്കുചേരുന്നത്. ക്രിസ്ത്യാനികൾ വിശ്വാസം വഴി ഈ സത്യം അറിയുമ്പോൾ, മറ്റുള്ളവരാകട്ടെ തങ്ങളുടെ രക്ഷയുടെ ഉറവിടം ക്രിസ്തുവാണെന്ന് അറിയാതെ ജീവിക്കുന്നു. രക്ഷയുടെ രഹസ്യം അവരിലെത്തി ചേരുന്നത് ദൈവത്തിനു മാത്രം അറിയാവുന്ന വഴികളിലൂടെ, പരിശുദ്ധാത്മാവിന്റെ അദൃശ്യമായ പ്രവർത്തനത്തിലൂടെയാണ്...... തങ്ങളുടെ രക്ഷകനെ അറിയാത്തപ്പോഴും അംഗീകരിക്കാത്തപ്പോഴും രക്ഷയുടെ ദാനം ദൈവം അവർക്കും നൽകുന്നു (cf. AG 3,9,11).

മാമ്മോദീസാ സ്വീകരിക്കാത്തവരെല്ലാം നരകത്തിലെത്തില്ല എന്നത് ഈ പ്രഖ്യാപനത്തിലൂടെ വ്യക്തമാണല്ലോ. മാമ്മോദീസാ ലഭിക്കാതെ മരിക്കുന്ന കുഞ്ഞുങ്ങളുടെ രക്ഷയെക്കുറിച്ചും ഇതേ രീതിയിൽ തന്നെ വിശദീകരിക്കാനാവും. മാമ്മോദീസായുടെ കൗദാശിക വരപ്രസാദം ലഭിക്കാൻ ഭാഗ്യം ലഭിക്കാത്ത കുഞ്ഞുങ്ങൾക്കും കുരിശിലെ ബലിയുടെ വരപ്രസാദത്തിൽ "ദൈവത്തിനുമാത്രം അറിയാവുന്ന വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ അദൃശ്യമായ പ്രവർത്തനത്തിലൂടെ" ദൈവം പങ്കാളിത്തം നല്കുന്നു. അതുകൊണ്ടു തന്നെ അപ്രകാരം മരണമടയുന്ന കുഞ്ഞുങ്ങളെല്ലാം നരകത്തിലെത്തിച്ചേർന്നു എന്ന് പഠിപ്പിക്കുന്ന സെക്ടുകളുടെ നിലപാട് സത്യവിശ്വാസത്തിനു നിരക്കാത്തതും സഭാവിരുദ്ധവുമാണ്.

ക്രിസ്തുവിന്റെ വരവിനുമുമ്പേ മരിച്ചവരുടെ രക്ഷയെക്കുറിച്ചും ഇതേ മാനദണ്ഡമനുസരിച്ച് നമുക്ക് വിശദീകരിക്കാനാവും.കുരിശിലെ ബലിയുടെ വരപ്രസാദം കാലാതിവർത്തിയാകയാൽ അതിന്റെ വരപ്രസാദവും കാലത്തിന്റെ അതിർവരമ്പുകളില്ലാതെ സകല കാലത്തും ജീവിച്ചിരുന്നവർക്ക് ലഭ്യമാക്കാൻ ദൈവത്തിനു കഴിയും. വി.ആഗസ്തീനോസിന്റെ കാഴ്ചപ്പാടിലെ "ആബേലിന്റെ കാലം മുതലുള്ള സഭ" (ecclesia ab Abel) എന്ന ആശയം ഇതിനോടു ചേർത്തുവായിക്കേണ്ടതാണ്. യേശുവിന്റെ സഭ ഭൂമിയിലില്ലാതിരുന്ന കാലം ഉണ്ടായിരുന്നില്ലെന്നും ലോകസൃഷ്ടിക്കുശേഷം ആദ്യമായി മരണമടഞ്ഞ ആബേലിന്റെ കാലം മുതൽ സഭ ഉണ്ടായിരുന്നുവെന്നും ആഗസ്തീനോസ് പഠിപ്പിച്ചു (Enas. in Ps. 118=Sermo 29,9). ചരിത്രത്തിലെ നിയതമായ സമയത്തും സ്ഥലത്തും നടന്ന സംഭവമാണ് കുരിശിലെ ബലി. എന്നാൽ അതിലൂടെ കൈവന്ന വരപ്രസാദം സ്ഥലകാലങ്ങൾക്കതീതമായി സംലഭ്യമാക്കാൻ ദൈവത്തിനു കഴിയും എന്ന സത്യം നാം ഗ്രഹിക്കണം.

മറ്റു മതസ്ഥരുടെ രക്ഷയെക്കുറിച്ചു മാത്രമല്ല, അവരുടെ സംസ്കാരത്തെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും അങ്ങേയറ്റം ആദരവോടെയാണ് ക്രൈസ്തവർ പെരുമാറേണ്ടത്. ആരേയും അധിക്ഷേപിക്കുന്ന അരൂപി ക്രിസ്തുവിന്റെ അരൂപിയല്ല എന്ന സത്യം നാം മനസ്സിലാക്കണം.

## സഭ ശ്ലൈഹികമാണ്

ശ്ലൈഹികം എന്ന വാക്ക് അപ്പസ്തോലൻ എന്ന ഗ്രീക്കുപദത്തിനു സമാനമായ "ശ്ലീഹാ എന്ന സുറിയാനി പദത്തിൽനിന്നു രൂപം കൊണ്ടതാണ്. "അയയ്ക്കപ്പെട്ടവൻ" എന്നാണ് ഈ പദത്തിന്റെ അർത്ഥം. ക്രിസ്തുവിന്റെ 12 ശിഷ്യന്മാരെ സൂചിപ്പിക്കുന്ന സാങ്കേതിക പദമായാണ് ഇത് പ്രചുരപ്രചരിതമായത്. തന്മൂലം "ശ്ലൈഹികം" എന്ന പദത്തിലൂടെ സഭ ക്രിസ്തുവിന്റെ അപ്പസ്തോലന്മാരുമായി ബന്ധപ്പെട്ടതാണ് എന്നാണർത്ഥമാക്കുന്നത്. അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നതിനാൽ ഉത്ഭവത്തിലും (origin) അപ്പസ്തോലന്മാരുടെ പ്രബോധനാധികാരമുള്ളതിനാൽ പ്രബോധനത്തിലും (teachings) ശ്ലൈഹികാധികാരത്തിന്റെ തുടർച്ചയുള്ളതിനാൽ പിന്തുടർച്ചയിലും (succession) സഭ ശ്ലൈഹികമാണ്. സഭയിലെ പ്രബോധനവും വിശ്വാസസത്യങ്ങളും അന്യൂനവും അവികലവുമായി തുടരുന്നത് സഭയിൽ അനുസ്യൂതമായി തുടരുന്ന ശ്ലൈഹിക പാരമ്പര്യത്തിലൂടെയാണ്. അഭിനവ സഭയെ അപ്പസ്തോലന്മാരുടെ കാലവുമായി ബന്ധിപ്പിക്കുന്നത് സഭയുടെ ശ്ലൈഹികത എന്ന ലക്ഷണമാണ്. ചുരുക്കത്തിൽ ശ്ലൈഹികതയിലൂടെ സഭയുടെ ആധികാരികതയും കാലാതിവർത്തന സ്വഭാവവുമാണ് വ്യക്തമാക്കുന്നത്.

പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ ധർമ്മങ്ങൾ നൽകി ക്രിസ്തു 12 അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുകയും അവരിലൂടെ സഭ സ്ഥാപിക്കുകയും ചെയ്തതായി പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു. പിതാവു തന്നെ ഭരമേല്പിച്ച അധികാരവും ദൗത്യവുമാണ് ക്രിസ്തു അപ്പസ്തോലന്മാർക്കു നൽകിയത് (യോഹ 20:22-23). ശ്ലൈഹികമായ അധികാരം എന്നതിലൂടെ താഴെപ്പറയുന്ന അധികാരങ്ങളാണ് വിവക്ഷിക്കുന്നത്:

- സുവിശേഷം പ്രസംഗിക്കുക (മത്താ 28:19; മർക്കോ 16:15)
- കെട്ടാനും അഴിക്കാനുമുള്ള അധികാരം വഴി പാപമോചനം നൽകുക (മത്താ 18:18; യോഹ 20:23)
- മാമ്മോദീസ നൽകുക (മത്താ 28:19)
- വി. കുർബ്ബാന അർപ്പിക്കുക (ലൂക്കാ 22:19)

- ക്രിസ്തുവിന്റെ സ്ഥാനപതികളും ദൈവരഹസ്യത്തിന്റെ ശുശ്രൂഷകരുമാകുക (1 കോറി 4:1; 5:20)
- അനുരഞ്ജനത്തിന്റെ ശുശ്രൂഷകരാകുക (2 കോറി 5:18)
- ദൈവജനത്തിന് രക്ഷാകരമായ നിയമങ്ങൾ നൽകുക (അപ്പ 15:28-30; 1 കോറി 11:34)
- ശിക്ഷണ നടപടികൾ നടപ്പിലാക്കുക (1 കോറി 4:21)
- കൈവയ്പ്പിലൂടെ സഭയിലെ ശുശ്രൂഷാപരമായ അധികാരങ്ങൾ കൈമാറ്റം ചെയ്യുക (അപ്പ 6:6; 14:22; 1 തിമോ 4:14)

മേൽപ്രസ്താവിച്ചിട്ടുള്ള അധികാരങ്ങൾ അപ്പസ്തോലന്മാരുടെ പിൻഗാമികളിലൂടെ അനുസ്യൂതം പ്രവഹിക്കണമെന്ന് ക്രിസ്തു അഭിലഷിച്ചിരുന്നു. കാരണം പ്രസ്തുത അധികാരങ്ങൾ ഒരു തലമുറയിൽ മാത്രമല്ല സകല തലമുറകളിലും സഭയിൽ പ്രവർത്തന നിരതമാകേണ്ടതുണ്ട്. ക്രിസ്തുവിന്റെ കൈവയ്പ്പിലൂടെ വി. പത്രോസിനും പത്രോസിലൂടെ അവന്റെ പിൻഗാമികളായ മാർപാപ്പാമാർക്കും അവരുടെ ശ്ലൈഹികമായ അധികാരത്തോട് ചേർന്നുനിൽക്കുന്ന സകല മെത്രാന്മാർക്കും ശ്ലൈഹികതയുടെ അധികാരങ്ങളും അന്യൂനമായ പ്രബോധനവരവും ലഭിക്കുന്നു.

കത്തോലിക്കാ സഭയെ ഇതര സഭകളിൽനിന്ന് വ്യതിരിക്തമാക്കുന്നത് അതിന്റെ അവിഭക്തവും അന്യൂനവുമായ ശ്ലൈഹിക പാരമ്പര്യമാണ്. ക്രിസ്തുവിന്റെ കൈവയ്പ്പിലൂടെ ലഭിച്ച ശ്ലൈഹികത അഭംഗുരം പരിപാലിക്കപ്പെട്ട ഒരേ ഒരു സഭ കത്തോലിക്കാ സഭയാണ്. 1529 - ൽ പിളർന്നു വേർപെട്ടുപോയ പ്രൊട്ടസ്റ്റന്റു സഭകൾക്കോ 1893 - ൽ രൂപം കൊണ്ട പന്തക്കുസ്താ വിഭാഗങ്ങൾക്കോ മറ്റ് വിഘടിത വിഭാഗങ്ങൾക്കോ സഭയുടെ ശ്ലൈഹികതയിൽ പങ്കാളിത്തം ലഭിക്കുന്നില്ല. കാരണം അവയുടെ ചരിത്രം ആരംഭിക്കുന്നത് ക്രിസ്തുവിൽനിന്നല്ല ഏതെങ്കിലും നേതാക്കന്മാരുടെ വിപരീത ചിന്തകളിൽ നിന്നാണ്. സഭാപിതാവായ ഇരനേവൂസ് പഠിപ്പിച്ചതുപോലെ "ശ്ലൈഹിക അധികാരം അഭംഗുരം തുടർന്നുവരികയും മെത്രാന്മാരുടെ അധികാരം ഇപ്രകാരം നിയമാനുസൃതം അധികാരമുള്ളവരുടെ കൈവയ്പ്പിലൂടെ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന സഭമാത്രമേ ശുദ്ധസഭ ആകുന്നുള്ളൂ (*Adv. Haer.*III. 3.3). മറ്റു പാഷണ്ഡതകളും വിഘടിത വിഭാഗങ്ങളുമെല്ലാം അപ്പസ്തോലന്മാരുടെ കാലത്തിനുശേഷമുണ്ടായതാകയാൽ അവയ്ക്കു ആധികാരികതയോ പരിശുദ്ധിയോ ഇല്ല എന്ന് തെർത്തുല്യനും സാക്ഷ്യപ്പെടുത്തുന്നു. (*Adv. Marc.*IV.5). കത്തോലിക്കാ സഭയുടെ ശ്ലൈഹികതയുടെ തെളിവായി റോമിലെ മെത്രാന്മാരുടെ അഭംഗുരമായ

പിൻതുടർച്ചയുടെ പട്ടികയും ഇരനേവൂസ് ആദ്യമായി പ്രസിദ്ധപ്പെടുത്തി (*Adv. Haer*.III.3.3; IV.26.2). ക്രിസ്തു സഭയുടെ ആദ്യ അടിത്തറയും അപ്പസ്തോലന്മാർ രണ്ടാം അടിത്തറയുമാണെന്ന് വി. തോമസ് അക്വീനാസ് സമർത്ഥിക്കുന്നുണ്ട് (*Expo. Symb*.a.9).

ലക്ഷക്കണക്കിന് വിഘടിത ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും തങ്ങളാണ് യഥാർത്ഥ സഭ എന്ന അവകാശവാദവുമായി രംഗപ്രവേശനം ചെയ്യുമ്പോൾ ഏതാണ് യഥാർത്ഥ സഭ എന്ന് തിരിച്ചറിയാൻ ശ്ലൈഹികത ഏറ്റവും നല്ല മാനദണ്ഡമാണ്. "ഇന്നലത്തെ മഴയ്ക്കു കുരുത്ത തകരകൾ" പോലെ മുളച്ചുപൊന്തുന്ന സഭകൾക്ക് അപ്പസ്തോലന്മാരുടെ കാലഘട്ടത്തോളം പഴക്കമില്ലെന്നു വ്യക്തമാണല്ലോ. ഇടിവെട്ടുമ്പോൾ കൂണുകൾ മുളച്ചുപൊന്തും അവയ്ക്ക് ആകർഷണവും അവേശവും കൂടുതലുണ്ടാകും എന്നാൽ രണ്ടു നാളുകൾക്കുള്ളിൽ അവ മണ്ണടിയുന്നു. എന്നാൽ ക്രിസ്തുവിന്റെ യഥാർത്ഥ ശ്ലൈഹിക സഭ കാലത്തിന്റെ വെല്ലുവിളികളെയും പാഷണ്ഡതകളെയും ശീശ്മകളെയും അതിജീവിച്ച് നിത്യതയിലേക്ക് പ്രയാണം തുടരുന്നു. കാരണം, അത് അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടതാണ്.

സഭയുടെ ശ്ലൈഹികതയിലുള്ള വിശ്വാസം അഭംഗുരം സംരക്ഷിക്കാനുള്ള പരിശ്രമം സഭയിലുണ്ടാകണം. ശ്ലൈഹികാധികാരത്തിന്റെ പിൻതുടർച്ചയായ രൂപതാധ്യക്ഷനെ അനുസരിക്കുന്നതിലും ആദരിക്കുന്നതിലും വൈദികരും അത്മായരും ഒരുപോലെ ശ്രദ്ധിക്കണം. മെത്രാൻ പദവിയിലേക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ഊഹാപോഹങ്ങൾക്കും കരുനീക്കങ്ങൾക്കും-അവയിൽ പലതും അടിസ്ഥാനരഹിതങ്ങളാണെങ്കിലും-സാധിക്കുന്നിടത്തോളം ഇടനൽകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ശ്ലൈഹികതയിലുള്ള വിശ്വാസം നഷ്ടമായാൽ കത്തോലിക്കാ സഭയ്ക്ക് അതിന്റെ ഏറ്റവും ശ്രേഷ്ഠമായ തനിമ നഷ്ടമായതായി കരുതേണ്ടിവരും.

### ചുരുക്കത്തിൽ

സഭയുടെ നാലുലക്ഷണങ്ങൾ സഭയുടെ ആന്തരികവും ബാഹ്യവുമായ സത്തയെ വെളിപ്പെടുത്തുന്നു. ഈ ലക്ഷണങ്ങൾ സഭയുടെ അന്തസ്സത്തയുടെ ഭാഗമാകുമ്പോഴും പ്രസ്തുത ലക്ഷണങ്ങളെ അവയുടെ പൂർണ്ണതയിൽ ജീവിക്കാനുള്ള പരിശ്രമം സഭയിൽ സദാ ഉണ്ടാകേണ്ടതുണ്ട്.

**ഡോ. ജോസഫ് പാംപ്ലാനി**

09

## സഭയും ലോകവും

ലോകാതീതവും സ്വർഗ്ഗോന്മുഖവുമായ ഒരു യാഥാർത്ഥ്യമായി സഭയെ കാണുന്നതാണ് ഒരു പക്ഷേ, ഭൂരിഭാഗം വിശ്വാസികൾക്കും സ്വാഭാവികമായി ഹിതകരമാവുക. എന്നാൽ, സഭ ലോകോന്മുഖമായ ഒരു യാഥാർത്ഥ്യമാണെന്നകാര്യം വിസ്മരിക്കരുതാത്തതാണ്. ഇതു സഭ ലോകത്തിലായതുകൊണ്ടു മാത്രമല്ല, ലോകത്തോടു നിരന്തരം ക്രിസ്തുവിന്റെ സന്ദേശം പ്രഘോഷിക്കാൻ, വചനത്തിലും പ്രവൃത്തിയിലും ലോകത്തിന്റെ മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം നൽകാൻ, വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു കൂടിയത്രേ. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെക്കുറിച്ച് നല്കിയ പ്രമാണരേഖകളിൽ സഭയുടെ ലോകോന്മുഖത വ്യക്തമായി കാണാം. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ട സഭ മനുഷ്യരാശിക്കുവേണ്ടി സ്ഥാപിക്കപ്പെട്ട രക്ഷയുടെ കൂദാശയായി നിലകൊള്ളുന്നു എന്ന കാഴ്ചപ്പാടാണ് തിരുസ്സഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ സ്വീകരിച്ചിരിക്കുന്നത്. സഭ ലോകത്തിൽ ആയിരിക്കുന്നതിന്റെ വിവക്ഷകൾ വ്യക്തമാ

ക്കുകയാണ് "സഭ ആധുനിക ലോകത്തിൽ" എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ ചെയ്യുന്നത്.

### എന്താണ് സഭ?

സഭയെ രണ്ടു വിധത്തിൽ സമീപിക്കാം: ഒന്ന്, സഭ അതിൽത്തന്നെ എന്താണ്, അഥവാ അതിന്റെ ആന്തരികസത്ത എന്താണ് എന്നു പഠിക്കുക; മറ്റൊന്ന്, സഭയെ ലോകത്തോടുള്ള അതിന്റെ ആഭിമുഖ്യം കണക്കിലെടുത്തുകൊണ്ട്, ലോകത്തിലുള്ള അതിന്റെ സേവനത്തെയും സാക്ഷ്യത്തെയും വിലയിരുത്തുക.

സഭയുടെ ആന്തരികസത്ത എന്താണ് എന്നു പരിശോധിക്കുമ്പോൾ അതു രക്ഷയുടെ രഹസ്യമാണ് എന്നു വ്യക്തമാക്കുന്നു. വിവിധകാലഘട്ടങ്ങളിലൂടെ ദൈവം മനുഷ്യനു പടിപടിയായി വെളിപ്പെടുത്തിക്കൊണ്ട് തന്റെ പുത്രനിലൂടെ പൂർത്തീകരിച്ച രക്ഷയാണ് സഭ ഉൾക്കൊണ്ടിരിക്കുക. പക്ഷേ, ഈ വസ്തുത രണ്ടാമത്തെ പരിഗണനയിലേയ്ക്കു വിരൽ ചൂണ്ടുന്നുണ്ട്. സഭ ദൈവത്തിൽനിന്നും രക്ഷയും പ്രസാദവരവും ഏറ്റുവാങ്ങിയിരിക്കുന്നത് അതു ലോകത്തിനു നൽകുവാൻ വേണ്ടിയാണ്. ദൈവജനം രക്ഷിക്കപ്പെട്ട ജനം മാത്രമല്ല രക്ഷയുടെ പാതയിലേയ്ക്ക് ജനപദങ്ങളെ നയിക്കുന്ന സമൂഹംകൂടിയാണ്. ലോകത്തിന്റെ മുമ്പിൽ രക്ഷയുടെ അടയാളവും കൂദാശയുമായിത്തീരുകയാണ് സഭയുടെ വിളി.

### ലോകത്തിൽ ജീവിക്കുന്ന സഭ

സഭ ലോകത്തിലാണ് ജീവിക്കുക. ഈ വസ്തുത വിസ്മരിക്കുവാനോ അവഗണിക്കുവാനോ സാധ്യമല്ല. കാരണം സഭയുടെ അസ്തിത്വം ലോകത്തിലായിരിക്കുന്നതുപോലെ സഭയുടെ ദൗത്യവും ലോകത്തിലാണ്. ലോകത്തെ രക്ഷയിലേയ്ക്കു നയിക്കുവാനാണ് സഭ നിയോഗിക്കപ്പെട്ടിരിക്കുക. ലോകത്തിന്റെ മദ്ധ്യേ ജീവിക്കുന്ന സഭ മനുഷ്യമഹാകുടുംബം മുഴുവനോടും ഗാഢമായി ബന്ധപ്പെട്ടതാണ്. കാരണം സർവ്വ മനുഷ്യർക്കും വേണ്ടിയുള്ള രക്ഷയുടെ സന്ദേശമാണ് സഭ കൈപ്പറ്റിയിരിക്കുന്നത്.

ക്രിസ്തുവിന്റെ സഭ ക്രിസ്തുവിനെപ്പോലെ സത്യത്തിന് സാക്ഷ്യം വഹിക്കുവാനും രക്ഷിക്കുവാനുംവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ ദൗത്യനിർവ്വഹണം ലോകത്തിലായിരുന്നുകൊണ്ട്, ലോകത്തോട് പ്രവാചകസമീപനം പുലർത്തിക്കൊണ്ടുവേണം സാധിക്കുവാൻ. "സഭ ആധുനിക ലോകത്തിൽ" എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ പ്രഖ്യാപിക്കുന്നത് ശ്രദ്ധേയമാണ്:

സഭ തന്റെ ധർമ്മം നിർവ്വഹിക്കുവാൻ കാലത്തിന്റെ അടയാളങ്ങൾ സൂക്ഷ്മനിരീക്ഷണം ചെയ്ത സുവിശേഷത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാൻ എപ്പോഴും ബാദ്ധ്യസ്ഥയത്രേ. ഈ ജീവിതവും ഭാവിജീവിതവും അവതമ്മിലുള്ള ബന്ധവും സംബന്ധിച്ച് മനുഷ്യൻ നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഓരോ തലമുറയ്ക്കും സുഗ്രാഹ്യമായ ഭാഷയിൽ പ്രത്യുത്തരം നൽകാൻ ഇവ്വിധം അവൾ പ്രാപ്തയാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാം ജീവിക്കുന്ന ലോകത്തെയും അതിന്റെ പ്രതീക്ഷകളെയും അഭിവാഞ്ചകളെയും പലപ്പോഴും നാടകീയമായ അതിന്റെ സ്വഭാവവിശേഷങ്ങളെയും തിരിച്ചറിയണം, മനസ്സിലാക്കണം.

കൗൺസിലിന്റെ വീക്ഷണത്തിലുള്ള ലോകാഭിമുഖ്യം സഭ പുലർത്തുന്നത് തന്റെ പ്രവാചക ദൗത്യനിർവഹണത്തിലൂടെയാണ്. ലോകത്തെ സൂക്ഷ്മനിരീക്ഷണം ചെയ്യുകയും ദൈവരാജ്യത്തിന്റെ മൂല്യങ്ങളുടെ വെളിച്ചത്തിൽ സംഭവപരമ്പരകളെയും ചരിത്രത്തെയും വിലയിരുത്തുകയും ചെയ്തുകൊണ്ടാണ് സഭ തന്റെ പ്രവാചകദൗത്യം ലോകത്തിൽ നിർവ്വഹിക്കേണ്ടത്. ലോകത്തിലെ വികാസപരിണാമങ്ങളിലുടനീളം ദൈവരാജ്യത്തിന് അനുകൂലവും പ്രതികൂലവുമായ ചലനങ്ങളെ കണ്ടെത്താൻ കഴിയും. ഇവയെ വിവേചിച്ചറിയുകയും ദൈവരാജ്യശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യേണ്ടത് സഭയുടെ ദൗത്യമാണ്.

## വചനത്തിന്റെ വെളിച്ചത്തിൽ

സഭയുടെ കാഴ്ചപ്പാട് രൂപംകൊള്ളേണ്ടത് ദൈവവചനത്തിന്റെ വെളിച്ചത്തിൽനിന്നാണ്. ദൈവവചനത്തിനനുസരിച്ച് സ്വജീവിതത്തെ ക്രമപ്പെടുത്തുകയും ദൈവരാജ്യത്തിന്റെ മാനദണ്ഡങ്ങൾവച്ചുകൊണ്ട് ചരിത്രഗതിയെ വിലയിരുത്തുകയുമാണ് സഭ ചെയ്യേണ്ടത്. ദൈവവചനവും ദൈവരാജ്യത്തിന്റെ മൂല്യങ്ങളും വെറും ഭാഷയിലൂടെ മാത്രമല്ല സഭയ്ക്കു ലഭിച്ചിരിക്കുക. ദൈവവചനം മാംസമെടുത്തു മനുഷ്യരാശിയിൽ പ്രത്യക്ഷപ്പെട്ടതാണ് യേശു. ആ യേശുവിന്റെ ജീവിതമാണ് സഭയുടെ വീക്ഷണത്തിന് രൂപം നൽകുന്നതും സഭയുടെ പ്രവർത്തനങ്ങൾക്ക് മാനദണ്ഡമായി നിലകൊള്ളുന്നതും.

ലോകം വൈരുദ്ധ്യാത്മക സ്വഭാവത്തോടുകൂടിയതാണ്. ഒരു വശത്ത് നന്മയുടെ മുഖം, മറുവശത്ത് തിന്മയുടെ മുഖം. ക്രിസ്തീയ വീക്ഷണം ഈ രണ്ടു വസ്തുതകളെയും കണക്കിലെടുക്കുന്നതാണ്. ക്രിസ്തുവിന്റെ മാനദണ്ഡമുപയോഗിച്ച് ലോകത്തെ സമീപി

ക്കുമ്പോൾ നന്മയും തിന്മയും വിവേചിക്കാതിരിക്കാൻ തരമില്ല. ലോകത്തിൽ കാണപ്പെടുന്ന അനീതി, വഞ്ചന, വിദ്വേഷം തുടങ്ങിയവയെല്ലാം സഭ എതിർക്കണം. ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ സഭ പ്രോത്സാഹിപ്പിക്കണം. സത്യവും നീതിയും സ്നേഹവും അപ്രകാരമുള്ള മൂല്യങ്ങളാണ്. ഇവയിലൂടെ ലോകത്തിൽ ദൈവത്തിന്റെ രാജ്യം സ്ഥാപിതമാവുകയാണ്. അതിനു വേണ്ട സേവനം കാഴ്ചവയ്ക്കുകയാണ് സഭയുടെ ദൗത്യം.

### ലോകം, സഭ, ദൈവരാജ്യം

ലോകവും സഭയും ദൈവരാജ്യവും ദൈവികപദ്ധതിയിൽ പെടുന്നതാണ്. ലോകത്തിനും ദൈവരാജ്യത്തിനും മദ്ധ്യേ നിന്നുകൊണ്ട് ദൈവരാജ്യത്തിന്റെ സന്ദേശം ലോകത്തോട് പ്രഘോഷിക്കുകയും ലോകത്തെ ദൈവരാജ്യത്തിലേയ്ക്ക് ആനയിക്കുകയുമാണ് സഭ ചെയ്യേണ്ടത്. ഈ ദൗത്യനിർവ്വഹണം വിജയപ്രദമാകണമെങ്കിൽ ലോകത്തിൽ ജീവിക്കുന്ന മനുഷ്യന്റെ ആശകളും പ്രതീക്ഷകളും മനസ്സിലാക്കണം. മനുഷ്യന്റെ പ്രശ്നങ്ങൾ പഠിക്കണം. മനുഷ്യൻ ചോദിക്കുന്ന ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിക്കണം. എങ്കിൽ മാത്രമേ സഭയ്ക്കു തന്റെ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കുവാൻ സാധിക്കൂ. സഭാശാസ്ത്രജ്ഞനായ കോൺഗാർ പറയുന്നതുപോലെ സഭയുടെ ഭണ്ഡാഗാരത്തിൽ മനുഷ്യരാശിക്കുവേണ്ടി സൂക്ഷിച്ചിട്ടുള്ള അക്ഷയനിധികൾ പുറത്തെടുക്കുവാൻ ശ്രദ്ധാപൂർവ്വമുള്ള ഈ ചെവികൊടുക്കൽ ആവശ്യമാണ്. അതുകൊണ്ടാണ് വത്തിക്കാൻ കൗൺസിൽ സഭയുടെ ദൗത്യത്തെക്കുറിച്ചു പരാമർശിക്കുന്നതിനുമുമ്പ് ആമുഖമായി മനുഷ്യരാശിയിൽനിന്നുയരുന്ന അടിസ്ഥാനപരമായ ചില ചോദ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്:

എന്താണ് മനുഷ്യൻ? പുരോഗതിയുടെതന്നെ ഈ യുഗത്തിൽ കാണപ്പെടുന്ന ദുഃഖം, തിന്മ, മരണം ഇവയുടെയെല്ലാം അർത്ഥമെന്താണ്? മനുഷ്യൻ വിലകൊടുത്തു നേടുന്ന വിജയങ്ങളുടെ ലക്ഷ്യമെന്താണ്? സമൂഹത്തിന്റെ ഭാവിനന്മയ്ക്ക് മനുഷ്യന് എന്തു പ്രതീക്ഷിക്കാം? ലോകജീവിതത്തിനപ്പുറത്തെന്താണുള്ളത്?

### വ്യത്യസ്തമായ സമീപനം

പരമ്പരാഗതമായ ദൈവശാസ്ത്രവിചിന്തനം മാനുഷിക പ്രശ്നങ്ങളിൽനിന്നല്ല ആരംഭം കുറിച്ചിരുന്നത് എന്നതു വ്യക്തമാണ്. മനുഷ്യർ ചോദിക്കുന്ന ചോദ്യങ്ങൾ അവതരിപ്പിച്ചുകൊണ്ടും മാനുഷിക ലോകത്തെ അപഗ്രഥിച്ചുകൊണ്ടും വത്തിക്കാൻ കൗൺസിൽ "സഭ ആധുനിക ലോകത്തിൽ" എന്ന പ്രമാണരേഖയിലൂടെ ദൈവശാ

സ്ത്രവിചിന്തനത്തിന് ഒരു നൂതനമാർഗ്ഗം ഔദ്യോഗികമായി അവ തരിപ്പിച്ചു. ഈ രീതി പല സഭാപിതാക്കന്മാരുടെയും ദൃഷ്ടിയിൽ അപ്രസക്തവും അനുചിതവുമായിരുന്നു. പക്ഷേ, ഡോഗ്മാറ്റിസ ത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നതിനും ഡയലോഗിന്റെ അരൂ പിയിൽ ലോകത്തോടും മനുഷ്യരോടും ബന്ധപ്പെടുന്നതിനും ഇത ല്ലാതെ വേറെ മാർഗ്ഗമില്ലായിരുന്നു എന്നത് പിന്നീട് അംഗീകരിക്ക പ്പെട്ടു. ലോകത്തിൽ ജീവിക്കുന്ന മനുഷ്യന്റെ പ്രശ്നങ്ങളെ കണ ക്കിലെടുക്കാതെ ദന്തഗോപുരത്തിലിരുന്നുള്ള ദൈവശാസ്ത്രവിചി ന്തനം ക്രൈസ്തവധർമ്മത്തിന് ചേർന്നതല്ലതന്നെ. ക്രൈസ്തവ ദൈവശാസ്ത്രം മനുഷ്യനെയും അവന്റെ പതിതോവസ്ഥയെയും ഗൗരവമായി ഗണിക്കുന്നു.

വിശ്വാസസത്യങ്ങളുടെ നിർവ്വചനം, വ്യാഖ്യാനം, പ്രായോഗിക നിഗമനം എന്നിങ്ങനെയുള്ള ഒരു സമീപനരീതിയാണ് സഭയുടെ പ്രബോധനങ്ങളിലും ദൈവശാസ്ത്രവിചിന്തനങ്ങളിലും മുൻകാല ങ്ങളിൽ മിക്കപ്പോഴും അവലംബിക്കപ്പെട്ടുപോന്നത്. ലോകത്തിൽ മനുഷ്യന്റെ സന്തോഷങ്ങളും പ്രതീക്ഷകളും ആകുലതകളും അസ്വ സ്ഥതകളും കണക്കിലെടുക്കാത്ത സമീപനത്തിന് ഫലവത്തായ സുവിശേഷ പ്രഘോഷണം സാധിക്കയില്ല. അതുകൊണ്ട് വത്തി ക്കാൻ കൗൺസിൽ "കാലത്തിന്റെ സൂചനകളെ" ഗൗരവപൂർവ്വം വിലയിരുത്തുന്ന ഒരു ദൈവശാസ്ത്രവിചിന്തനരീതിയാണ് സ്വീക രിച്ചത്. "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖയിൽ കാണുന്ന അസ്തിത്വാത്മക ദൈവശാസ്ത്രവിചിന്തനം ആരംഭിക്കു ന്നത് കാലത്തിന്റെ സൂചനകളിലാണ്, മാനവസമൂഹത്തിൽനിന്നു യരുന്ന ശബ്ദത്തിലാണ്. ഇവിടെ ബൈബിളിനോടും പാരമ്പര്യ ത്തോടുമൊപ്പം മനുഷ്യൻ ജീവിക്കുന്ന ലോകവും ഒരു ദൈവ ശാസ്ത്ര സ്രോതസ്സ് (theological locus) ആയി രൂപാന്തരപ്പെടുന്നു.

മാനുഷിക പരിതോവസ്ഥയിൽ ഊന്നിനിൽക്കുന്ന ദൈവശാ സ്ത്രവിചിന്തനം ബൈബിളിനെയും പാരമ്പര്യത്തെയും അവഗണി ക്കുകയല്ല, പ്രത്യുത അവയുടെ ഇന്നിന്റെ പ്രസക്തിയും സാർത്ഥ കതയും വ്യക്തമാക്കുകയാണ്. കാലഘട്ടത്തിന്റെ അടയാളങ്ങളും മനുഷ്യന്റെ ജീവിതസാഹചര്യങ്ങളും പഠിക്കുമ്പോൾ സുവിശേഷ ത്തിന്റെ സന്ദേശം ഏതു രൂപഭാവമാണ് കൈക്കൊള്ളേണ്ടത് എന്നു നമുക്കു വ്യക്തമാവും. മാനുഷികമായ പരിതോവസ്ഥകളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന സഭ പ്രശ്നങ്ങൾക്കു പരിഹാരം അന്വേഷിക്കുന്നത് ക്രിസ്തുവിലാണ്. ഇങ്ങനെയാണ് സഭയുടെ മനുഷ്യാന്വേഷണം

ക്രിസ്തുദർശനത്തിൽ ഫലമണിയുന്നത്.

## ലോകത്തിലെ പ്രതിബദ്ധത

ലോകത്തോടുള്ള സഭയുടെ ആഭിമുഖ്യത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നത് മനുഷ്യസേവനത്തിനായുള്ള സഭയുടെ സമർപ്പണമാണ്. മനുഷ്യവ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്രമായ വളർച്ചയ്ക്കും വികാസത്തിനുംവേണ്ട പ്രവർത്തനങ്ങളാണ് സഭ എന്നും ആവിഷ്ക്കരിക്കുവാൻ കടപ്പെട്ടിരിക്കുന്നത്. ' 'മനുഷ്യൻ" ആണ് സഭ പരിരക്ഷിക്കുവാനാഗ്രഹിക്കുന്ന ഏറ്റവും വലിയ മൂല്യം. ഇന്നത്തെ ലോകം അഭിമാനാർഹമായ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും മനുഷ്യന്റെ സാർവ്വത്രികമായ അന്തസ്സും മഹത്വവും ഉയർത്തിപ്പിടിക്കുന്നതിൽ വിജയിച്ചിട്ടില്ല. ഒരു വശത്ത് സമ്പത്തും സമൃദ്ധിയും ദൃശ്യമാണെങ്കിലും മറുവശത്ത് മനുഷ്യത്വത്തെ നിഷേധിക്കുന്ന ജീവിതസാഹചര്യങ്ങളിലാണ് പലരും ദിനരാത്രങ്ങൾ കഴിക്കേണ്ടതായി വരുക. ഇവിടെ സഭയുടെ പ്രതിബദ്ധതയ്ക്ക് ആഴമേറുന്നു.

സഭ, ലോകത്തോടുള്ള തന്റെ ഉത്തരവാദിത്വത്തിന്റെ വെളിച്ചത്തിൽ എന്തുചെയ്യണമെന്നു ചിന്തിക്കുമ്പോൾ താഴെപ്പറയുന്ന കടമകൾ ഉരുത്തിരിയുന്നു:

1. മനുഷ്യന്റെ അന്തസ്സിനും മാഹാത്മ്യത്തിനുംവേണ്ടി എല്ലായിടത്തും വാദിക്കുവാൻ സഭ കടപ്പെട്ടിരിക്കുന്നു.
2. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ ഇവ സൃഷ്ടിക്കുന്ന മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾക്കു മാറ്റം വരുത്തുവാൻ സഭ ബദ്ധശ്രദ്ധയാകണം.
3. മനുഷ്യവ്യക്തിയുടെ അവകാശങ്ങൾ നിഷേധിക്കുന്ന അനീതി, ചൂഷണം, മർദ്ദനം എന്നിവയ്ക്കെതിരേ സഭ പ്രവർത്തിക്കണം.
4. മനുഷ്യരുടെയിടയിൽ ഉച്ചനീചത്വങ്ങൾ പരിപോഷിപ്പിക്കുന്ന സമ്പ്രദായങ്ങളും വ്യവസ്ഥിതികളും ഇല്ലാതാക്കാനായി സഭ പരിശ്രമിക്കണം.
5. ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ സത്യം, നീതി, സമാധാനം എന്നിവ വചനത്തിലൂടെയും പ്രവൃത്തിയിലൂടെയും വെളിപ്പെടുത്തിക്കൊണ്ട് ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് സഭ തന്നിൽത്തന്നെ സാക്ഷ്യം നല്കണം.

സഭയുടെ പ്രവാചകധർമ്മത്തിന്റെ ഭാഗമാണ് മുകളിൽ പറഞ്ഞ

ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണം. അവയെല്ലാം വിരൽ ചൂണ്ടുന്നത് സാമൂഹ്യമണ്ഡലത്തിലുള്ള സഭയുടെ സാന്നിദ്ധ്യത്തിലേയ്ക്കും സാക്ഷ്യത്തിലേയ്ക്കുമാണ്. ഇന്നുവരെ സാമൂഹ്യമണ്ഡലത്തിലുള്ള സഭയുടെ നിലപാടിനെയും പ്രവർത്തനങ്ങളെയും ചരിത്രപരമായി വിലയിരുത്തുമ്പോൾ ചില വസ്തുതകൾ വ്യക്തമാകുന്നുണ്ട്.

1. ചില അവസരങ്ങളിൽ സത്യത്തിനും നീതിക്കുംവേണ്ടി ശബ്ദമുയർത്തേണ്ടിടത്തു സഭ ശബ്ദമുയർത്തിയിട്ടില്ല. ഉദാഹരണത്തിന് നാസിസത്തിനെതിരേ സഭ ഒരു പരിധിവരെയെങ്കിലും നിശ്ശബ്ദത പാലിച്ചതായി വിമർശിക്കപ്പെടുന്നു.

2. ചിലപ്പോൾ സഭ അഥവാ സഭയിലെ ചില വ്യക്തികൾ പറയരുതാത്തത് പറയുകയും അറിയാതെയാണെങ്കിലും അബദ്ധ നിലപാടിൽ കുരുങ്ങിപ്പോവുകയും ചെയ്തിട്ടുണ്ട്. ഗലീലിയോ സംഭവത്തിലേയ്ക്ക് വിരൽചൂണ്ടിക്കൊണ്ട് വത്തിക്കാൻ കൗൺസിൽ ഈ രംഗത്ത് സഭയ്ക്ക് പറ്റിയ അബദ്ധം എടുത്തു കാണിക്കുന്നു.

3. സഭയുടെ ശബ്ദം തെളിഞ്ഞുകേൾക്കപ്പെടേണ്ടിടങ്ങളിൽ അതു പലപ്പോഴും അവ്യക്തമായിപ്പോയി. ഉദാഹരണത്തിന് സാമൂഹ്യമായ അസമത്വങ്ങൾ വളരെയുള്ള നമ്മുടെ നാട്ടിൽ പാവപ്പെട്ടവർക്കുവേണ്ടി വ്യക്തമായ ഭാഷയിൽ ക്രൈസ്തവസമൂഹം സംസാരിച്ചിട്ടില്ല. ഇടവകകളുടെയും രൂപതകളുടെയും പ്രവർത്തനശൈലി ഈ ലക്ഷ്യത്തിനു പലപ്പോഴും മുൻതൂക്കം നൽകിക്കൊണ്ടുള്ളതായിരുന്നില്ല.

4. എല്ലായ്പ്പോഴും സഭയുടെ ശബ്ദം അഥവാ പ്രവർത്തനശൈലി ദൈവരാജ്യത്തിന്റെ നീതിക്കു നിരക്കുന്നതായിരുന്നോ എന്നു സംശയിക്കേണ്ടതുണ്ട്. ലൗകികമായ സുരക്ഷിതത്വത്തിനും സ്വാധീനശക്തിക്കും വിധേയമായി ദൈവരാജ്യത്തിന്റെ നീതി അന്വേഷിക്കുന്നതിൽനിന്നും സഭ ചില സന്ദർഭങ്ങളിലെങ്കിലും പിന്തിരിഞ്ഞിട്ടുണ്ട്.

5. തത്വത്തിൽ സഭയുടെ സാമൂഹ്യമായ കാഴ്ചപ്പാട് വ്യക്തമെങ്കിലും പ്രവൃത്തിപഥത്തിൽ അതു പലപ്പോഴും യാഥാർത്ഥ്യമാകുന്നില്ല. വാക്കും പ്രവൃത്തിയും തമ്മിലുള്ള ഇത്തരം വിടവു ഇല്ലാതാകേണ്ടിയിരിക്കുന്നു.

സാമൂഹ്യമണ്ഡലത്തിലുള്ള സഭയുടെ ദൗത്യത്തെക്കുറിച്ച് ഇന്നു വർദ്ധിച്ച അവബോധമാണ് ഉള്ളതെന്നത് അഭിമാനകരമാണ്. ദൈവരാജ്യമൂല്യങ്ങളുടെ വെളിച്ചത്തിൽ ലോകത്തിലെ സംഭവവികാസ

ങ്ങളെ അവലോകനംചെയ്ത് വിലയിരുത്തുന്ന ഒരു ജീവിതശൈലിതന്നെ വത്തിക്കാൻ കൗൺസിലിനുശേഷമുള്ള സഭയുടെ പ്രത്യേകതയാണെന്നു പറയാം. വർണ്ണവിവേചനത്തിനും ചൂഷണത്തിനും അനീതിക്കുമെതിരേ ക്രിസ്തീയസമൂഹത്തിന്റെ മനസ്സാക്ഷിയിൽനിന്നും ശബ്ദമുയരുന്നുണ്ട്. ഇതിനുദാഹരണമാണ് ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും സഭകളുടെ സമീപനങ്ങൾ.

### സമഗ്രവിമോചനം: സഭയുടെ ലക്ഷ്യം

അജപാലനരംഗത്ത് സഭ സ്വീകരിക്കേണ്ട മാതൃക സമഗ്രവിമോചനത്തിന്റേതാണ്. പക്ഷേ, ആത്മീയലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് ദൈവാലയത്തിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒരു അജപാലനശൈലിയുടെ സ്വാധീനം ഒരുപക്ഷേ, ഇന്നും സഭാതലത്തിൽ ദൃശ്യമാണ്. ഇതനുസരിച്ച് പ്രാർത്ഥിക്കുക, കൂദാശകൾ പരികർമ്മം ചെയ്യുക, ചുരുക്കത്തിൽ ആത്മാവിനുവേണ്ടുന്നതെല്ലാം നിർവ്വഹിക്കുകയാണ് അജപാലനത്തിന്റെ ചുമതല. ഈ അജപാലനമാതൃകയ്ക്ക് ഉപോൽബലകമായി ചൂണ്ടിക്കാണിക്കുന്നത് ക്രിസ്തു സഭയ്ക്കു നല്കിയ ദൗത്യം സാമ്പത്തികമോ രാഷ്ട്രീയമോ സാമൂഹ്യമോ അല്ല എന്ന കാരണമാണ്. ഈ വാദം പകുതി ശരിതന്നെ. അടിസ്ഥാനപരമായി സഭയുടെ ലക്ഷ്യം ആത്മീയം തന്നെ. പക്ഷേ, ലോകത്തിലാണ് സഭ തന്റെ ദൗത്യം നിറവേറ്റുക. ലോകത്തിൽ ജീവിക്കുന്ന മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയവനാണ്. ആത്മാവിന്റെയും ശരീരത്തിന്റെയും ആവശ്യങ്ങൾക്ക് ഒരുപോലെ പരിഗണന നൽകാതെ മനുഷ്യന് രക്ഷ പ്രദാനംചെയ്യുവാൻ സഭയ്ക്കു സാധിക്കുകയില്ല. അതുകൊണ്ട് സഭയുടെ ലക്ഷ്യം മനുഷ്യന്റെ സമ്പൂർണ്ണവിമോചനമായിരിക്കണം. സഭ ഔദ്യോഗികമായി ഈ വസ്തുത അംഗീകരിച്ചിരിക്കുന്നതാണ്. ആത്മീയം മാത്രമായ ലക്ഷ്യത്തിനു വേണ്ടിയല്ല സഭ ഒരു കാലത്തും നിലകൊണ്ടിട്ടുള്ളത്. തോമസ് അക്വീനാസ് പറയുന്നു: “വിശക്കുന്ന മനുഷ്യന് ആദ്യം ഭക്ഷണം നല്കണം; ഉപദേശിക്കുകയല്ല വേണ്ടത്.”

ക്രിസ്തുവിന്റെ അരൂപിയിൽ സഭയെ കാണുമ്പോൾ ആത്മീയ ലക്ഷ്യം മാത്രമാണ് സഭയ്ക്കുള്ളതെന്ന് ഒരിക്കലും പറയാനാവില്ല. വഴിയരികിൽ രക്തമൊലിക്കുന്ന അർദ്ധപ്രാണനായ മനുഷ്യനെ കണ്ടിട്ട് അവനെ എടുത്ത് അവന്റെ ശരീരത്തിലെ മുറിവുകൾ വച്ചുകെട്ടി ശുശ്രൂഷിക്കുന്ന നല്ല ശമരിയാക്കാരനാണ് സഭയ്ക്ക് അജപാലനരംഗത്തു മാതൃക. ഇപ്രകാരമുള്ള മനുഷ്യന് ശാരീരികമായ സൗഖ്യവും ആരോഗ്യവും നൽകുന്നതിന് സമരിയാക്കാരൻ ചെയ്ത

ത്യാഗപൂർണ്ണമായ പ്രവൃത്തിയെയാണ് യേശു പ്രശംസിച്ചത്, മാതൃകയായി തന്റെ സമൂഹത്തിനു നിർദ്ദേശിച്ചുകൊടുത്തിട്ടുള്ളത്. മാരകമായി മുറിവേറ്റ മനുഷ്യന് 'മനസ്താപപ്രകരണം ചൊല്ലിക്കൊടുക്കുക' മാത്രമല്ല സഭയുടെ ജോലി. വെള്ളത്തിൽ മുങ്ങിമരിക്കാൻ തുടങ്ങുന്ന മനുഷ്യനെ കരയിൽനിന്നുകൊണ്ട് പാപമോചനം നല്കി അനുഗ്രഹിക്കുക എന്നതിൽ സഭയുടെ ഉത്തരവാദിത്വം തീരുന്നില്ല. മുങ്ങുന്ന മനുഷ്യനെ രക്ഷിക്കാനായി വെള്ളത്തിലേയ്ക്ക് ചാടി വീഴുക സഭയുടെ ഉത്തരവാദിത്വമാണ്. മനുഷ്യന്റെ ഭൗതികാവശ്യങ്ങൾക്കു നേരേ കണ്ണടച്ചുകൊണ്ട് അതിഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമത്തിനായി മാത്രം പരിശ്രമിക്കുന്ന ഒരു അജപാലന ശൈലി സഭയ്ക്ക് സ്വീകാര്യമല്ല.

### സഭയിലെ നവമായ അവബോധം

ലോകത്തിൽ സഭയ്ക്കുള്ള പ്രവാചകധർമ്മത്തെക്കുറിച്ച് നവമായൊരു അവബോധം സഭയിലാകമാനം ഉണ്ടായിട്ടുണ്ടെന്നു പറയാം. വത്തിക്കാൻ കൗൺസിലിന്റെ "സഭ ആധുനികലോകത്തിൽ" എന്ന പ്രമാണരേഖ നല്കിയ കാഴ്ചപ്പാട് ഇതിനു സഹായകമായി. ലോകത്തിൽ ജീവിക്കുന്ന മനുഷ്യരോടും അവരുടെ ജീവിതത്തോടുമുള്ള താല്പര്യവും ഐക്യദാർഢ്യവും സഭ ഈ ഔദ്യോഗിക പ്രമാണരേഖയിലൂടെ വ്യക്തമാക്കി. സഭയിൽ ഇന്നു വളർന്നു വന്നിട്ടുള്ള വിമോചനദൈവശാസ്ത്രം ഈ ചിന്താസരണിയിൽനിന്ന് പ്രചോദനമുൾക്കൊണ്ടതാണ്. ക്രിസ്തീയദർശനം എന്തെന്ന് ആഴമായി ഗ്രഹിക്കാത്തവർ മാത്രമേ, വിമോചന ദൈവശാസ്ത്രത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും അതിനെ മാർക്സിസ്റ്റു പ്രസ്ഥാനത്തിന്റെ അനുകൂലിയായി ചിത്രീകരിക്കുകയും ചെയ്യുകയുള്ളൂ. ക്രിസ്തീയ വിമോചന സന്ദേശത്തെ മറന്ന് മാർക്സിസത്തിന്റെ ചിന്തയും പ്രവർത്തനശൈലിയും കടംവാങ്ങുകയാണെങ്കിൽ അത്തരം വിമോചന ദൈവശാസ്ത്രം ഈ വിമർശനത്തിന് അർഹമാണെന്നു വന്നേക്കാം. ക്രിസ്തീയ പാരമ്പര്യത്തിൽ അടിസ്ഥാനപരമായി കാണുന്നതാണ് വിമോചനമെന്ന പ്രമേയം. ബൈബിളിന്റെയും ക്രിസ്തീയസന്ദേശത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ "മനുഷ്യന്റെ വിമോചനം" കേന്ദ്രാശയമായി നമുക്കു കാണാം. ക്രിസ്തുവിലൂടെ മനുഷ്യരാശിക്കു കൈവന്നിട്ടുള്ളത് ഒറ്റവാക്കിൽപ്പറഞ്ഞാൽ വിമോചനമാണ്. വിമോചകനായ ക്രിസ്തുവിനോടൊപ്പം വിമോചനത്തിന്റെ പാത മനുഷ്യരാശിയുടെ മുമ്പിൽ തെളിക്കുവാനാണ് സഭാസമൂഹം വിളിക്കപ്പെട്ടിരിക്കുക. സാമ്പത്തികവും ഭൗതികമാത്രവുമായ ഒരു വിമോചനമായി ക്രിസ്തു

വിലൂടെയുള്ള വിമോചനത്തെ പരിമിതമാക്കുന്നത് ശരിയായിരിക്കുകയില്ല. സമ്പൂർണ്ണ വിമോചനത്തിനുവേണ്ടിയുള്ള സമർപ്പണമാണ് സഭയ്ക്കാവശ്യം. "മനുഷ്യകുലത്തെക്കുറിച്ച് ശരിയായി അറിഞ്ഞ് കാലത്തിന്റെ സൂചനകൾ മനസ്സിലാക്കിക്കൊണ്ട് സഭ ഇന്നു തന്റെ വിശ്വാസദൗത്യവും മനുഷ്യാവകാശസംരക്ഷണവും തുടരുന്നു. ഇതിനായി, കൂടുതൽ നീതിപൂർവ്വമായ, മനുഷ്യോചിതമായ, മനുഷ്യവാസയോഗ്യമായ, അതേസമയംതന്നെ ദൈവത്തിന് ഇടം നല്കുന്ന ഒരു ലോകം നിർമ്മിക്കുവാൻ എല്ലാ ക്രൈസ്തവരെയും സഭ ക്ഷണിക്കുന്നു."

മനുഷ്യനെ വീർപ്പുമുട്ടിക്കുന്ന അസ്വാതന്ത്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റേതുമായ സാമൂഹ്യചുറ്റുപാടിൽ നിന്നു മനുഷ്യനു വിമോചനം നൽകുവാൻ, പുതിയ ആകാശവും പുതിയ ഭൂമിയും ലക്ഷ്യംവച്ചുകൊണ്ടു ലോകത്തിൽ തീർത്ഥാടനം ചെയ്യുന്ന സഭ ബദ്ധശ്രദ്ധയാകണം. സഭയുടെ വിമോചനചിന്ത മാനുഷിക പരിതോവസ്ഥകളിൽ ആരംഭിക്കുന്നുവെങ്കിലും ലൗകികവും കാലികവുമായ തലങ്ങളിൽനിന്ന് ആദ്ധ്യാത്മികമായ തലങ്ങളിലേയ്ക്ക് അതുയരുന്നുണ്ട്. മാർക്സിസ്റ്റ് വിമോചന ചിന്തയെയും ക്രൈസ്തവവിമോചന ചിന്തയെയും തമ്മിൽ വേർതിരിക്കുന്ന ഈ വ്യത്യാസം പ്രധാനമാണെന്നു പറയേണ്ടിയിരിക്കുന്നു. അതുപോലെതന്നെ, അഹിംസാപരവും സ്നേഹാധിഷ്ഠിതവുമാണ് ക്രൈസ്തവ വിമോചന പ്രസ്ഥാനങ്ങളുടെയെല്ലാം മാർഗ്ഗമെന്നു ഓർമ്മിക്കേണ്ടതുണ്ട്.

## സിദ്ധാന്തവും പ്രയോഗവും

സഭയുടെ ഔദ്യോഗിക പ്രമാണരേഖകളിലും ദൈവശാസ്ത്രവിചിന്തനങ്ങളിലും കാണുന്ന മഹത്തായ ആശയങ്ങൾ മുഴുവൻ പ്രാവർത്തികമായിട്ടില്ല എന്നതു സത്യമാണ്. അതിനു വിഘാതമായി നിൽക്കുന്ന മനോഭാവങ്ങൾ, സ്വകാര്യതാല്പര്യങ്ങൾ എന്നിവയ്ക്കു മാറ്റം വരണം. ഇടവകകളിലും ക്രിസ്തീയസമൂഹത്തിലും ക്രൈസ്തവസമൂഹങ്ങൾക്കു ശരിയായ ബോധവൽക്കരണം ലഭിക്കേണ്ടിയിരിക്കുന്നു. സാമൂഹ്യമായ ഉത്തരവാദിത്വത്തെക്കുറിച്ച് ക്രിസ്തീയസമൂഹം ഇനിയും ബോധവല്ക്കരിക്കപ്പെടേണ്ടതായിട്ടുണ്ട്. സാമൂഹ്യമായ കടമയെ മറന്നുള്ള ആഘോഷങ്ങൾ, ആർഭാടങ്ങൾ എന്നിവയ്ക്കെല്ലാം കുറവുവരണമെങ്കിൽ ക്രൈസ്തവർ സാമൂഹ്യമായി ബോധവൽക്കരിക്കപ്പെടണം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു അജപാലനശൈലിക്കുതന്നെ രൂപം നല്കേണ്ടതുണ്ട്.

സ്ഥാപനപരമായ മാർഗ്ഗങ്ങളാണ് സഭ നമ്മുടെ നാട്ടിൽ അധി കവും സേവനത്തിനും സാക്ഷ്യത്തിനുമായി അവലംബിച്ചുപോന്നി ട്ടുള്ളത്. വിദ്യാഭ്യാസത്തിനും ആതുരസേവനത്തിനുംവേണ്ടി സഭ ധാരാളം സ്ഥാപനങ്ങൾ പണിതുയർത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾ അവയിൽത്തന്നെ ലക്ഷ്യങ്ങളായിരുന്നില്ല, സേവനത്തിന്റെ മാർഗ്ഗ ങ്ങളായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതെന്ന് ഓർമ്മിക്കണം. സേവനം എന്ന ലക്ഷ്യം നഷ്ടപ്പെടുമ്പോൾ സ്ഥാപനങ്ങൾക്ക് ക്രിസ്തീയ മായ അർത്ഥവും നഷ്ടപ്പെടുന്നു.

സാമൂഹ്യരംഗത്തുള്ള സഭയുടെ സ്ഥാനവും അധീശത്വവുമാണോ സഭാസ്ഥാപനങ്ങൾ ഇന്നു കൂടുതൽ വിളിച്ചറിയിക്കുകയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് പ്രത്യക്ഷോദാഹരണമായിത്തീരാൻ സഭാസ്ഥാപനങ്ങൾക്ക് പല പ്പോഴും കഴിയുന്നില്ല. സഭയ്ക്ക് അകത്തും പുറത്തുമുള്ള പല വിമർശ കരുടെയും ദൃഷ്ടിയിൽ അവ മർദ്ദകവും ചൂഷകവുമായ ഘടനയുടെ ഭാഗമാണ്. ഈ സാഹചര്യത്തിൽ സഭ ഇന്നു സ്ഥാപനപരമായ മാർഗ്ഗങ്ങളിൽനിന്നു മാറി ജനങ്ങളോടു നേരിട്ടു സമ്പർക്കം പുലർത്തുന്ന സേവനപരിപാടികൾ ആവിഷ്ക്കരിച്ച് "ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാത ന്ത്ര്യവു"മായിത്തീരാൻ വേണ്ട പരിപാടികൾ ആവിഷ്ക്കരിക്കേണ്ടി യിരിക്കുന്നു.

**ഉപസംഹാരം**

സഭയുടെ പ്രവാചകദൗത്യം യാതൊരു വിധത്തിലുമുള്ള എതിർപ്പും വെല്ലുവിളിയും നേരിടാതെ നിർവ്വഹിക്കപ്പെടാൻ സാധി ക്കുകയില്ല. കാരണം, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പ്രവൃത്തിയിൽ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ അതിനു വിരുദ്ധമായ പതിവുകൾ, സമ്പ്രദായങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സ്വാഭാവികമായി അപ്ര ത്യക്ഷമാകേണ്ടിവരും. അതിനു വിസമ്മതിച്ച് അവ സഭയ്ക്കെതിരേ എതിർത്തുനിൽക്കുവാൻ ശ്രമിക്കും. സാമൂഹ്യനീതിക്കുവേണ്ടി ശബ്ദമുയർത്തിയാൽ അനീതിയോട് ഒട്ടിച്ചേർന്നു നിൽക്കുന്ന എല്ലാ റ്റിന്റെയും എതിർപ്പ് നേരിടേണ്ടി വരുമെന്നത് തീർച്ചയാണ്. എങ്കിലും ലോകത്തിന് ദൈവരാജ്യത്തിന്റെ സന്ദേശം നല്കുക, അതിനായി തന്റെ ശുശ്രൂഷ ആത്മാർത്ഥമായി നിർവ്വഹിക്കുക, സഭയുടെ ദൗത്യ മാണ്.

**ഡോ. ജോർജ്ജ് കാരക്കുന്നേൽ**

# 10

## മാർപാപ്പയുടെ പ്രാഥമികതയും പരമാധികാരവും

പുതിയനിയമത്തിൽ പത്രോസിന്റെ പേര് 190 തവണ പരാമർശിക്കപ്പെടുമ്പോൾ ഇതര 11 അപ്പസ്തോലന്മാരുടെയും പേരുകൾ ആകെ 130 തവണ മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. അപ്പസ്തോലഗണത്തിന്റെ പട്ടികനൽകുമ്പോൾ എപ്പോഴും പ്രഥമ സ്ഥാനം പത്രോസിനാണ് നൽകിയിരുന്നത് (മത്താ 10:2; മർക്കോ 3:16-19; ലൂക്കാ 6:14-16; യോഹ 1:35-42; അപ്പ 1:13). ഈശോയുടെ ശിഷ്യഗണത്തിൽനിന്ന് നിർണ്ണായക സന്ദർഭങ്ങളിൽ സാക്ഷികളായുണ്ടായിരുന്ന അപ്പസ്തോലന്മാരിലും (പത്രോസ്, യാക്കോബ്, യോഹന്നാൻ) പത്രോസിന്റെ പേരിനാണ് പ്രഥമ സ്ഥാനം (മത്താ 17:1; മർക്കോ 9:2; ലൂക്കാ 9:28). ആദിമസഭയിൽ പത്രോസിനുണ്ടായിരുന്ന പ്രഥമസ്ഥാനം ഇതിൽനിന്നു വ്യക്തമാണ്.

കേസറിയാഫിലിപ്പിയിലെ വിശ്വാസപ്രഖ്യാപനത്തിനുള്ള പ്രത്യുത്തരം എന്നോണം ഈശോ ശിമയോന്റെ പേരുമാറ്റുകയും പത്രോസാകുന്ന പാറമേൽ തന്റെ സഭയെ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതാണ് (മത്താ 16:16-19) പത്രോസിന്റെ പ്രധാന ആചാ

രൃത്വത്തിനുള്ള പ്രബലമായ തെളിവ്. സഭയുടെ അടിസ്ഥാന ശില യായി പത്രോസിനെ അവരോധിക്കുന്നതോടൊപ്പം ചില അധികാ രങ്ങളും ഈശോ കൈമാറുന്നുണ്ട്. ഒന്നാമതായി, സ്വർഗ്ഗരാജ്യ ത്തിന്റെ താക്കോൽ പത്രോസിനു ഭരമേല്പിക്കപ്പെട്ടു. ഏശ 22:22 ൽ എലിയാക്കാമിനെ ഭരമേൽപ്പിക്കുന്ന അധികാരത്തിന്റെ താക്കോ ലുകൾക്ക് സമാനമാണ് ഈ പരാമർശം. പത്രോസിനു ലഭിച്ച താക്കോലുകൾ കൗദാശികാധികാരത്തേയും സഭയിലെ ഭരണപര മായ അധികാരത്തേയും സൂചിപ്പിക്കുന്നു. രണ്ടാമതായി, കെട്ടാനും അഴിക്കാനുമുള്ള അധികാരവും ഈശോ നൽകി. കെട്ടുക, അഴി ക്കുക എന്ന റബ്ബീനിക്ക് ശൈലിക്ക് നിയമാനുസൃതം അനുവാദമു ള്ളതും തടസ്സമുള്ളതും പ്രഖ്യാപിക്കുക, നിയമവിരുദ്ധമായതിനെ ശിക്ഷിക്കുക എന്നീ അർത്ഥങ്ങളാണുള്ളത്. അതിനാൽ കെട്ടാനും അഴിക്കാനുമുള്ള അധികാരം സഭയിൽ പാപമോചനം നൽകാനും അച്ചടക്ക (discipline) നടപടികളെടുക്കാനുമുള്ള അധികാരമായി ട്ടാണ് പരമ്പരാഗതമായി പരിഗണിക്കപ്പെട്ടിരുന്നത്.

ഈശോ ശിമയോന്റെ പേര് പത്രോസ് എന്നാക്കി മാറ്റുന്നത് പത്രോസിന് നൽകാൻപോകുന്ന പൈതൃകാധികാരത്തിന്റെയും സ്ഥാനത്തിന്റെയും ലക്ഷണമായി കരുതാം. വിശ്വാസികളുടെ പിതാ വായ അബ്രാമിന്റെ പേര് അബ്രഹാമെന്നാക്കി മാറ്റിയതിലൂടെ സകല ജനപദങ്ങളിലും വച്ച് പ്രഥമസ്ഥാനം അബ്രാഹത്തിനു ലഭിച്ചു (ഉൽപ 17:5). സാറായുടെ പേരുമാറ്റത്തിലൂടെ സ്ത്രീകളിൽ പ്രഥമ യായി അവൾ പരിഗണിക്കപ്പെട്ടു (ഉൽപ 17:15-16). യാക്കോബിന്റെ പേര് ഇസ്രായേൽ എന്നാക്കി മാറ്റിയതിലൂടെ ദൈവം യാക്കോ ബിനെ തെരഞ്ഞെടുക്കപ്പെട്ട ജനതയുടെ പിതാവാക്കി മാറ്റി (ഉൽപ 32:29). സമാനമായ ഒരു നിയോഗവും പ്രഥമസ്ഥാനവുമാണ് പേരു മാറ്റത്തിലൂടെ പത്രോസിന് ലഭിക്കുന്നത്.

**യോഹ 21:1-20**

പത്രോസിന്റെ പരമാധികാരത്തിനുള്ള ഏറ്റവും ശക്തമായ തെളിവ് നാലാം സുവിശേഷത്തിലെ അവസാന അധ്യായത്തിലെ വിവരണമാണ്. ഏഴു ശിഷ്യന്മാരുടെ സമൂഹത്തെ മീൻ പിടിക്കാ നായി ആനയിക്കുന്നതും നേതൃത്വം വഹിക്കുന്നതും പത്രോസാ ണ്. 153 മത്സ്യങ്ങൾ നിറഞ്ഞ വല (ഇതു സഭയുടെ പ്രതീകമാണ്) വലിച്ചു കയറ്റാൻ 6 ശിഷ്യന്മാർ ഒരുമിച്ചു ശ്രമിച്ചിട്ടും കഴിഞ്ഞില്ല. എന്നാൽ, പത്രോസ് അത് ഒറ്റക്കുവലിച്ച് കരക്കു കയറ്റിയതായി സുവിശേഷകൻ പ്രസ്താവിക്കുമ്പോൾ വീണ്ടും പത്രോസിന്റെ പ്രാമു ഖ്യവും പ്രാധാന്യവുമാണ് വ്യക്തമാക്കുന്നത്. 21:15-17 ൽ "എന്റെ ആടുകളെ മേയ്ക്കുക" എന്ന് മൂന്നുവട്ടം യേശു പത്രോസിനോട് ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. 21:16 ൽ "മേയിക്കുക" എന്ന

ക്രിയ ഗ്രീക്കിൽ "പൊയ്മാനോ" (Poimano) എന്നതാണ്. ഇടയ നായി വർത്തിക്കുക എന്നാണ് ഈ ക്രിയയുടെ അർത്ഥം. തുടർന്നുള്ള രണ്ടു സന്ദർഭങ്ങളിലും "മേയിക്കുക" എന്ന അർത്ഥ ത്തിൽ "ബോസ്കോ" (Bosko) എന്ന ക്രിയാരൂപമാണ് ഉപയോഗി ക്കുന്നത്. തീറ്റുക, ഭക്ഷണം നൽകുക എന്നൊക്കെയാണ് ഇതിന് അർത്ഥം. ചുരുക്കത്തിൽ വിശ്വാസികളുടെ നായകനും പരിപാലക നുമായിട്ടാണ് പത്രോസ് എന്ന വലിയ മുക്കുവനെ ക്രിസ്തു നിയ മിക്കുന്നത്. ദേവാലയ നികുതിയുടെ വിഷയത്തിൽ തന്നെയും പത്രോസിനെയും യേശു തുല്യനിലയിൽ കാണുന്നത് ശ്രദ്ധേയ മാണ് (മത്താ 17:24-27).

പത്രോസിനു വേണ്ടി മാത്രമാണ് യേശു പേരെടുത്തു പറഞ്ഞു പ്രാർത്ഥിക്കുന്നത് എന്ന സത്യവും (ലൂക്കാ 22:32a) ശിഷ്യരെ ശക്തി പ്പെടുത്താനുള്ള ചുമതല അവിടുന്ന് പത്രോസിനെ ഭരമേല്പിക്കു ന്നതും (22:32b), ശിഷ്യഗണത്തിൽനിന്ന് യേശുവിന്റെ ദൈവത്വം ആദ്യമായി ഏറ്റുപറയുന്നത് പത്രോസാണ് എന്നതും (മത്താ 16:16) പത്രോസിന്റെ പ്രഥമസ്ഥാനത്തിനു സാക്ഷ്യമാണല്ലോ. തനിക്കുല ഭിച്ചത് ദൈവികവെളിപാടാണെന്ന് യേശുവിൽനിന്ന് സാക്ഷ്യം ലഭി ച്ചത് പത്രോസിനു മാത്രമാണ്. ശൂന്യമായ കല്ലറയുടെ ആദ്യ സാക്ഷിയും പത്രോസായിരുന്നു (ലൂക്കാ 24:12; യോഹ 20:6).

**ഉത്ഥാനസന്ദേശം**

തന്റെ സത്യപ്രബോധനത്തിനു വേദിയായി ഈശോ തിരഞ്ഞെ ടുക്കുന്നത് പത്രോസിന്റെ തോണിയാണ് (ലൂക്കാ 5:1-11). ഇന്നും ക്രിസ്തുവിന്റെ സത്യപ്രബോധനം പത്രോസിന്റെ നൗകയായ തിരു സ്സഭയിൽനിന്നു മാത്രമേ ലഭിക്കുകയുള്ളൂ. ഈശോയുടെ പരസ്യ ജീവിതകാലത്തും മരണശേഷവും ശിഷ്യർ പത്രോസിനെ നേതാ വായി കരുതി അനുസരിച്ചിരുന്നു (യോഹ 21:2-3). ആദിമസഭയുടെ നേതാവും വക്താവുമായി യഹൂദമതാധികാരികൾ പത്രോസിനെ യാണ് കരുതിയിരുന്നത് (അപ്പ 4:1-3). സഭാജനങ്ങളുടെ ചിന്തയും മറിച്ചായിരുന്നില്ല (അപ്പ 2:37-41; 5:15). പത്രോസിന്റെ പ്രഭാഷണ മാണ് പന്തക്കുസ്താനാളിൽ സഭയ്ക്കു തുടക്കം കുറിക്കുന്നത് (അപ്പ 1:15-22).

പത്രോസാണ് സഭായുഗത്തിലെ ആദ്യത്തെ അത്ഭുതം പ്രവർത്തി ക്കുന്നത് (1:15-22). പത്രോസിന്റെ നിഴലുപോലും അത്ഭുതം പ്രവർത്തിച്ചിരുന്നു (അപ്പ 5:15). യൂദാസിനു പകരമുള്ള ശിഷ്യനെ തിരഞ്ഞെടുക്കാൻ നേതൃത്വം നൽകുന്നതും മറ്റാരുമല്ല (അപ്പ 1:22). ക്രിസ്തീയവിശ്വാസം ഗ്രഹിക്കാൻ കൊർണേലിയൂസ് അയയ്ക്ക പ്പെടുന്നത് പത്രോസിന്റെ പക്കലേക്കാണ് (അപ്പ 12:1-7). ആദ്യ വിജാ

തീയനെ സഭയിലേക്കു സ്വീകരിക്കുന്നതും (അപ്പ 10:9–48) ജറുസലേം കൗൺസിലിന് നേതൃത്വം നൽകിയതും ശിഷ്യഗണത്തിനു മാർഗ്ഗ നിർദ്ദേശം നൽകിയതും പത്രോസാണ്. പത്രോസ് തടവിലായ പ്പോൾ പത്രോസിനുള്ള സാർവ്വത്രികമായ അംഗീകാരത്തിനുള്ള തെളിവായിരുന്നു (അപ്പ 12:5).

പൗലോസ് ശ്ലീഹാ തന്റെ അപ്പസ്തോലിക ശുശ്രൂഷയുടെ ആധി കാരികതയ്ക്കു സമീപിക്കുന്നത് പത്രോസിനെയാണ് (ഗലാ 1:18). പത്രോസ് സഭയുടെ പ്രധാനാചാര്യനായി വർത്തിച്ചിരുന്നതായി 1പത്രോ 5:1ലെ ഉപദേശത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. പ്രവചന ങ്ങളെ വ്യാഖ്യാനിച്ചും (2 പത്രോ 1:16–21). പൗലോസിന്റെ രചന കളെ ദുർവ്യാഖ്യാനം ചെയ്തിരുന്നവരെ തിരുത്തിയും (2 പത്രോ 3:15–16) പൗലോസ് തന്റെ ക്രിസ്തുദത്തമായ ആചാര്യസ്ഥാന ത്തിന്റെ കടമകൾ നിർവ്വഹിച്ചുപോന്നു. പത്രോസിന്റെ ഒന്നാം ലേഖനം റോമിൽനിന്ന് എഴുതപ്പെട്ടതാണ് എന്ന പണ്ഡിതലോക ത്തിന്റെ നിഗമനം ശരിയാണെങ്കിൽ (1 പത്രോ 5:19ലെ "ബാബി ലോൺ" എന്ന പരാമർശം റോമിനെ ലക്ഷ്യമാക്കിയുള്ള രഹസ്യ സൂചനയാണ് എന്ന് പൊതുവിൽ കരുതപ്പെടുന്നു) ആദ്യത്തെ മാർപാപ്പായുടെ ആദ്യചാക്രികലേഖനമായി പത്രോസിന്റെ ഒന്നാം ലേഖനത്തെ കരുതാം.

സഭാപിതാക്കന്മാർ മാർപാപ്പായുടെ പ്രഥമതയെ ഊന്നിപ്പറയു ന്നുണ്ട്.

(i) ഏ.ഡി. 96 ൽ റോമിൽനിന്നും വി.ക്ലെമെന്റ് കോറിന്തിലെ സഭയ്ക്കെഴുതിയ ആദ്യലേഖനത്തിൽ, റോമാമെത്രാനിലൂടെ ക്രിസ്തു അരുളിച്ചെയ്യുന്ന കാര്യങ്ങൾ നിഷേധിക്കുന്നവർ കഠിന മായ അപകടങ്ങളിലേക്കാണ് നീങ്ങുന്നത് എന്നു മുന്നറിയിപ്പു നൽകുന്നുണ്ട് (1.59.1). റോമാ മെത്രാന്റെ പ്രബോധനങ്ങൾ റോമാ നഗരത്തിനു വെളിയിലുള്ള വിശ്വാസികളും ഗൗരവമായി അനുസ രിച്ചിരുന്നതായി ഈ പ്രസ്താവനയിൽനിന്നു വ്യക്തമാണ്.

(ii) ഏ.ഡി. 110ൽ റോമാക്കാർക്കായി എഴുതുന്ന ലേഖനത്തിൽ അന്തോക്യായിലെ വി. ഇഗ്നേഷ്യസ് റോമിലെ സഭയുടെ പ്രാധാ ന്യത്തെയും അധ്യക്ഷസ്ഥാനത്തെയുംകുറിച്ച് വ്യക്തമായ പരാമർശ ങ്ങൾ നടത്തുന്നുണ്ട് (lgn.Ant.Romans, Prologue). ഒന്നാം നൂറ്റാ ണ്ടിന്റെ അവസാനത്തോടെ റോമിലെ മെത്രാൻ സഭ മുഴുവന്റെയും തലവനാണ് എന്ന ചിന്തയുടെ അനുരണനങ്ങൾ രൂപപ്പെട്ടിരുന്നു എന്ന് ഇഗ്നേഷ്യസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

(iii) ഏ.ഡി. 195ൽ വിക്ടർ മാർപാപ്പായുടെ കാലത്ത് ഉത്ഥാനതി രുനാൾ ഞായറാഴ്ചകളിലല്ലാതെ യഹൂദക്രമമനുസരിച്ച് നീസാൻ

14-ാം തീയതിയോടനുബന്ധിച്ച് അനുഷ്ഠിച്ചിരുന്ന പൗരസ്ത്യസഭകൾക്കെതിരേ നടപടി സ്വീകരിക്കുന്നുണ്ട്. സഭ മുഴുവനിലും അച്ചടക്കനടപടി സ്വീകരിക്കാൻ റോമാ മെത്രാനുള്ള അധികാരം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയെങ്കിലും അംഗീകരിക്കപ്പെട്ടിരുന്നു എന്നു വ്യക്തമാണ്.

(iv) ഏ.ഡി. 342ൽ സാർദിക്കായിൽ ചേർന്ന സൂനഹദോസ് ശീശ്മക്കാരെയും പാഷണ്ഡികളെയും തിരിച്ചറിയാൻ റോമാമെത്രാനോടുള്ള വിധേയത്വം മാനദണ്ഡമായി നിശ്ചയിച്ചു.

(v) ഏ.ഡി. 367ൽ, ഡൊണാറ്റിസ്റ്റു പാഷണ്ഡതയ്ക്കെതിരേ പഠിപ്പിക്കുമ്പോൾ മിലേവായിലെ ഒപ്താത്തിയൂസ് പത്രോസിന്റെ റോമിലെ സിംഹാസനത്തിന്റെ പ്രാധാന്യവും പ്രാഥമികതയും ഊന്നിപ്പറയുന്നുണ്ട് (Dona. 7:3).

(vi) ഏ.ഡി. 371ൽ, അരിമിനുമിൽ ചേർന്ന മെത്രാന്മാരുടെ തീരുമാനങ്ങൾ സാധുവാകണമെങ്കിൽ റോമിലെ മെത്രാനായ മാർപാപ്പായുടെ അംഗീകാരം വേണമെന്ന് ദമാസൂസ് പാപ്പാ പ്രഖ്യാപിച്ചു. മാർപാപ്പായുടെ അംഗീകാരമില്ലാത്ത തീരുമാനങ്ങൾ സഭയിൽ അസാധുവാണെന്ന ധാരണ നാലാം നൂറ്റാണ്ടു മുതലെങ്കിലും സഭയിൽ നിലനിന്നിരുന്നതായി ഈ രേഖകൾ സൂചന നൽകുന്നു.

(vii) ഏ.ഡി. 417ൽ, കാർത്തേജു സൂനഹദോസിലെ മെത്രാന്മാർക്കുള്ള എഴുത്തിൽ സത്യവിശ്വാസത്തെയും നന്മതിന്മകളെയും കുറിച്ചുള്ള കാര്യങ്ങളിൽ അന്തിമതീർപ്പുകല്പിക്കാനുള്ള അധികാരം റോമിലെ മാർപാപ്പായ്ക്കാണെന്ന് ഇന്നസെന്റ് പാപ്പാ അറിയിക്കുന്നുണ്ട്.

(viii) ഏ.ഡി. 420 ൽ, തെസ്സലോണിക്കായിലെ ബിഷപ്പായിരുന്ന റൂഫസിനുള്ള എഴുത്തിൽ, റോമിലെ മെത്രാൻ എടുത്ത തീരുമാനം പുനഃപരിശോധിക്കുന്നത് നിയമവിരുദ്ധമാണെന്ന് ബോനിഫസ് പാപ്പാ പ്രഖ്യാപിക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ആദ്യ നാലു നൂറ്റാണ്ടുകളിലെ ചരിത്രരേഖകൾ പത്രോസിന്റെ സിംഹാസനത്തിന്റെ പ്രാധാന്യത്തിന്റെയും പ്രാഥമികതയുടെയും അനിഷേധ്യമായ തെളിവുകളാണ്. കൂടാതെ, സഭാപിതാക്കന്മാരായ വി.സിപ്രിയാൻ (Unity, 4. J 555), ഒരിജൻ (Comm. John 5:3), കൊർണേലിയൂസ് (Letter to Cyprian 49), സഭാചരിത്രകാരനായ യൗസേബിയൂസ് (Ecl. His. 2:14.6) വി.ആഗസ്തീനോസ് (Sermon 295.2) തുടങ്ങിയവരെല്ലാം റോമിലെ ശ്ലൈഹിക സിംഹാസനത്തിന്റെ പ്രഥമത അംഗീകരിക്കുന്നവരാണ്.

മാർപാപ്പായുടെ പ്രഥമസ്ഥാനത്തെയും പരമാധികാരത്തെയും

കുറിച്ചുള്ള കത്തോലിക്കാവിശ്വാസം ഒന്നാം വത്തിക്കാൻ കൗൺസിൽ നൽകിയ പഠനത്തിൽ, പ്രതിഫലിക്കുന്നുണ്ട്. "ആഗോളസഭ മുഴുവന്റെയുംമേൽ പൂർണ്ണവും അനിഷേധ്യവുമായ പരമാധികാരം മാർപാപ്പായ്ക്കുണ്ട്". ഇത് വിശ്വാസവും ധാർമ്മികതയും സംബന്ധിക്കുന്ന മേഖലകളിൽ മാത്രമല്ല; സഭയുടെ ഭരണനിർവ്വഹണത്തിന്റെയും അച്ചടക്കനടപടികളുടേതുമായ സകലമേഖലകളിലുമുള്ള അധികാരമാണ് (D1831, CK218). മാർപാപ്പായുടെ പരമാധികാരത്തെ പ്രതീകാത്മകമായി കരുതി യഥാർത്ഥ അധികാരം രൂപതാധ്യക്ഷന്മാർക്കാണെന്നു വാദിച്ച പാഷണ്ഡതകൾക്കെതിരേയാണ് (ഗാള്ളിക്കനിസം, ഫെബ്രോണിയനിസം മുതലായവ) സൂനഹദോസ് ഈ പ്രഖ്യാപനം നടത്തുന്നത്. മാർപാപ്പായെ സാർവ്വത്രിക മെത്രാനായി (Episcopus urbiset Orbis) കരുതണം എന്ന അഭിപ്രായം (Jacob of Viterba) ഇത്തരുണത്തിൽ സ്മരണീയമാണ് . (1) സഭയിലെ മുഴുവൻ അംഗങ്ങളുടെയും കാര്യങ്ങളിൽ മറ്റാരുടെയും മാധ്യസ്ഥ്യം കൂടാതെ നേരിട്ട് ഇടപെടാൻ മാർപാപ്പായ്ക്ക് അവകാശമുണ്ട്. (2) മാർപാപ്പായുടെ അധികാരം കേവലം രാഷ്ട്രീയാധികാരികളുടേതുപോലെ സഭയുടെ മേൽനോട്ടം മാത്രമല്ല. ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ നിയമനിർമ്മാണത്തിനും അവ നടപ്പിലാക്കുന്നതിനും ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും മാർപാപ്പായ്ക്ക് അധികാരമുണ്ട്. (3) മാർപാപ്പായുടെ അധികാരം പൂർണ്ണമാകയാൽ രൂപതാമെത്രാന്മാരുടെ സമ്മതം കൂടാതെതന്നെ സഭാസംബന്ധമായ ഏതു വിഷയത്തിലും തീരുമാനമെടുക്കാൻ മാർപാപ്പായ്ക്ക് അവകാശമുണ്ട്.

## ദൈവശാസ്ത്ര ദൃഷ്ടിയിൽ

വി.ഗ്രന്ഥവും സഭാപാരമ്പര്യവും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്ന സത്യമാകയാൽ റോമാമെത്രാന്റെ പ്രാഥമികത ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമാണ്. ആധുനിക കാലഘട്ടത്തിൽ സഭൈക്യത്തിനു തടസ്സം സൃഷ്ടിക്കുന്ന പ്രതിസന്ധികളിൽ ഒന്നായി ഈ വിശ്വാസം മാറിയിട്ടുണ്ട്. സഭകളുടെ ഐക്യത്തിനു ഹാനികരമാകാത്ത രീതിയിൽ പത്രോസിന്റെ റോമാസിംഹാസനത്തിന്റെ പ്രാധാന്യവും പ്രഥമതയും കാലോചിതമായി വ്യാഖ്യാനിക്കാൻ സഭയിലെ ദൈവശാസ്ത്രജ്ഞന്മാരെ ജോൺ പോൾ പാപ്പാ ആഹ്വാനം ചെയ്തിരുന്നു (ut unum sint, 94-95). പത്രോസിനു ശിഷ്യഗണത്തിലുള്ള പ്രഥമസ്ഥാനത്തിനു സമാനമായ പ്രഥമസ്ഥാനം സഭയിലെ മെത്രാന്മാരുടെയിടയിൽ മാർപാപ്പായ്ക്കുണ്ടെന്ന് ആംഗ്ലിക്കൻ-കത്തോലിക്കാ സംയുക്ത കമ്മീഷൻ (ARCIC) 1976-ൽ പ്രസ്താവനയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**ഡോ. ജോസഫ് പാംപ്ലാനി**

# 11

## മാർപാപ്പയുടെ തെറ്റാവരം

ഒന്നാം വത്തിക്കാൻ വിശ്വാസസത്യമായി പ്രഖ്യാപിച്ച മാർപാപ്പായുടെ തെറ്റാവരത്തെ സൂനഹദോസ് നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "വിശ്വാസം, സന്മാർഗ്ഗം, എന്നീ മേഖലകളിൽ തന്റെ ശ്ലൈഹിക അധികാരമുപയോഗിച്ച് സഭയുടെ പരമാചാര്യൻ എന്ന നിലയിൽ (Ex Cathedra) മാർപാപ്പാ നൽകുന്ന പ്രബോധനങ്ങൾക്ക്, വിശുദ്ധ പത്രോസിന് ദൈവം നൽകിയ അപ്രമാദിത്വത്തിന്റെ അനുഗ്രഹമുള്ളതിനാൽ, അവ പരിഷ്കരണത്തിനും മാറ്റം വരുത്തലുകൾക്കും അതീതമാണ്"(D 1839). ഈ നിർവ്വചനത്തിൽ അടങ്ങിയിരിക്കുന്ന പ്രമേയങ്ങൾ താഴെച്ചേർക്കും വിധം ഗ്രഹിക്കാവുന്നതാണ്:

(i) പത്രോസിന്റെ പിൻഗാമിയായി നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട മാർപാപ്പായ്ക്കു മാത്രമുള്ള അധികാരമാണ് തെറ്റാവരം. മാർപാപ്പായോടൊത്തു പ്രവർത്തിക്കുന്ന തിരുസംഘങ്ങളുടെ പ്രബോധനങ്ങൾക്ക് തെറ്റാവരമില്ല.

(ii) വിശ്വാസം, സന്മാർഗ്ഗം, എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾക്കു മാത്രമേ അപ്രമാദിത്വസ്വഭാവമുള്ളൂ.

(iii) മാർപാപ്പാ ശ്ലൈഹിക അധികാരത്തോടും (Ex Cathedra) സഭയുടെ പ്രധാനാചാര്യനെന്ന നിലയിലും

സഭയിലെ മുഴുവൻ വിശ്വാസികളെയും ലക്ഷ്യമാക്കി നടത്തുന്ന പ്രബോധനങ്ങളാണ് അപ്രമാദിത്വസ്വഭാവമുള്ളവയായി പരിഗണിക്കപ്പെടേണ്ടത്. മാർപാപ്പാമാർ നടത്തുന്ന എല്ലാ പ്രസ്താവനകളും പ്രഭാഷണങ്ങളും തെറ്റാവരമുള്ളവയായി സഭ പഠിപ്പിക്കുന്നില്ല എന്നു സാരം.

(iv) മാർപാപ്പായുടെ തെറ്റാവരം സ്വന്തം ജ്ഞാനത്തിലോ അധികാരത്തിലോ അധിഷ്ഠിതമല്ല. മറിച്ച് അതു സഭയുടെ സത്യപ്രബോധകനായ പരിശുദ്ധാത്മാവിന്റെ പ്രേരണയിലും പ്രചോദനത്തിലും അധിഷ്ഠിതമാണ്. പരിശുദ്ധാത്മാവിന്റെ കൃപയാൽ ശ്ലൈഹികാധികാരത്തോടെ സംസാരിക്കുമ്പോഴാണ് മാർപാപ്പായ്ക്കു തെറ്റാവരമുള്ളത്. തെറ്റാവരമുള്ള പരിശുദ്ധാത്മാവ് പരിശുദ്ധപിതാവിലൂടെ സംസാരിക്കുമ്പോൾ അതിനു തെറ്റാവരമുണ്ട് എന്നു വിശ്വസിക്കുന്നത് തികച്ചും യുക്തിസഹമാണല്ലോ.

### vi. ഗ്രന്ഥാടിസ്ഥാനം

ക്രിസ്തു പത്രോസിനെ തന്റെ സഭയുടെ അടിസ്ഥാന ശിലയായി സ്ഥാപിച്ചു (മത്താ 16:18). അതിനാൽ വിശ്വാസത്തെക്കുറിച്ചുള്ള സഭയുടെ പരമോന്നത പ്രബോധകൻ പത്രോസായിരുന്നു. പത്രോസിന് കെട്ടാനും അഴിക്കാനുമുള്ള അധികാരവും ഈശോ നൽകി. ദൈവിക നിയമം ശരിയായി വ്യാഖ്യാനിക്കാനും തെറ്റായവ്യാഖ്യാനങ്ങളെ തള്ളിക്കളയാനുമുള്ള അധികാരത്തെയാണ് കെട്ടാനും അഴിക്കാനുമുള്ള അധികാരമായി റബ്ബിമാർ കരുതിയിരുന്നത്. തന്മൂലം പത്രോസിനു ലഭിച്ച അധികാരം ദൈവിക സത്യങ്ങളെ തെറ്റുകൂടാതെ പഠിപ്പിക്കാനുള്ള അധികാരമായിരുന്നു.

തന്റെ അജഗണങ്ങളുടെ ഇടയനായും പത്രോസിനെ ക്രിസ്തു നിയമിച്ചു (യോഹ 21:15-17). ദൈവജനത്തിന്റെ തെറ്റുകൾ ചൂണ്ടിക്കാട്ടേണ്ടതും അവ തിരുത്തി അവരെ നേർവഴിക്കു നയിക്കേണ്ടതും ഇടയന്റെ ഉത്തരവാദിത്വമാണ്. ദൈവം ഒരുവനെ ഒരു ദൗത്യം ഭരമേല്പിക്കുമ്പോൾ അതു നിറവേറ്റാനുള്ള കൃപയും കൂടി ആ വ്യക്തിയ്ക്കു നൽകും എന്നതു സത്യമാണ്. തന്മൂലം ദൈവജനത്തിന്റെ തെറ്റുകൾ തിരുത്താനുള്ള നിയോഗം ലഭിച്ച വലിയ ഇടയനായ പത്രോസിനും പിൻഗാമികൾക്കും ദൈവം തെറ്റാവരം നൽകി എന്ന് അനുമാനിക്കാം.

പത്രോസിന്റെ വിശ്വാസത്തിൽ ക്ഷയമുണ്ടാകാതിരിക്കാനും പത്രോസിനു തെറ്റുപറ്റാതിരിക്കാനും വേണ്ടി ഈശോ സവിശേഷമായി പ്രാർത്ഥിക്കുന്നുണ്ട് (ലൂക്കാ 22:31-32). ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ ഫലമായുള്ള അനുഗ്രഹമായി പത്രോസിന്റെയും പിൻഗാമികളുടെയും തെറ്റാവരത്തെ മനസ്സിലാക്കാം.

## സഭാപാരമ്പര്യത്തിൽ

തെറ്റാവരം എന്ന പദപ്രയോഗം സഭാപിതാക്കന്മാരുടെ രചനകളിലില്ലെങ്കിലും പ്രസ്തുത ആശയം സഭാപിതാക്കന്മാരുടെ കൃതികളിൽ ദൃശ്യമാണ്. "പത്രോസിന്റെ പിൻഗാമിയുടെ സാന്നിധ്യം മൂലം റോമിലെ സഭ പാഷണ്ഡതകളിൽ നിന്നും വിമുക്തമാണ്" എന്ന് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് സാക്ഷ്യപ്പെടുത്തുന്നുണ്ട് (Rom. lnses). "റോമിൽ പത്രോസിന്റെ പിൻഗാമി ഭരിക്കുന്ന സഭയുടെ വിശ്വാസം മറ്റെല്ലായിടങ്ങളിലുമുള്ള സഭയുടെ വിശ്വാസത്തിന് മാതൃകയും മാനദണ്ഡ"വുമാണെന്ന് വി. ഇരനേവൂസ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Adv. haer . III.3.2). റോമിലെ സഭയുടെ അവികലവും അപ്രമാദവുമായ വിശ്വാസത്തെ പത്രോസിന്റെ പിൻഗാമിയുടെ അപ്രമാദിത്വത്തിനു തെളിവായി കരുതുന്നതിൽ സാംഗത്യമുണ്ട്.

വി.സിപ്രിയാൻ റോമിലെ സഭയെ സാർവ്വത്രിക സഭയെ പഠിപ്പിക്കാനുള്ള പത്രോസിന്റെ സിംഹാസനം (Cathedra Petri) എന്നാണു വിശേഷിപ്പിക്കുന്നത്. റോമിലെ സഭയുടെ വിശ്വാസശ്രേഷ്ഠതമൂലം പാഷണ്ഡതകൾക്ക് അതിനെ കീഴടക്കാനാവില്ല എന്നും ഇരനേവൂസ് പ്രസ്താവിക്കുന്നുണ്ട് (Ep. 59-14) പൗരസ്ത്യസഭകളുമായുള്ള അഭിപ്രായ വ്യത്യാസം പരിഹരിക്കുന്നതിനായി യഥാർത്ഥ പ്രബോധനവരം ക്രിസ്തുവിനാൽ നൽകപ്പെട്ടിരിക്കുന്ന ദമാസൂസ് പാപ്പായോട് വി.ജറോം അഭ്യർത്ഥിക്കുന്നതും (Ep. 15-1) സമാനമായ അർത്ഥത്തിലാണ്. രണ്ടു സൂനഹദോസുകളുടെയും തീരുമാനം പത്രോസിന്റെ സിഹാസനത്തിനു മുന്നിലെത്തിക്കുകയും അവയെക്കുറിച്ചുമുള്ള പാപ്പായുടെ തീരുമാനം അറിയിക്കുകയും ചെയ്തതിനാൽ പ്രസ്തുത വിഷയം അവസാനിച്ചതായി (Cansa Finitaest) കരുതണമെന്ന് വി.അഗസ്തീനോസു പഠിപ്പിക്കുന്നതും (Sermo 131.10.10) ആദിമസഭയിൽ പത്രോസിന്റെ പിൻഗാമിയുടെ അപ്രമാദിത്വത്തിനുള്ള തെളിവായി കരുതാം. ഏക സ്വഭാവപാഷണ്ഡതയുടെ പ്രചാരകനായ എവുത്തിക്കസിനോട് സത്യവിശ്വാസമറിയാൻ ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ പത്രോസിന്റെ പിൻഗാമിയെ സമീപിക്കാൻ വി.പീറ്റർ ക്രിസോലോഗൂസ് അഭിപ്രായപ്പെടുന്നതും (With Leo I Ep. 25.2) ആദിമസഭയുടെ തെറ്റാവര വിശ്വാസത്തെ സാധൂകരിക്കുന്നതാണ്.

ആദിമ നൂറ്റാണ്ടുകൾ മുതൽ പാഷണ്ഡികളെയും അബദ്ധപ്രബോധകരെയും സഭയിൽനിന്നും പുറത്താക്കിയിരുന്നത് മാർപാപ്പാമാരായിരുന്നതിനാൽ സത്യവിശ്വാസത്തിന്റെ അധികാരിയായി പരിഗണിക്കപ്പെട്ടിരുന്നത് പത്രോസിന്റെ പിൻഗാമിമാരായിരുന്നു എന്ന് അനുമാനിക്കാം. AD 519 ൽ വി.ഹോർമിസ്ദാസ് പാപ്പായുടെ പ്രഖ്യാപനത്തെ തെറ്റാവരത്തെക്കുറിച്ചുള്ള ആദ്യത്തെ ഔദ്യോഗിക

പ്രഖ്യാപനമായി കരുതാം. "പത്രോസിന്റെ സിംഹാസനത്തിൽ ക്രിസ്തീയ വിശ്വാസം കറയില്ലാതെയും കലർപ്പില്ലാതെയും പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്" (D 171) എന്നാണ് പാപ്പാ പ്രഖ്യാപിച്ചത്. കോൺസ്റ്റാന്റിനോപ്പിൾ (AD 870) ലിയോൺസ് (1274), ഫ്ലോറൻസ് (1438-1445) എന്നീ സൂനഹദോസുകൾ പാപ്പായുടെ തെറ്റാവരത്തെ അംഗീകരിക്കുന്ന പ്രബോധനങ്ങൾ നൽകിയിട്ടുണ്ട്.

മധ്യകാല ക്രൈസ്തവ ചിന്തകരും പാപ്പായുടെ തെറ്റാവരത്തെ സാധൂകരിക്കുന്നുണ്ട്. വി.തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ, "വി. പത്രോസിന്റെ പിൻഗാമിയുടേതാണ് സത്യവിശ്വാസത്തെക്കുറിച്ചുള്ള അവസാനവാക്ക് എന്നതിനാൽ മാർപാപ്പായുടെ വാക്കുകളെ അനുസരിക്കാൻ സകലവിശ്വാസികൾക്കും കടമയുണ്ട്". ലൂക്കാ 12:31; 1കോറി 1:10 എന്നീ വചനഭാഗങ്ങളുടെ വെളിച്ചത്തിൽ ഈ വിശ്വാസത്തെ വി. അക്വിനാസ് ആധികാരികമായി സമർത്ഥിക്കുന്നുണ്ട് (ST.2.ii.1.10).

14-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മാർപാപ്പായുടെ അപ്രമാദിത്വത്തെ എതിർക്കുന്ന ചിന്താഗതികൾ വർദ്ധിച്ചുവന്നു. ജോൺ 22-ാം പാപ്പായുമായുള്ള അഭിപ്രായാന്തരത്തെത്തുടർന്ന് ഓക്കാമിലെ വില്യം എന്ന ദൈവശാസ്ത്രജ്ഞനാണ് ഈ എതിർപ്പിനു തുടക്കം കുറിച്ചത്. പാദുവായിലെ മാർസില്ലിയൂസും ജ്ഞാന്തൂനിലെ യോഹന്നാനും ചേർന്ന് സൂനഹദോസ് സിദ്ധാന്തത്തിന് രൂപം നൽകി. മാർപാപ്പായ്ക്കല്ല മെത്രാൻ സമിതിയായ സൂനഹദോസുകൾക്കാണ് സഭയിൽ പരമാധികാരം എന്നതായിരുന്നു ഈ സിദ്ധാന്തത്തിന്റെ മുഖ്യവാദഗതി. പാശ്ചാത്യ ശീശ്മയുടെ കാലത്ത് (1378-1417) ഈ സിദ്ധാന്തത്തിന് ഒട്ടേറെ പ്രണേതാക്കളുണ്ടായി. കോൺസ്റ്റാൻസിലും ബാസലിലും കൂടിയ പ്രാദേശിക സൂനഹദോസുകൾ ഈ വാദത്തെ അംഗീകരിച്ചെങ്കിലും അതിന് മാർപാപ്പായുടെ അംഗീകാരം ലഭിച്ചില്ല. പിന്നീട് ഗാള്ളിക്കനിസം എന്ന പാഷണ്ഡതയായി ഇതു രൂപപ്പെട്ടു.

സഭാപാരമ്പര്യത്തിലും വി.ഗ്രന്ഥത്തിലും അടിസ്ഥാനമുള്ള തെറ്റാവരവിശ്വാസത്തെ വിശ്വാസസത്യമായി പ്രഖ്യാപിച്ചത് ഒന്നാം വത്തിക്കാൻ കൗൺസിലാണ്. മാർപാപ്പാമാരുടെ ചില നിഗമനങ്ങളോ തീരുമാനങ്ങളോ ചരിത്രപരമായ വീക്ഷണത്തിൽ തെറ്റിപ്പോയതായി ചൂണ്ടിക്കാണ്ടിക്കാനായേക്കാം. എന്നാൽ, ശ്ലൈഹികാധികാരമുപയോഗിച്ച് പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ശ്രേഷ്ഠാചാര്യസ്ഥാനത്തിന്റെ അധികാരത്തോടെ വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന പ്രബോധനങ്ങൾ ഒരിക്കലും തെറ്റിപ്പോയിട്ടില്ല എന്നതു തന്നെയാണ് തെറ്റാവരത്തിനുള്ള ഏറ്റവും വലിയ തെളിവ്.

**ഡോ. ജോസഫ് പാംപ്ലാനി**

# 12

## സഭയുടെ മാതൃകകൾ

സഭയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന ധാരാളം അടയാളങ്ങളും, പ്രതീകങ്ങളും, പ്രതിഛായകളും പ്രതിരൂപങ്ങളും ആദ്യകാലം മുതലേ സഭയിൽ നിലവിലുണ്ടായിരുന്നു. സഭയാകുന്ന രഹസ്യത്തെ വിവിധ ദിശകളിൽനിന്നുകൊണ്ട് അനാവരണം ചെയ്യാനാണ് ഇത്തരം പ്രതിഛായകൾ ഉപയോഗപ്പെടുത്തുന്നത്. ഈശോ തന്നെയും സഭയെക്കുറിച്ച് പഠിപ്പിക്കുവാൻ വിവിധങ്ങളായ ഉപമകളും പ്രതിരൂപങ്ങളും ഉപയോഗിച്ചിരുന്നതായി സുവിശേഷങ്ങളിൽ നമുക്ക് കാണാവുന്നതാണ്. പുതിയ നിയമത്തിന്റെ ചുവട് പിടിച്ച് സഭാപിതാക്കന്മാരും സഭയെക്കുറിച്ച് പഠിപ്പിച്ചപ്പോൾ വിവിധ സാദൃശ്യങ്ങളും പ്രതിഛായകളും ഉപയോഗപ്പെടുത്തി.

20-ാം നൂറ്റാണ്ടിലെ പ്രശസ്തനായ സഭാശാസ്ത്രജ്ഞനായ അവരി ഡള്ളസ് 1974-ൽ പുറത്തിറക്കിയ "Models of the Church"എന്ന പുസ്തകത്തിൽ സഭയുടെ സ്വഭാവം വിവിധ 'മാതൃക'കളിലൂടെ (Models) വ്യക്ത

മാക്കാൻ ശ്രമിക്കുന്നുണ്ട്. സഭാവിജ്ഞാനീയരംഗത്ത് വിപ്ലവാത്മകമായ ചലനം സൃഷ്ടിക്കാൻ ഈ സഭാമാതൃകകൾക്ക് (Church Models) സാധിച്ചു. ഈ പുസ്തകത്തിന്റെ 1987 ൽ പുറത്തിറങ്ങിയ Expanded Edition ൽ 6-ാമത്തെ മാതൃകയും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ സഭാമാതൃകകളുടെ സവിശേഷതകളും അവയിലൂടെ വ്യക്തമാക്കുന്ന സഭയുടെ പ്രകൃതവുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുവാൻ ശ്രമിക്കുന്നത്.

## പുതിയ നിയമത്തിലെ സഭയുടെ പ്രതിഛായകൾ

ഏകദേശം എൺപതിൽപരം പ്രതിഛായകൾ സഭയെക്കുറിച്ച് പ്രതിപാദിക്കാൻ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട് എന്നാണ് Paul S. Minear എന്ന ദൈവശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നത്. രണ്ടാംവത്തിക്കാൻ കൗൺസിലും ഏതാനും ചില പുതിയനിയമസഭാസാദൃശ്യങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. "പഴയ ഉടമ്പടിയിൽ ദൈവരാജ്യം പലവിധ ഉപമകളിലൂടെ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നതുപോലെ വിവിധ പ്രതിരൂപങ്ങളിലൂടെയാണ് സഭയുടെ ആന്തരികസ്വഭാവം ഇന്ന് നാം മനസ്സിലാക്കേണ്ടത്"(LG No.6). മനുഷ്യരുടെ സാധാരണമായ ജീവിതസാഹചര്യങ്ങളിൽ നിന്നാണ് ഈ പ്രതിരൂപങ്ങൾ രൂപംകൊള്ളുന്നത്. ഉദാ: ആടുമേയ്ക്കൽ, കാർഷികവൃത്തി, ഭവനനിർമ്മാണം, കുടുംബജീവിതം, ഭാര്യാഭർത്തൃബന്ധം. അതുകൊണ്ടുതന്നെ ഈ പ്രതിരൂപങ്ങളിലൂടെ വെളിവാക്കപ്പെടുന്ന സഭയുടെ ആന്തരികാർത്ഥം മനസ്സിലാക്കുവാൻ സാധാരണക്കാർക്ക് എളുപ്പമായിരുന്നു.

സഭ ഒരു അജഗണമാണ് (യോഹ 10:1-11); സഭ ദൈവത്തിന്റെ കൃഷിഭൂമിയാണ് (1 കോറി 3:9); സഭ ദൈവഭവനമാകുന്നു (1 കോറി 3:10); സഭ സ്വർഗ്ഗീയ ഓറശ്ലം (ഗലാ 4:26); ആകുന്നു; സഭ കളങ്കമില്ലാത്ത ദിവ്യചെമ്മരിയാട്ടിൻ കുട്ടിയുടെ നിർമ്മല മണവാട്ടിയാകുന്നു (വെളി 19:7;21:2-9); എന്നിങ്ങനെ വിവിധതരത്തിൽ സഭയാകുന്ന രഹസ്യത്തെ പുതിയ നിയമത്തിൽ അവതരിപ്പിക്കുന്നുണ്ട്. സഭ ക്രിസ്തുവിന്റെ മൗതീകശരീരമാകുന്നു എന്നത് പൗലോസ് ശ്ലീഹായുടെ ശക്തമായ ഒരു പ്രബോധനമാണ് (1 കോറി 10:17; 12:13; റോമ 6:4-5; 12:5). 1943-ൽ പ്രസിദ്ധീകരിച്ച Mystici Corporis Christi എന്ന 12-ാം പിയൂസ് മാർപാപ്പയുടെ ചാക്രിക ലേഖനത്തിലെ പ്രബോധന വിഷയവും ഇതുതന്നെയാണ്. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെയും വിശ്വാസസമൂഹം പരസ്പരമുള്ള ഗാഢമായ ബന്ധത്തെയും ശക്തമായ രീതിയിൽ അവതരിപ്പിക്കുവാൻ ഈ പ്രതിഛായക്ക് സാധിച്ചു. സഭ പരിശുദ്ധാത്മാവിന്റെ ആലയമാണ്

എന്ന പ്രബോധനവും പുതിയനിയമത്തിന്റെ വെളിച്ചത്തിൽ സഭയിൽ നിലനിൽക്കുന്ന ശക്തമായ പ്രതിഛായയാണ്. "പരിശുദ്ധാത്മാവ്" ഒരു ആലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും കുടികൊള്ളുന്നു (1 കോറി 3:16;6:19).

"സഭ ദൈവജനമാകുന്നു" എന്നത് രണ്ടാംവത്തിക്കാൻ സൂനഹദോസ് ഊന്നൽ നല്കിയ ഒരു സഭാപ്രതിഛായയാണ്. പുതിയനിയമത്തിൽ മാത്രമല്ല പഴയനിയമത്തിലും സഭയുടെ സാന്നിദ്ധ്യം വെളിവാക്കുന്ന ഒരു പ്രതിരൂപമാണിത്. "സഭ തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പൗരോഹിത്യഗണവും, വിശുദ്ധീകരിക്കപ്പെട്ട ജനപദവും, ദൈവം തനിക്കായി നേടിയെടുത്ത ജനതയും... ആദ്യം ഒരു ജനമല്ലായിരുന്നു. എങ്കിലും ഇപ്പോൾ ദൈവത്തിന്റെ ജനവും" (1 പത്രോ 2:9-10). സഭാവിജ്ഞാനീയത്തിൽ വിപ്ലവകരമായ ചുവടുവെപ്പിന് രണ്ടാം വത്തിക്കാൻ സൂനഹദോസിന് സാധിച്ചത് സഭ ദൈവജനമാകുന്നു എന്ന ചിന്തയ്ക്ക് ഊന്നൽ നല്കിയതുകൊണ്ടാണ്.

## എന്തുകൊണ്ട് സഭാസാദൃശ്യങ്ങൾ (Image) അല്ലെങ്കിൽ മാതൃകകൾ (Models)?

എന്തുകൊണ്ടാണ് ദൈവശാസ്ത്രത്തിൽ പൊതുവായും സഭാദൈവശാസ്ത്രത്തിൽ പ്രത്യേകമായും വിവിധ മാതൃകകളിലൂടെ (Models) യുള്ള പഠനരീതി അവലംബിച്ചിരിക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതാണ്. അടുത്ത കാലത്തായി ദൈവശാസ്ത്രപഠനങ്ങളിൽ കടന്നുവന്ന ഈ പഠനരീതി (Model Methodology) ദൈവശാസ്ത്രത്തെ ആഴത്തിൽ മനസിലാക്കുവാനും, ഗവേഷണ പഠനങ്ങളെ ത്വരിതപ്പെടുത്തുവാനും വളരെയേറെ സഹായിച്ചിട്ടുണ്ട്.

ദൈവം രഹസ്യമായിരിക്കുന്നതുപോലതന്നെ സഭയും ഒരു രഹസ്യമാകുന്നു. രഹസ്യമായിരിക്കുന്ന ഒരു യാഥാർത്ഥ്യത്തെക്കുറിച്ച് പൂർണ്ണമായും വ്യക്തതയോടെ പ്രതിപാദിക്കുക ക്ലേശകരമാണ്. അഥവാ അതിന് പരിശ്രമിക്കുമ്പോൾ സാധാരണമായ ജീവിതസാഹചര്യങ്ങളിൽനിന്നുള്ള ഉദാഹരണങ്ങളും ഉപമകളും മാതൃകകളും ഉപയോഗിക്കേണ്ടിവന്നേക്കാം. എന്നാലും ഒരൊറ്റ മാതൃകകൊണ്ട് സഭയുടെ അന്തസത്ത മുഴുവനായും വെളിപ്പെടുത്തുക സാധ്യമല്ല. ഡള്ളസ് ഉപയോഗിക്കുന്ന വിവിധ മാതൃകകൾ ഓരോന്നും സഭയുടെ വ്യത്യസ്തങ്ങളായ സ്വഭാവങ്ങൾ അനാവരണം ചെയ്യുന്നു. ഓരോ മാതൃകയും സഭയുടെ ഓരോ സ്വഭാവത്തിന് ഊന്നൽ നല്കുന്നു. അതുകൊണ്ടുതന്നെ സഭയെ ശരിയായി മനസ്സിലാക്കുവാൻ ധാരാളം മാതൃകകൾ അനിവാര്യമാകുന്നു. ഏതെങ്കിലും ഒരു മാതൃക

മറ്റൊന്നിനെ നിരാകരിക്കുന്നില്ല. ഒരു മാതൃകയെമാത്രം ആശ്രയിച്ച് സഭയുടെ യഥാർത്ഥ സ്വഭാവത്തെ മനസ്സിലാക്കുക സാധ്യവുമല്ല. വിവിധ മാതൃകകളെ സമഗ്രമായി സമന്വയിപ്പിച്ചാലെ സഭാവിജ്ഞാനിയത്തിന്റെ ആഴങ്ങളിലേയ്ക്ക് പോകുവാൻ സാധ്യമാകൂ എന്നാണ് ഡള്ളസ് അഭിപ്രായപ്പെടുന്നതും.

അവരി ഡള്ളസിന്റെ അഭിപ്രായത്തിൽ ഒരു പ്രതിഛായ (Image) കൂടുതൽ വിമർശനാത്മകവും ധ്യാനാത്മകവുമായ ഒരു യാഥാർത്ഥ്യത്തിന്റെ താത്വികമായ പഠനത്തിനുവേണ്ടി ഉപയോഗിക്കുമ്പോൾ അതിനെ മോഡൽ (Model) എന്ന് വിളിക്കാവുന്നതാണ്. ദൈവശാസ്ത്ര മോഡൽ എന്ന് ഡള്ളസ് ഒരു Image-നെ വിളിക്കുമ്പോൾ അത് ഒരു യാഥാർത്ഥ്യത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നു എന്നോ വെളിവാക്കുന്നു എന്നോ അർത്ഥമാക്കേണ്ടതില്ല. മറിച്ച് ഒരു മാതൃക ഏതൊരു യാഥാർത്ഥ്യത്തെ ഉദ്ദേശിച്ച് പറയുന്നുവോ അതിനെക്കുറിച്ചുള്ള ആഴമേറിയ പഠനത്തിലേക്കും വിവിധ സാധ്യതകളിലേയ്ക്കും തുറവിയുള്ളതാകുന്നു. അതേസമയം ഓരോ മാതൃകയ്ക്കും അതിന്റേതായ നേട്ടവും കോട്ടവുമുണ്ട്. വ്യത്യസ്ത മാതൃകകളെ ഒന്നിപ്പിച്ച് ഏകമാതൃകയിലേക്ക് ഒരുക്കുക എന്ന് പറയുന്നതും സഭയുടെ യഥാർത്ഥ പ്രകൃതിയെ മനസിലാക്കുന്നതിന് കോട്ടം വരുത്തുന്നതായിരിക്കും. അതുതന്നെയാണ് വിവിധ സഭാമാതൃകകളുടെ സവിശേഷതയും.

**സഭാമാതൃകകൾ**

**1. സഭ ഒരു സ്ഥാപനമാകുന്നു (Institution)**

ഒരു കാലത്ത് സഭയെ ഒരു പൂർണ്ണസമൂഹമായി (Perfect society) വിശദീകരിച്ചിരുന്നു. കാർഡിനൽ റോബർട്ട് ബെല്ലർമിൻ ആയിരുന്നു ഈ ചിന്തയുടെ ഉപജ്ഞാതാവ്. ഇതിലൂടെ ഇദ്ദേഹം സഭയെ ബാഹ്യമായി കെട്ടുറപ്പുള്ള സമൂഹമായി അവതരിപ്പിക്കുവാൻ ശ്രമിച്ചു. Kingdom of France പോലെ കെട്ടുറപ്പും സ്വയംഭരണാവകാശവുമുള്ള ഒരു സമൂഹമാണ് സഭ എന്ന് ബെല്ലർമിൻ സഭയെ നിർവ്വചിച്ചു. ഈ ആശയംകൊണ്ട് ബല്ലർമിൻ ലക്ഷ്യംവച്ചത് സഭയുടെ ഘടനാപരമായ കെട്ടുറപ്പിന് ഊന്നൽ നൽകുക എന്നുള്ളതായിരുന്നു. 1550 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ സഭയുടെ ഘടനാപരമായ വശത്തിന് വളരെയേറെ പ്രാധാന്യം കൈവന്നു. എങ്കിലും ചില ദോഷങ്ങൾക്കും അത് കാരണമായിട്ടുണ്ട്. സഭയുടെ സ്ഥാപനപരമായ വശങ്ങൾ (Institutional Elements) ചിലപ്പോഴെങ്കിലും സ്ഥാപനവത്ക്കരണത്തിലേയ്ക്ക് സഭയെകൊണ്ടെത്തിച്ചു.

സഭയിലെ അംഗത്വംകൊണ്ടുമാത്രം തൃപ്തിപ്പെടുകയും ആന്ത രികജീവിതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതിരിക്കുകയും ചെയ്യാൻ ഈ മാതൃക ഒരു പരിധിവരെ കാരണമായി. സഭയുടെ ചട്ടക്കൂടിന് പ്രാധാന്യമുണ്ടെങ്കിലും പരിധിവിട്ട അതിന്റെ പ്രാധാ ന്യത്തെ ഡള്ളസ് എതിർക്കുന്നു.

### 2. സഭ ഒരു മൗതിക കൂട്ടായ്മയാകുന്നു (Mystical communion)

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടം തുടങ്ങി സഭ ക്രിസ്തു വിന്റെ മൗതികശരീരമാകുന്നു എന്ന പ്രതിഛായക്ക് പ്രാധാന്യം വർദ്ധിക്കുവാൻ തുടങ്ങി. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയുടെ ആരംഭത്തിൽതന്നെ സഭ ദൈവജനമാകുന്നു എന്ന ചിന്തയ്ക്ക് പ്രാധാന്യം ലഭിക്കുവാൻ തുടങ്ങി. Yves Congar നെപോലെയുള്ള ദൈവശാസ്ത്രജ്ഞന്മാർ ഈ ആശയത്തെ ഉയർത്തിക്കൊണ്ടുവരു വാൻ പരിശ്രമിച്ചവരാണ്. തൽഫലമായി രണ്ടാം വത്തിക്കാൻ കൗൺസിലിലെ "ജനതകളുടെ പ്രകാശം" എന്ന പ്രമാണരേഖയിൽ "സഭ ദൈവജനമാകുന്നു" എന്ന നിർവ്വചനത്തിന് പരമപ്രാധാന്യം ലഭിച്ചു.

വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമിട്ടിരിക്കുന്ന ഈ രണ്ട് പ്രതി ഛായകളെ ഒന്നിപ്പിച്ചുകൊണ്ടാണ് ഡള്ളസ് സഭ ഒരു മൗതീക കൂട്ടാ യ്മയാകുന്നു എന്ന് വിശദീകരിച്ചത്. ഈ കാഴ്ചപ്പാടിലൂടെ സഭ യുടെ കൂട്ടായ്മയ്ക്ക് പ്രാധാന്യം ലഭിക്കുന്നു. സഭ കൂട്ടായ്മയാകുന്നു എന്ന് പറയുമ്പോൾ അത് വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധത്തെ മാത്രമല്ല ഉദ്ദേശിക്കുന്നത്, ദൈവവുമായിട്ടുള്ള ബന്ധ ത്തിനും തുല്യപ്രാധാന്യമുണ്ട്. കൂദാശകളിലൂടെയും പ്രാർത്ഥനയി ലൂടെയും ഈ ബന്ധത്തെ നിലനിർത്തുമ്പോഴാണ് സഭയുടെ യഥാർത്ഥ കൂട്ടായ്മ അനുഭവവേദ്യമാകുന്നത്.

### 3. സഭ ഒരു കൂദാശയാകുന്നു (Sacrament)

സഭാപിതാക്കന്മാരായ വി. സിപ്രിയാൻ, വി. അഗസ്റ്റിൻ എന്നി വർ സഭ ഒരു കൂദാശയാകുന്നു എന്ന് പഠിപ്പിച്ചിട്ടുണ്ട്. 20-ാം നൂറ്റാ ണ്ടിലെ ദൈവശാസ്ത്രജ്ഞന്മാരായ Henri de Lubac, Karl Rahner, Otto Semmelroth, Edward Schillebeeckx, Yves Congar എന്നി വരും ഈ ആശയത്തെ ഉയർത്തിപ്പിടിച്ചവരാണ്. രണ്ടാം വത്തി ക്കാൻ സൂനഹദോസും സഭയെ ഒരു കൂദാശയായും ഒരു അടയാള മായും മനുഷ്യരെ തമ്മിലും മനുഷ്യനും ദൈവവും തമ്മിലും ഒന്നി പ്പിക്കുന്ന വരപ്രസാദത്തിന്റെ ഉപകരണമായും ചിത്രീകരിച്ചു (LG 1,9,49, GS 45).

പ്രധാനമായും രണ്ട് ആശയങ്ങളാണ് "സഭ കൂദാശയാകുന്നു" എന്ന് പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത്. ഒന്ന്, ക്രിസ്തു, ദൈവത്തിന്റെ കൂദാശയാകുന്നു. രണ്ട്, തിരുസഭ ക്രിസ്തുവിന്റെ കൂദാശയാകുന്നു. ക്രിസ്തു ദൈവത്തെ പൂർണ്ണമായും ഈ ലോകത്തിന് സ്പർശവേദ്യമാക്കി. ക്രിസ്തുവിലൂടെ ഈ ലോകത്തിന് പൂർണ്ണമായും ദൈവത്തെ കാണുവാനും കേൾക്കുവാനും, തൊടുവാനും സാധ്യമായി. അങ്ങനെ ക്രിസ്തു ദൈവത്തിന്റെ കൂദാശയായി. സഭ ക്രിസ്തുവിന്റെ കൂദാശയാകുന്നത് സഭയിൽ ക്രിസ്തുവിനെ പൂർണ്ണമായും കാണുവാനും, കേൾക്കുവാനും, തൊടുവാനും സാധിക്കുമ്പോഴാണ്. അതാണ് സഭയുടെ ദൗത്യവും.

ഇങ്ങനെ ചിന്തിക്കുമ്പോൾ സഭ, ക്രിസ്തുവിനെ പൂർണ്ണമായും നല്കുന്ന ഭൂമിയിലെ അടയാളമാകുന്നു. ഈ സഭയ്ക്ക് ബാഹ്യവും ആന്തരികവുമായ വശങ്ങൾ ഉണ്ട്. ഇവ രണ്ടും ആവശ്യവുമാണ്. സഭയുടെ ഘടനാപരമായ (Institutional or Structural) വശങ്ങളിലൂടെയാണ് ആന്തരീകജീവൻ പ്രകടമാകുന്നത്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ സഭയുടെ ഘടനാപരമായ സവിശേഷതകളിലൂടെ പ്രകടമാകേണ്ടത് വിശ്വാസം, ശരണം, ഉപവി എന്നീ പുണ്യങ്ങളാണ്. അല്ലാത്തപക്ഷം സഭ ജീവനുള്ള സമൂഹം എന്നതിനുപകരം വെറും മൃതശരീരമായി മാറും.

**4. സഭ സന്ദേശവാഹകയാകുന്നു (Herald)**

ഹെറാൾഡ് (Herald) എന്നാൽ ഔദ്യോഗികമായ സന്ദേശവാഹകൻ എന്നാണർത്ഥം. രാജാക്കന്മാരുടെ കല്പനകൾ ഔദ്യോഗികമായി ജനമദ്ധ്യത്തിൽ പ്രഘോഷിക്കുന്നവനാണ് 'ഹെറാൾഡ്'. ഈ മാതൃകയിലൂടെ സഭ ക്രിസ്തുവിന്റെ ഔദ്യോഗിക സന്ദേശവാഹകയാണ്. വചനം മാംസംധരിച്ച് ഭൂമിയിൽ അവതരിച്ച ക്രിസ്തുവാകുന്ന വചനത്തെ കേന്ദ്രീകരിച്ചാണ് ഈ മാതൃക അവതരിപ്പിക്കപ്പെടുന്നത്. ഇത് "കരിസ്മാറ്റിക്" മോഡൽ എന്നും അറിയപ്പെടുന്നുണ്ട്. പ്രേഷിതയായ സഭയുടെ പ്രവാചക ദൗത്യമാണ് ദൈവവചനപ്രഘോഷണമെന്ന് ഈ മാതൃക വ്യക്തമാക്കുന്നു.

**5. സഭ ശുശ്രൂഷകയാകുന്നു**

രണ്ടാം വത്തിക്കാൻ സൂനഹദോസിന് ശേഷം സഭയുടെ ശുശ്രൂഷാ മനോഭാവത്തെയും പ്രവർത്തനങ്ങളെയും കൂടുതൽ ശക്തമാക്കുവാൻ വിവിധ തലങ്ങളിൽ പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. 1960 കളിൽ സഭ ഈ ലോകത്തെ സേവിക്കുവാൻ നിയോഗിക്കപ്പെട്ടവളാണ് എന്ന ചിന്ത ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പ്രബ

ലമായിട്ടുണ്ട്. 1966 ൽ ബോസ്റ്റൺ രൂപതയുടെ മെത്രാനായിരുന്ന കാർഡിനൽ കുഷിങ്ങ് "The Servant Church"എന്ന പേരിൽ ഇറക്കിയ ഇടയലേഖനം ഈ ആശയത്തെ ഉയർത്തിപ്പിടിക്കുന്നതാണ്. ഇദ്ദേഹത്തിന് പുറമെ Teilhard de Chardin, Dietrich Bonhoeffer എന്നിവരും ഈ മാതൃക പ്രബലമാക്കുവാൻ ഇടയാക്കിവരാണ്.

സഭയ്ക്ക് മതേതരലോകത്തുള്ള സ്ഥാനവും കടമയുമാണ് ഈ മാതൃക സൂചിപ്പിക്കുന്നത്. സത്യവും നീതിയും സമാധാനവും സ്നേഹവും സൗഹൃദവും ഈ ലോകത്ത് സംജാതമാക്കുവാനുള്ള സഭയുടെ എല്ലാ പരിശ്രമങ്ങളും ദൈവരാജ്യ സംസ്ഥാപനത്തിനുള്ള അവളുടെ കടമകളായിട്ടാണ് സഭ എന്നും കരുതിപോന്നിരുന്നത്. അതുകൊണ്ടുതന്നെ മാനുഷികവും ദൈവീകവുമായ മൂല്യങ്ങളെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന ഈ ഭൂമിയിലെ ശുശ്രൂഷാസമൂഹമാണ് സഭ. ഈ രീതിയിൽ പ്രവർത്തിക്കുന്ന സഭ ലോകത്തിലെ എല്ലാ സേവനരംഗങ്ങളിലേക്കും അതിലൂടെ ജാതി-മത-വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരിലേക്കും എത്തി നില്ക്കുന്നു.

**6. സഭ ശിഷ്യന്മാരുടെ സമൂഹമാകുന്നു (Community of disciples)**

ഇ ൗ മാതൃകയിൽ സഭയും ക്രിസ്തുവും തമ്മിലുള്ള തുടർച്ചയായ ബന്ധത്തിനാണ് പ്രാധാന്യം. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ ആദ്യത്തെ ചാക്രികലേഖനത്തിൽ "സഭ ശിഷ്യന്മാരുടെ സമൂഹമാകുന്നു" (Redempter Hominis, No. 21) എന്ന പരാമർശമാണ് ഈ മാതൃകയ്ക്ക് ആധാരം.

ലോകത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിനായി ഈശോ ചെറിയ സമൂഹത്തെ തിരഞ്ഞെടുത്ത് പ്രത്യേകം പഠിപ്പിച്ചും, പരിശീലിപ്പിച്ചും വളർത്തിയിരുന്നു എന്ന വസ്തുത സുവിശേഷങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ട്. ഈ കൊച്ചു സമൂഹത്തിന്റെ തുടർച്ചയാണ് ഇന്നത്തെ സഭ. അതുകൊണ്ടുതന്നെ ഈ അപ്പസ്തോലിക സമൂഹത്തിന്റെ സവിശേഷതകൾ എല്ലാം ഉൾക്കൊണ്ട് ജീവിക്കുവാൻ ഇന്നത്തെ സഭയ്ക്ക് കടമയുണ്ട്. ആദിമ ക്രൈസ്തവസമൂഹം യേശുവിന്റെ ശിഷ്യത്വം ജീവിച്ചതുപോലെ ഇന്നത്തെ സഭാവിശ്വാസികൾ ഈ ശിഷ്യത്വത്തിന് ലോകത്തിൽ സാക്ഷികളാകേണ്ടവരാണ്. ഇങ്ങനെയുള്ള സഭയുടെ ഏകത്വം എന്ന് പറയുന്നത് ഭൗതികമായ ഐക്യത്തേക്കാളുപരി ആന്തരികമായി ഉപവിപ്രവർത്തനങ്ങളിൽ ഊന്നിയ ഒരു സൗഹൃദത്തിന്റെ കൂട്ടായ്മയാണ്. സഭ പരിശുദ്ധയാകുന്നുവെന്ന് പറയുമ്പോൾ ദൈവവും മനു

ഷ്യനും തമ്മിലുള്ള ആഴമേറിയ ബന്ധത്തിൽനിന്നും ഉളവാകുന്ന വിശുദ്ധിയാണ് അർത്ഥമാക്കുന്നത്. സഭയുടെ സാർവ്വത്രികത എന്നാൽ ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്നതും അനേകംപേരുടെ അംഗത്വവും സ്വന്തമായുള്ള സഭ ആരെയും ഒഴിവാക്കാതെ എല്ലാവരിലേയ്ക്കും എത്തിനില്ക്കുന്ന ദൈവസ്നേഹത്തിന്റെ കൂട്ടായ്മയാകുന്നു എന്നാണ്. അപ്പസ്തോലികമായ സഭ എന്നുപറയുമ്പോൾ ഈ മാതൃക ഉദ്ദേശിക്കുന്നത് പൗരോഹിത്യത്തിന്റെ പിൻതുടർച്ച എന്നതിനേക്കാൾ ആദിമസഭയെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ തുടർച്ച ഇന്നും സഭയിലൂടെ തുടരുന്നു എന്നാണ്. ഇങ്ങനെ ശിഷ്യത്വത്തിന്റെ വി. ഗ്രന്ഥാടിസ്ഥാനത്തിലുള്ള മൂല്യങ്ങളിലേയ്ക്ക് സഭയുടെ പരമ്പരാഗതമായ സവിശേഷതകളെ വളർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യമാണ് ഈ മാതൃകകൊണ്ട് സാധിക്കുന്നത്.

**ഉപസംഹാരം**

ഡള്ളസിന്റെ മോഡൽ പഠനരീതി ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ സഭാവിജ്ഞാനീയത്തിന് ഏറെ സ്വീകാര്യത കൈവരിക്കാൻ സഹായിച്ചു. സഭയാകുന്ന രഹസ്യത്തെ നാനാമുഖങ്ങളിൽ നിന്ന് നോക്കിക്കാണുവാനും സഭയുടെ വളർച്ചയെ വിലയിരുത്തുവാനും ഈ പഠനരീതി സഹായിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു മാതൃക മാത്രം ഒരു സമയത്ത് പരിഗണിക്കുന്നത് സഭയുടെ സ്വഭാവത്തിന്റെ സമഗ്രതയെ ബാധിക്കുവാൻ സാധ്യതയുണ്ട്. എത്രയധികം മാതൃകകളിലൂടെ സഭയെ വിശദീകരിക്കാമോ അത്രയധികം ആഴത്തിലും വ്യാപ്തിയിലും സഭയുടെ സ്വഭാവത്തെയും സവിശേഷതകളെയും മനസിലാക്കുവാൻ സാധിക്കുന്നതാണ്.

**ഡോ. ജോജി കല്ലിങ്കൽ**